
# വിചിന്തനങ്ങൾ

ഡോ. കെ. ഭാസ്കരൻ നായർ



# വിചിന്തനങ്ങൾ

Digitized by Kerala Sahitya Akademi

(Malayalam)

VICHINTANAMGAL

Essays

By Dr. K. BHASKARAN NAIR

First Published June 1974

Reprinted May 1976

Printed at :

S B Press, Trivandrum

Price Rs 6.50

Copyright :

Reserved by the Author

Published by :

Sahithya Bhooshanam Press &

Book Depot, Trivandrum

Digitized by Kerala Sahitya Akademi

# വിചിന്തനങ്ങൾ

ഡോ. കെ. ഭാസ്കരൻ നായർ

തിരുവനന്തപുരം
1976

Digitized by Kerala Sahitya Akademi

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1 പ്രാണിലോകം (1934)
2 ആധുനിക ശാസ്ത്രം (1942)
3 പരിണാമം (1945)
4 കലയും കാലവും (1946)
5 ശാസ്ത്രത്തിന്റെ ഗതി (1946)
6 പ്രകൃതി പാഠങ്ങൾ—ഒന്നാം ഭാഗം (1950)
7 ധന്യവാദം (1951)
8 ശാസ്ത്രപാഠാവലി (1954)
9 ഏതു മാർഗ്ഗം? (1954)
10 പുതുമയുടെ ലോകം (1956)
11 സംസ്കാരലോചനം (1958)
12 ദൈവനീതിയ്ക്കു ദാക്ഷിണ്യമില്ല (1959)
13 താരാപഥം (1960)
14 ഔഫ് വീഡർസഹൻ (1965)
15 നൂറെറട്ടു രത്നങ്ങൾ (തർജ്ജമ) (1967)
16 ചിന്താതീർത്ഥം (1969)
17 ഉപഹാരം (1970)
18 ശാസ്ത്രദീപിക (1970)
19 പ്രകൃതിപാഠങ്ങൾ—രണ്ടാം ഭാഗം (1971)
20 പുണ്യഭൂമി (1971)
21 മാനത്തുകണ്ണി (1971)
22 ജീവശാസ്ത്രവും ഗോളവിദ്യയും (1972)
23 ജനം ജനം (1974)
24 പ്രേമത്തിന്റെ നറുംവെളിച്ചം (തർജ്ജമ) (1974)

Digitized by Kerala Sahitya Akademi

## ഉള്ളടക്കം


| | |
|---|---|
| മത്സ്യഗന്ധം | 1 |
| പരമാണുഭഞ്ജനം | 13 |
| ജന്തുശാസ്ത്രത്തിൻെറ സംഭാവന | 23 |
| ശാസ്ത്രയുഗം | 32 |
| ജനപ്പെരുപ്പം | 41 |
| ശിശുഹത്യ, യൂറോപ്പിൽ | 54 |
| ഭാവി അപകടത്തിൽ | 62 |
| ഹിററ്ലറുടെ ഭരണകൂടത്തിൽ | 79 |
| മതവും ശാസ്ത്രവും | 105 |
| ധ്യാനത്തെപ്പററി ഒരു ശാസ്ത്രീയ ഗവേഷണം | 115 |
| ശാസ്ത്രയുഗമാണ്; പക്ഷേ അത്ഭുതങ്ങളുടെ കാലം കഴിഞ്ഞിട്ടില്ല | 123 |
| വ്യാസൻെറ സന്ദേശം | 136 |
| ചിലന്തിവല | 146 |
| രണ്ടു കൃഷിക്കാർ | 154 |
| പാട്ടുകാരൻ പറഞ്ഞത് | 165 |
| നഗരങ്ങളുടെ ഭാവി | 172 |
| പ്രയത്നിച്ചു പഠിക്കുക | 179 |


Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# പ്രസ്താവന

ശാസ്ത്രം, സംസ്കാരം, സാമൂഹികപ്രശ്നങ്ങൾ, തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് കഴിഞ്ഞ മൂന്നുനാലു വർഷങ്ങൾക്കിടയ്ക്ക് എഴുതിയ പതിനേഴ് ഉപന്യാസങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ഇന്നത്തെ ലോകജീവിതത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളിൽ ചിലതിനെക്കുറിച്ചുള്ള പരാമർശങ്ങൾ പല ഉപന്യാസങ്ങളിലും കാണാവുന്നതാണ്. ഈ വ്യാകുലതകൾ നൂറു ശതമാനവും സാമ്പത്തികമാണെന്ന് ഞാൻ കരുതുന്നില്ല. സത്യത്തിൽ സാംസ്കാരികമായ ഒരു പ്രതിസന്ധിയെയാണ് മനുഷ്യവർഗ്ഗം അഭിമുഖീകരിക്കുന്നത്. അടിസ്ഥാനപരമായ ഈ വസ്തുതയിലേക്ക് വായനക്കാരുടെ ശ്രദ്ധയെ നയിക്കുവാൻ ഈ ഗ്രന്ഥം ഉപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനാകും.

എല്ലാ വിഷയങ്ങളും സാധാരണ വായനക്കാർക്ക് മനസ്സിലാകത്തക്ക രീതിയിൽ ലളിതമായി പ്രതിപാദിക്കുവാൻ യഥാശക്തി യത്നിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തെ സഹൃദയലോകം സന്തോഷപൂർവ്വം സ്വീകരിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തിരുവനന്തപുരം
7 ജൂൺ 1974

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# മത്സ്യഗന്ധം

പണ്ടൊരു നമ്പൂരിയ്ക്കു് പതിവായി അയൽപക്കത്തുകാരൻ മീൻചുടുന്ന സമയത്തു് ഊണുകഴിക്കേണ്ടിവന്നതുമൂലം അതൊരു ശീലമായിത്തീൎന്നു എന്നും, അവസാനം മത്സ്യത്തിന്റെ മണമില്ലെങ്കിൽ ചോറു് ഇറങ്ങുകയില്ല എന്ന ഗതികേടുണ്ടായി എന്നും ഒരു കഥയുണ്ടു്. ചിലർ ഈ കഥയ്ക്കു് ഒരു അനുബന്ധം കൂടി പറയും. നമ്പൂരിയുടെ ഗതികേടു മനസ്സിലാക്കിയ അയൽപക്കത്തുകാരൻ കുറേ നാൾ കഴിഞ്ഞപ്പോൾ മണത്തിനുവേണ്ടി താൻ ചുട്ട മീനിന്റെ വില ചോദിച്ചുവത്രെ. നമ്പൂരി കുറെ നാണയങ്ങളെടുത്തു് കിലുക്കിക്കേൾപ്പിച്ചു. ''മീനിന്റെ മണത്തിനു് പണത്തിന്റെ കിലുക്കം മതി വില'' എന്നു പറഞ്ഞു് അയൽപക്കത്തുകാരനെ മടക്കി അയച്ചു എന്നാണു് ഈ അനുബന്ധം.

മത്സ്യത്തിന്റെ ശരീരത്തിൽ നിന്നുണ്ടാകുന്ന ഗന്ധത്തെയും അതു ഗ്രഹിക്കുവാൻ മനുഷ്യന്റെ മൂക്കിനുള്ള ശക്തിയെയും കുറിച്ചു് ഇതുപോലെ വേറെയും കഥകളുണ്ടു്, പക്ഷേ സാധുവായ മത്സ്യത്തിന്റെ ഘ്രാണശക്തിയെപ്പറ്റി ആരും കഥകൾ പറയാറില്ല. അതിനു് ഗന്ധം ഗ്രഹിക്കുവാൻ കഴിവുണ്ടോ എന്നുപോലും പലരും സംശയിച്ചേ

Digitized by Kerala Sahitya Akademi

റും. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന ജന്തു എങ്ങനെയാണ് മണമറിയുക? അതിനു മൂക്കുണ്ടോ?

ഉണ്ട്. മൽസ്യത്തിന് മൂക്കുണ്ട്. തലയുടെ മുൻപിലെ അററത്തുതന്നെയാണ്. പക്ഷെ അതിൽ വായുവല്ല വെള്ളമാണ് കയറുന്നത്. മനുഷ്യന്റെ മൂക്കിൽ കയറുന്ന വായു തൊണ്ടവഴി നെഞ്ചിനകത്തുള്ള ശ്വാസകോശങ്ങളിലേക്കു് പോകും. മൽസ്യത്തിന് ശ്വാസകോശങ്ങളില്ല. അതുകൊണ്ട് മൂക്കിൽ നിന്ന് പിന്നോട്ട് വഴിയില്ല. അതിനകത്തു കയറുന്ന വെള്ളം വീണ്ടും വെളിയിലേക്കുതന്നെ പോകുന്നു. വെറും സഞ്ചിപോലുള്ള ഈ ജലനാസികയുടെ ഗന്ധഗ്രഹണശക്തി അത്ഭുതകരമാണ്. അതിന്റെ കാരണം ശാസ്ത്രജ്ഞന്മാർ അല്പാല്പമായി മനസ്സിലാക്കിത്തുടങ്ങിയിട്ടേയുള്ളു.

സത്യത്തിൽ മൂക്കിന്റെയും നാക്കിന്റെയും ബോധഗ്രഹണശക്തികൾക്കു് വളരെ സാദൃശ്യമുണ്ട്. രണ്ടും രാസവസ്തുക്കളെ തിരിച്ചറിയുന്ന ഇന്ദ്രിയങ്ങളാണ്. മനുഷ്യന്റെയും കരയിൽ ജീവിക്കുന്ന മററു ജന്തുക്കളുടെയും കാര്യത്തിൽ വായുവിലൂടെ വ്യാപിച്ചുവരുന്ന വസ്തുകണങ്ങളാണ് ഗന്ധബോധത്തെ ജനിപ്പിക്കുന്നത്. വെള്ളത്തിൽ അലിഞ്ഞു് നാക്കിനെ സ്പർശിക്കുന്ന വസ്തുക്കൾ സ്വാദും ജനിപ്പിക്കുന്നു. പലപ്പോഴും ഈ രണ്ടു ബോധങ്ങളും കൂടികുഴഞ്ഞ രീതിയിലാണ് നാം അറിയുന്നത്. മൂക്ക് അടച്ചുപിടിച്ചുകൊണ്ട് ഉള്ളി തിന്നാൽ മററ് എന്തിന്റെയോ സ്വാദ തോന്നും.

മൽസ്യത്തിന്റെ കാര്യത്തിൽ മണവും രുചിയും ഭിന്നമായ ഇന്ദ്രിയബോധങ്ങളായിട്ടാണോ അനുഭവപ്പെടുന്നത് എന്നു പറയുവാൻ വിഷമമാണ്. ഈ പ്രയാസം ഒഴിവാ

Digitized by Kerala Sahitya Akademi

ക്കുന്നതിനുവേണ്ടി ശാസ്ത്രജ്ഞന്മാർ ഗന്ധമെന്നും സ്വാദെന്നുമുള്ള വിവേചനം ഉപേക്ഷിച്ച് രണ്ടിനേയും ഉൾപ്പെടുത്തുന്ന രാസബോധം (chemical sense) എന്ന വാക്ക് ഉപയോഗിക്കുന്നു. മൽസ്യത്തിനു മൂക്കിനകത്തും നാവിന്മേലും മാത്രമല്ല ഈ ഇന്ദ്രിയം ഉള്ളത്. അതിന്റെ തൊലിപ്പുറത്തു മുഴുവനും അത് വ്യാപിച്ചിരിക്കുന്നു. ഈ രാസബോധേന്ദ്രിയത്തിന്റെ സംവേദനശക്തിയെക്കുറിച്ചുള്ള കഥകൾ ഏറ്റവും അത്ഭുതകരങ്ങളാണ്. ആദ്യം പറഞ്ഞ നമ്പൂരിയുടെ ദുശ്ശീലം പോലെയുള്ള കെട്ടുകഥകളല്ല; ശാസ്ത്രീയ പരീക്ഷണങ്ങൾ കൊണ്ട് തെളിയിച്ചിട്ടുള്ള പരമാർത്ഥ വസ്തുതകൾ.

അമേരിക്കയുടെയും യൂറോപ്പിന്റെയും പ്രാന്തസമുദ്രങ്ങളിൽ സാമൺ (Salmon) എന്നൊരു ജാതി മൽസ്യമുണ്ട്. വളരെ രുചിയുള്ളതാണ്. ധാരാളം കിട്ടുകയും ചെയ്യും. വലിയ മൽസ്യമാണ്. അപൂർവ്വം ചിലതിന് നാൽപ്പത്തും അൻപതും റാത്തൽ ഭാരം കാണും. സാധാരണയായി ഏകദേശം ഇരുപതു റാത്തൽ. ഇത് മുട്ടയിൽ നിന്ന് വിരിഞ്ഞിറങ്ങുന്നത് നദികളുടെ ഉത്ഭവസ്ഥാനങ്ങളിലാണ്. അവിടെനിന്ന് പതുക്കെപ്പതുക്കെ താഴോട്ടുവന്ന് ഒന്നരകൊല്ലത്തിനുള്ളിൽ സമുദ്രത്തിലിറങ്ങും. പിന്നെ അവിടെയാണ് ആറേഴുകൊല്ലം ജീവിക്കുന്നത്. അപ്പോഴേക്ക് വളർച്ച പൂർത്തിയാകും. പ്രത്യുൽപാദനത്തിനുള്ള സമയം വരുമ്പോൾ ഈ മൽസ്യം വീണ്ടും നദികളിൽ പ്രവേശിക്കുന്നു. പിന്നെ ഒഴുക്കിനെതിരെയുള്ള ഒരു പരക്കം പാച്ചിലാണ്. പ്രതിബന്ധങ്ങളെയെല്ലാം ചാടിക്കടന്ന്, ബഹുദൂരം സഞ്ചരിച്ച്, അത് നദിയുടെ ഉത്ഭവസ്ഥാനത്ത് എത്തുന്നു. അവിടെ സൗകര്യമുള്ള സ്ഥാനം കണ്ടുപിടിച്ച് മുട്ടയിടും. ഈ ജീവിതലക്ഷ്യം സാധിക്കുന്നതോടെ അതു

Digitized by Kerala Sahitya Akademi

ചത്തുപോകുന്നു. നദിയിൽ കയറിയാൽ പിന്നെ ആഹാരം കഴിക്കുകയില്ലെന്നാണ് പറയുന്നത്. ഇക്കാരണത്താൽ യാത്ര അവസാനിക്കുമ്പോഴേക്ക് അതിന്റെ ശരീരം വളരെയധികം മെലിയും. ചിറകുകൾ കീറിപ്പറിഞ്ഞ്, ചെതുമ്പലുകൾ കൊഴിഞ്ഞ് തീരെ അവശമായ നിലയിലാണ് അത് ലക്ഷ്യത്തിലെത്തുന്നത്. സാമാന്യം വലിയ മുട്ടയാണ്. കാലിഞ്ച് വ്യാസം കാണും. നദിയുടെ അടിത്തട്ടിൽ ഒരു കുഴിയുണ്ടാക്കി മുട്ടയെല്ലാം നിക്ഷേപിച്ച് മൂടിവയ്ക്കുകയാണ് പതിവ്.

ഈ മൽസ്യത്തിന്റെ ജീവിതകഥയിലുള്ള ഏററവും രസകരമായ വസ്തുത, അത് ആദ്യം മുട്ടയിൽ നിന്ന് വിരിഞ്ഞിറങ്ങിയ അതേ സ്ഥാനത്തു തന്നെയാണ് ഏഴെട്ട് വർഷത്തിനുശേഷം, മുട്ടയിടുന്നതിനുവേണ്ടി വന്നെത്തുന്നത് എന്നുള്ളതാണ്. എത്രയോ പരീക്ഷണങ്ങൾകൊണ്ട് തെളിയിക്കപ്പെട്ട സംഗതിയാണിത്. ജനിച്ച സന്ദർഭത്തിൽ ആ സ്ഥലത്തെപ്പററി ലഭിച്ച രാസബോധം ഓർമ്മയിൽ വച്ചുകൊണ്ടാണ് ഈ മൽസ്യം ദീർഘയാത്ര ചെയ്ത് അവിടെ എത്തുന്നത് എന്നു സ്പഷ്ടമാണ്. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് നദീതടത്തിന്റെ എല്ലാഭാഗങ്ങളും ഏറെക്കുറെ തുല്യമാണ്. പക്ഷേ മൽസ്യങ്ങൾക്ക് അങ്ങനെയല്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അവയ്ക്ക് ജനനസ്ഥലത്തുനിന്ന് ഒഴുകിവരുന്ന നദീജലത്തിന്റെ സവിശേഷമായ ഏതോ രാസതന്ത്രലക്ഷണം തിരിച്ചറിയുവാൻ കഴിവുണ്ട്.

ഒന്നാലോചിച്ചുനോക്കുക! ആയിരവും രണ്ടായിരവും മൈൽ അകലെവച്ചാണ് ഇതറിയുന്നത്. ഈ ലക്ഷണം എന്താണെന്ന് ഊഹിക്കുവാൻ പോലും നമുക്ക് സാധിക്കുന്നില്ല. പക്ഷേ മൽസ്യത്തിന് ഇക്കാര്യത്തിൽ സംശയമൊന്നുമില്ല. അത് പ്രസ്തുത ലക്ഷണത്തെ രാസേന്ദ്രിയത്തി

Digitized by Kerala Sahitya Akademi

ളൂടെ തിരിച്ചറിഞ്ഞ്, അതിനെ കൃത്യമായി പിൻതുടന്ന് ലക്ഷ്യത്തിലെത്തുന്നു. മനുഷ്യൻ ഭീമാകാരങ്ങളായ അണക്കെട്ടുകൾ നിർമ്മിച്ച് നദിയുടെ ഒഴുക്കിന് തടസ്സമുണ്ടാക്കുമ്പോൾ മാത്രമേ അതിന് ഗതിമുട്ടിപ്പോകുന്നുള്ളു. അണക്കെട്ടുകൾമൂലം ഇങ്ങനെയൊരു ആപത്തുണ്ടെന്നും, അത് മത്സ്യസമ്പത്തിനെ നശിപ്പിക്കുമെന്നും മനസ്സിലായതിനെത്തുടർന്ന് ഈ പ്രതിബന്ധത്തെ മറികടക്കുവാൻ മൽസ്യങ്ങളെ സഹായിക്കുന്ന മാർഗ്ഗസൗകര്യങ്ങൾ നദീതടപദ്ധതികളിൽ ഇപ്പോൾ ഉണ്ടാക്കിവരുന്നുണ്ട്.

സാമൺ വർഗ്ഗത്തിൽപെട്ടതും രണ്ടുകൊല്ലംകൊണ്ട് മുട്ടയിടുന്നതുമായ ഒരു മത്സ്യത്തിൻെറ കഥ പറയാം. അതിനെ ഗവേഷണത്തിനുവേണ്ടി നിർമ്മിച്ച ഒരു കൃത്രിമ ജലാശയത്തിലാണ് മുട്ടയിൽനിന്നു വിരിച്ചെടുത്തത്. ഒരു വർഷക്കാലം അവിടെ വളർത്തിയശേഷം ശരീരത്തിൽ അടയാളമിട്ട് അതിനെ അല്പം അകലെയുള്ള മററൊരു പുഴയിൽ മോചിപ്പിച്ചു. പക്ഷേ ഒരു വർഷംകൂടി കഴിഞ്ഞ്, മുട്ടയിടുവാൻ സമയമായപ്പോൾ അത് പഴയ ജലാശയത്തിൽ മടങ്ങിയെത്തി. അവിടെ എത്തിച്ചേരുന്നതിന് അതു സഹിച്ച ക്ലേശങ്ങൾ എത്രയെന്ന് പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. കൃത്രിമ ജലാശയം കുഴലുകൾവഴി ഒരു പുഴയോട് ബന്ധിച്ചിരുന്നു. പക്ഷേ ഈ പുഴയിലല്ല പ്രസ്തുത മത്സ്യത്തെ മോചിപ്പിച്ചത്. മത്സ്യം മറേറ പുഴവഴിയാണ് സമുദ്രത്തിൽ പോയതെങ്കിലും ഒരു വർഷത്തിനുശേഷം ജലാശയവുമായി ബന്ധപ്പെട്ട പുഴയിലൂടെയാണ് മടക്കയാത്ര നടത്തിയത്. അങ്ങനെ നീന്തിവന്ന് ഒരു കലുങ്കിൻെറ അടിയിലുള്ള നീർച്ചാലിൽ കയറി. അവിടെയാണ് കൃത്രിമ ജലാശയത്തിൽനിന്ന് തുറന്നുവിടുന്ന ജലം ഒഴുകി വീണുകൊണ്ടിരുന്നത്. അവിടെനിന്ന്

Digitized by Kerala Sahitya Akademi

നാലിഞ്ചുമാത്രം വ്യാസമുള്ള കുഴലിൽ കയറി. അതിൻെറ ഇടയ്ക്ക് തൊണ്ണൂറു ഡിഗ്രിയിലുള്ള ഒരു കൊടുവളവുണ്ടായിരുന്നു. അവിടം ഞെരുങ്ങിക്കടന്ന് കമ്പിവലകൊണ്ടു മൂടിയ ഒരു കുഴിയിലെത്തി. അതിൽ നിന്നു ചാടിയ ചാട്ടത്തിൽ മൂടിയിളകി രക്ഷകിട്ടി. എന്നിട്ടും ജലാശയത്തിൽ എത്തിയില്ല. അതിൻെറ ഓവുചാലിനു ചുററും കമ്പിവേലി കെട്ടിയിരുന്നു. സർവശക്തികളും പ്രയോഗിച്ച് വീണ്ടും നടത്തിയ ഒരു വലിയ ചാട്ടംകൊണ്ടാണ് അതിനെ മറികടന്നത്. അങ്ങനെ അതിസാഹസം ചെയ്ത് ആ സാധുമത്സ്യം ലക്ഷ്യത്തിലെത്തി. അത് ജലാശയത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ടപ്പോൾ ശാസ്ത്രജ്ഞന്മാർ അത്ഭുതപ്പെട്ടുപോയി. പുഴയിൽനിന്ന് ജലാശയം വരെയുള്ള ദുർഘടപൂർണ്ണമായ അതിൻെറ പ്രയാണ പരിപാടി മനസ്സിലാക്കുന്നതിന് അവർക്ക് വളരെ സമയത്തെ ഗവേഷണം നടത്തേണ്ടിവന്നു.

ഈ മൽസ്യം എങ്ങനെയാണ് വഴിയറിഞ്ഞത്? കടലിൽനിന്ന് മുമ്പ് സഞ്ചരിക്കുകയെന്നല്ല, കാണുകപോലും ചെയ്യാത്ത പുഴയിലൂടെയാണ് അത് യാത്രയാരംഭിച്ചത്. ഭൂമിയുടെ വിശാലതമൂലം മനുഷ്യനുപോലും വഴിതെററുന്ന കാലിഫോർണിയാ സംസ്ഥാനത്തെ ആയിരക്കണക്കിലുള്ള കുളങ്ങളിൽ ഒരെണ്ണത്തിലാണ് കൃത്രിമ ജലാശയത്തിൽ നിന്നു വരുന്ന വെള്ളം ഒഴുകിവീണിരുന്നത്. ആ നീരൊഴുക്ക് മൽസ്യം തിരിച്ചറിഞ്ഞു. അത്ഭുതമല്ലേ? ഇനി മറെറാരു ജാതി മൽസ്യത്തിൻെറ കുറേക്കൂടി അത്ഭുതകരമായ കഥ കേൾക്കുക.

ഒററനോട്ടത്തിൽ പാമ്പാണെന്നുതോന്നുന്ന കരുട്ടവിളാങ്ക് എന്ന മൽസ്യത്തെ പലരും കണ്ടിരിക്കും. കണ്ണില്ലാത്തത് എന്നാണ് അതിൻെറ പേരിലെ വിശേഷണപദ

Digitized by Kerala Sahitya Akademi

ത്തിൻെറ അർത്ഥമെങ്കിലും ഈ നിർവചനം ശരിയല്ല. വിളാങ്കിനു് കണ്ണുണ്ടു്, വളരെ ചെറുതാണെന്നേയുള്ളു: വിളാങ്കുകളും സാമൺ മത്സ്യത്തെപ്പോലെ കടലിലും പുഴകളിലുമായിട്ടാണു് ആയുഷ്കാലം പൂർത്തിയാക്കുന്നതു്. പക്ഷേ ഒരു വ്യത്യാസമുണ്ടു്. വിളാങ്കു് കടലിൽ മുട്ടയിടുന്നു. മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ സമുദ്രം നീന്തികടന്നു് നദികളിൽ പ്രവേശിച്ചു് വളരുന്നു. പ്രായപൂർത്തിയെത്തുമ്പോൾ അവ വീണ്ടും കടലിലേക്കു മടങ്ങിപ്പോയി മുട്ടയിട്ടു മരിക്കുന്നു.

യൂറോപ്പിലെ നദികളിൽ കാണുന്ന ഒരുജാതി വിളാങ്കിൻെറ സമുദ്രയാത്ര വിസ്മയകരമാണു്. അററ്ലാൻറിക്കു് സമുദ്രത്തിൽ അമേരിക്കൻ തീരത്തുനിന്നു് അധികം ദൂരമില്ലാത്ത ഒരു സ്ഥാനത്തു് വളരെ ആഴത്തിലാണു് ഈ മൽസ്യങ്ങൾ മുട്ടയിടുന്നതു്. ഇതു് വളരെ നാളത്തെ പര്യവേക്ഷണങ്ങളിൽ നിന്നുള്ള അനുമാനമാണു്. ഈ ജീവി മുട്ടയിടുന്നതു് ആരും കണ്ടിട്ടില്ല. സമുദ്രത്തിൻെറ അഗാധമായ അടിത്തട്ടിൽ നടക്കുന്ന സംഭവമാണു്. മുട്ടവിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ സമുദ്രത്തിൻെറ മുകൾത്തട്ടിലേക്കു് പൊങ്ങിവരുന്നു. കണ്ടാൽ വിളാങ്കാണെന്നു തോന്നുകയില്ല. വെളുത്തുപരന്നു മറുപുറം കാണുന്ന കണ്ണാടിക്കഷണം പോലെയിരിക്കും. കണ്ണുമാത്രം കറുത്ത പൊട്ടുകളായി കാണാം. ഈ വിളാങ്കിൻ കുഞ്ഞുങ്ങൾ കടലൊഴുക്കിൽ പെട്ടു് പതുക്കെപ്പതുക്കെ യൂറോപ്പിൻെറ നേർക്കു് യാത്രചെയ്യുന്നു. അററ്ലാൻറിക്കു് സമുദ്രത്തിനു കുറുകെ ഇങ്ങനെയൊരു വലിയ ജലപ്രവാഹമുണ്ടെന്നു് പലരും കേട്ടിരിക്കും. അതിനാണു് ''ഗൾഫ്സ്ട്രീം'' എന്നു പറയുന്നതു്. കടലൊഴുക്കിൻെറ സഹായമുണ്ടെങ്കിലും രണ്ടും മൂന്നും വർഷം കഴിഞ്ഞേ വിളാങ്കിൻ കുഞ്ഞുങ്ങൾ യൂറോപ്യൻ ഭൂഖണ്ഡ

Digitized by Kerala Sahitya Akademi

ത്തിന്റെ വടക്കൻ തീരത്ത് എത്തുകയുള്ള. അപ്പോഴേക്ക് അവ ഒരു വിധം വളർന്നിരിക്കും. എന്നാലും വിളാങ്കിന്റെ നീണ്ട ആകൃതിയോ കറുത്ത നിറമോ കാണുകയില്ല.

നദീമുഖങ്ങളിൽ എത്തിയാൽ, അതുവരെ കടലൊഴുക്കിനു് അനുകൂലമായി നീന്തിയിരുന്ന ഈ മീൻകുഞ്ഞുങ്ങൾ ഒഴുക്കിന്ന് എതിരേ നീന്തുവാൻ തുടങ്ങും. പിന്നത്തെ വളർച്ച വളരെ വേഗത്തിലാണ്. പരന്നു് വീതിയുള്ള ആകൃതി മാറി ശരീരം ഉരുണ്ടുവരുന്നു, നിറവും മങ്ങിത്തുടങ്ങുന്നു. ചില കാലങ്ങളിൽ ഇവയുടെ സംഖ്യാബാഹുല്യത്താൽ നദീജലത്തിനു തന്നെ നിറഭേദം വരും. ഇതിൽ ഭൂരിഭാഗവും മൃതിയടയുന്നു. ബാക്കിയുള്ളവ നദിയുടെ മേൽഭാഗങ്ങളിലെത്തി വളരെക്കാലംകൊണ്ട് വലിയ വിളാങ്കുകളായിത്തീരും.

ജനിക്കുന്ന സ്ഥലത്തു തന്നെ മരിക്കണമെന്നു് ഈ മത്സ്യങ്ങൾക്ക് നിർബന്ധമുള്ളതുപോലെ തോന്നിപ്പോകുന്നു. അതിനുവേണ്ടി മൂവായിരവും നാലായിരവും മൈൽ യാത്രചെയ്യുവാൻ അവ സന്നദ്ധമാണ്. വിളാങ്ക് കുഞ്ഞായിരിക്കുമ്പോൾ നടുക്കടലിൽ നിന്നു് യൂറോപ്പിലേക്ക് യാത്ര ചെയ്യുന്നതു് കടലൊഴുക്കിന്റെ സഹായംകൊണ്ടാണെന്നു പറയാമെങ്കിലും, അന്ത്യയാത്ര സ്വയം നടത്തുക തന്നെ വേണം. ഈ മൽസ്യം മഹാസമുദ്രത്തിന്റെ അടിത്തട്ടിൽ മുട്ടയിടുവാൻ പററിയ ഒരു പ്രത്യേക സ്ഥാനം കണ്ടുപിടിക്കുന്നതു് എങ്ങനെയെന്നു് ഇനിയും വ്യക്തമായിട്ടില്ല. ഏതായാലും വിശേഷബുദ്ധിയുള്ള മനുഷ്യനു പോലും ഭയാനകമായിത്തോന്നുന്ന ഈ സമുദ്രയാത്രയിൽ വിളാങ്കിന്റെ രാസേന്ദ്രിയങ്ങൾ അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ടെന്നുള്ളതു് തീർച്ചയാണ്. പക്ഷേ ഗൾഫ് സ്ട്രീമിന്റെ സഹായമുണ്ടെങ്കിലും സമുദ്രത്തിലൂടെ മൂവാ

Digitized by Kerala Sahitya Akademi

യിരം മൈൽ അകലെ നിന്നു് എന്തു രാസവസ്തുവാണു് വിളാങ്കിൻെറ തൊലിപ്പുറത്തുള്ള ഇന്ദ്രിയത്തലപ്പുകൾക്കു് ഗ്രഹിക്കുവാൻ സാധിക്കുന്നതെന്നു് മനസ്സിലാകുന്നില്ല. ശാസ്ത്രജ്ഞന്മാരുടെ ഏററവും സമത്ഥമായ ഉപകരണങ്ങൾ കൊണ്ടുപോലും അങ്ങനെയുള്ള പദാത്ഥങ്ങളൊന്നും കണ്ടു പിടിക്കുവാൻ സാധിക്കുകയില്ല. കടലിൽ കായം കലക്കുക എന്നു കേട്ടിട്ടില്ലെ? ശരാശരി രണ്ടരമൈൽ ആഴമുള്ള സമുദ്രത്തിലെ ജലരാശിയിൽ ഇത്ര കൃത്യമായി തിരിച്ചറിയത്തക്ക എന്തു പദാത്ഥമാണുള്ളതു്? മണത്തറിയാനും രുചിച്ചറിയാനും സവിശേഷമായ ഏതെങ്കിലും പദാത്ഥം വിളാങ്കിൻെറ ഇന്ദ്രിയത്തിൽ പററിയേ പററൂ.

ഏതായാലും രാസേന്ദ്രിയങ്ങൾക്കു് അത്ര സൂക്ഷ്മമായ പദാർത്ഥഗ്രഹണശക്തിയുണ്ടോ എന്നു് പരീക്ഷിക്കണമെന്നു് ഒരു ശാസ്ത്രജ്ഞൻ നിശ്ചയിച്ചു. പോലീസ് നായ്ക്കളുടെയും മററും സമത്ഥമായ പ്രവത്തനത്തിൽ നിന്നു് ജന്തുക്കളുടെ ഇന്ദ്രിയങ്ങൾക്കു് അത്യത്ഭുതകരമായ വൈഭവമുണ്ടെന്നു് ഊഹിക്കുവാൻ കഴിയും. കുററം ചെയ്യുവൻ പോയവഴിയെല്ലാം മണം പിടിച്ചാണല്ലൊ അവ മനസ്സിലാക്കുന്നതു്. എത്രയോ ആളുകളും മൃഗങ്ങളും സഞ്ചരിച്ചവഴിയേ ഓടിപ്പോയവൻെറ ശരീരഗന്ധം അവ തിരിച്ചറിയുന്നു. എന്നാലും കരുട്ടവിളാങ്കെന്നു വിളിക്കുന്ന ഒരു മൽസ്യത്തിനു് അത്രയ്ക്കു കഴിവുണ്ടോ എന്നു സംശയം തോന്നി. അതുകൊണ്ടു് ഇപ്പറഞ്ഞ ശാസ്ത്രജ്ഞൻ ഒരു കൗശലം പ്രയോഗിച്ചു. അദ്ദേഹം വിളാങ്കുകളെ കള്ളകടിക്കാൻ പഠിപ്പിച്ചു! ഏതു ജന്തുവിൻെറ കാര്യത്തിലും ഇതു സാധ്യമാണു്. ചില പ്രത്യേക പദാത്ഥങ്ങളുടെ നേർക്കു ഹിതകരമായ പ്രതികരണം പ്രദർശിപ്പിക്കാൻ അവയെ ശീലിപ്പിക്കാം. ശീലം മൂത്താൽ അതിസൂക്ഷ്മമായ അളവിൽ പോലും

Digitized by Kerala Sahitya Akademi

പ്രസ്തുത പദാൎത്ഥത്തെ അവ തിരിച്ചറിയും. ലഹരിപദാർത്ഥമായ ആൽക്കഹോം (അക്കം, ചാരായം) വെള്ളത്തിൽ കലരുന്ന ദ്രാവകമാണു്. ആദ്യം അതിൽ കുറേശ്ശെകുറേശ്ശെയായി വെള്ളം ചേർത്തു് പരീക്ഷിച്ചുനോക്കി. വിളാങ്കുകൾക്കു് ഒരു പ്രയാസവും ഉണ്ടായില്ല. വീര്യം കുറഞ്ഞ ദ്രാവകത്തെയും അവ തിരിച്ചറിഞ്ഞു.

അതുകഴിഞ്ഞു് ശാസ്ത്രജ്ഞൻ അമ്പലപ്പുഴക്ഷേത്രത്തിൽ പാലു കൊടുക്കുന്നവരുടെ വിദ്യയെടുത്തു. പാലിൽ വെള്ളം ചേർത്തിട്ടില്ലെന്നു് അവർ സത്യം ചെയ്യണം. അതു ചെയ്യാൻ അവർക്കു മടിയില്ല. എന്തെന്നാൽ പാലിൽവെള്ളം ചേർക്കുകയല്ല വെള്ളത്തിൽ പാലുചേർക്കുകയാണു് അവർ ചെയ്യുന്നതു്! പിന്നെ സത്യം ചെയ്താലെന്തു്? പാലിൽ വെള്ളം ചേർത്തിട്ടില്ല എന്നുള്ളതു് അക്ഷരാർത്ഥത്തിൽസത്യമല്ലെ? അതുപോലെ, ആദ്യം ഒരു വലിയ പാത്രം നിറയെ വെള്ളത്തിൽ ഒന്നു രണ്ടുതുള്ളി ദ്രാവകം ചേർത്തു പരീക്ഷിച്ചു. വിളാങ്കുകൾ നിഷ്പ്രയാസം അതു് തിരിച്ചറിഞ്ഞു. ശാസ്ത്രജ്ഞൻ തനിക്കു് കൈവശ്യവാൻ കഴിഞ്ഞ ഏററവും വലിയ പാത്രത്തിലെ വെള്ളത്തിൽ ചേർത്തു നേർപ്പിച്ചിട്ടും വിളാങ്കിനെ തോല്പിക്കുവാൻ സാധിച്ചില്ല.

ഒടുവിൽ അദ്ദേഹം അററകൈയ്യായി ഒരു പരീക്ഷണം നടത്തി. ജെർമ്മനിയുടെയും സ്വിററ്സർലണ്ടിൻെറയും അതിർത്തിയിൽ 'ലേക്കു് കോൺസ്റ്റൻസ്' എന്നൊരു ശുദ്ധജലതടാകമുണ്ടു്.അവിടെ നിന്നാണു് സ്ററുട്ട്ഗാർട്ടു നഗരത്തിലേക്കു്കുഴൽവെള്ളം കൊണ്ടുവരുന്നതു്. ആൽപ്സ് പർവതത്തിലെ മഞ്ഞുരുകി വരുന്നവെള്ളമാണു്. തടാകത്തിൻെറ നീളം 40 മൈൽ. വിസ്താരം 208 ചതുരശ്രമൈൽ. ആഴം 98 അടിമുതൽ 827 അടിവരെ വ്യത്യാസപ്പെടുന്നു. അവിടുത്തെ വെള്ളത്തിൽ പരീക്ഷണം നട

Digitized by Kerala Sahitya Akademi

ത്തിയപ്പോഠം വിളാങ്കകഠം സവിശേഷമായ ഒരു പ്രതികരണവും കാണിച്ചില്ല. പിന്നെ അദ്ദേഹം പ്രസ്തുത തടാകത്തിൽ അര സ്പൂൺ ആൽക്കഹോഠം ഒഴിച്ചു. തടാകം ഇളകിമറിഞ്ഞു കിടക്കുന്ന സന്ദർഭത്തിലാണ്. ഇതിനുശേഷം വളരെ സമയം കഴിഞ്ഞു വീണ്ടും പരീക്ഷിച്ചു. വിളാങ്കിൻെറ വൈഭവത്തെപ്പററി എന്താണ് പറയുക! തടാകത്തിലെ ജലഭാണ്ഡത്തിനുണ്ടായ മാററം അതു് തിരിച്ചറിഞ്ഞുവത്രെ! ഇതു കേട്ടാൽ ആരും വിശ്വസിക്കുകയില്ല. ഞാനും പരീക്ഷണം നേരിട്ടു കണ്ടു് എഴുതുകയല്ല. ഒരു ശാസ്ത്രപ്രബന്ധത്തിൽ രേഖാമൂലമായിക്കണ്ട പ്രസ്താവനയാണ് അടിസ്ഥാനം. ലോകത്തിൻെറ പലഭാഗത്തുനിന്നും വരുന്ന പ്രസിദ്ധീകരണങ്ങളിൽ ഈ പരീക്ഷണം ഉദ്ധരിച്ചിരിക്കുന്നതും കണ്ടു. അപ്പോഠം കുരുട്ടുവിളാങ്കിൻെറ കഥയാണെങ്കിലും വിശ്വസിക്കാതിരിക്കുന്നതെങ്ങനെ?

അര സ്പൂൺ ആൽക്കഹോഠം തടാകത്തിലെ ജലത്തിൽ സമമായി വിതരണം ചെയ്താൽ അതിൽനിന്നെടുത്ത ഒരു ലിററർ വെള്ളത്തിൽ അതിൻെറ എത്ര അംശം വ്യാപിക്കുമെന്നു് കണക്കാക്കുവാൻ സാധിക്കും. ഇങ്ങനെ നോക്കിയപ്പോഠം ആൽക്കഹോളിൻെറ ഏതാനും മോളിക്യൂളുകഠം മാത്രമേ വിളാങ്കിൻെറ രാസേന്ദ്രിയത്തിനു് ഗ്രഹിക്കുവാൻ സാധിച്ചിട്ടുള്ളു എന്നു് കാണുകയുണ്ടായി. ഒരു പദാർത്ഥത്തിൻെറ ലക്ഷണങ്ങളും സ്വഭാവങ്ങളും പ്രദർശിപ്പിക്കുന്ന ഏററവും ചെറിയ അംശമാണ് അതിൻെറ മോളിക്യൂഠം. അതിനപ്പുറം അപഗ്രഥിച്ചാൽ അതു് ആ പദാർത്ഥം അല്ലാതാകും. ചുരുക്കത്തിൽ ചുററുപാടും കാണുന്ന പദാർത്ഥങ്ങളുടെ ഏററവും സൂക്ഷ്മമായ അംശത്തെപ്പോലും തിരിച്ചറിയത്തക്ക വൈഭവവിശേഷമാണ് ജന്തുക്കളുടെ ഇന്ദ്രിയങ്ങഠംക്കുള്ളതു്.

Digitized by Kerala Sahitya Akademi

മററൊരു നമ്പൂരിക്കഥകൂടി പറഞ്ഞുകൊണ്ടു് ഈ ഉപന്യാസം ഉപസംഹരിക്കാം. ഭോജന പ്രിയനായ ഈ നമ്പൂരി സദ്യയ്ക്കു് പഴപ്രഥമൻ വിളമ്പിയപ്പോഠം അതു് ആദ്യമൊന്നു് തൊട്ടു് നാവിന്മേൽ വച്ചിട്ടു് "ഇതിനുപയോഗിച്ച നേന്ത്രപ്പഴം കൃഷിചെയ്യപ്പോഠം മീനമാസത്തിൽ ഒരു ദിവസം വൈകുന്നേരം വാഴയ്ക്കു് നനച്ചില്ല. അതിൻെറ കുറവ് രുചിയിൽ അറിയാനുണ്ടു്!" എന്നു പറഞ്ഞുവത്രെ. ഇതു് തിന്നുവാൻ വേണ്ടി ജീവിക്കുന്നവരെ കളിയാക്കുന്ന ഫലിതമായിട്ടാണു് പറയാറുള്ളതു്. പക്ഷേ ഇതും ഇതിനപ്പുറവും തിരിച്ചറിയുവാൻ കഴിയുന്ന ഇന്ദ്രിയ വിശേഷങ്ങഠം പ്രകൃതി ജന്തുക്കഠംക്കു് നല്കിയിട്ടുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. മഹാബുദ്ധിമാനെന്നു് അഭിമാനിക്കുന്ന മനുഷ്യൻെറ രസതന്ത്രവിദ്യകഠംക്കു് പ്രകൃതിയുടെ ഈ വൈഭവങ്ങളെ സമീപിക്കുവാൻ പോലും സാധിച്ചിട്ടില്ല. കുരുട്ടുവിളാങ്കും സാമൺ മൽസ്യവും വഴി തെററാതെ ലക്ഷ്യസ്ഥാനത്തു് എത്തിച്ചേരുന്നതിൽ എന്താണു് അത്ഭുതം!

Digitized by Kerala Sahitya Akademi

# പരമാണു ഭഞ്ജനം

ജഡവസ്തുവിന്റെ ഏററവും സൂക്ഷ്മമായ ഘടകം ഏതു് എന്നുള്ള അന്വേഷണം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പ്രാചീനകാലത്തെ ഗ്രീക്കുകാരും ഭാരതീയരും ഇതേപ്പററി ഗാഢമായി ചിന്തിക്കുകയും സിദ്ധാന്തങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ആററം എന്ന പദം തന്നെ ഗ്രീക്കു ഭാഷയിൽനിന്നു വന്നതാണു്. അതിന്റെ അർത്ഥം ഭാഗിക്കാൻകഴിയാത്തതു് (എ-ടോം) എന്നാണു്. ഈ സ്വഭാവമുള്ള അത്യന്ത സൂക്ഷ്മങ്ങളായ ഘടകങ്ങൾ കൊണ്ടാണു് എല്ലാ വസ്തുക്കളും നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നു് അവർ അനുമാനിച്ചു. ആധുനികകാലത്തു് സയൻസിന്റെ പരീക്ഷണാത്മകമായ പരിശോധനയുടെ ഫലമായി ഈ സിദ്ധാന്തം പുനഃസ്ഥാപിക്കപ്പെട്ടു. രസതന്ത്രജ്ഞന്മാരാണു് ആദ്യം അതിനു് പുനഃപ്രതിഷ്ഠ നൽകിയതു്.ഇങ്ങനെ നേടിയ പുതുതായ ശാസ്ത്രീയ വീക്ഷണത്തിൽ ഭൗതിക ലോകത്തിന്റെ ഘടനയെപ്പററി വിശദമായ ഒരു ചിത്രം അവർ നൽകുകയും ചെയ്തു.

പക്ഷേ ഈ നൂററാണ്ടിന്റെ ആരംഭത്തിൽ ഊർജ്ജതന്ത്രജ്ഞന്മാർ നടത്തിയ മററു പരീക്ഷണങ്ങളുടെ ഫലമായി ഈ ചിത്രം വീണ്ടും കലുഷവും സങ്കീർണ്ണവും ആയി

Digitized by Kerala Sahitya Akademi

ത്തീന്ന. രസതന്ത്രത്തിൽ വിഭാവനം ചെയ്തിരുന്ന ആററം. ന്യൂക്ലിയസ്സെന്നും, ഇലക്ട്രോൺ എന്നും പറയുന്ന കുറേക്കൂടി സൂക്ഷ്മമായ ഘടകങ്ങളായി വിഭജിക്കാവുന്നതാണെന്ന് അവർ തെളിയിച്ചു. എന്നല്ല, ഒരു കാൽ ശതാബ്ദം കൂടി കഴിഞ്ഞപ്പോഠം ഈ ന്യൂക്ലിയസ്സെന്നു പറയുന്ന ഘടകത്തെത്തന്നെ വീണ്ടും വിഭജിക്കാമെന്നു കണ്ടു. അതിൽ നിന്ന് പ്രോട്ടോൺ എന്നും ന്യൂട്രോൺ എന്നും പറയുന്ന പരമാണുക്കളെ വേർതിരിച്ചെടുക്കുവാൻ സാധിച്ചു. അങ്ങനെ ഭൗതിക വസ്തുവിൻെറ പ്രാഥമിക ഘടകങ്ങളെന്നു കരുതാവുന്ന മൂന്നു തരം പരമാണുക്കളെ കണ്ടുപിടിച്ചു— ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ.

കുറെക്കാലത്തേക്ക് ഇവയാണ് പ്രപഞ്ചത്തിൻെറ അടിസ്ഥാനശിലകളെന്ന് എല്ലാവരും വിചാരിച്ചെങ്കിലും ഇവയും അവിഭാജ്യങ്ങളാണെന്നു പറയുവാൻ സാദ്ധ്യമല്ലെന്നാണ് ഇപ്പോഠം തെളിഞ്ഞിരിക്കുന്നത്. ഈ പരമാണുക്കളെയും ഭാഗിക്കുവാൻ സാധിക്കുമെന്നു കാണുന്നു. ഇതിനു വേണ്ടി പരമാണുക്കളെത്തന്നെ വേഗം കൂട്ടി വെടിയുണ്ടകഠം പോലെ മററുപരമാണുക്കളുടെ നേർക്ക് പായിക്കുകയാണ് ചെയ്യുന്നത്. അത്യുൽക്കടമായ ആയം നൽകിയാൽ ഈ ആഘാതംമൂലം കൂട്ടിമുട്ടുന്ന പരമാണുക്കഠം ഛിന്നഭിന്നമാകും. ഒരു കളിപ്പന്ത് മറെറാന്നിൽ ചെന്നിടിച്ചാൽ അവ രണ്ടു വഴിക്ക് തെറിച്ച്മാറുമെങ്കിലും പന്തുകളായിത്തന്നെ ശേഷിക്കും. നേരെമറിച്ച് വേഗത്തിൽ ഓടുന്ന ഒരു കാറാണ് മറെറാരുകാറിന്മേൽ ചെന്ന് ഇടിക്കുന്നതെങ്കിൽ, പ്രസ്തുത വാഹനങ്ങളുടെ ഭാഗങ്ങളും, അവയുടെ അകത്തിരിക്കുന്ന ആളുകളും തെറിച്ചുപോകുന്നതു കാണാം. അത്യധികമായ വേഗത്തിലാണെങ്കിൽ വാഹനങ്ങഠം മാത്രമല്ല മനുഷ്യശരീരങ്ങളും പല ഭാഗങ്ങളായി ഭേദിച്ചുപോകും.

Digitized by Kerala Sahitya Akademi

പരമാണുക്കളുടെ മേൽ ഈ പരീക്ഷണം നടത്തുവാൻ ഭീമാകാരങ്ങളായ ഉപകരണങ്ങൾ ശാസ്ത്രജ്ഞന്മാർ ഉണ്ടാക്കിയിട്ടുണ്ട്. അവയ്ക്ക് ''പാർട്ടിക്കിൾ ആക്സിലറേറ്റർ'' എന്നു പേർ പറയുന്നു. പരമാണുക്കൾക്ക് വിദ്യുച്ഛക്തി ഉപയോഗിച്ച് ഗതിവേഗവും തദ്വാരാ ഊർജ്ജവും കൈവരുത്തുന്ന യന്ത്രങ്ങളാണിവ. ഇവ മുഖ്യമായി രണ്ടുജാതിയുണ്ട്. ഒന്ന് പരമാണുക്കളെ, അസ്ത്രം പായുന്നതുപോലെ നേർവരയിൽ ഓടിച്ച് ഊർജ്ജിതപ്പെടുത്തുന്നു. ഈ ജാതിയിൽപ്പെട്ട ഏറ്റവും വലിയ പരീക്ഷണോപകരണം അമേരിക്കയിൽ സ്റ്റാൻഫോർഡ് സർവകലാശാലയിലാണ് സ്ഥാപിച്ചിട്ടുള്ളത്. അതിന്റെ കുഴലിനു രണ്ടു മൈൽ നീളമുണ്ട്. മറേറ ജാതി യന്ത്രത്തിന്റെ കുഴൽ വൃത്താകാരമാണ്. അതിൽ കറങ്ങിക്കറങ്ങിയാണ് പരമാണുക്കൾക്ക് ഊർജ്ജം ലഭിക്കുന്നത്. രണ്ടുതരം യന്ത്രങ്ങളിലും വായുവെല്ലാം വലിച്ചെടുത്ത് കുഴലിനെ ശൂദ്ധശൂന്യമാക്കണം. ശക്തിയേറിയ കാന്തമണ്ഡലങ്ങൾ സൃഷ്ടിച്ചാണ് പരമാണുക്കളെ ഉദ്ദിഷ്ടരീതിയിൽ നയിക്കുന്നത്. ഹൈഡ്രജൻ വാതകത്തിന്റെ ആററത്തിൽനിന്ന് ഇലക്ട്രോൺ തെറിപ്പിച്ചുകളയുമ്പോൾ ശേഷിക്കുന്ന പ്രോട്ടോൺ പരമാണുവിനെ വെടിയുണ്ടയായി ഉപയോഗിക്കുന്നു.

1967 ഒടുവിൽ റഷ്യൻ ശാസ്ത്രജ്ഞന്മാർ സെർപ്പുഖോവ് എന്ന സ്ഥലത്ത് ഉദ്ഘാടനം ചെയ്ത ഭീമാകാരമായ ഉപകരണമാണ് ഇപ്പോൾ ഉപയോഗത്തിലുള്ളതിൽ വച്ച് ഏററവും ശക്തികൂടിയ ആക്സിലറേറർ. അതിനുള്ളിൽ പ്രോട്ടോൺ പരമാണുക്കൾക്ക് 76 ബില്യൻ ഇലക്ട്രോൺ വോൾട്ടുവരെ ഊർജ്ജം നൽകുവാൻ സാധിക്കും. (ഒരു ബില്യൻ = 1000 മില്യൻ = 100 കോടി = 10,000 ലക്ഷം. ഒരു ഇലക്ട്രോൺ പരമാണുവിനു് ഒരു വോൾട്ട് വിദ്യ

Digitized by Kerala Sahitya Akademi

ച്ഛക്തിയേൽക്കുമ്പോൾ ലഭിക്കുന്ന ഊർജ്ജമാണ് ഒരു ഇലക്‌ട്രോൺ വോൾട്ട് എന്ന അളവ്.) എന്നാൽ ഇപ്പോൾ അമേരിക്കയിൽ ചിക്കാഗോ നഗരത്തിന് മുപ്പതു മൈൽ പടിഞ്ഞാറു മാറി, ബറ്റേവിയ എന്ന സ്ഥലത്ത് ഇതിനേക്കാൾ ശക്തികൂടിയ ഒരു ഉപകരണത്തിൻെറ പണി പൂർത്തിയായിരിക്കുന്നു. അതിൻെറ നിർമ്മാണത്തിന് മൂന്നു വർഷത്തെ അദ്ധ്വാനവും 250 മില്യൻ ഡോളറും (187 കോടി രൂപ) വേണ്ടിവന്നു. 6800 ഏക്കർ വിസ്താരമുള്ള ഒരു സമതലത്തിലാണ് അതു് സ്ഥാപിച്ചിരിക്കുന്നതു്. അതിൻെറ വൃത്താകാരമായ കുഴലിന് നാലു മൈൽ നീളവും, വൃത്തത്തിന് ഒന്നേകാൽ മൈൽ വ്യാസവുമുണ്ട്. 20 അടി ഘനത്തിൽ മണ്ണിട്ടുമൂടിയ ഒരു കോൺക്രീററ് തുരങ്കത്തിനകത്താണ് കുഴൽ സ്ഥിതിചെയ്യുന്നതു്. തുരങ്കത്തിൽ മനുഷ്യർക്കു നടക്കത്തക്ക സ്ഥലമുണ്ട്. യന്ത്രം പ്രവർത്തിക്കുമ്പോൾ അത്യധികമായ ചൂടുണ്ടാകുന്നതുകൊണ്ട് അതിനെ തണുപ്പിക്കുവാൻ മിനിട്ടുതോറും 1400 ഗ്യാലൻ വെള്ളം ആവശ്യമുണ്ട്.

ഈ ഉപകരണത്തിൽ പ്രോട്ടോൺ പരമാണുക്കൾക്ക് 500 ബില്യൻ ഇലക്‌ട്രോൺ വോൾട്ട്(ബി ഇ വോ)ഊർജ്ജം നൽകി ലക്ഷ്യവേധം ചെയ്യുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്. ഇത്ര വലിയ ഊർജ്ജം ലഭിക്കുമ്പോൾ അവ ഏറെക്കുറെ പ്രകാശരശ്മികളുടെ അത്രയും എത്തുന്ന ഗതിവേഗത്തിൽ സഞ്ചരിക്കുമെന്നാണ് കണക്ക്. പ്രകാശത്തിൻെറ ഗതിവേഗം സെക്കൻഡിൽ 1,86,000 മൈലാണ്. ഇതിൻെറ 99.9 ശതമാനം വരെ കിട്ടുമത്രേ. കുറെക്കൂടി ധനവ്യയം ചെയ്ത്, കുഴലിനെ ആവരണം ചെയ്യുന്ന അയസ്കാന്ത മണ്ഡലത്തിൻെറ ശക്തി വർധിപ്പിച്ചാൽ 1000 ബി ഇ വോ എന്ന ഊർജ്ജപരിധി

Digitized by Kerala Sahitya Akademi

യെ പ്രാപിക്കുവാൻ സാധിക്കുമെന്നും ബറേറവിയയിലെ ശാസ്ത്രജ്ഞന്മാർ പ്രത്യാശിക്കുന്നു. അതിഭീമമായ ഈ ഗവേഷണയന്ത്രം അമേരിക്കയിലെ അറേറാമിക് എനർജി കമ്മിഷൻെറ ആഭിമുഖ്യത്തിലാണ് നിർമ്മിച്ചതു്. ഇതു് ഉടനെതന്നെ പ്രവർത്തനക്ഷമമാകും.

അതിനിടയ്ക്കു് പശ്ചിമയൂറോപ്പിലെ സമർത്ഥന്മാരായ ശാസ്ത്രജ്ഞന്മാർ അത്ഭുതകരമായ മറെറാരു ഉപായം കണ്ടുപിടിച്ചിരിക്കുന്നു. അവിടത്തെ ഒരു രാജ്യത്തിനും തനിച്ചു് ഇത്രവളരെ ചെലവുള്ളഗവേഷണ സൗകര്യങ്ങൾ നിർമ്മിക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് പന്ത്രണ്ടുരാഷ്ട്രങ്ങൾ സഹകരിച്ചു് സ്വിററ്സർലണ്ടിൽ ജെനീവയ്ക്കടുത്തു് ഒരു ആക്സലറേററർ സ്ഥാപിച്ചിട്ടുണ്ടു്. ഇതു് സംവിധാനം ചെയ്തപ്പോൾ യന്ത്രത്തിൻെറ ഒരു ഭാഗം അതിർത്തിയെ അതിലംഘിച്ചു് ഫ്രാൻസിലേക്കു തള്ളിക്കിടക്കുമെന്നു് കാണുകയുണ്ടായി. എന്നുവരികിലും പ്ലാൻ മാററിയില്ല. ഫ്രെഞ്ചു് ഗവർമ്മെൻറിന്നു് സന്തോഷമേ തോന്നിയുള്ളൂ. ഈ യന്ത്രത്തിൽ 28 ബി ഇ വോ ഊർജ്ജമാണു് ലഭിക്കുന്നതു്. എങ്കിലും റഷ്യയിലെയും അമേരിക്കയിലെയും യന്ത്രങ്ങളിൽ ചെയ്യുന്നതുപോലെ ഊർജ്ജമേറിയ പ്രോട്ടോണുകളെ നിശ്ചലമായ ശരവ്യങ്ങളിൽ പായിച്ചു പരീക്ഷണം നടത്തുന്നതിനുപകരം ഒരു പുതിയ വിദ്യയാണു് ഇവിടെ സ്വീകരിച്ചിരിക്കുന്നതു് പ്രോട്ടോണുകളെ വൃത്താകാരമായ രണ്ടു കുഴലുകളിലൂടെ പായിക്കുന്നു. ഒന്നിൽ പ്രദക്ഷിണമായും മററതിൽ അപ്രദക്ഷിണമായും. എന്നിട്ടു് ഈ പ്രോട്ടോൺധാരകളെ ഇടയ്ക്കുവച്ചു്കൂട്ടിമുട്ടിക്കുന്നു.ഈ വിദ്യ അങ്ങേയററം ഫലപ്രദമാണെന്നു് തെളിഞ്ഞിരിക്കുന്നു.

ഇതിൻെറ രഹസ്യം അല്പം സാങ്കേതികമാണ്. പ്രോട്ടോണുകൾ വെളിച്ചത്തിന്റെ വേഗത്തിൽ പാഞ്ഞുചെന്നു്

Digitized by Kerala Sahitya Akademi

നിശ്ചലമായ ലക്ഷ്യത്തിൽ ഇടിക്കുമ്പോൾ അതിൻെറ ഊർജ്ജത്തിൽ ഒരു വലിയ പങ്ക് വ്യർത്ഥമായിപ്പോകുന്നു. ആപേക്ഷികത്വ (റിലേററിവിററി) സിദ്ധാന്തപ്രകാരം ഇത്രയ്ക്കു ഗതിവേഗമുള്ള പരമാണുവിൻെറ പിണ്ഡം (Mass) വർദ്ധിക്കുകയും, അതിൻെറ ഊർജ്ജം എതിരിടുന്ന പരമാണുവിനെ തള്ളിമാററുന്നതിനു് വിനിയോഗിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടു് തമ്മിൽ ഇടിക്കുന്നതിൻെറ പൂർണ്ണഫലം കിട്ടുന്നില്ല. ഇക്കാരണത്താൽ, റഷ്യയിലെ സെർപ്പുഖോവ്യന്ത്രത്തിനു 76 ബി ഇ വോ ഊർജ്ജം നൽകുവാൻ കഴിവുണ്ടെങ്കിലും പരമാണുക്കൾ കൂട്ടിമുട്ടുമ്പോൾ പ്രയോജനത്തിൽ വരുന്നതു് 12 ബി ഇ വോ മാത്രമാണെന്നു് പറയപ്പെടുന്നു. അമേരിക്കയിൽ നിർമ്മിച്ചിരിക്കുന്ന പുതിയ യന്ത്രത്തിലും ഈ പ്രയാസം ഉണ്ടാകും. പക്ഷേ ജെനീവയിലെ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച വിദ്യകൊണ്ടു് ഈ പ്രയാസത്തെ മറികടക്കാം. കൂട്ടിമുട്ടുന്ന രണ്ടു പരമാണുക്കളും തുല്യവേഗത്തിൽ പായുകയാണ്. ഓടുന്ന രണ്ടു കാറുകൾ തമ്മിൽ ഇടിക്കുന്നതുപോലെയാണിതു്. ''അണോരണീയാൻ'' എന്നു പറയുന്നതുപോലെ എത്രയോ സൂക്ഷ്മമായ രണ്ടു പരമാണുക്കളെ കൃത്യമായി കൂട്ടിമുട്ടിക്കുവാൻ സാദ്ധ്യമല്ലെന്നു കരുതി മുമ്പു് ആരും ഈ വിദ്യ പ്രയോഗിച്ചില്ലെന്നേയുള്ളു. പക്ഷേ ഒരു വെടിയുണ്ടകൊണ്ടു് മറെറാരു വെടിയുണ്ടയെ തകർക്കുവാൻ ശ്രമിക്കുന്നതു പോലെയുള്ള പ്രയോഗമല്ലിതു്. ഒന്നും രണ്ടുമല്ല. എത്രയോ കോടി പ്രോട്ടോണുകളാണ് പരസ്പരാഭിമുഖമായി പായുന്നതു്. അവയെ ഞെരുക്കിപ്പായിക്കുന്നതിനും ഉപായങ്ങളുണ്ടു്. ഇങ്ങനെയാകുമ്പോൾ ചിലതെങ്കിലും കൂട്ടിമുട്ടും. നോർവേക്കാരനായ ക്യെൽ ജോൺസെൻ എന്ന ശാസ്ത്രജ്ഞൻെറ നേതൃത്വത്തിൽ നടത്തിയ ഈ പുതിയ പരീക്ഷ

Digitized by Kerala Sahitya Akademi

ണം ഏററവും വിജയപ്രദമാണെന്ന് തെളിഞ്ഞിരിക്കുന്നു. യന്ത്രത്തിന് 8 ബി ഇ വോ മാത്രമേ ശക്തിയുള്ള എങ്കിലും 1500 ബി ഇ വോ ഊർജ്ജം ജനിപ്പിക്കുന്ന യന്ത്രത്തിൽ നടത്തുന്ന പരീക്ഷണത്തിൻെറ ഫലമാണ് ഈ വിദ്യകൊണ്ട് അതിൽ കൈവരുന്നത്. ഇതൊരു മഹാത്ഭുതമായി പ്രകീർത്തിക്കപ്പെടുന്നു.

ഇത്തരം പടുകൂററൻ യന്ത്രങ്ങളിൽ പരീക്ഷണം നടത്തി എന്താണ് ശാസ്ത്രജ്ഞന്മാർ കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നത് എന്നുകൂടി നോക്കാം. ഭൗതികവസ്തുവിൻെറ ഘടകങ്ങളായി മൂന്നു പരമാണുക്കളേ ഉള്ളു എന്ന ധാരണ ശരിയല്ല. ഭിന്നലക്ഷണങ്ങളോടുകൂടിയ നൂറോളം പരമാണുക്കൾ ഇന്ന് അറിയപ്പെട്ടിട്ടുണ്ട്. മുമ്പ് അഖണ്ഡമെന്നും അന്തിമഘടകമെന്നും കരുതപ്പെട്ടിരുന്ന പരമാണുക്കളെയെല്ലാം ഭേദിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു. ഇങ്ങനെ പോയാൽ എവിടെയാണ് ഇതിൻെറ അവസാനം? എന്താണ് ഭൗതികവസ്തുവിൻെറ പരമസ്വരൂപം? ചെറുതിനും അതിരില്ലേ?

ഈ ചോദ്യങ്ങൾക്കു സാധാരണ ഭാഷയിൽ സമാധാനം നൽകുവാൻ പ്രയാസമാണെന്നു് ശാസ്ത്രജ്ഞന്മാർ പറയുന്നു. നാം നിത്യവും കണ്ടു പരിചയിച്ചതും ഇന്ദ്രിയഗോചരവുമായ ലോകത്തിലെ കാഴ്ചകളെയും ക്രിയകളെയും വർണ്ണിക്കുവാൻ മാത്രമേ പ്രസ്തുത ഭാഷയ്ക്കു് കഴിവുള്ളു. പരമാണുക്കളുടെ ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ ഗണിതവിദ്യയുടെ ഭാഷകൊണ്ടുമാത്രം കൈകാര്യം ചെയ്യാവുന്നവയാണ്. വസ്തുക്കളുടെ സ്ഥാനം, ഗതിവേഗം, നിറം, പരിവർത്തനം എന്നിങ്ങനെയുള്ള സങ്കല്പങ്ങൾ അവിടെ അവ്യക്തങ്ങളും സംശയാസ്പദങ്ങളും ആയിത്തീരുന്നു. ഒരു ഉദാഹരണം പറയാം. രണ്ട് പരമാണുക്കൾ ആകുല

Digitized by Kerala Sahitya Akademi

റേററർ പരീക്ഷണത്തിൽ കൂട്ടിയിടിച്ച് ഛിന്നഭിന്നമാകുന്ന പ്രതിഭാസം എടുക്കുക. ചിലപ്പോരം ഈ സംഘട്ടനത്തിൽ നിന്ന് വളരേയധികം കഷണങ്ങരം തെറിച്ചുവീഴുന്നതു കാണാം. പക്ഷേ ഈ കഷണങ്ങരം കൂട്ടിയിടിച്ച പരമാണുക്കളെക്കാരം ചെറുതായിരിക്കുകയില്ല. സംഘട്ടനത്തിൽ അന്തർഭവിക്കുന്ന ഊർജ്ജത്തിൻെറ അളവ് എത്തു തന്നെ ആയാലും, അതിൽ നിന്നു ലഭിക്കുന്ന കഷണങ്ങരം സ്ഥിര ലക്ഷണങ്ങളോടുകൂടിയവയാണെന്നും കാണുന്നു. ഇത്തരം സംഘട്ടനങ്ങരം മനുഷ്യൻെറ യന്ത്രങ്ങളിൽ മാത്രമല്ല പ്രകൃതിയിലും നടക്കാറുണ്ട്. ബാഹ്യാകാശത്തിൽ നിന്നു അപാരമായ ഊർജ്ജമുള്ള പരമാണുക്കരം ഭൂമിയിൽ പതിക്കാറുണ്ടെന്നു് പലരും കേട്ടിരിക്കും. ഇതിനാണ് കോസ്മിക് റേഡിയേഷൻ എന്നു പറയുന്നതു്. ഇവയ്ക്കു് ചിലപ്പോരം യന്ത്രത്തിൽ കിട്ടുന്നതിനേക്കാരം ആയിരം മടങ്ങ് ഊർജ്ജമുണ്ടാവും. അവയും കൂട്ടിമുട്ടാറുണ്ട്. ബലൂണുകളിൽ ഉപകരണങ്ങളയച്ച് ഈ സംഘട്ടനങ്ങളെ രേഖപ്പെടുത്തുവാനും സാധിക്കും. അങ്ങനെ പരിശോധിക്കുമ്പോഴും പരമാണുക്കളുടെ ഭേദനത്തിൽ നിന്നു് യന്ത്രപരീക്ഷണങ്ങളിൽ കണ്ട ലക്ഷണങ്ങളോടുകൂടിയ കഷണങ്ങരം തന്നെയാണ് ലഭിക്കുന്നതു്.

ഈ അനുഭവങ്ങളെ മുൻനിത്തി നോക്കുമ്പോരം പരമാണുവിനെ ഭേദിച്ചു എന്നു പറയുന്നതു് ശരിയല്ല. സത്യത്തിൽ, ആപേക്ഷികതവസിദ്ധാന്തം പ്രവചിക്കുന്നതുപോലെ കൂട്ടിമുട്ടുന്ന പരമാണുക്കളുടെ ഊർജ്ജം പുതിയ പരമാണുക്കളായി രൂപാന്തരപ്പെടുന്നു എന്നാണ് പറയേണ്ടതു്. ഭൗതികവസ്തുവിനെ അനന്തമായി വിഭജിക്കാമെന്നും, അതിന് കൂടുതൽ കൂടുതൽ ചെറുതായി വരുന്ന ഘടകങ്ങളുണ്ടെന്നും, സാധാരണ ഭാഷയിലെ വിവരണങ്ങരംക്കനുസ

Digitized by Kerala Sahitya Akademi

രണമായി, സങ്കൽപിക്കുന്നതു് നിരത്ഥകമാണ്. ഒരർത്ഥത്തിൽ, ഈ പരമാണുക്കളെ കളിപ്പന്തുകൾപോലെയും, വെടിയുണ്ടകൾപോലെയും ഉള്ള മൂർത്ത വസ്തുക്കളായി കരുതുന്നതുതന്നെ തെററാണെന്നു് ഹൈസൻബർഗ് എന്ന ലോകപ്രസിദ്ധനായ ജെർമ്മൻ ശാസ്ത്രജ്ഞൻ പറയുന്നു. പന്തും വെടിയുണ്ടയും നമുക്കു് തൊടുവാനും എടുക്കുവാനും പിടിക്കുവാനും കഴിയുന്ന സാധനങ്ങളാണ്. പക്ഷേ പരമാണുക്കൾ പരീക്ഷണഫലങ്ങളെ ആസ്പദമാക്കി നാം രൂപവൽക്കരിക്കുന്ന സങ്കൽപ്പങ്ങളോ ആശയങ്ങളോ മാത്രമാകുന്നു. ഗണിതവിദ്യകൊണ്ടു മാത്രമേ ഈ ആശയങ്ങളെ വർണ്ണിക്കുവാനും സാധിക്കുകയുള്ളു. പ്രകൃതിയിൽ, നമുക്കു വെളിയിൽ, എന്തോ സംഭവിക്കുന്നുണ്ടെന്നു് അനുമാനിക്കാം. ആ സംഭവങ്ങളുടെ ലക്ഷണങ്ങളും ഗണിതഭാഷയിൽ നിർവചിക്കാം. നിർവചനത്തെ ഏററവും ലളിതമാക്കി, അതായതു് നിരീക്ഷകൻെറ ''കൈയിൽനിന്നു് ഇടുന്ന'' സങ്കല്പങ്ങളെ ഏററവും ചുരുക്കി, പ്രപഞ്ചഘടനയുടെ ഒരു വിശദചിത്രം നിർമ്മിക്കുവാനാണ് ഭൗതികശാസ്ത്രം യത്നിക്കുന്നതു്.

ഇങ്ങനെയൊരു ചിത്രം പൂർത്തിയാക്കുന്നതിൻെറ അടുത്തെങ്ങും എത്തിയിട്ടില്ലെങ്കിലും ഇവിടെ വിവരിച്ച പുതിയ ഉപകരണങ്ങളും, അവകൊണ്ടു നടത്തുന്ന പരീക്ഷണങ്ങളും മനുഷ്യബുദ്ധിയുടെ അത്ഭുതാവഹമായ ഈ അന്വേഷണത്തെ മുന്നോട്ടു് കുതിപ്പിക്കുമെന്നുള്ളതു് നിശ്ചയമാണ്. സ്ഥിരലക്ഷണങ്ങളെങ്കിലും എണ്ണത്തിൽ വളരെയധികം വർദ്ധിച്ചിരിക്കുന്ന പരമാണുക്കളുടെ പരസ്പരബന്ധങ്ങൾ ഇനിയും പൂർണ്ണമായി മനസ്സിലായിട്ടില്ല. ആററത്തിൻെറ ന്യൂക്ലിയസ്സിനകത്തു് അവയെ ഇണക്കി നിർത്തുന്ന ശക്തികളുടെ രഹസ്യവും വിശദീകരിക്കേണ്ടി

Digitized by Kerala Sahitya Akademi

യിരിക്കുന്നു. ആപേക്ഷികത്വം (Relativity) എന്നും ക്വാണ്ടം (Quantum) എന്നും ഉള്ള സംജ്ഞകൾ പ്രതിനിധാനം ചെയ്യുന്ന ആശയസാമ്രാജ്യങ്ങളെ പൊരുത്തപ്പെടുത്തുക എന്ന ഭഗീരഥ പ്രയത്നവും ശേഷിക്കുന്നു. ആദ്യത്തെ സിദ്ധാന്തം ഊർജ്ജം വസ്തുവായും നേരെമറിച്ചും, മാറുമെന്നു് പ്രഖ്യാപിക്കുന്നു. മറേറതു് സ്ഥിരപിണ്ഡങ്ങളായ പരമാണുക്കളുടെ അസ്തിത്വത്തെ ആശ്രയിച്ചു നിൽക്കുന്നു. ഊർജ്ജ—വസ്തു പരിവർത്തനം അതു് സങ്കല്പിക്കുന്നതേയില്ല. ആപേക്ഷികത്വം, ക്വാണ്ടം സിദ്ധാന്തത്തിൽ തികച്ചും തെളിയിക്കപ്പെട്ടിട്ടുള്ള പരിമിതികളെ വിഗണിച്ചു്, നൂറു ശതമാനവും വസ്തുനിഷ്ഠമായ ഒരു പ്രപഞ്ചചിത്രം വരച്ചുകാണിക്കാമെന്ന സങ്കല്പത്തിന്മേൽ ഉയർത്തപ്പെട്ടിരിക്കുന്നു. പരമാണുഭഞ്ജനത്തിനുവേണ്ടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മഹായത്നം അത്യഗാധമായ ഈ തത്വജ്ഞാനപ്രശ്നങ്ങളുടെ പരിഹാരത്തിനു് വഴിതെളിക്കുമെന്നു് ശാസ്ത്രജ്ഞന്മാർ പ്രത്യാശിക്കുന്നു.

Digitized by Kerala Sahitya Akademi

# ജന്തുശാസ്ത്രത്തിൻെറ സംഭാവന

ജന്തുക്കളെക്കുറിച്ചുള്ള പഠനം വ്യവസ്ഥാപിതമായ ഒരു ശാസ്ത്രമായിത്തീർന്നതു് മൂന്നൂറുവർഷത്തിനു് ഇപ്പുറമാണെങ്കിലും പ്രാചീനയുഗങ്ങളിൽ പോലും മനുഷ്യൻ അവയുടെ കാര്യത്തിൽ അത്യധികം തൽപ്പരനായിരുന്നു എന്നതിനു സംശയമില്ല. ഒരു വഴിക്കുനോക്കുമ്പോൾ തന്നെപ്പോലെയും, മററൊരു വഴിക്കു് തന്നെപ്പോലെ അല്ലാതെയും, കാണുന്ന ഈ സമസൃഷ്ടങ്ങൾ മനുഷ്യനെ എന്നാണു് ആകർഷിക്കാതിരുന്നിട്ടുള്ളതു്? അവൻ കാട്ടിടകളിൽ വേട്ടയാടി നടന്ന കാലത്തു് അവയെ ആശ്രയിച്ചും ഭയപ്പെട്ടും ജീവിക്കേണ്ടിയിരുന്നു. ആദ്യമൊക്കെ കായ്കനികൾ ഭുജിച്ചാണു് അവൻ വിശപ്പടക്കിയിരുന്നതെങ്കിലും പിന്നെപ്പിന്നെ മററു ജന്തുക്കളുടെ മാംസം തിന്നാതെ ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു വന്നു. ഭൂമിയിൽ കാടുകൾ കുറഞ്ഞു: മനുഷ്യരുടെ എണ്ണം വദ്ധിച്ചു. ഈ പ്രയാസങ്ങൾ അധികമായപ്പോൾ മററുമനുഷ്യരെ കൊന്നുതിന്നാനും അവൻ മടിച്ചില്ല. ഏതായാലും താൻ വേട്ടയാടുകയും തന്നെ വേട്ടയാടുകയും ചെയ്യു ജന്തുക്കളുടെ ലക്ഷണങ്ങളും സ്വഭാവങ്ങളും അറിഞ്ഞിരിക്കേണ്ടതു് തൻെറ നിലനില്പിനു തന്നെ അത്യാവശ്യമാണെന്നു് അവൻ മനസ്സിലാക്കി.

Digitized by Kerala Sahitya Akademi

ചിത്രകലയുടെ ഏററവും പഴക്കം കൂടിയ മാതൃകകളായി നമുക്ക കിട്ടിയിട്ടുള്ളത് ഫ്രാൻസിലും സ്പെയിനിലും ഉള്ള ചില ഗുഹകളുടെ ചുമരിലും മച്ചിലും പ്രാചീന മനുഷ്യൻ വരച്ചുവച്ച ചില ജന്തുരൂപങ്ങളാണ്. ഇവയ്ക്ക് 15,000 വർഷമെങ്കിലും പഴക്കമുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ചിലവ 30,000 വർഷം മുമ്പു വരച്ചവയാണത്രെ. പത്തും ഇരുപതും അടിവലുപ്പത്തിൽ വരച്ചിട്ടുള്ള ഈ വർണ്ണചിത്രങ്ങളുടെ കലാഭംഗിപോലെ തന്നെ ആകർഷകമാണ് അവയുടെ ശാസ്ത്രീയമായ സൂക്ഷ്മതയും. കാട്ടുകുതിരയെയും കാണ്ടാമൃഗത്തെയും കലമാനുകളെയും മാമത്ത് എന്നു പറയുന്ന പണ്ടത്തെ രോമാവൃതമായ ആനയെയും തേററപ്പന്നിയെയും മററും എത്രയോ കാലം ക്ഷമയോടെ നോക്കിപ്പഠിച്ച്, അവയുടെ ആകൃതി മാത്രമല്ല സ്വഭാവവിശേഷങ്ങളും കൃത്യമായി മനസ്സിലാക്കിയതിനുശേഷമാണ് പ്രസ്തുത ചിത്രങ്ങൾ വരച്ചത് എന്നു സ്പഷ്ടമാണ്. ഇന്നത്തെ കുട്ടികളെ ജന്തുശാസ്ത്രം പഠിപ്പിക്കുവാൻ അവ മതിയാകും. ഗുഹയ്ക്കകത്ത് വളരെ നേരം മലർന്നുകിടന്ന് അവയെ നോക്കിയ ഒരു നിരീക്ഷകൻ ആ ജന്തുരൂപങ്ങൾ ശ്വാസോച്ഛ്വാസം ചെയ്യുന്നതായി തനിക്കു തോന്നി എന്ന് എഴുതിയിരിക്കുന്നു. ഈ അത്ഭുത ചിത്രങ്ങൾ മതകർമ്മങ്ങൾക്കും വേട്ടയുടെ വിജയത്തെ ലക്ഷ്യമാക്കിയുള്ള ആരാധനയ്ക്കും വേണ്ടി നിർമ്മിച്ചവയാണെന്നു് ഊഹിക്കപ്പെടുന്നു.

ഇങ്ങനെ ആദ്യമാദ്യം പേടിച്ചും ശങ്കിച്ചും അകന്നുനിന്ന് ആരംഭിച്ച ജന്തുനിരീക്ഷണം പതുക്കെപ്പതുക്കെ ഉപാസനയുടെയും പ്രകടമായ ആരാധനയുടെയും രൂപം കൈക്കൊള്ളുകയും, കാലക്രമേണ സ്നേഹഭാവത്തിലുള്ള സമീപനമായി രൂപാന്തരപ്പെടുകയും ചെയ്തു എന്ന് കരുതേണ്ടി

Digitized by Kerala Sahitya Akademi

യിരിക്കുന്നു. ഈ പരിവർത്തനമാണ് ജന്തുശാസ്ത്രത്തിൻെറ സുവർണ്ണകാലത്തെ കൈവരുത്തിയതു്. മനുഷ്യൻ ജന്തുക്കളെ സ്നേഹിക്കുവാനും അവയുടെ പ്രതിസ്നേഹത്തെ വിലമതിക്കുവാനും പഠിച്ചു. ഇതിൻെറ ഫലമായിട്ടാണ് വന്യമൃഗങ്ങളെ മെരുക്കിയെടുക്കുവാൻ അവനു സാധിച്ചതു്. ഇത്രമേൽ പ്രാധാന്യമർഹിക്കുന്ന ഒരു നേട്ടം മാനവചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല. വെറും നിഷാദനായി അലഞ്ഞു തിരിഞ്ഞു നടന്ന മനുഷ്യൻ തൻെറ വിവേകബുദ്ധിക്കു് അനുരൂപമായ സ്ഥിരതാമസവും സ്വൈരജീവിതവും സ്വീകരിക്കുവാൻ അതു് സഹായിച്ചു. അവൻ കാട്ടുജന്തുക്കളെ തീററിപ്പോററുകയും സ്നേഹിച്ചു വളർത്തുകയും തൻെറ ജീവിതത്തിൽ പങ്കാളികളാക്കുകയും അങ്ങനെ അതിനുമുമ്പു് അറിഞ്ഞിട്ടില്ലാത്ത ശാന്തിയും സുഖവും സംതൃപ്തിയും അനുഭവിക്കുവാനുള്ള സൗകര്യം കണ്ടെത്തുകയും ചെയ്തു. തൻെറ അദ്ധ്വാനത്തെ കൂടുതൽ ഫലപ്രദമാക്കുന്നതിനു് അവയുടെ കായികശക്തിയും ഉപയോഗിക്കുവാൻ അവൻ പഠിച്ചു.

ഇന്നു് മൃഗങ്ങളുടെ മാത്രമല്ല, മനുഷ്യൻെറ തന്നെയും പ്രയത്നമില്ലാതെ യന്ത്രങ്ങളെക്കൊണ്ടു പണിയെടുപ്പിക്കുന്ന നൂതന സംസ്കാരം പ്രചരിച്ചിട്ടുണ്ടെങ്കിലും, മനുഷ്യരാശിയിൽ ഭൂരിഭാഗവും അതിപ്രാചീന കാലത്തെ ആ കണ്ടുപിടിത്തത്തെ ആശ്രയിച്ചു തന്നെയാണ് ജീവിതം നയിക്കുന്നതു്. പ്രകൃതി എത്രയോ യുഗങ്ങൾ കൊണ്ടു് നിക്ഷേപിച്ച കൽക്കരിയും മണ്ണെണ്ണകളും കത്തിച്ചാണ് ഇന്നത്തെ യന്ത്രസംസ്കാരം പ്രവർത്തിക്കുന്നതു്. ഈ ഇന്ധനവസ്തുക്കൾ അതിശീഘ്രം തീർന്നുപോവുകയാണെന്നും, അവ ഇല്ലാതാകുമ്പോൾ മനുഷ്യൻെറ സ്ഥിതി എന്താകുമെന്നും ലോകം ഭയപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. ഇടക്കാലത്തു് അണുശക്തി ഉപയോഗിച്ചു് രക്ഷനേടാമെന്ന പ്രത്യാശ

Digitized by Kerala Sahitya Akademi

ഉണ്ടായിരുന്നു. പക്ഷേ അതുണ്ടാകുവാനുള്ള യുറേനിയവും ഒരു പ്രകൃതിനിക്ഷേപമാണെന്നും, അതു് അക്ഷയമല്ലെന്നും ഇപ്പോൾ മനസ്സിലായിരിക്കുന്നു. ഭൂമിയിലുള്ള എത്രയോ ജന്തുജാതികളിൽ ഒന്നു മാത്രമാണ് താനെന്നു മനസ്സിലാക്കി, അവയ്ക്കും ജീവിക്കുവാൻ അവസരം നൽകി മിത്രഭാവത്തിൽ കഴിഞ്ഞുകൂടിയാൽ മനുഷ്യനു് ഒരുപക്ഷേ ഈ ആപത്തിനെ അതിവർത്തിക്കുവാൻ സാധിച്ചേക്കും.

ഏതായാലും പിൽക്കാലത്തു്, പ്രകൃതിയുമായി സഹകരിച്ചു ജീവിക്കുക എന്ന പ്രാചീനാദർശം പ്രകൃതിയെ കീഴടക്കുക എന്ന അഹങ്കാരവും ദുരാഗ്രഹവുമായി രൂപാന്തരപ്പെടുവാനാണ് സംഗതിയായതു്. ദൈവം മനുഷ്യനു് സമുദ്രത്തിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പക്ഷികളുടെയും മൃഗജാതികളുടെയും ഭൂമിയിലെ സകല വിഭവങ്ങളുടെയും മേൽ അധീശത്വം നൽകിയിരിക്കുകയാണ് എന്ന വിശ്വാസം പരന്നു. മനുഷ്യൻ തന്നെ മാത്രം സ്നേഹിക്കുകയും ജന്തുലോകത്തെ ആത്മാവില്ലാത്ത തിര്യക്കുകളായി വീക്ഷിക്കുകയും ചെയ്തു. പൗരസ്ത്യദേശത്തു്, വിശേഷിച്ചും ഭാരതത്തിൽ,മാത്രമാണ് ഇതിന്നു് വിപരീതമായ ഒരു തത്വജ്ഞാനം ഉണ്ടായതു്. കന്നുകാലികളെ ഭൗതിക സമ്പത്തായി കരുതുകയും, ഇന്നു കച്ചവടച്ചരക്കുകൾ വിൽക്കുന്നതുപോലെ കൈമാറുകയും, ചെയ്ത ആര്യന്മാരുടെ സമ്പ്രദായത്തിൽ നിന്നു ഭിന്നമായി, അവയെയും സമസൃഷ്ടങ്ങളായി വീക്ഷിക്കുവാനും സ്നേഹിക്കുവാനും ബുദ്ധഭഗവാൻ ഉപദേശിച്ചു. സർവഭൂതഹിതേരതമായ ഈ ജീവിതവീക്ഷണത്തിൻെറ പ്രചോദനം മൂലമാണ് അശോക ചക്രവർത്തി നാടുനീളെ മൃഗങ്ങൾക്കുവേണ്ടിയുള്ള ആതുരശാലകൾ സ്ഥാപിച്ചതു്. അവയുടെ മാത്രമല്ല വൃക്ഷലതാദികളുടെപോലും രോഗനിർണ്ണയവും ചികിത്സാവിധി

Digitized by Kerala Sahitya Akademi

കളും വർണ്ണിക്കുന്ന എത്രയോ ശാസ്ത്രഗ്രന്ഥങ്ങളും അന്നുണ്ടായി. ഇതിനു തുല്യമായ ഒരു പാരമ്പര്യവും അക്കാലത്ത് അന്യസംസ്കാരങ്ങളിൽ ഉദയം ചെയ്തതായി നാം കാണുന്നില്ല. യൂറോപ്പിലാണെങ്കിൽ ആയിരം വർഷക്കാലം നീണ്ടുനിന്ന ഒരു അന്ധകാരയുഗമാണ് പിൽക്കാലത്ത് നിലവിൽ വന്നത്.

ഇതിനുശേഷം പാശ്ചാത്യദേശത്ത് മററു വിജ്ഞാനങ്ങളോടൊപ്പം ജന്തുശാസ്ത്രത്തിനും ഒരു ഉത്തേജനമുണ്ടായി. കടലിനപ്പുറമുള്ള വിദൂരരാജ്യങ്ങൾ കണ്ടുപിടിക്കുകയും അവിടെയുള്ള പലതരം ജന്തുവർഗ്ഗങ്ങളെ നേരിൽ കാണുകയും ചെയ്തതിൻെറ ഫലമായി അന്നത്തെ മനുഷ്യർക്ക് പ്രകൃതിയുടെ സൃഷ്ടിവൈചിത്ര്യങ്ങൾ മനസ്സിലാക്കുന്നതിൽ കൗതുകം ജനിച്ചു. ഇങ്ങനെയാണ് ജന്തുശാസ്ത്രത്തിലെ ആധുനികദശ ആരംഭിച്ചത്. ജീവികൾ പല പല ജാതികളായി കാണപ്പെടുന്നെങ്കിലും ഒരേ ചൈതന്യം തന്നെയാണ് അവയിലെല്ലാം കുടികൊള്ളുന്നതെന്നും, വലിയ മൃഗങ്ങളെക്കുറിച്ചു മാത്രമല്ല, ഏററവും ചെറിയ ജീവികളെക്കുറിച്ചുപോലും വളരെ കാര്യങ്ങൾ അറിയാനുണ്ടെന്നും ഉള്ള ബോധോദയം പാശ്ചാത്യ സംസ്ക്കാരത്തിലും നിലവിൽ വന്നു. ഇതിൻെറ പ്രചോദനത്താൽ ജന്തുശാസ്ത്രത്തിനുണ്ടായ വികാസം അത്ഭുതകരമാണ്. ബാഹ്യവും ആഭ്യന്തരവുമായ ശരീരലക്ഷണങ്ങളെ ആധാരമാക്കി ജന്തുജാതികളെ തരം തിരിക്കുന്നതിനും, ഭിന്നജാതികൾക്ക് തമ്മിൽത്തമ്മിലുള്ള ബന്ധമെന്തെന്നു കണ്ടുപിടിക്കുന്നതിനുമുള്ള യത്നമാണ് ആദ്യം നടന്നത്. ചെറിയ വസ്തുക്കളെ വലുതാക്കി കാണിക്കുന്ന സൂക്ഷ്മദർശിനി എന്ന ഉപകരണവും ഈ ശാസ്ത്രത്തിൻെറ സീമകളെ വളരെയധികം വിപുലമാക്കി. ഇങ്ങനെ നടത്തിയ ഗവേഷണ

Digitized by Kerala Sahitya Akademi

ത്തിൻെറ ഫലമായി ഇതുവരെ പത്തുലക്ഷത്തോളം ഭിന്നരൂപങ്ങളായ . ജന്തുജാതികളെ വേർതിരിച്ച് അറിയുവാൻ സാധിച്ചിട്ടുണ്ട്. ഇതിനും പുറമേ അനേകം ജന്തുവർഗ്ഗങ്ങൾ അസ്തവംശരായിട്ടുണ്ടെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. അവയുടെ എണ്ണം ഏകദേശം 90,000 വരും.ഇങ്ങനെ ലഭിച്ച പുതിയ അറിവിൻെറ അടിസ്ഥാനത്തിൽ അതിവിചിത്രമായ ഈ ജന്തുലോകം എങ്ങനെ ഉണ്ടായി എന്ന ജിജ്ഞാസയും ആരംഭിച്ചു. ഈ അന്വേഷണമാണ് ആധുനിക ജന്തുശാസ്ത്രത്തിൻെറ ഏററവും വലിയ ഉൾക്കാഴ്ചയ്ക്കു വഴിതെളിച്ചത്. ജീവൻ ഇന്നോ ഇന്നലെയോ ഉണ്ടായ ഒരു പ്രതിഭാസമല്ലെന്നും, അതിന്ന് ഭൂമിയിൽ അനേകം കോടി വർഷത്തെ പഴക്കമുണ്ടെന്നും,ഇക്കാലമെല്ലാം അത് തുടരെയുള്ള മാററങ്ങൾക്ക് വിധേയമായിരുന്നു എന്നും ഉള്ള ഉപദർശനമാണിത്. ഇതാണ് ജീവപരിണാമം എന്ന പേരിൽ അറിയപ്പെടുന്ന അടിസ്ഥാനതത്ത്വം. അതിൻെറ വെളിച്ചത്തിൽ മനുഷ്യൻ മററു ജന്തുജാതികളെ അപേക്ഷിച്ച് എത്രയോ ഒടുവിൽ ഉണ്ടായ ഒരു ഇരുകാലിമൃഗമാണ്. ഈ ഉപദർശനം പാശ്ചാത്യസംസ്കാരത്തിൻെറ പ്രപഞ്ചവീക്ഷണത്തെത്തന്നെ മാററുകയുണ്ടായി.

എന്നിട്ടും പ്രകൃതിയെ കീഴടക്കണമെന്നുള്ള ആ പഴയ ദുരാഗ്രഹം ആധുനിക മനുഷ്യൻ കൈവെടിഞ്ഞില്ല. ഒരു ചെറിയ ഉദാഹരണം പറയാം. അമേരിക്കയിൽ കുടിയേറിയ യൂറോപ്യൻ ജനങ്ങൾ വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൽ ജീവിച്ചിരുന്ന "ചുവന്ന ഇന്ത്യന്മാരെ" മാത്രമല്ല അവരുടെ ഉപജീവനത്തിനും സംസ്കാരത്തിനും മതാചാരങ്ങൾക്കുമെല്ലാം അവലംബമായിരുന്ന കാട്ടുപോത്തിനേയും വംശവിച്ഛേദം വരുത്തി നശിപ്പിച്ച കഥ പ്രസിദ്ധമാണല്ലൊ. 1872–നും 1874–നും ഇടയ്ക്ക്. ശക്തിയേറിയ

Digitized by Kerala Sahitya Akademi

ഈ ജന്തുജാതിയിൽ പെട്ട 37 ലക്ഷം ഉരുക്കളെ കൊന്നൊടുക്കിയതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ ഒന്നര ലക്ഷം എണ്ണത്തെ ''ഇന്ത്യന്മാർ''തന്നെ ആഹാരത്തിനും തോലിനും വേണ്ടി, എത്രയോ നൂററാണ്ടുകളായി ചെയ്തുവന്നതുപോലെ, വേട്ടയാടികൊന്നതാണ്. അതിൽ ആ ജന്തുവർഗ്ഗത്തെ നാമാവശേഷമാക്കണമെന്നോ, അതിൻെറ ''ശല്യ''ത്തിൽനിന്നു് ഭൂമുഖത്തെ രക്ഷിക്കണമെന്നോ ഉള്ള സങ്കല്പം പോലും ഇല്ലായിരുന്നു. പക്ഷേ ബാക്കിയുള്ള മുപ്പത്തിയഞ്ചരലക്ഷവും വെള്ളക്കാരൻെറ വെടിയുണ്ടയ്ക്കു് ഇരയായി നശിക്കുകയാണ് ചെയ്തതു്. പുതിയ ലോകത്തിൽ തൻെറ അധീശത്വം പൂർണ്ണമാക്കുവാൻവേണ്ടി ചെയ്ത മഹാപാപമാണ്. പക്ഷേ, അതിൻെറ ഫലമായി ഇന്നിപ്പോൾ മനുഷ്യൻ എന്ന ജന്തുജാതിതന്നെ ഭൂമിക്ക് ഭാരമായിത്തീർന്നിരിക്കുന്നു. അവൻെറ ദ്രോഹത്തിൽനിന്നു് മനോഹരമായ ഭുവനഗോളത്തെ രക്ഷിക്കുവാനുള്ള മാർഗ്ഗമെന്തെന്നാണ് ഇപ്പോൾ ആലോചന തുടങ്ങിയിരിക്കുന്നതു്.

ആദ്യം ജന്തുക്കളിൽ നടത്തിയ ഗവേഷണവും പരീക്ഷണവും കൊണ്ടു് കണ്ടുപിടിച്ച വസ്തുതകളാണ് പിന്നീടു് മനുഷ്യൻെറ കാര്യത്തിലും ബാധകമാണെന്നു് വൈദ്യശാസ്ത്രം മനസ്സിലാക്കിയതു്. സ്ത്രീപുരുഷ ബന്ധത്തിൻെറയും പ്രത്യുല്പാദനത്തിൻെറയും ഗർഭജീവിതത്തിൻെറയും ജീവപാരമ്പര്യത്തിൻെറയും തത്ത്വങ്ങൾ ഇങ്ങനെ മനസ്സിലാക്കിയവയാകുന്നു. മനുഷ്യജീവിതത്തിനു് ആപത്തുണ്ടാക്കുന്ന പല രോഗങ്ങളുടെയും കാരണങ്ങളും നിവാരണമാർഗ്ഗങ്ങളും ജന്തുശാസ്ത്രഗവേഷണത്തിലൂടെയാണ് കണ്ടുപിടിച്ചതു്. ചരിത്രാതീതകാലം മുതല്ക്കു് ഒരു മഹാശാപമായി അനുഭവപ്പെട്ടിരുന്ന മലമ്പനിയുടെ കാര്യംതന്നെ നോക്കുക. ഈ പകർച്ചവ്യാധിയുടെ കാരണം ഒരു സൂ

Digitized by Kerala Sahitya Akademi

ക്ഷുജീവിയാണെന്നും, അതു് രോഗിയിൽ നിന്നു് രോഗമില്ലാത്തവനിലേക്കു് പകരുന്നതു് കൊതുകിൻെറ ശരീരത്തിലൂടെ കടന്നു വന്നിട്ടാണെന്നും, ഒരു പ്രത്യേകജാതി കൊതുകിനെ നശിപ്പിച്ചാൽ മലമ്പനിയെ നിയന്ത്രിക്കാമെന്നും ഉള്ള കണ്ടുപിടിത്തം ലോകക്ഷേമത്തെ എത്രമാത്രം സഹായിച്ചു എന്നു് വർണ്ണിക്കുവാൻ പ്രയാസമാണു്. ഇതിനകംതന്നെ മലമ്പനി പല രാജ്യങ്ങളിലും നിർമ്മാർജ്ജനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതുപോലെ ജന്മപാരമ്പര്യത്തെക്കുറിച്ചു് ജന്തുക്കളിലും ചെടികളിലും അണുജീവികളിലും ആധുനികകാലത്തു് നടത്തപ്പെട്ട ഗവേഷണങ്ങൾ പിറവിയിലെ ഉണ്ടാകുന്ന അനേകം വൈകല്യങ്ങളുടെ രഹസ്യം മനസ്സിലാക്കുന്നതിനും അവയെ നിവാരണം ചെയ്യുന്നതിനുള്ള ഉപായങ്ങൾ അന്വേഷിക്കുന്നതിനുമുള്ള വഴി തുറന്നിരിക്കുന്നു.

ജന്തുശാസ്ത്രത്തിൻെറ മറെറാരു ഉപദർശനവും ഇന്നത്തെ ലോകത്തിനു അത്യധികം അർത്ഥവത്തായിത്തീർന്നിട്ടുണ്ടു്. ഇതു് ജന്തുക്കളുടെ പ്രത്യുല്പാദനത്തെ സംബന്ധിക്കുന്നതാണു്. എല്ലാ ജന്തുക്കളും അപാരമായ തോതിൽ സന്താനങ്ങളെ ജനിപ്പിക്കുന്നു എന്നാണു് കാണുന്നതു്. ഇതു് സത്യത്തിൽ ആപത്തുനിറഞ്ഞ ലോകജീവിതത്തിൽ എണ്ണത്തിൻെറ മിടുക്കുകൊണ്ടു് വംശത്തെ നിലനിത്തുവാനുള്ള ഒരു ഉപായമാണു്. ചില ജന്തുക്കൾ ഓരോന്നും ലക്ഷക്കണക്കിലാണു് മുട്ടയിടുന്നതു്. പക്ഷേ അതിൽ ഒന്നുപോലും വിരിഞ്ഞു്, ആപത്തുകളെ അതിജീവിച്ചു്, പുതിയ വ്യക്തിയായി തീരുവാൻ ശക്തമായില്ലെന്നുവരും. എന്നാലും ഒരു മഹാസമുദ്രത്തിൽ ഏതെങ്കിലും എവിടെയെങ്കിലും ഒരു സന്താനം പ്രായപൂർത്തിയെ പ്രാപിക്കുവാൻ ഇടയായാൽ ആ വംശം നിലനില്ക്കുവാൻ അതു മതിയാകും. ഇ

Digitized by Kerala Sahitya Akademi

ങ്ങനെ വൻപിച്ചതോതിൽ പ്രത്യുല്പാദനം നടന്നെങ്കിലും മിക്ക ജന്തുജാതികളിലും വ്യക്തികളുടെ എണ്ണത്തിന് എത്രകാലം കഴിഞ്ഞാലും വലിയ വ്യത്യാസമൊന്നും കാണാത്തതിൻെറ രഹസ്യം ഇതാകുന്നു. ദുർമ്മരണങ്ങളും അകാലമരണങ്ങളും മൂലം അധികമായി ഉണ്ടാകുന്ന സന്താനങ്ങളെല്ലാം നശിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ക്രൂരമായ രീതിയിലാണെങ്കിലും പ്രകൃതിയിൽ താനെയുണ്ടാകുന്ന ഈ സംഖ്യാനിയന്ത്രണത്തെ തൻെറ ബുദ്ധി വൈഭവംകൊണ്ട് മനുഷ്യൻ മറികടന്നു. സ്വന്തം സമൂഹത്തിലെ മരണനിരക്ക് കർശനമായി കുറയ്ക്കുവാൻ ആധുനികകാലത്ത് അവൻ ശക്തനായി. ജനനനിരക്ക് പഴയതിൽനിന്ന് വലിയ കുറവൊന്നുമില്ലാതെ തുടരുകയും ചെയ്യുന്നു. ഇതാണ് ഇന്ന് ലോകത്തിൻെറ ഭാവിക്ക് വലിയ ആപത്തായിത്തീർന്നിരിക്കുന്ന ജനപ്പെരുപ്പത്തിൻെറ കാരണം. ജനനവും മരണവും തുല്യബലത്തിൽ നിന്നാൽ മാത്രമേ ജീവിതത്തിന് സുസ്ഥിതിയുള്ളൂ എന്ന ജന്തുശാസ്ത്രതത്ത്വം മനസ്സിലാക്കി, മരണത്തെ നിയന്ത്രിച്ചതുപോലെ ജനനത്തെയും നിയന്ത്രിച്ചാൽ ഈ ആപത്തിൽനിന്ന് മനുഷ്യവർഗത്തിന് രക്ഷനേടാം. അതല്ലെങ്കിൽ പ്രകൃതിയുടെ നിർദ്ദയമായ പ്രതിവിധികൾ വീണ്ടും നിലവിൽ വരും.

Digitized by Kerala Sahitya Akademi

# ശാസ്ത്രയുഗം

ഇംഗ്ലീഷിലെ സയൻസ് എന്ന വാക്കിനു തുല്യമായിട്ടാണ് മലയാളത്തിൽ നാം ശാസ്ത്രം എന്നു പറയുന്നത്. ജീവനുള്ളതും ജീവനില്ലാത്തതുമായ വസ്തുക്കളെക്കൊണ്ടു നിർമ്മിതമായി നമുക്കു ചുററും കാണുന്ന ലോകത്തെക്കുറിച്ചു നിരീക്ഷണങ്ങളും പരീക്ഷണങ്ങളും നടത്തി യുക്തി ഉപയോഗിച്ചു നേടുന്ന അറിവ് എന്നാണു ഈ പദത്തിന്റെ അർത്ഥം. ഈ നിർവചനത്തെക്കുറിച്ചു സംശയമൊന്നും ഇല്ലെങ്കിലും, ഇംഗ്ലീഷുഭാഷയിൽ ഉപയോഗിച്ചുവരുന്ന പ്രകാരം സയൻസ് എന്ന വാക്കിന്റെ അർത്ഥം അല്പം സങ്കുചിതമാണെന്നു മററു ഭാഷക്കാർക്ക് ആക്ഷേപമുണ്ട്. ജെർമ്മൻ, ഫ്റെഞ്ച്, റഷ്യൻ, ഇററാലിയൻ തുടങ്ങിയ ഭാഷകളിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള പദങ്ങൾക്കു കൂടുതൽ അർത്ഥവ്യാപ്തിയും, തന്മൂലം ഇന്നത്തെ ചുററുപാടുകളിൽ ഔചിത്യവും ഉണ്ടെന്നു കാണുന്നു. അവിടെ സയൻസ് എന്നതിനു തുല്യമായി ഉപയോഗിക്കുന്ന വാക്കുകൾക്കു വിജ്ഞാനം എന്ന വിശാലമായ വിവക്ഷയാണ് കൈവന്നിട്ടുള്ളത്. ഗവേഷണംകൊണ്ടു നേടുന്ന ഏതു് അറിവും പ്രസ്തുത രാജ്യക്കാർ സയൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നു. യുക്തിപൂർവ്വമായ അന്വേഷണത്തിലൂടെ ചരിത്ര

Digitized by Kerala Sahitya Akademi

വസ്തുതകൾ കണ്ടുപിടിക്കുന്ന പണ്ഡിതനെ അവർ ശാസ്ത്രജ്ഞനായി കരുതുകയും അങ്ങനെ വിളിക്കുകയും ചെയ്യുന്നു. ചരിത്രം മാത്രമല്ല, നിയമം, പുരാവസ്തുഗവേഷണം, പ്രാചീനഗ്രന്ഥങ്ങളുടെ പ്രകാശനം, നിഘണ്ടുനിർമ്മാണം, ഭാഷാപഠനം തുടങ്ങിയ വിഷയങ്ങളെല്ലാം ശാസ്ത്രത്തിന്റെ പരിധിയിലാണ് അവർ ഉൾപ്പെടുത്തുന്നതു്.

പക്ഷേ വിശാലമായ ഈ അർത്ഥത്തിലല്ല നാം ജീവിക്കുന്ന ഈ കാലഘട്ടത്തെ ശാസ്ത്രയുഗം എന്നു വിളിക്കുന്നതു്; ഭൗതികശാസ്ത്രങ്ങൾക്കുണ്ടായ അത്ഭുതകരമായ വികാസത്തെയും അവയ്ക്കു കൈവന്നിരിക്കുന്ന അഭൂതപൂർവ്വമായ പ്രാധാന്യത്തെയും മുൻനിർത്തിയാണ്. ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, വൈദ്യം, കൃഷിശാസ്ത്രം എന്നീ വിഷയങ്ങൾ ജീവിതത്തെ അടിമുടി മാററിയിരിക്കുന്ന കാലമാണിതു്. ഇവയിൽ പാണ്ഡിത്യം നേടുന്നതുകൊണ്ടു് മാനസികമായ സംതൃപ്തി മാത്രമേ ലഭിക്കുകയുള്ളു എങ്കിൽ ഈ വിഷയങ്ങൾക്കു് ഇത്ര വലിയ പ്രാധാന്യം കൈവരികയില്ലായിരുന്നു. അവയെക്കുറിച്ചുള്ള അറിവു് ഉപയോഗിച്ചു ദൈനംദിനജീവിതത്തെ ഹിതകരമായ രീതിയിൽ രൂപാന്തരപ്പെടുത്തുവാൻ കഴിയുമെന്നുള്ള കണ്ടുപിടിത്തമാണ് ശാസ്ത്രയുഗത്തെ നിലവിൽ വരുത്തിയതു്. ഇന്നു നാം എവിടെ നോക്കിയാലും ശാസ്ത്രത്തിന്റെ സൃഷ്ടികൾ കാണാം. വൈദ്യുതദീപങ്ങൾ, തീവണ്ടികൾ, മോട്ടോർ കാറുകൾ, ആകാശ വിമാനങ്ങൾ, ടെലഫോൺ. കമ്പിത്തപാൽ, കമ്പിയില്ലാക്കമ്പി, റേഡിയോ, ടെലിവിഷൻ എന്നു തുടങ്ങി എന്തെല്ലാം പുതുമകളാണ് ശാസ്ത്രജ്ഞാനത്തിൽനിന്നു് ഉണ്ടായിരിക്കുന്നതു്! ഇവയ്ക്കുപുറമെ നാം നേരിട്ടു് അറിയുന്നില്ലെങ്കിലും, ശാസ്ത്രജ്ഞാനം ഉപയോഗിച്ചു നിർമ്മിച്ച എത്രയോ വസ്തുക്കൾ നമ്മുടെ ജീവിത

Digitized by Kerala Sahitya Akademi

ത്തിൻെറ ഘടകങ്ങളായിത്തീർന്നിട്ടുണ്ട്. ഇന്നു പ്രചാരത്തിൽ വന്നിരിക്കുന്ന നൈലോൺ, ടെറിലിൻ തുടങ്ങിയ തുണിത്തരങ്ങളുടെ കാര്യംതന്നെ നോക്കുക. ചെടികളിൽ വിളയുന്ന നാരുകൾകൊണ്ടല്ല ഇവ നിർമ്മിച്ചിരിക്കുന്നതു്. രസതന്ത്രശാലകളിൽ നിർമ്മിച്ച കൃത്രിമ നൂലുകൾകൊണ്ടാണു്. അതുപോലെ പുതിയ പുതിയ ഔഷധങ്ങൾ, ലോഹക്കൂട്ടുകൾ, പ്ലാസ്റ്റിക്കുകൾ എന്നിങ്ങനെ നിരവധി സാധനങ്ങൾ ശാസ്ത്രം മനുഷ്യൻെറ നിത്യോപയോഗത്തിനു നൽകിയിട്ടുണ്ട്.

ശാസ്ത്രജ്ഞാനം ഉപയോഗിച്ചു് ഇങ്ങിനെ പ്രായോഗികഫലങ്ങൾ കൈവരുത്തുന്ന സാങ്കേതികവിദ്യയ്ക്കു ടെക്നോളജി എന്നു പറയുന്നു. പ്രാചീനയുഗങ്ങളിൽ മനുഷ്യൻ അഗ്നിയുടെ ഉപയോഗം കണ്ടുപിടിച്ചതും, ചില പ്രത്യേകതരം ചെടികളെ തിരഞ്ഞെടുത്തു വളർത്തി കൃഷി തുടങ്ങിയതും, കാട്ടുജന്തുക്കളെ മെരുക്കിയെടുത്തു സ്വന്തം ആവശ്യത്തിനു് ഉപയോഗിച്ചതും, ധാതുവസ്തുക്കളിൽനിന്നു ചെമ്പും ഇരുമ്പും വേർതിരിച്ചെടുത്തതും, എല്ലാം ടെക്നോളജി തന്നെയാണു്. എന്നു വരികിലും കഴിഞ്ഞ മൂന്നൂറുവർഷത്തിനിടയ്ക്കാണ് ഈ യത്നം സംഘടിതവും വ്യവസ്ഥാപിതവും ആയിത്തീർന്നതു്. പണ്ടൊക്കെ യാദൃച്ഛികമായി ഉണ്ടാകുന്ന കണ്ടുപിടിത്തങ്ങളായിരുന്നു ഇത്തരം പുരോഗതിയുടെ അടിസ്ഥാനം. ഇന്നു് അങ്ങനെയല്ല. ആവശ്യങ്ങളെന്തെന്നു മുൻകൂട്ടിക്കണ്ടു് അതു കൈവരുത്തുന്നതിനു ബോധപൂർവ്വം ശ്രമിക്കുകയാണു് ഇന്നത്തെ സമ്പ്രദായം. ഇതിന്നു ഭൗതികവസ്തുക്കളെയും പ്രകൃതിശക്തികളെയും കുറിച്ചു കൂലങ്കഷമായ പഠനം ആവശ്യമാകുന്നു. സത്യമാലോചിച്ചാൽ ഇല്ലാത്തതൊന്നും ഉണ്ടാക്കുവാൻ സാധ്യമല്ല. ഉള്ളതിനെത്തന്നെ കൂട്ടിച്ചേർക്കുകയും

Digitized by Kerala Sahitya Akademi

വേർതിരിച്ചെടുക്കുകയും രൂപാന്തരപ്പെടുത്തുകയും മാത്രമേ ചെയ്യാൻ കഴിയൂ. പക്ഷേ ഈ വിദ്യകൊണ്ടു നേടാവുന്ന ഫലങ്ങൾക്ക് അറുതിയില്ല.

കൃഷിയുടെ കാര്യംതന്നെ എടുക്കാം. നെല്ലും ഗോതമ്പും ചോളവും പയറും കരിമ്പും പരുത്തിയും എല്ലാം മനുഷ്യന്റെ ആവിർഭാവത്തിനു മുമ്പുതന്നെ ഭൂമുഖത്തു വളർന്നിരുന്ന ചെടികളാണ്. പക്ഷേ ദീർഘദൃഷ്ടിയുള്ള ഏതോ പ്രാചീന മനുഷ്യൻ അവയിൽ ഓരോന്നിനേയും മററു ചെടികളിൽനിന്നു വേർതിരിച്ചു വളർത്തുന്നതുകൊണ്ടുള്ള പ്രയോജനം യദൃച്ഛയാ മനസ്സിലാക്കി. അതോടൊപ്പം കൃഷിയും ആരംഭിച്ചു. കാട്ടുമൃഗങ്ങളെ വേട്ടയാടി കായ്കനികൾ ഭുജിച്ച് അലഞ്ഞുനടന്ന മനുഷ്യൻ ഈ ആവശ്യത്തിനുവേണ്ടി ഒരു സ്ഥലത്തു സ്ഥിരമായി താമസവും തുടങ്ങി. അതിപ്രാചീനകാലത്തുണ്ടായ ഈ കണ്ടുപിടിത്തത്തിന്റെ പരിപാടികൾ നമുക്ക് ഊഹിക്കുവാനേ കഴിവുള്ളൂ. ഏതായാലും അതു മനുഷ്യരാശിയുടെ ചരിത്രത്തെ അടിമുടി മാററുവാൻ പര്യാപ്തമായ ഒരു സംഭവമായിരുന്നു. ഈ വിദ്യയിൽ കാണുന്ന പുതുമ ചെടിയിലോ, അതിന്റെ ഫലത്തിലോ അല്ല; അതിനെ വളർത്തിയ രീതിയിൽ മാത്രമാണ്.

ശാസ്ത്രയുഗത്തിന്റെ പ്രതീകം എന്നു പറയാവുന്ന വിദ്യുച്ഛക്തിയുടെ കഥ നോക്കുക. അതു മനുഷ്യൻ പുതനായി സൃഷ്ടിച്ചതല്ല; പ്രകൃതിയിലുള്ള ഒരു ശക്തിവിശേഷമാണ്. മനുഷ്യനും, മൃഗവും, ജീവൻതന്നെയും ഭൂമുഖത്ത് ഉണ്ടാകുന്നതിനുമുമ്പുതന്നെ ഈ ഗോളത്തിന്റെ അന്തരീക്ഷത്തിൽ മിന്നൽപിണരുകൾ വീശിയിരുന്നു. ഈ ശക്തിയുടെ രഹസ്യമെന്തെന്ന് അറിയുന്നതിനുവേണ്ടി പരീക്ഷണങ്ങൾ നടത്തി ക്ഷമാപൂർവ്വം പഠിച്ചതിന്റെ ഫലമായി

Digitized by Kerala Sahitya Akademi

മൈക്കേൽ ഫാരഡേ എന്ന ഇംഗ്ലീഷുകാരനു് അതിൻെറ ലക്ഷണങ്ങളും പ്രവൎത്തനരീതികളും അല്പമൊക്കെ മനസ്സിലാക്കുവാൻ സാധിച്ചു. അദ്ദേഹം ഒരു പ്രസംഗത്തിനിടയ്ക്കു തൻെറ പരീക്ഷണങ്ങൾ പ്രദർശിപ്പിച്ചപ്പോൾ, സദസ്സിലിരുന്ന ഒരു സ്ത്രീ, ''എന്താണു് ഇതുകൊണ്ടുള്ള പ്രയോജനം?'' എന്നു ചോദിച്ചുവത്രേ. ''പിറന്നുവീണ ഒരു കുഞ്ഞിനെക്കൊണ്ടു് എന്താണമ്മേ പ്രയോജനം?'' എന്നായിരുന്നു ഫാരഡേയുടെ മറുപടി! 140 വർഷങ്ങൾക്കുമുമ്പു നടന്ന ഒരു സംഭവമാണിതു്. അന്നു് ആ ശാസ്ത്രജ്ഞൻെറ പരീക്ഷണത്തിൽ പിറന്ന ആ ചെറിയ ആശയം ഇന്നിതാ മനുഷ്യരാശിയുടെ പ്രാണനായ വൈദ്യുതവ്യവസായമായിത്തീർന്നിരിക്കുന്നു.

ഫാരഡേ വിദ്യുച്ഛക്തി നൂതനമായി സൃഷ്ടിച്ചു എന്നു പറയുന്നതു് അബദ്ധമാണു്. പ്രകൃതിയിൽ അന്തർലീനമായ ആ ശക്തിയുടെ പ്രവൎത്തനരഹസ്യങ്ങളിൽ ചിലതു് അദ്ദേഹം ശാസ്ത്രീയഗവേഷണത്തിലൂടെ മനസ്സിലാക്കിയെന്നും, അങ്ങനെ കിട്ടിയ അറിവു ലോകത്തിനു പിൽക്കാലത്തു് അത്യധികം പ്രയോജനകരമായിത്തീൎന്നു എന്നും ഉള്ളതാണു് പരമാർത്ഥം. ഫാരഡേ യാദൃച്ഛികമായി അതിൽ ചെന്നു മുട്ടുകയല്ല ചെയ്തതു്. പ്രകൃതിശക്തികളുടെ രഹസ്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ബോധപൂൎവ്വം നടത്തിയ പഠനങ്ങളുടെയും പരീക്ഷണങ്ങളുടെയും ഫലമായി അദ്ദേഹം നേടിയ അറിവാണിതു്. അതിനെ പ്രയോജനപ്പെടുത്തുന്നതിനും എത്രയോ ശാസ്ത്രജ്ഞന്മാരുടെ അക്ഷീണപരിശ്രമം ആവശ്യമായിവന്നു. ഈ യത്നം ഇന്നും തുടൎന്നുകൊണ്ടിരിക്കുകയാണു്. ഒരൎത്ഥത്തിൽ പദാൎത്ഥത്തിൻെറ ഘടനയിലേയ്ക്കും ആററത്തിൻെറ അന്തർമണ്ഡലത്തിലേയ്ക്കും കടന്നുചെല്ലുവാൻ ശാസ്ത്രജ്ഞന്മാരെ

Digitized by Kerala Sahitya Akademi

പ്രേരിപ്പിച്ചതു് അത്യത്ഭുതകരമായ ഈ ശക്തിവിശേഷ ത്തെപ്പററി കൂടുതൽ വിവരങ്ങഠം മനസ്സിലാക്കുന്നതിനുള്ള ജിജ്ഞാസയാണെന്നു് പറയേണ്ടിയിരിക്കുന്നു.

ക്രിസ്തുവർഷം 1564–ൽ ജനിച്ചു് 1642–ൽ മരിച്ച ഗലീലിയോ ഗാലിലീ എന്ന ഇററാലിയൻ ശാസ്ത്രജ്ഞനെയാണു് ആധുനികശാസ്ത്രത്തിൻെറ ഉപജ്ഞാതാവായി കരുതുന്നതെങ്കിലും, പത്തൊൻപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിലാണു് ശാസ്ത്രം ലോകത്തിൻെറ ശ്രദ്ധയെ കാര്യമായി ആകർഷിക്കുവാൻ തുടങ്ങിയതു്. അതിൻെറ കാരണം ആയിടയ്ക്കു് അതിൽനിന്നു ജനിച്ച ടെക്നോളജിയുടെ സഹായത്താൽ വ്യവസായത്തിനുണ്ടായ അഭൂതപൂർവ്വമായ അഭിവൃദ്ധിയാണു്. ഇതിനാണു് വ്യവസായ വിപ്ലവം എന്നു പറയുന്നതു്. വെള്ളം തിളപ്പിച്ചു് ആവിയുണ്ടാക്കി ആവിയുടെ ഞെരുക്കംകൊണ്ടു യന്ത്രങ്ങഠം പ്രവർത്തിപ്പിക്കാമെന്നും വൻ തോതിലുള്ള വ്യവസായശാലകഠം നടത്താമെന്നും കണ്ടപ്പോഠം അതുവരെ മനുഷ്യൻെറയും മൃഗത്തിൻെറയും കായികശക്തിയെമാത്രം ആശ്രയിച്ചു നിർവ്വഹിച്ചിരുന്ന നിർമ്മാണക്രിയകഠം എന്തെന്നില്ലാതെ വികസിപ്പിക്കുവാൻ സാധിച്ചു. തുണിയുണ്ടാക്കുന്നതിനാണു് ഈ വിദ്യ ആദ്യം പ്രയോഗിച്ചതു്. കൈകൊണ്ടു നൂല്ക്കുന്ന നൂലുകഠംകൊണ്ടു് കൈത്തറിയിൽ നെയ്ത വസ്ത്രങ്ങഠംക്കു പകരം ടൺകണക്കിനുള്ള പഞ്ഞി അതിശീഘ്രം കൈകാര്യം ചെയ്യുന്ന ഭീമാകാരങ്ങളായ ഫാക്ടറികളിൽ നിർമ്മിക്കുന്ന മിൽത്തുണികഠം നിലവിൽവന്നു. ഈ വിദ്യ ആദ്യം നടപ്പാക്കിയ ഇംഗ്ലണ്ടിൽ അസൂയാവഹമായ ഐശ്വര്യമുണ്ടായി. ബ്രിട്ടീഷ് സാമ്രാജ്യത്തിൽ സൂര്യൻ അസ്തമിക്കുകയില്ല എന്ന സ്ഥിതി വിശേഷവും സംജാതമായി.

ഇതു കണ്ടപ്പോഴാണു് ശാസ്ത്രം വ്യക്തികഠംക്കു മാത്ര

Digitized by Kerala Sahitya Akademi

മല്ല രാഷ്ട്രങ്ങൾക്കും ജീവിതോത്കർഷം കൈവരുത്തുവാൻ സമർത്ഥമാണെന്നും, അതിനെ ആശ്രയിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണെന്നും പാശ്ചാത്യദേശക്കാർക്കു ബോധ്യമായതു്. അതിനുശേഷം മാത്രമേ ശാസ്ത്രീയവിഷയങ്ങൾക്കു വിദ്യാഭ്യാസ പരിപാടിയിൽ സ്ഥാനം ലഭിച്ചുള്ളു. ചരിത്രവും തത്വജ്ഞാനവും പ്രാചീനവും നവീനവുമായ ഭാഷകളും സാഹിത്യങ്ങളും പഠിക്കുന്നതുമാത്രമാണ് മാന്യമായ വിദ്യാഭ്യാസം എന്ന അഭിപ്രായഗതി മാറുവാൻ ഒരു നൂററാണ്ടുകാലത്തോളം വേണ്ടി വന്നു. ശാസ്ത്രവിഷയങ്ങൾ കൊല്ലപ്പണിയും ആശാരിപ്പണിയും നീററുവിദ്യകളും വാററുവ്യവസായവും പോലെ ആഭിജാത്യത്തിനു യോജിക്കാത്ത കാര്യങ്ങളായിട്ടാണ് കരുതപ്പെട്ടിരുന്നതു്. ഇംഗ്ലണ്ടിൽപ്പോലും ഈ നിലയ്ക്കു മാററം വന്നിട്ടു മൂന്നോ നാലോ തലമുറകളേ ആയിട്ടുള്ളു. ഇന്നിപ്പോൾ കാര്യങ്ങൾ നേരെ മറിഞ്ഞു വന്നിരിക്കുകയാണു്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും അന്തസ്സും യശസ്സും ശാസ്ത്രവിഷയങ്ങളിലുള്ള പരിശീലനത്തിൻെറയും ഗവേഷണത്തിൻെറയും മേന്മയിലാണു് നിലകൊള്ളുന്നതു്. പത്തൻപതുവർഷമായി ശാസ്ത്രവിഷയങ്ങളല്ലാതെ മറെറാന്നും പഠിക്കുവാൻ വിദ്യാർത്ഥികളെ കിട്ടുകയില്ലെന്ന ദുഃസ്ഥിതിയും വന്നുകൂടി.

രണ്ടു ലോകമഹായുദ്ധങ്ങളുടെയും അവയിൽനിന്നു പഠിച്ച പാഠങ്ങളുടെയും ഫലമായി, മാത്സര്യകലുഷമായ ഈ ലോകത്തിൽ രാഷ്ട്രങ്ങളുടെ നിലനിൽപുതന്നെ ശാസ്ത്രത്തെയും ടെക്നോളജിയെയും ആശ്രയിച്ചിരിക്കുന്നു എന്നു് എല്ലാ രാജ്യക്കാർക്കും ബോധ്യമായിരിക്കുന്നു. യുദ്ധത്തിൽ ജയം നേടുന്നതിനു മാത്രമല്ല, എന്തെന്നില്ലാത്ത

Digitized by Kerala Sahitya Akademi

മട്ടിൽ എണ്ണം പെരുകുന്ന ജനങ്ങൾക്കു തൊഴിൽ നല്കുന്ന തിനും ഇതാണ് ഏററവും നല്ല മാർഗ്ഗം. ''വ്യവസായവൽക്കരിക്കുക, അല്ലെങ്കിൽ നശിക്കുക'' എന്ന മുദ്രാവാക്യം സമസ്തലോകവും അംഗീകരിച്ചിരിക്കുന്നു. ആദ്യമൊക്കെ ശാസ്ത്രീയഗവേഷണം വിദ്യാഭ്യാസയത്നത്തിൻെറ ഭാഗമാണെന്നും സർവ്വകലാശാലകളാണ് അതു നടത്തേണ്ടതെന്നും ഉള്ള അഭിപ്രായമാണ് ഉണ്ടായിരുന്നതു്. എന്നാൽ വളരെ വേഗം അതു മാറിപ്പോയി. വ്യവസായ സ്ഥാപനങ്ങൾതന്നെ വൻതോതിൽ ഗവേഷണയത്നം തുടങ്ങി. അതുകൊണ്ടു മാത്രമേ തങ്ങൾക്കു് ആവശ്യമായ ഫലങ്ങൾ വേണ്ടത്രവേഗത്തിൽ കൈവരുത്താൻ കഴിയൂ. എന്നു് അവർ കണ്ടു. ഒരു ഉദാഹരണം പറയാം. 1969_ൽ അമേരിക്കയിലെ ഡ്യൂപോണ്ടു് കമ്പനി 169 കോടി രൂപയാണ് ഗവേഷണത്തിനുവേണ്ടി ചെലവാക്കിയതു്. ആ വർഷത്തിൽ കേരളസംസ്ഥാനഗവൺമെൻറിന്റെ ആകെ വരുമാനം 131 കോടി രൂപയായിരുന്നു എന്നുകൂടി പറഞ്ഞാലേ ഈ സംഖ്യയുടെ വലിപ്പം മനസ്സിലാവുകയുള്ളു. വ്യവസായ സ്ഥാപനങ്ങളുടെ ഈ യത്നത്തിനു പുറമേ, പശ്ചിമ ജെർമ്മനിയെയും റഷ്യയെയും പോലെയുള്ള രാജ്യങ്ങളിൽ പൊതുമുതൽ ചെലവുചെയ്തു ശാസ്ത്രീയ ഗവേഷണത്തിനു മാത്രമായി സ്ഥാപിച്ചിട്ടുള്ള വൻപിച്ച സംഘടനകളുണ്ടു്. ആ രാജ്യങ്ങളിലെ രീതിയനുസരിച്ചു ചരിത്രഗവേഷണവും ഭാഷാനിരീക്ഷണവുമെല്ലാം ഇവയുടെ ചുമതലയിൽ പെടുമെങ്കിലും ഈ സംഘടനകളുടെ മുഖ്യമായ യത്നം ഭൗതികശാസ്ത്രങ്ങളിൽത്തന്നെയാണ്.

ഇങ്ങനെ ശാസ്ത്രത്തെ സർവാഭീഷ്ടസാധകമായ ഉപാധിയായി അവരോധിച്ച ഈ ചരിത്രദശയ്ക്കു ശാസ്ത്രയുഗം എന്ന പേരു കിട്ടിയതിൽ അത്ഭുതമില്ല. പക്ഷേ ചരി

Digitized by Kerala Sahitya Akademi

ത്രുഗതിയിൽ അടിക്കടി കാണുന്നതുപോലെ, ഇടുങ്ങിയ ഒരേ ഒരു മാർഗ്ഗത്തിലൂടെയുള്ള ഈ തള്ളിക്കയററത്തിനും ഒരു തിരിച്ചടി അനുഭവപ്പെട്ടിരിക്കുന്നതായിട്ടാണ് ഇപ്പോൾ തോന്നുന്നത്. വൈദ്യശാസ്ത്രം പോലെ ഏററവും നിർദ്ദോഷമെന്നു കരുതിയിരുന്ന പുരോഗതിക്കുപോലും ഭയാനകമായ ഒരു മറുവശമുണ്ടെന്നു തെളിഞ്ഞിരിക്കുന്നു. അതാണല്ലോ ഭൂമിക്കു താങ്ങുവാൻ കഴിയാത്ത ജനപ്പെരുപ്പത്തിനു വഴിതെളിച്ചതു്. അതുപോലെ പുതിയ പുതിയ ശാസ്ത്രജ്ഞാനത്തെ അടിസ്ഥാനമാക്കി ആരംഭിച്ച വ്യവസായങ്ങളുടെ വികാസം ഭൂമുഖത്തെ വിഷദൂഷിതമാക്കി. ശുദ്ധജലമോ ശുദ്ധവായുവോ ലഭ്യമല്ലെന്നുള്ള പ്രതിസന്ധിയിൽ മനുഷ്യരാശിയെ കൊണ്ടെത്തിച്ചിരിക്കുന്നു. അന്തരീക്ഷത്തിൽ പ്രാണവായുവിൻെറ അനുപാതം കുറഞ്ഞുവരുകയാണെന്നു ശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നു. മഹാസമുദ്രങ്ങളുടെ മധ്യഭാഗങ്ങളെന്നപോലെ, ജപ്പാനിൽ അമ്മമാരുടെ മുലപ്പാലുപോലും മനുഷ്യൻ നിർമ്മിച്ച വ്യവസായ വിഷങ്ങളിൽ നിന്നു മുക്തമല്ലെന്നു കണ്ടിരിക്കുന്നു. ജാജ്ജ്വല്യമാനമായ ആധുനിക സംസ്കാരത്തോടൊപ്പം ഈ മഹാദുഃഖങ്ങളും ശാസ്ത്രയുഗത്തിൻെറ സംഭാവനയാകുന്നു.

Digitized by Kerala Sahitya Akademi

# ജനപ്പെരുപ്പം

കണ്വാശ്രമത്തിൽ നിന്നു് ശകുന്തളയേയും കൊണ്ടു് ദുഃഷന്തരാജധാനിയിലെത്തിയ ശാർങ്ഗരവൻ പറഞ്ഞു:

തഥാപീദ, ശശ്വൽ പരിചിത വിവിക്തേന മനസാ
ജനാകീർണ്ണം മന്യേ ഹുതവഹപരീതം ഗൃഹമിവ.

(എന്നും ഏകാന്തതയിലിരുന്നു ശീലിച്ച മനസ്സിനു് ആൾ തിങ്ങിയ ഈ സ്ഥലം തീ പിടിച്ച പുര പോലെ തോന്നുന്നു.)

ഈ അനുഭവം ഇന്നു രാജധാനികളിലും മഹാനഗരങ്ങളിലും മാത്രമല്ല ഭൂമുഖത്തു് എവിടെയും ഉണ്ടാകുന്നതാണു്. ജനപ്പെരുപ്പം അത്രയ്ക്കു് ഭയങ്കരമായിത്തീർന്നിരിക്കുന്നു. കഴിഞ്ഞ നൂറുകൊല്ലത്തിനിടയ്ക്കു് ആധുനികശാസ്ത്രം രോഗനിവാരണത്തിനും പൊതുജനാരോഗ്യസംരക്ഷണത്തിനും വേണ്ടി ചെയ്ത മഹായത്നത്തിൻെറ ഫലമാണിതു്. ഇതു് ആരും പ്രതീക്ഷിച്ചതല്ലെന്നു പറയുന്നതു് ശരിയാവുകയില്ല. എന്നാലും അതു് ഇത്രവേഗം ലോകത്തിനു് ഒരു ഭയങ്കരപ്രശ്നമായിത്തീരുമെന്നു് വൈദ്യശാസ്ത്രജ്ഞന്മാർ പോലും സങ്കല്പിച്ചിരിക്കുകയില്ല. അതുകൊണ്ടാണു് മരണ നിയന്ത്രണം എന്നു നിർവചിക്കാവുന്ന ആരോഗ്യരക്ഷാ പരിപാടികളോടൊപ്പം തന്നെ ജനന നിയന്ത്രണ

Digitized by Kerala Sahitya Akademi

ത്തിനുള്ള യത്നവും തുടങ്ങാതിരുന്നതു്. ഈ അടുത്ത കാല ത്തു മാത്രമേ ഈ പ്രശ്നത്തിൻെറ ഗൗരവം ലോകം മനസ്സി ലാക്കിയുള്ളു. അതു് എവിടെവരെ എത്തിയിരിക്കുന്നു എന്നറിയുന്നതിനു ഒരു ദൃഷ്ടാന്തം കാണിക്കാം.

ഊർജ്ജതന്ത്ര (ഫിസിക്സ്)ത്തിൽ ലോകപ്രസിദ്ധി നേടിയ ഒരു ബ്രിട്ടീഷ്ശാസ്ത്രജ്ഞനാണു് സർ ജോർജ്ജ് തോംസൺ. 1937—ൽ അദ്ദേഹത്തിനു് നോബൽ സമ്മാ നം നൽകപ്പെട്ടു. അദ്ദേഹത്തിൻെറ പിതാവായ സർ ജെ. ജെ. തോംസണും. മുമ്പു് (1906ൽ) പ്രസ്തുത സമ്മാ നം നേടുകയുണ്ടായി. ഈ പ്രസിദ്ധ ശാസ്ത്രജ്ഞൻ 1970 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവന യിൽ വൈദ്യവിദ്യയുടെ ആരാധകന്മാരോടു് ഒരു അഭ്യർ ത്ഥന ചെയ്തു. മനുഷ്യായുസ്സിനെ ഒരു പ്രയോജനവുമില്ലാ തെ നീട്ടികൊണ്ടു പോകുന്ന യത്നത്തിൽ നിന്നു അവർ സദയം പിൻതിരിയണം എന്നാണു് അദ്ദേഹം അപേ ക്ഷിച്ചതു്. ജീവിതം കൊണ്ടു് തനിക്കും, താൻമൂലം ജീ വിതത്തിനും, ഒന്നും നേടുവാനില്ലെന്നു് ബോദ്ധ്യം വന്ന മനുഷ്യനെ മരിക്കുവാൻ അനുവദിക്കണം. അയാളുടെ ജീവിതത്തെ രക്ഷിക്കുവാൻ ചെയ്യുന്ന ശ്രമം വൈദ്യവി ദ്യയുടെ സാമർത്ഥ്യത്തിൻെറ തെളിവായി കരുതാമെങ്കി ലും, വാസ്തവത്തിൽ ഭൂമിയിൽ ദുരിതഭാരം നിലനിർത്തു വാൻ മാത്രമേ ഉപകരിക്കുകയുള്ളു.

തോംസൺ തൻെറ ആയുഷ്ക്കാലം മുഴുവൻ ചെയ്ത ഗവേഷണങ്ങളുടെ ഫലമായി ശാസ്ത്രത്തിനു നൽകിയ സംഭാവനകളേക്കാരം എത്രയോ വിലയേറിയ സേവന മാണു ഈ പ്രസ്താവനയിലൂടെ മനുഷ്യരാശിക്കു് ചെയ്തതെ ന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ രക്ഷാമാർഗ്ഗങ്ങളും അട ഞ്ഞു അങ്ങേയററം പററിയ രോഗ മൂർച്ഛയിൽ, ശമിപ്പി

Digitized by Kerala Sahitya Akademi

ക്കവാൻ കഴിയാത്ത മഹാവേദനകളെ അവസാനിപ്പിക്കുന്നതിനുവേണ്ടി രോഗിയുടെ ജീവഹാനി വരുത്തുവാൻ ഭിഷഗ്വരന്മാക്ക് വൈദ്യശാസ്ത്രം അനുവാദം നല്കുന്നുണ്ടെന്നാണ് കേട്ടിട്ടുള്ളതു്. പക്ഷേ അററകൈയ്യായ ഈ പ്രയോഗം ആരും ചെയ്യാറില്ല. മററു വല്ലവരും നോക്കട്ടെ എന്നു പറഞ്ഞു കൈയ്യൊഴിക്കുകയാണ് പതിവു്. ഈ ഉപായം സർവ്വസാധാരണമായി സ്വീകരിക്കണമെന്നല്ല തോംസൺ പറഞ്ഞതിൻെറ അത്ഥം; സർവ്വശക്തികളും ക്ഷയിച്ചു്, തന്നത്താൻ ജീവിതകൃത്യങ്ങൾ നിർവ്വഹിക്കുവാൻ കഴിവില്ലാതെ തൊണ്ണൂറും കഴിഞ്ഞ വൃദ്ധനു് പനി പിടിക്കുമ്പോൾ പെനിസിലിൻ കുത്തിവയ്ക്കുകയും വിദേശത്തുനിന്നു് വിമാനമാർഗ്ഗം പുതിയ മരുന്നുകൾ വരുത്തി ചികിത്സിക്കുകയും ചെയ്യുന്ന സമ്പ്രദായം കൈവെടിയണം എന്നാണ്.

അല്പകാലംമുമ്പ് ദക്ഷിണാഫ്റിക്കയിലെഡോക്ടറായ ക്രിസ്ത്യൻ ബെർനാർഡ്, ബ്ളെയ്ബർഗ് എന്ന രോഗിയുടെ ശരീരത്തിൽ സമത്ഥമായ ശസ്ത്രക്രിയകൊണ്ടു് മററൊരാളുടെ ഹൃദയം വെച്ചുപിടിപ്പിച്ചു്, ആ മനുഷ്യനെ സുനിശ്ചിതമായിക്കരുതിയിരുന്ന മരണത്തിൽ നിന്നു് രക്ഷിക്കുവാൻ ശ്രമിച്ച കഥ പ്രസിദ്ധമാണല്ലോ. ശസ്ത്രക്രിയ വിജയിക്കുകയും ബെർനാർഡ് ലോകപ്രശസ്തനാവുകയും ചെയ്തെങ്കിലും, ബെ്ളെയ്ബെർഗ് അതിനുശേഷം ഏതാനും മാസം ജീവിച്ചതു് മരണത്തിലും കഷ്ടമായനിലയിലായിരുന്നു എന്നു് പിൽക്കാലത്തു് വെളിപ്പെടുകയുണ്ടായി.

താനാണ് രോഗിയെ സുഖപ്പെടുത്തുന്നതെന്നു് വിവരമുള്ള ഒരു ഭിഷഗ്വരനും അഭിമാനിക്കാറില്ല. ആ വൈഭവം പ്രകൃതിക്ക് അവകാശപ്പെട്ടതാണ്. പ്രകൃതിയുടെ പ്രതിരോധ ക്രിയകളേയും ഉപശമനോപായങ്ങളേയും പ്ര

Digitized by Kerala Sahitya Akademi

ചോദിപ്പിക്കുകയും കൂടുതൽ ശക്തിമത്താക്കുകയും അങ്ങനെ തന്നത്താൻ സുഖം പ്രാപിക്കുവാൻ രോഗിയെ സഹായിക്കുകയുമാണ് വൈദ്യവിദ്യ വാസ്തവത്തിൽ ചെയ്യുന്നത്. പ്രകൃതിയുടെ സർവ്വസാധാരണമായ നിയമങ്ങൾക്ക് വിധേയമായി അന്ത്യദശയെ പ്രാപിക്കുന്ന ശരീരത്തെ കൃത്രിമവിദ്യകൾകൊണ്ട് വീണ്ടും പ്രവർത്തനക്ഷമമാക്കുവാൻ ശ്രമിക്കുന്നതു ഭൂതദയയല്ല; ക്രൂരതയാണ്. ഈ വിഷയത്തിൽ ബന്ധുമിത്രാദികളുടേയും രോഗിയുടെ തന്നെയും അഭിലാഷങ്ങൾ മാത്രം പരിഗണിച്ചാൽ പോരാ. സമൂഹത്തിന്റെ ബാദ്ധ്യതകളും പരിഗണിക്കണം.

ഈ നിലയിലാണ് ലോകം ഇന്ന് എത്തിയിരിക്കുന്നത്. ഒരു മനുഷ്യന്റെയും ജീവിതം അയാളുടെ മാത്രം ചുമതലയും ബാദ്ധ്യതയും മാത്രമാണെന്നും മററാർക്കും അതിൽ കാര്യമില്ലെന്നും കരുതുവാൻ നിവൃത്തിയില്ലെന്നവാദഗതി ബലപ്പെട്ടു വരികയാണ്. ഇതു് സ്വകാര്യ ജീവിതത്തിന്മേലുള്ള കൈയ്യേററമാണെന്നും പ്രതിഷേധാർഹമാണെന്നും, ലോകാരംഭം മുതൽക്ക് ശ്രേഷ്ഠവും പാവനവുമായി കരുതി വരുന്ന മൂല്യങ്ങളുടെയും ആദർശങ്ങളുടെയും ഭഞ്ജനമാണെന്നും, ശക്തിമത്തായ എതിർവാദമുണ്ടാകാം. അതു് ന്യായവുമാണ്. എന്നാലും, പരിമിത വിഭവയായ ഈ ഭുവന ഗോളത്തിൽ, ഓരോ മനുഷ്യനും അപരിമിതമായ തോതിൽ അനന്തരാവകാശികളെ ജനിപ്പിച്ചാൽ മററുള്ളവർക്ക് പരാതിപ്പെടുവാൻ അവകാശമുണ്ട്. അവരുടെ പ്രതിഷേധത്തിലും ന്യായമുണ്ട്. സമീപഭാവിയിൽ ഇതൊരു സാർവ്വലൗകികപ്രശ്നമാകുമെന്നുള്ളതു് തീർച്ചയാണ്. രാഷ്ട്രങ്ങളുടെ വിദേശ കാര്യവിചാരങ്ങളിലും നയതന്ത്രപരിപാടികളിലും ഈ വിഷയത്തിനു് മുൻഗണനയും പ്രാധാന്യവുംലഭിക്കുമെന്നുംപ്രതീക്ഷിക്കേണ്ടിയിരിക്കുന്നു.

Digitized by Kerala Sahitya Akademi

അങ്ങനെ ''ഭൂമിഭാരം'' എന്നു് പുരാണങ്ങളിൽ പറയുന്ന അത്യാപത്തു് ഉണ്ടായിരിക്കുകയാണു്. പക്ഷേ, ഇന്നത്തെ തോതിലുള്ള ജനപ്പെരുപ്പത്തിനാണോ പണ്ടുള്ളവർ ആ പേരു് നൽകിയതെന്ന കാര്യത്തിൽ സംശയമുണ്ടു്. ഏതായാലും ഇന്നു് ലോകത്തിനു് നേരിടേണ്ടി വന്നിരിക്കുന്ന ഏററവും വലിയ പ്രയാസം അതാണു്. ഇങ്ങനെ മനുഷ്യരുടെ എണ്ണം പെരുകുന്നതിനെപ്പററിയുള്ള ഭയാശങ്കകൾ സാർവത്രികമായിത്തീർന്നിട്ടുണ്ടെങ്കിലും, അതിൻെറ വൈഷമ്യങ്ങളുകളെക്കുറിച്ചു് കാര്യമായ ശാസ്ത്രീയപഠനങ്ങളൊന്നും ഒരു രാജ്യത്തും നടന്നിട്ടില്ല എന്ന പരമാർത്ഥം അധികമാളുകൾ മനസ്സിലാക്കിയിട്ടില്ല. കൃത്യമായ കണക്കെടുപ്പുകളും വകപ്പതിരിച്ചുള്ള അപഗ്രഥനങ്ങളും, ഭാവിയിലേക്കുള്ള അഭിക്ഷേപങ്ങളും എല്ലാമുണ്ടു്. ഒരർത്ഥത്തിൽ സംഖ്യാശാസ്ത്രം എന്ന ഗണിത വിഷയം തന്നെ ഇക്കാര്യത്തിനുവേണ്ടി വികസിപ്പിച്ചെടുത്തതാണെന്നു പറയാവുന്നതാണ് ; പക്ഷേ കണക്കും അനുഭവവും രണ്ടും രണ്ടാണു്. വെറും എണ്ണത്തിൻെറകാര്യം ആലോചിച്ചാൽപോലുംഈ വസ്തുത മനസ്സിലാകും. ആയിരമോ, പതിനായിരമോ, ലക്ഷമോ വരെയുള്ള സംഖ്യകളുടെ വലിപ്പത്തെപ്പററിനമ്മുടെമനസ്സിനു് ഏതാണ്ടു് ഒരു പിടികിട്ടും. അതിനു്അപ്പുറം കടന്നാൽ പിന്നെ പത്തുലക്ഷവും നൂറുലക്ഷവും ആയിരം കോടിയും എല്ലാം വെറും പേരുകൾ എന്നല്ലാതെ വിവക്ഷിതത്തിന്റെ അനുഭൂതിയൊന്നും ജനിപ്പിക്കുന്നില്ല. മഹായോഗങ്ങളിലും ഉത്സവങ്ങളിലും മററും പങ്കെടുക്കുന്ന പുരുഷാരത്തെപ്പററി പത്രലേഖകന്മാർ എഴുതുന്ന റിപ്പോർട്ടുകളിൽ കാണുന്ന കണക്കുകൾ ഏറിയകൂറും യാഥാർത്ഥ്യത്തോടു് ഒരു ബന്ധവുമില്ലാത്ത വാക്പ്രയോഗമാണു്.

മനുഷ്യരുടെ ഇടയ്ക്കു് പരീക്ഷണങ്ങളും ഗവേഷണങ്ങ

Digitized by Kerala Sahitya Akademi

ളും നടത്തുന്നത് പ്രയാസമാണെന്ന് സമ്മതിക്കാം.പക്ഷേ ജന്തുക്കളുടെ കാര്യത്തിൽപോലും ജനപ്പെരുപ്പം വരുത്തുന്ന വൈഷമ്യങ്ങളെപ്പററി ശാസ്ത്രജ്ഞന്മാർക്ക് വലിയ വിവരമില്ല എന്നുകാണുന്നത് അത്ഭുതമായിരിക്കുന്നു.ഒരു ഉദാഹരണം പറയാം. നോർവേ, സ്വീഡൻ എന്നീ സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ എലിയുടെ വർഗ്ഗത്തിൽപ്പെട്ട ലെമ്മിങ്ങ് എന്നൊരു ജന്തുവുണ്ട്. ഉയർന്ന പീഠഭൂമികളിലാണ് അതു് സാധാരണ കാണപ്പെടുന്നത്. നാലുകൊല്ലത്തിലൊരിക്കൽ ഈ ജന്തുജാതിയുടെ ജനസംഖ്യ എന്തെന്നില്ലാതെ വർദ്ധിക്കുകയും പർവതപ്രദേശങ്ങളിൽ നിന്ന് ഒരു മഹാസൈന്യം പോലെ അവ സമതലങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്നു. യാത്രാമദ്ധ്യേ കണ്ടുമുട്ടുന്ന കൃഷിയെല്ലാം അവ തിന്നു നശിപ്പിക്കും. വഴിയിലുള്ള തടസ്സങ്ങളെയെല്ലാം കൂസലില്ലാതെ തരണം ചെയ്യും. പുഴകളും തടാകങ്ങളുമെല്ലാം നീന്തിക്കടക്കും. ഈ സാഹസയാത്രയിലുണ്ടാകുന്ന ആപത്തുകൾക്ക് കണക്കില്ല.കോടിക്കണക്കിലാണ് അവ ചാകുന്നത്. ഈ മഹാപ്രസ്ഥാനം ഒടുവിൽ സമുദ്രതീരത്തു് എത്തുകയും ബാക്കിയുള്ള വ്യക്തികളെല്ലാം (അതും കോടിക്കണക്കിലുണ്ടാവും)കടലിൽ ചാടി ജീവിതം അവസാനിപ്പിക്കുകയും ചെയ്യുന്നു. എത്രയോ നൂററാണ്ടുകളായി അറിയപ്പെട്ടിട്ടുള്ള പ്രതിഭാസമാണിതു്. എന്നാലും അതിൻെറ കാരണമെന്തെന്ന് ഇനിയും വ്യക്തമായിട്ടില്ല. ഭൂമിയിലെ ജീവിതത്തിൽ വെറുപ്പുതോന്നി ഈ സാധു ജീവികൾ കൂട്ടത്തോടെ ആത്മഹത്യ ചെയ്യുകയാണെന്ന് കവികളും സാധാരണ ജനങ്ങളും പറയാറുണ്ട്. അവയുടെ ശത്രുക്കളായ ഹിംസ്രജന്തുക്കൾ വർദ്ധിക്കുന്നതുകൊണ്ടാണ് ലെമിങ്ങുകൾ കൂട്ടത്തോടെ കുടിപുറപ്പെട്ടു പോകുന്നതെന്നു് ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചിരുന്നു. പക്ഷേ ഈ വ്യാഖ്യാ

Digitized by Kerala Sahitya Akademi

നം ശരിയല്ലെന്നു മററു ചിലർ വാദിക്കുന്നു. അവയുടെ എണ്ണം പെരുകുന്നതുകൊണ്ടാണ് ശത്രു ജന്തുക്കൾ വർദ്ധിക്കുന്നതെന്ന് എതിരഭിപ്രായക്കാരായ ഈ ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്.

അടുത്ത കാലത്തു മാത്രമാണ് ഈ വിഷയത്തിൽ ജന്തുക്കളിലെങ്കിലും പരീക്ഷണ നിരീക്ഷണങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയതു്. അണുജീവികളായ ബാക്ടീരിയങ്ങളിലും ഈച്ച മുതലായ പ്രാണികളിലും ജീവശാസ്ത്രജ്ഞന്മാർക്ക് പ്രിയംകരങ്ങളായ വെള്ളെലികളിലും മററും ഇന്നു ധാരാളം പരീക്ഷണങ്ങൾ നടത്തി വരുന്നുണ്ട്. അതു കൂടാതെ പ്രകൃതിയിൽ തന്നെയും ചിലപ്പോഴൊക്കെ അസാധാരണമായ നിരീക്ഷണസൗകര്യങ്ങൾ ലഭിക്കാറുണ്ട്. ഉദാഹരണമായി അമേരിക്കയിൽ കുറെ വർഷങ്ങൾക്കുമുമ്പ് 150 ഏക്കർ മാത്രം വിസ്താരമുള്ള ഒരു ദ്വീപിൽ ഒരു ജോടി മാനുകളെ കടത്തിവിടുകയുണ്ടായി. ആ വർഗ്ഗത്തിൽപെട്ട മൃഗങ്ങളോ അവയുടെ ശത്രുക്കളോ അവിടെ ഇല്ലായിരുന്നതു കൊണ്ട് അവ അതിശീഘ്രം പെററുപെരുകി. പക്ഷെ മാനുകളുടെ എണ്ണം ഏക്കറിനു് ഒന്നു് എന്ന കണക്കിൽ എത്തിയപ്പോൾ അവയിൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുകയും അവയുടെ മരണനിരക്ക് ക്രമാതീതമായി വദ്ധിക്കുകയും ചെയ്തുവത്രെ. ഇങ്ങനെ ആപത്തിൽപെട്ട ജന്തുക്കളെപ്പററി നടത്തിയ വിസ്തരിച്ചുള്ള പഠനത്തിൽ നിന്നു്, ഞെരുങ്ങിപ്പാർക്കുന്നതുകൊണ്ടും അതി കഠിനമായ ജീവിതക്ലേശം കൊണ്ടും മനുഷ്യരുടെ ഇടയ്ക്കു് ചിലപ്പോഴൊക്കെ കാണാറുള്ള രോഗം തന്നെയാണ് മാനുകളെയും ബാധിച്ചതെന്നു് തെളിയുകയുണ്ടായി. ഹൃദയത്തിന്റെ സ്പന്ദനങ്ങളെയും നാഡീപടലത്തിന്റെ സുഖപ്രവർത്തനത്തെയും

Digitized by Kerala Sahitya Akademi

തദ്വാരാ ശരീരമാകുന്ന യന്ത്രവിശേഷത്തിൻെറ കാര്യക്ഷമതയേയും അവതാളത്തിലാക്കുന്ന സംഘർഷരോഗമാണിതു്. തിങ്ങിഞെരുങ്ങി ജീവിച്ചാൽ ഒരു പരിധി കഴിയുമ്പോഠം എല്ലാ വ്യക്തികളിലും അതു പ്രത്യക്ഷപ്പെടുന്നു.

ജന്തുലോകത്തിൽ നിന്നു് വേറെയും വിവരങ്ങഠം ലഭിച്ചിട്ടുണ്ടു്. ക്രമാതീതമായി എണ്ണം പെരുകുകയും ഇട തിങ്ങിപ്പാക്കുവാൻ നിർബന്ധിതമാവുകയും ചെയ്യുമ്പോഠം പല ജന്തുക്കളും സന്താനങ്ങളെ ഭക്ഷിക്കുകയും അന്യോന്യം കൊന്നുതിന്നുകയും ചെയ്യാറുണ്ടു്. മത്സ്യം, ചിലന്തി. ഞണ്ടു്, എലിവർഗ്ഗങ്ങഠം, സിംഹം എന്നിവയിലെല്ലാം ഈ സ്വഭാവം കാണുന്നു. മനുഷ്യരുടെ ഇടയ്ക്കും നരഭോജികളായ പ്രാചീനവർഗ്ഗങ്ങളുണ്ടെന്നു് പ്രസിദ്ധമാണല്ലോ.പരിഷ്കൃതമനുഷ്യൻെറ ഏററവും വലിയ ദുഃസ്വഭാവമായ യുദ്ധാസക്തിയുടെ രഹസ്യവും ഇതുതന്നെയാണെന്നു് വാദിക്കുന്ന ചിന്തകന്മാരുണ്ടു്. ശത്രുവിനെ തിന്നാൻ വേണ്ടി കൊല്ലുകയല്ലെങ്കിലും, അവൻ തിന്നുന്ന വിഭവങ്ങഠം തിന്നാൻവേണ്ടി ചെയ്യുന്ന കൊലയാണതു്. അതും ഒരു തരം സംഘർഷത്തിൻെറ ഫലമാണു്. നരഭോജിവർഗ്ഗങ്ങളുടെ ഹിംസാസക്തി ഇങ്ങനെ ഉണ്ടാകുന്നതാണെന്നു് പറഞ്ഞുകൂടാ. യൂറോപ്യൻ ജനങ്ങഠം കയ്യേറുന്നതിനുമുമ്പു് മെക്സിക്കോ രാജ്യത്തു് ജീവിച്ചിരുന്ന ആസ്തെക്ക വർഗ്ഗക്കാർ വൻതോതിൽ നരബലി നടത്തുകയും തൽഫലമായി കിട്ടുന്ന മനുഷ്യമാംസം ഭുജിക്കുകയും ചെയ്തിരുന്നു. പക്ഷേ അവർ അടുത്തു നിൽക്കുന്നവനെ പിടികൂടുകയല്ല ചെയ്തതു്. അയൽ രാജ്യങ്ങളിൽ ആക്രമണം നടത്തി തടവുകാരാക്കുന്ന അന്യജനങ്ങളായിരുന്നു അവരുടെ ബലിമൃഗങ്ങഠം.

അല്പം സ്ഥലത്തു് അസംഖ്യം ജനങ്ങഠം ഇടതിങ്ങി

Digitized by Kerala Sahitya Akademi

ജീവിക്കുമ്പോഠം എന്തു സംഭവിക്കും എന്നതിനെപ്പററി ജന്തുക്കളിൽ നടത്തിയ പരീക്ഷണങ്ങളിൽ നിന്നുള്ള അനുമാനം മാത്രമേ ശാസ്ത്രത്തിനു ലഭിച്ചുള്ളു. പല മഹാനഗരങ്ങളിലും കാണുന്ന ചേരികളിൽ സാധുജനങ്ങഠം അത്യന്തം ദയനീയമായ രീതിയിൽ ഞെങ്ങി ഞെരുങ്ങി ജീവിക്കുന്നുണ്ട്. ബോംബെയിലും കൽക്കത്തയിലും മററും ഒരു കൊച്ചു മുറിയിൽ പത്തും ഇരുപതും ആളുകഠം പാർക്കുന്നതായി കാണാം. ഇവർ ചിലപ്പോഠം ഒരു ബന്ധവുമില്ലാത്ത രണ്ടും മൂന്നും കുടുംബത്തിലെ അംഗങ്ങളായിരിക്കും .പക്ഷേ ഇവരുടെ സ്ഥിതിപോലും പരീക്ഷണശാലയിലെ ജന്തുക്കളുടെ ജീവിതത്തിനു തുല്യമല്ല. എന്തെന്നാൽ അവർക്ക് പകൽ സമയത്തെങ്കിലും പുറത്തു കടന്ന് തെരുവിലും നാട്ടുവഴിയിലും ഇറങ്ങി നടക്കുവാൻ സാധിക്കും. അതും കൂടി മുട്ടിപ്പോയാൽ എന്തു സംഭവിക്കുമെന്നാണ് ആലോചിക്കേണ്ടതു്. ജനപ്പെരുപ്പത്തിൻെറ പോക്കു കണ്ടാൽ അങ്ങനെയുള്ള സ്ഥിതിവിശേഷവും ഭൂമുഖത്ത് പല ദിക്കിലും വന്നു കൂടായ്കയില്ല, അങ്ങനെസംഭവിച്ചാൽ മനഃക്ലേശം കൊണ്ടുതന്നെ മനുഷ്യൻ മരിച്ചുവീഴുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്നിടയ്ക്ക് ഹിററ്ലർ നടത്തിയ ക്രൂരതകളെപ്പററി പിൽക്കാലത്ത് ലഭിച്ച വിവരങ്ങഠം ഇങ്ങനെ വിചാരിക്കുവാൻ വഴിനൽകുന്നുണ്ട്. യഹൂദന്മാരേയും തൻെറ ഭരണത്തെ എതിർത്തവരേയും കൊന്നൊടുക്കുന്നതിനുവേണ്ടി സ്ഥാപിച്ച കോൺസെൻട്രേഷൻക്യാമ്പുകളിൽ അകപ്പെട്ട ഭാഗ്യഹീനരായ മനുഷ്യരെല്ലാം വിഷവാതകം ശ്വസിച്ചല്ല മരിച്ചതെന്നു കാണുന്നു. ഏതു സമയവും അന്യരുമായി മുട്ടി മുട്ടി ഞെങ്ങി ഞെരുങ്ങി കഴിയേണ്ടിവന്നതുമൂലമുള്ള ഭയാനകമായ ക്ലേശത്തിൻെറ ഫലമായി ധാരാളമാളുകഠം താനെ മരിക്കു

Digitized by Kerala Sahitya Akademi

കയുണ്ടായി. അവർ അനുഭവിച്ച ശാരീരികവും മാനസിക വുമായ മഹാദുഃഖത്തെപ്പററി നമുക്കു് ഊഹിക്കാൻ പോലും സാദ്ധ്യമല്ല. ഇന്നു് പല ദിക്കിലും കോഴിയെ വളർത്തു ന്നതു് ഈ രീതിയിലാണു്. മുട്ടയുണ്ടാക്കുവാനുള്ള എളുപ്പ വിദ്യയാണിതു്. വലിയ ആദായം കിട്ടുന്ന വ്യവസായമാ ണെന്നും പറയുന്നു. ആ ജന്തുക്കൾക്കു് ദീർഘദൃഷ്ടിയുണ്ടെ ങ്കിൽ മനുഷ്യനും ഇതുപോലെയുള്ള സ്ഥിതിയിലേക്കാണു് അതിശീഘ്രം നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു് കാണുന്നു ണ്ടായിരിക്കണം!

ലോകത്തിലെ ഏററവും വലിയ പ്രശ്നങ്ങൾ ഏററ വും ലളിതമായ കാരണങ്ങളിൽ നിന്നു് ഉണ്ടാകുന്നവയാ ണു്. ഈ വസ്തുത ആർക്കും മനസ്സിലാകുന്നതാണെങ്കിലും ലളിതമായ കാരണത്തെ നിവാരണം ചെയ്യുന്നതിനുള്ള കഴിവുകേടു മൂലം അതു നിർമ്മിക്കുന്ന പ്രയാസം നീങ്ങു ന്നില്ല. എന്നല്ല, അടിക്കടി വർദ്ധിക്കുകയും ചെയ്യുന്നു. സാമ്പത്തിക പ്രശ്നങ്ങളാണല്ലോ അനാദികാലം തൊട്ടു് എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതു്. ചരിത്രവും സംസ്ക്കാരവും രാഷ്ട്രതന്ത്രവും യുദ്ധവും എല്ലാം അവ യിൽ നിന്നു് ജനിക്കുന്നതാണെന്നു പറയുന്നു. ആകട്ടെ. ഈ സാമ്പത്തിക പ്രശ്നങ്ങൾ എവിടെ നിന്നാണു് ജനിക്കു ന്നതു്? സത്യത്തിൽ അവ മനുഷ്യനിൽ അന്തർലീനമായ ലോഭമോഹങ്ങളുടെ—കാഞ്ചന തൃഷ്ണയുടെ—ഉൽപന്നങ്ങ ളാകുന്നു. ആവശ്യത്തിൽ കൂടുതൽ ആർജ്ജിക്കുവാനും ആരുടെ കഴുത്തറുത്തെങ്കിലും സ്വാർത്ഥം നേടുവാനും വേണ്ടിയുള്ള ദു രാഗ്രഹത്തിന്റെ ഫലങ്ങൾ. ഈ ദുരാഗ്രഹം വ്യക്തിയിൽ നിന്നു് കുടുംബത്തിലേക്കും, കുടുംബത്തിൽ നിന്നു് സമുദാ യത്തിലേക്കും, സമുദായത്തിൽ നിന്നു് രാഷ്ട്രത്തിലേക്കും രാഷ്ട്രസമൂഹങ്ങളിലേക്കും പടർന്നു പിടിക്കുന്നു. പോക്ക

Digitized by Kerala Sahitya Akademi

ററടിക്കാരൻ മുതൽ കള്ളക്കടത്തുകാരനായ കോടീശ്വരൻ വരെയും, അരയടി ഇറക്കിക്കെട്ടിയ വേലിയുടെ കാര്യത്തിൽ തുടങ്ങുന്ന അതിർത്തിത്തർക്കംമുതൽ ആററംബോംബുകരം വർഷിക്കുന്ന ആഗോളയുദ്ധം വരെയും അതിൻെറ അതിപ്രസരം കാണാം. അർത്ഥലോഭവും സ്വാർത്ഥചിന്തയും പരിത്യജിക്കണമെന്ന ഉപദേശം ഈശാവാസ്യോപനിഷത്തിൻെറ കാലം മുതൽക്കെങ്കിലും കേട്ടിട്ടുള്ളതാണ്. വ്യാസനും ബുദ്ധനും സോക്രട്ടീസും ക്രിസ്തുവും നബിയും, ഈ ഇരുപതാം നൂററാണ്ടിൽപോലും ഗാന്ധിയും, എന്നുവേണ്ട എല്ലാലോകാചാര്യന്മാരും അതു് ആവർത്തിച്ചു പറഞ്ഞിട്ടുമുണ്ട്. എന്നാലും അതു് മനുഷ്യസ്വഭാവത്തിൽ അന്തർലീനമാകയാൽ അതിനെ ജയിക്കുവാൻ സാദ്ധ്യമല്ലെന്നും, അതുകൊണ്ടു് ലോകോൽക്കർഷത്തിനു് വേണ്ടി അതിനെ ഉപയോഗപ്പെടുത്തുക മാത്രമേ കരണീയമായിട്ടുള്ളു എന്നും ലോകം കരുതി. ആ ഉദാസീന മനോഭാവത്തിനു് ഇന്നിതാ ഉലച്ചിൽ തട്ടിയിരിക്കുന്നു. ഈ ലോകത്തിലെ വിഭവങ്ങരം എല്ലാ മനുഷ്യർക്കും തുല്യമായി അവകാശപ്പെട്ടതാണെന്നും, ഏതു തത്ത്വസംഹിതയുടെ പേരിലായാലും ആ അവകാശത്തെ നിഷേധിച്ചാൽ ലോകത്തെ നശിപ്പിക്കുമെന്നും ഉള്ള മുറവിളി എല്ലാ രാജ്യങ്ങളിലും മുഴങ്ങിത്തുടങ്ങിയിരിക്കുന്നു. അതിൻെറ പേരിൽ അങ്കക്കലികൊണ്ടു് അതിഭയങ്കരമായ കലാപങ്ങളും നടക്കുന്നു. ജനപ്പെരുപ്പം ഈ പ്രവണതയെ കൊടുമ്പിരിക്കൊള്ളിക്കുമെന്നുള്ളതു് തീർച്ചയാണ്.

ജനസംഖ്യാ പ്രശ്നത്തിൻെറ കാര്യത്തിലും ഇതുപോലെയുള്ള ഒരു യുക്തിവിചാരം സാദ്ധ്യമാണ്. സത്യമാലോചിച്ചാൽ കാമവികാരമാണു് അതിൻെറ മൂലകാരണമെന്നു കാണാം. അതില്ലെങ്കിൽ ഉയർന്ന ജന്തുക്കളുടെ കാര്യത്തിലെങ്കിലും പ്രത്യുൽപ്പാദന കർമ്മത്തിനു് പ്രേര

Digitized by Kerala Sahitya Akademi

ണയില്ല. അതും ''പ്രാണികലത്തിൽ പ്രകൃതിജഭാവ'' മാണു്. എന്നല്ല, അതു് ജീവിതത്തിനു് മാധുര്യവും പ്രസാദവും നൽകുകയും ചെയ്യുന്നു. അതിനെ കീഴടക്കണമെന്നും, കുറഞ്ഞപക്ഷം നിയന്ത്രിക്കുകയെങ്കിലും ചെയ്യണമെന്നും ഉള്ള ഉപദേശവും ചരിത്രത്തിൻെറ ആരംഭം മുതൽക്കു കേട്ടിട്ടുള്ളതാണു്. പക്ഷേ നടപ്പില്ലാത്ത കാര്യമെന്നുപറഞ്ഞു് ഈ ഉപദേശത്തെയും ലോകം വിഗണിച്ചു. സംയമനമെന്നും ആത്മനിയന്ത്രണമെന്നും പറഞ്ഞാൽ മനുഷ്യർ പുച്ഛരസത്തിൽ ചിരിക്കുമെന്നുള്ള നില പോലും വന്നിരിക്കുന്നു. എന്നല്ല, കലയുടെ പേരിലും വിനോദത്തിൻെറ പേരിലും വ്യവസായത്തിൻെറ പേരിലും ഈ മൃഗീയവാസനയുടെ മുതലെടുക്കുകയും ചെയ്തുവരുന്നു. അങ്ങനെ ലളിതമായ ഈ കാരണത്തിൽ നിന്നു് ആററംബോംബിനേയും ഹൈഡ്രജൻ ബോംബിനേയുംകാൾ ഭയാനകമായ ജനപ്പെരുപ്പബോംബും ഉണ്ടായിരിക്കുന്നു. അതിൻെറ വഴുത്തിരിയിൽ തീ പിടിക്കുകയും ചെയ്തിരിക്കുകയാണു്. ഇതു കണ്ടിട്ടാണു് പുച്ഛിച്ചു നിന്നവർപോലും, ജന്മവാസനയെ ജയിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ അതിൻെറ പ്രയോഗമാർഗ്ഗത്തിൽ നിരോധം സ്ഥാപിച്ചെങ്കിലും ലോകത്തെ സമ്പൂർണ്ണ വിനാശത്തിൽ നിന്നു് രക്ഷിക്കുവാനുള്ള ശ്രമം തുടങ്ങിയിരിക്കുന്നതു്. ലോകവ്യാപകമായിസമാരംഭിച്ചിരിക്കുന്ന ഈ മഹോദ്യമം വിജയിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കാം. ഇന്നത്തെ നിലയിൽ അതു മാത്രമേ പ്രത്യാശയ്ക്കു വക തരുന്നുള്ളു.

ഈ വിചിന്തനത്തിൻെറ അർത്ഥസൂചനയും അത്യന്തം ലളിതമാകുന്നു. മനുഷ്യൻ ജന്തുലോകത്തിൽ നിന്നു് ഉൽഭവിച്ചവനാണു്; സംശയമില്ല. പക്ഷേ അവൻ സ്വവർഗ്ഗത്തിൻെറ ഭാഗധേയനിയന്ത്രണം പ്രകൃതിക്കു വിടാതെ

Digitized by Kerala Sahitya Akademi

സ്വയം ഏറ്റെടുത്ത നിമിഷം മുതൽക്കു് ജന്മവാസനകളെ ജയിക്കേണ്ടതു് അനപേക്ഷണീയമായിത്തീർന്നു. ഇതു പ്രായോഗികമോ അപ്രായോഗികമോ എന്നതല്ല, ഈ വസ്തുതയെ അംഗീകരിക്കുമോ ഇല്ലയോ എന്നതാണ് ഈ ചരിത്ര സന്ധിയിൽ മനുഷ്യരാശിയുടെ മുമ്പിലുള്ള ചോദ്യം. കാമകാഞ്ചന ത്യാഗം എന്ന ആദർശത്തിനു് ഇത്രത്തോളം അർത്ഥവും പ്രസക്തിയുമുള്ള ഒരു കാലം ഇന്നുവരെ ഉണ്ടായിട്ടില്ല.

Digitized by Kerala Sahitya Akademi

# ശിശുഹത്യ, യൂറോപ്പിൽ

രാമായണവും മഹാഭാരതവും സ്ത്രീജന്മത്തെക്കുറിച്ചുള്ള ഇതിഹാസങ്ങളാണെന്ന് പറയാറുണ്ട്. ആദ്യത്തേത് ഭാര്യയായ സ്ത്രീയെക്കുറിച്ചും രണ്ടാമത്തേത് മാതാവായ സ്ത്രീയെക്കുറിച്ചും. ഒന്ന് സീതയുടെയും മററത്ത് കുന്തിയുടെയും കഥയാണെന്ന് ചുരുക്കം. ഈരണ്ടു പുരാണകഥകളിലും പെററ കുഞ്ഞിനെ ഉപേക്ഷിക്കുന്ന പ്രമേയം അന്തർഭവിച്ചിട്ടുണ്ട്.

ജനകമഹാരാജാവിന് ഉഴവുചാലിൽ നിന്നുകിട്ടിയ കുട്ടിയാണ് സീത. അവളെ പ്രസവിച്ച മാത്രയിൽതന്നെ മാതാവ് ഉപേക്ഷിച്ചതാണെന്ന് സ്പഷ്ടം. ഇന്നും ബീഹാർ സംസ്ഥാനത്തിലെ പർവതപ്രദേശങ്ങളിൽ പെൺകുഞ്ഞുങ്ങളെ ഇങ്ങനെ മാതാപിതാക്കന്മാർ തന്നെ കാട്ടിൽ കളയാറുണ്ടെന്നു പറയുന്നു. മരണത്തിൻെറ വക്ത്രത്തിൽ നിന്ന് ജനകൻ രക്ഷിച്ച ഈ പെൺകുട്ടിയുടെ ജീവിതാനുഭവങ്ങളാണ് വാല്മീകി വർണ്ണിക്കുന്നത്. അവളുടെ അമ്മയെപ്പററി നാം ഒന്നും അറിയുന്നില്ല. നിഷ്ഠുരണയായ ആ മാതാവിനെ ആദികവി തൻെറ കലയുടെ യവനികയ്ക്കു പിന്നിൽ മറച്ചു നിർത്തിയിരിക്കുകയാണ്.

വിവാഹത്തിനു മുമ്പ് മാതാവായിത്തീർന്ന കുന്തിയുടെ ദുരിതാനുഭവങ്ങളാണ് വ്യാസൻ വർണ്ണിക്കുന്നത്.

Digitized by Kerala Sahitya Akademi

കന്യകയായിരുന്നപ്പോഠം ആദിത്യനുമായുണ്ടായ വേഴ്ച യിൽനിന്നു ജനിച്ച പൊന്നോമനക്കുഞ്ഞിനെ ആ പെററമ്മ ഒരു പെട്ടിയിൽവച്ച് പുഴയിലൊഴുക്കി. ദൈവഗത്യാ രക്ഷപ്പെട്ട ആ ആൺകുഞ്ഞാണ് വീരോത്തംസമായ കർണ്ണൻ. മനുഷ്യോചിതമല്ലാത്ത പ്രവൃത്തിയാണ് കുന്തി ചെയ്തതു്.

രുജയാൻമകം കനിഞ്ഞു തൻ
പ്രജയെപ്പോററു മൃഗമ്പു പോലുമേ

എന്ന പ്രകൃതി ധർമ്മത്തെ ലംഘിച്ചതിനു് അവളെ കാവ്യനീതിയുടെ മുമ്പിൽ നിർത്തി ശിക്ഷിക്കുവാനല്ലെ വ്യാസൻ മഹാഭാരതം എഴുതിയതെന്നു കൂടി സംശയിക്കണം.

ഇങ്ങനെ ഇന്ത്യയിൽ രണ്ടു ഇതിഹാസകാവ്യങ്ങഠംക്കു് വിഷയമായ ഈ ഘോരകൃത്യം—അപത്യനിരാസം_ യൂറോപ്പിൽ പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിൽ സർവസാധാരണമായിരുന്നു എന്നു വിലിയം ലാൻഗർ എന്ന പണ്ഡിതൻ പ്രസിദ്ധമായ ഒരു ശാസ്ത്രീയ മാസികയിൽ പ്രമാണ സഹിതം പ്രസ്താവിച്ചിരിക്കുന്നു. 1750 മുതൽ നൂറുവർഷത്തിനിടയ്ക്കു് യൂറോപ്പിലെ ജനസംഖ്യ ഏകദേശം ഇരട്ടിക്കുകയുണ്ടായി. 1400 ലക്ഷത്തിൽ നിന്നു് 2650 ലക്ഷമായി അതു വർദ്ധിച്ചു. ഈ കാലഘട്ടത്തിലാണു് തോമസ് മാഠത്തസ് ജീവിച്ചിരുന്നതു്. അദ്ദേഹം തൻെറ വിശ്രുതമായ പ്രബന്ധത്തിലൂടെ ജനപ്പെരുപ്പത്തിൻെറ ആപത്തിനെക്കുറിച്ച് ലോകത്തിനു് താക്കീതു നൽകി. അതിനു മുമ്പുതന്നെ സന്താന ഭാരത്തിൻെറ മഹാദുരിതത്തെക്കുറിച്ച് പശ്ചിമയൂറോപ്പിലെ ജനങ്ങഠം പരിഭ്രാന്തരായിത്തീർന്നിരുന്നു എന്നും ആപത്തിൽ നിന്നുള്ള പോംവഴിയായി വൻതോതിലുള്ള ശിശുഹത്യയ്ക്കു് അവർ സന്നദ്ധരായി എന്നും ലാൻഗർ മേല്പറഞ്ഞ പ്രബന്ധത്തിൽ ചൂണ്ടിക്കാണിക്കുന്നു. പ്രസക്തഭാഗം ഉദ്ധരിക്കാം:

Digitized by Kerala Sahitya Akademi

''പ്ലേറോയും അരിസ്റ്റോട്ടിലും മററു പ്രാചീന ചിന്തകന്മാരും ഗർഭഛിദ്രവും ശിശുഹത്യയും അംഗീകരിച്ചിട്ടുണ്ട്. സമുദായത്തിൽ നിന്നു് അംഗഭംഗവും രോഗവും ഉള്ള ശിശുക്കളെ നീക്കം ചെയ്യുന്നതിനും, ജനസംഖ്യയെ നിയന്ത്രിക്കുന്നതിനും അവർ ശിശുഹത്യ ശുപാർശ ചെയ്തു. പിറവിയിൽതന്നെ ശിശുക്കളെ ഉപേക്ഷിക്കുന്ന സമ്പ്രദായം ആധുനിക കാലത്തുപോലും പല സമുദായങ്ങളും സ്വീകരിച്ചിരുന്നു എന്നുള്ളത് പ്രസിദ്ധമാണ്. പക്ഷേ പാശ്ചാത്യ സംസ്കാരത്തിൽ ശിശുഹത്യയുടെ നിലനില്പ് എത്രത്തോളം ഉണ്ടായിരുന്നു എന്ന വസ്തുതയാണ് പൊതുവെ അത്രവളരെ അറിയപ്പെട്ടിട്ടില്ലാത്തതു്. ഇംഗ്ലണ്ടിൽ **1878**-ൽ പോലും ആകെയുള്ള ദുർമരണങ്ങളിൽ ആറുശതമാനത്തോളം ശിശുഹത്യകളുടെ കൂട്ടത്തിൽ പെടുന്നവയായിരുന്നു എന്നു കാണുന്നു.

''ശിശുഹത്യയ്ക്കുള്ള എളുപ്പമാർഗ്ഗങ്ങളിൽ ജിൻ (ഒരു തരം ചാരായം), മയക്കമരുന്നുകൾ എന്നിവ കൊടുക്കുന്ന ഉപായം ഉൾപ്പെട്ടിരുന്നു. പട്ടിണിക്കിടുകയും കഴുത്തു ഞെരിച്ചു ശ്വാസം മുട്ടിക്കുകയും സാധാരണമായിരുന്നു. മുടി ചീകുന്ന ബ്രഷ്കൊണ്ടു് തലയോടുപൊട്ടിച്ചുകൊന്ന ശിശുക്കളുടെ കഥയും അജ്ഞാതമല്ല. വളരെ പ്രചാരത്തിലുണ്ടായിരുന്ന ഒരു എളുപ്പവിദ്യ മാതാപിതാക്കളുടെ കൂടെ കട്ടിലിൻ കിടക്കുന്ന കുഞ്ഞിന്റെ പുറത്തുകിടന്നു് അതിനെ ഞെരുക്കിക്കൊല്ലുക എന്നതായിരുന്നു. മററൊരുവിദ്യയാണു് അപത്യ നിരാസം. ഇങ്ങനെ ഉപേക്ഷിക്കപ്പെട്ട ശിശുക്കൾ തണുപ്പുതട്ടി മരവിച്ചും പട്ടിണിമൂലവും ക്ഷണേന മരിക്കുകയായിരുന്നു പതിവു്.''

പതിനെട്ടാം നൂററാണ്ടിൽ ലണ്ടനിലെയും മററു വലിയ പട്ടണങ്ങളിലെയും തെരുവുകളിലും ചാണകക്കുന

Digitized by Kerala Sahitya Akademi

കളിലും മനുഷ്യശിശുക്കളുടെ മൃതദേഹങ്ങൾ കാണുന്നതു് അസാധാരണമല്ലായിരുന്നു. 1756-ൽ തോമസ് കൊറാം എന്നൊരു മുൻനാവികോദ്യോഗസ്ഥൻ ഉപേക്ഷിക്കപ്പെട്ട ശിശുക്കളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ആശുപത്രി തുടങ്ങി. അവിടെ സ്ഥാപിച്ചിരുന്ന മണികെട്ടിയ ഒരു കുട്ടയിൽ കുട്ടികളെ നിക്ഷേപിച്ചിട്ടു് അമ്മമാർക്കു് കടന്നു കളയുവാൻ സൗകര്യമുണ്ടായിരുന്നു. ആശുപത്രി തുടങ്ങി നാലുകൊല്ലത്തിനിടക്കു് പതിനയ്യായിരം ശിശുക്കളെ അവിടെ സ്വീകരിക്കുകയുണ്ടായി എന്നു് കണക്കുണ്ടു്. ഇത്ര വളരെ കുഞ്ഞുങ്ങൾക്കു മുലപ്പാലുകൊടുക്കാൻ സ്ത്രീകളില്ലായിരുന്നതുകൊണ്ടു് ഈ ശിശുക്കൾ ആയിരക്കണക്കിൽ മരിച്ചു. ആകെ വന്നതിൽ 4,400 എണ്ണം മാത്രമേ കൗമാര പ്രായത്തിൽ എത്തിയുള്ളു. ബ്രിട്ടീഷ്പാർലമെൻറിനു് ഇതുമൂലം അഞ്ചുലക്ഷം പവൻ ചെലവുണ്ടാവുകയും അതു് ദുർവഹമെന്നു് കാണുകയാൽ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും ശിശുക്കളെ സ്വീകരിക്കുന്ന പരിപാടി ഉപേക്ഷിക്കുകയും ചെയ്തു. ലണ്ടൻ നഗരത്തിൽ അതിനുശേഷവും ശിശുക്കളെ സംരക്ഷിക്കുന്നതിനു് സൗകര്യമുണ്ടായിരുന്നെങ്കിലും നാട്ടിൻപുറങ്ങളിലെ കാര്യം വലിയ കഷ്ടമായി. അവിടെ ഇടവകക്കാർ ഏർപ്പെടുത്തിയ ''വർക്കു് ഹൗസ്'' എന്ന സ്ഥാപനങ്ങളാണു് ശിശുക്കളെ സ്വീകരിച്ചിരുന്നതു്. ഈ സ്ഥാപനങ്ങളിൽ വരുന്നശിശുക്കളിൽ നൂറുക്കു നൂറും മരിക്കുകയായിരുന്നുവത്രെ പതിവു്. ''ശിശുക്കളുടെ കശാപ്പുശാലകൾ'' എന്നു് അവയ്ക്കു് പേരും കിട്ടി. അവിടെ ശമ്പളക്കാരായപരിചാരികമാരാണു് കുട്ടികളെ നോക്കിവന്നതു്. ഈ സ്ത്രീകൾ എല്ലാവരാലും വെറുക്കപ്പെടുകയും കൊലയാളികളെന്നും കശാപ്പുകാരികളെന്നും വിളിക്കപ്പെടുകയും ചെയ്തു. കൈയ്യിൽ കിട്ടിയ ഒരു

Digitized by Kerala Sahitya Akademi

ശിശുവിനെയും തങ്ങളുടെ ശുശ്രൂഷയെ അതിജീവിക്കു വാൻ അവർ അനുവദിച്ചിരുന്നില്ല!

പത്തൊൻപതാം നൂററാണ്ടിൽ ശിശുഹത്യ ഇംഗ്ല ണ്ടിൽ പിന്നെയും വർദ്ധിക്കുകയുണ്ടായി. പൊതുജനങ്ങളു ടെ സഹതാപം മുഴുവനും ഹതഭാഗ്യരായ അമ്മമാരുടെ നേർക്കായിരുന്നു. അവരിൽ അധികവും വലിയ വീടുക ളിലെ വേലക്കാരികളും, ജീവിക്കുവാൻ നിവൃത്തിയില്ലാ ത്തതുകൊണ്ടു് വേശ്യാവൃത്തിക്കു വശംവദരായ തൊഴി ലാളി സ്ത്രീകളും ആയിരുന്നു എന്നു കാണുന്നു. 1861–71 കാലത്തെ ലണ്ടൻ പത്രങ്ങളിൽ നിന്നു് അന്നു നിലവി ലിരുന്ന വൻതോതിലുള്ള ശിശുഹത്യയെക്കുറിച്ചു് ആ രെയും ഞെട്ടിപ്പിക്കുന്ന വിവരങ്ങാം ലഭ്യമാണു്. ചത്ത പട്ടിയെയും പൂച്ചയെയുംകാറം കൂടുതലായ പ്രാധാന്യമൊ ന്നും ശിശുക്കളുടെ മൃതദേഹങ്ങാംക്കു് പോലീസുകാർ കൽ പിച്ചിരുന്നില്ല. ശിശുഹത്യ '' ഒരു ദേശീയ പ്രസ്ഥാനമാ യിത്തീരുകയാണെന്നുള്ളതിനു് സംശയമേയില്ല'' എന്നാ ണു് 23–6–1863 ലെ മോർണിങ്ങ് സ്റ്റാർ എന്ന പത്രം എഴുതിയതു്.

അതു് വ്യവസായങ്ങാം പുഷ്ടിപ്രാപിച്ചു തുടങ്ങിയ കാലമായിരുന്നു. തൊഴിലാളി സ്ത്രീകറം തങ്ങളുടെ കുഞ്ഞു ങ്ങളെ കൂലിവാങ്ങുന്ന പരിചാരികമാരെ ഏൽപിച്ചിട്ടു് ജോലിക്കു പോവുകയും, അക്കൂട്ടർ മയക്കുമരുന്നു കൊടുത്തു് കുട്ടികളെ ഉറക്കുകയും ചെയ്തുവന്നു. പക്ഷേ, ആ ഉറക്കത്തിൽ നിന്നു് കുഞ്ഞുങ്ങാം പിന്നെ ഉണരുക പതിവില്ലായിരുന്നു. ഈ പ്രയോഗത്തിനു് കറുപ്പും മധുരപദാർത്ഥങ്ങളും ചേർത്തു ണ്ടാക്കിയ ഒരു ഔഷധം വളരെയധികം പ്രചാരം നേടി. ലണ്ടനിൽ മാത്രം ഇതു് ആഴ്ചയിൽ പത്തു ഗ്യാലൻ വീതം വിൽക്കപ്പെട്ടിരുന്നതായി കണക്കുണ്ടു്. പത്തു ഗ്യാലൻ

Digitized by Kerala Sahitya Akademi

12,000 ശിശുക്കളെ കൊല്ലുവാൻ മതിയാകും. ഫ്രാൻസിലും, ജെർമ്മനിയിലും, റഷ്യയിലും എല്ലാം അക്കാലത്തു് ഇതേ അളവിലും, ചിലപ്പോഠം കൂടുതലായും, ശിശുഹത്യ നടന്നു വന്നു. പാരിസ്സിലെ ശിശുകേന്ദ്രങ്ങളിൽ ഏൽപിക്കുവാൻ പുറം ദിക്കുകളിൽ നിന്നു് കുട്ടികളെ കൊണ്ടുപോകുന്നതു് നിത്യത്തൊഴിലാക്കിയിരുന്ന പല സ്ത്രീകളുടെയും കഥകഠം പ്രസിദ്ധമാണു്. ഇങ്ങനെ കൊണ്ടുപോയ ''ഉരു''ക്കളിൽ ഭൂരിപക്ഷവും ജീവനോടെയല്ല ലക്ഷ്യസ്ഥാനത്തു് എത്തിയതു്. 18–ാം നൂററാണ്ടിൻെറ അവസാനദശയിലും, 19–ാം നൂററാണ്ടിൻെറ ആരംഭകാലത്തും ശിശുഹത്യ വളരെ അധികം വർദ്ധിക്കുകയുണ്ടായി. ഫ്രാൻസിലെ ശിശുഹത്യകളുടെ കണക്കു നോക്കുക: **1784–40,000, 1822-1,38,000.**

ഇതേപ്പററി സമകാലീന സാഹിത്യത്തിലും പത്രങ്ങളിലും ധാരാളമായ പരാമർശങ്ങഠം കാണാവുന്നതാണു്. എമിലി ബ്രോണ്ടി (1818–1848) എഴുതിയ ''വതറിങ് ഹൈററു്സ്''' എന്ന വിശ്രുത നോവലിലെ കഥാനായകനായ ഹീത്ത്ക്ലിഫ് ഇങ്ങനെ വഴിയിൽ നിന്നു കിട്ടിയ കുട്ടിയാണു്. പ്രസ്തുത ഗ്രന്ഥം ആദ്യം വായിച്ചപ്പോഠം ഇതു് അവിശ്വസനീയമായി തോന്നിയതോർക്കുന്നു. ആധുനിക പരിഷ്കാരത്തിൻെറ–മാനുഷിക മൂല്യങ്ങളുടെ –പുണ്യഭൂമിയായ ഇംഗ്ലണ്ടിൽ ഒരു മനുഷ്യശിശുവിനെ വഴിയിൽ കളയുകയോ? പക്ഷേ എമിലി ബ്രോണ്ടി ഒരു സാധാരണ സംഭവം പോലെയാണു് അക്കഥ വിവരിച്ചിരിക്കുന്നതു്. ഏതായാലും പില്ക്കാലത്തു് ഇത്തരം ക്രൂരതയുടെ കഥകളെല്ലാം വിസ്മൃതമായി. പാശ്ചാത്യസംസ്കാരം മനുഷ്യ ജീവിതത്തിൻെറ പവിത്രതയെ അങ്ങേയററം മാനിക്കുന്ന വ്യവസ്ഥിതിയായി വാഴ്ത്തപ്പെടുവാ

Digitized by Kerala Sahitya Akademi

നം തുടങ്ങി. ഇന്ന് ശിശുഹത്യയെന്നല്ല, അയൽപക്കത്തെ കുട്ടികളെ അവരുടെ മാതാപിതാക്കന്മാർ അടിക്കുന്നതു പോലും അവിടെയുള്ളവർ സഹിക്കുകയില്ല. അതേക്കുറിച്ച് പരാതിപ്പെടുവാൻ ഏതു പൗരനും അവകാശമുണ്ട്. ജന്തുക്കളുടെ നേർക്കുള്ള ക്രൂരതയെപ്പോലും തടയുന്നതിന് ലോകപ്രസിദ്ധമായ സംഘടനകളും സ്ഥാപിച്ചിരിക്കുന്നു,

പൗരസ്ത്യ ജനങ്ങളെ മനുഷ്യത്വം പഠിപ്പിച്ച് പരിഷ്കരിച്ചു എന്ന ബഹുമതി ചരിത്രകാരന്മാർ പാശ്ചാത്യ രാജ്യക്കാർക്ക് നൽകാറുണ്ട്. അവരുടെ ലോകപര്യടനങ്ങളുടെയും സാമ്രാജ്യ സ്ഥാപനത്തിന്റെയും കോളണി ഭരണത്തിന്റെയും ഗുണവശം ഇതാണെന്നാണ് അവരും, ചിലപ്പോൾ മറ്റുള്ളവരും, പറയുന്നത്. ഇന്ത്യയിലാണെങ്കിൽ എത്രയോ നൂറ്റാണ്ടുകളായി നിലനിന്ന കിരാതത്വങ്ങളിൽ നിന്ന് നമ്മെ ഉദ്ധരിച്ചത് അവരാണെന്ന് നാം ഐകകണ്ഠ്യേന വാഴ്ത്തുന്നു. ഇരുണ്ട യുഗങ്ങൾക്ക ശേഷം അവരുടെ രാജ്യത്ത് മാനുഷികമൂല്യങ്ങൾ തഴച്ചുവളരുകയായിരുന്നു എന്നും നാം വിശ്വസിക്കുന്നു. ഇന്ത്യാവൈസ്റോയി ആയിരുന്ന ബെൻറിക്ക് പ്രഭു വിധവകളുടെ ഉടന്തടി ചാട്ടം നിരോധിച്ചത് അദ്ദേഹം ജനിച്ചു വളർന്ന സംസ്കാരത്തിന്റെ മഹിമയെയാണ് തെളിയിക്കുന്നതെന്ന് ഞങ്ങൾ സ്കൂൾവിദ്യാർത്ഥികളായിരുന്നപ്പോൾ പഠിച്ചതോർക്കുന്നു. 1829-ലാണ് ആ നിരോധനം ഉണ്ടായത്. അന്ന് ഇന്ത്യയിൽ വിധവകൾ ഭർത്താക്കന്മാരുടെ ചിതയിൽ ചാടി ആത്മാഹുതി ചെയ്തിരുന്നു എന്ന വസ്തുത ഓർമ്മിക്കുമ്പോൾ സങ്കടം തോന്നുന്നു. എന്നാലും, അടുത്തകാലത്ത് വിയറ്റ്നാം യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ, അവിടുത്തെ ചില ബുദ്ധഭിക്ഷുക്കൾ ദേഹത്ത് പെട്രോളൊഴിച്ച് തീകൊളുത്തി നടത്തിയ ആത്മാഹുതിയേക്കാൾ ഹീനമോ

Digitized by Kerala Sahitya Akademi

നീചമോ, അപരിഷ്കൃതമോ ആയി ആ നടപടിയെ കരുതേണ്ടതില്ല. പക്ഷേ അക്കാലത്ത് യൂറോപ്പിൽ, വിശേഷിച്ചും ബെൻറിക്കിൻെറ ജന്മഭൂമിയായ ഇംഗ്ലണ്ടിൽ, നിലവിലിരുന്ന വൻതോതിലുള്ള ശിശുഹത്യയെപ്പററി എന്തു വ്യാഖ്യാനമാണ് നൽകുക?

ഏകദേശം 1760 മുതൽക്ക് യൂറോപ്പിലുണ്ടായ ജനപ്പെരുപ്പം ആധുനിക ചരിത്രത്തിലെ ഏററവും വലിയ വിപത്തായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഇതാണ് മാൽത്തസ്സിനെ വെളറി പിടിപ്പിച്ചത്. യുദ്ധങ്ങളും ക്ഷാമങ്ങളും പകർച്ചവ്യാധികളുമെല്ലാം ജനസംഖ്യയെ നിയന്ത്രിക്കുന്നതിൽ സമർത്ഥമായ പങ്കുവഹിച്ചെങ്കിലും അതുകൊണ്ടും ഭയം നീങ്ങായ്കയാൽ വൻതോതിലുള്ള അപത്യനിരാസവും, ശിശുഹത്യയും, നിർബന്ധിത ബ്രഹ്മചര്യവും, അവിടത്തെ ജനങ്ങൾ സ്വീകരിക്കുകയുണ്ടായി, മനുഷ്യത്വവും ഭൂതദയയും സന്താന വാത്സല്യവും വിസ്മരിക്കപ്പെട്ടു. ജനപ്പെരുപ്പത്തിൻെറ ഭീഷണി മുറുകുമ്പോൾ ജനങ്ങൾ എന്തൊക്കെ ചെയ്യുമെന്ന് പ്രവചിക്കുവാൻ സാധ്യമല്ല. ഭാഗ്യവശാൽ അമേരിക്കയിൽ നിന്നു കൊണ്ടുവന്ന ഉരുളക്കിഴങ്ങിൻെറയും ചോളത്തിൻെറയും വിപുലമായ കൃഷിയും ആ പുതിയ ഭൂഖണ്ഡത്തിലേക്കുണ്ടായ കൂട്ടത്തോടെയുള്ള കുടിയേററവും, കൂടുതൽ ദുരിതങ്ങളിൽ നിന്ന് യൂറോപ്പിനെ രക്ഷിച്ചു. ഇപ്പറഞ്ഞ പുതുവിളകൾ ഭക്ഷ്യോൽപാദനത്തെ 25–30 ശതമാനം വർദ്ധിപ്പിച്ചു എന്നാണ് കണക്കാക്കപ്പെടുന്നത്. ഏതായാലും നെപ്പോളിയൻെറ പടയോട്ടങ്ങൾക്കും അവസാനത്തെ പരാജയത്തിനും ശേഷം ഏറെക്കുറെ ശാന്തമായിത്തീർന്ന യൂറോപ്പിൽ ജനസംഖ്യ വീണ്ടും വർദ്ധിച്ചെങ്കിലും ഈ രക്ഷാമാർഗ്ഗങ്ങൾ ലഭിച്ചതുകൊണ്ട് മനുഷ്യസ്വഭാവത്തിനുതന്നെ മാററം വന്നതായി കരുതേണ്ടിയിരിക്കുന്നു.

Digitized by Kerala Sahitya Akademi

# ഭാവി അപകടത്തിൽ

1970 ഏപ്രിൽ മാസത്തിൽ അമേരിക്കയിലെ കാലിഫോർണിയാ സംസ്ഥാനത്ത് ഒരു സംഘം വിദ്യാർത്ഥികൾ നാടകീയമായ ഒരു പ്രകടനം നടത്തി. ''മനുഷ്യൻെറ കൈയേററങ്ങളിൽ നിന്നു് ഭൂമിയെ രക്ഷിക്കുക'' എന്ന മുദ്രാവാക്യം മുഴക്കി ആ രാജ്യത്താകെ ഒരാഴ്ചക്കാലത്തെ പ്രതിഷേധം ആചരിച്ചതിനിടക്കുണ്ടായ സംഭവമാണ്. സാൻജോസ് സ്റ്റേററു കോളേജിലെ വിദ്യാർത്ഥികൾ സംഘടിച്ചു് 2500 ഡോളർ (18,000 രൂപ) വില കൊടുത്തു് ഒരു പുതിയ കാറു വാങ്ങി വലിയ ആഘോഷത്തോടെ കോളേജ് വളപ്പിൽ കുഴിച്ചിട്ടു. മോട്ടാർകാറു് അമേരിക്കൻ സംസ്കാരത്തിൻേറയും വ്യവസായവൽക്കരണത്തിൽ അധിഷ്ഠിതമായ ആധുനിക വ്യവസ്ഥിതിയുടേയും പ്രതീകമാണെന്നു് പ്രഖ്യാപിക്കുന്നതിനുവേണ്ടി ചെയ്ത പ്രവൃത്തിയാണിതു്. പക്ഷെ നീഗ്രോജാതിക്കാരായ വിദ്യാർത്ഥികൾ ഈ പ്രകടനത്തെ പിക്കററ് ചെയ്തു. കാറു് വാങ്ങുന്നതിന്നു വേണ്ടി ചെലവാക്കിയ പണം സ്വവർഗക്കാരുടെ നരകതുല്യമായ താമസസ്ഥലങ്ങൾ നന്നാക്കുന്നതിന്നു ഉപയോഗിക്കാമായിരുന്നു എന്നാണ് അവർ വാദിച്ചതു്. അതുകൊണ്ടു് ഫലമൊന്നുമുണ്ടായില്ല. പ്രതിഷേധ പരിപാടി ഉദ്ദേശിച്ചതു പോലെ നടത്തപ്പെട്ടു.

Digitized by Kerala Sahitya Akademi

പരിസര ദൂഷണത്തെപ്പററി ഇന്നു് പിൻകിട രാജ്യങ്ങളിലുള്ള അഭിപ്രായഗതി ഏറക്കുറെ ഈ നീഗ്രോവിദ്യാർത്ഥികരം സ്വീകരിച്ചതു തന്നെയാണ്. 1972 ജൂൺ മാസത്തിൽ സ്റ്റോക്ക്ഹോമിൽ നടന്ന ഐക്യരാഷ്ട്രസമ്മേളനത്തിൽ വികസ്വര രാജ്യങ്ങളെല്ലാം ഏകസ്വരത്തിൽ അതു് പ്രകടിപ്പിക്കുകയുണ്ടായി. ''പഞ്ചസാരപ്പാൽപ്പായസത്തിൻെറ കയ്പു് അടിയനും ഇഷ്ടമാണെ''ന്നു് പണ്ടൊരു അടിമക്കിടാത്തൻ പറഞ്ഞ അഭിപ്രായം തന്നെ! ശാസ്ത്രവിദ്യയുടെയും വ്യവസായവിപ്ലവത്തിൻെറയും ഗുണങ്ങളൊന്നും തങ്ങരംക്കു് ഇതുവരെ അനുഭവിക്കാൻ സാധിച്ചിട്ടില്ല. അതു് അല്പാല്പമായി ലഭിച്ചേക്കുമെന്നു തോന്നിത്തുടങ്ങിയ സന്ദർഭത്തിലാണ് വ്യവസായപരിഷ്ക്കാരത്തിന്നു് എതിരായുള്ള മുറവിളി ആരംഭിച്ചിരിക്കുന്നതു്. അതിൽ സത്യമുണ്ടോ ആത്മാർത്ഥതയുണ്ടോ എന്നു പോലും പ്രസ്തുത രാജ്യങ്ങളിലെ സാമാന്യജനങ്ങരം സംശയിക്കുന്നുണ്ടാവണം.

വികസിത രാജ്യങ്ങളിലെ സ്ഥിതി ഇതിലും വിചിത്രമാണു്. അവിടത്തെ സാമൂഹിക വ്യവസ്ഥിതിയുടെ സൂത്രധാരന്മാരായ വ്യവസായ പ്രമുഖന്മാരും രാഷ്ട്രീയക്കാരും ആപത്തുണ്ടെന്നു സമ്മതിക്കുന്നു. പക്ഷെ അതിനുള്ള പോംവഴി പുരോഗതിയെ മുടക്കുകയല്ല. ശാസ്ത്രവിദ്യയിലൂടെത്തന്നെ അതിന്നു് പരിഹാരം കണ്ടെത്തുവാൻ സാധിക്കും-സാധിക്കണം. അതിലേക്കു വേണ്ടിയുള്ള തീവ്രയത്നവും അവർ ആരംഭിച്ചു കഴിഞ്ഞു. എല്ലാവരും ശപിക്കുന്ന കാറുകളുടെ കാര്യം തന്നെ എടുക്കാം. 975—നു മുമ്പു് അവയിൽ നിന്നു വരുന്ന വിഷവാതകങ്ങളെ നിരുപദ്രവവസ്തുക്കളായി രൂപാന്തരപ്പെടുത്തി, പുറത്തു വിടുവാൻ കഴിവുള്ള ഉപകരണങ്ങരം വൻതോതിൽ നിർമ്മിക്കണെ

Digitized by Kerala Sahitya Akademi

മെന്നും, അവ ഘടിപ്പിക്കാത്ത പുതിയ കാറുകൾ വിൽക്കുവാൻ അനുവദിക്കുകയില്ലെന്നും അമേരിക്കൻ ഗവർമ്മേണ്ട് നിയമം ഉണ്ടാക്കിയിട്ടുണ്ട്. ഈ ഉപകരണം നിർമ്മിക്കുന്നതിൽ മർമ്മസ്ഥാനീയമായ പ്രാധാന്യമുള്ള ഒരു പദാർത്ഥമുണ്ട്. അതാണ് സ്വർണ്ണത്തേക്കാൾ വില പിടിച്ച പ്ലാററിനം എന്ന ലോഹം. അത് കരസ്ഥമാക്കുന്നതിനുള്ള പിടിയും വലിയും തുടങ്ങിക്കഴിഞ്ഞു. അതോടൊപ്പം തന്നെ ഇത്രയ്ക്ക് ധനവ്യയം ആവശ്യമില്ലാത്ത മററു വസ്തുക്കൾ കണ്ടു പിടിക്കാനും തിരക്കു പിടിച്ച ഗവേഷണം നടക്കുന്നു. അനേകം ശതം ശാസ്ത്രജ്ഞന്മാർ അതിൽ വ്യാപൃതരായിരിക്കുകയാണ്. ഏതായാലും പ്ലാററിനത്തിന്മേലാണ് അമേരിക്കൻ വ്യവസായ പ്രമുഖന്മാർ കണ്ണു വെച്ചിരിക്കുന്നത്. ഈ ലോഹത്തിൽ ഭൂരിഭാഗവും ദക്ഷിണാഫ്രിക്കയിലും സോവിയററ് യൂണിയനിലുമാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ഫോഡ്മോട്ടോർ കമ്പനി ദക്ഷിണാഫ്ററിക്കൻ ഖനി ഉടമകളുമായി കരാറിൽ ഏർപ്പെട്ടു കഴിഞ്ഞുവത്രെ. മററുള്ളവരുടെ നോട്ടം റഷ്യയിലേക്കാണ്. നിക്സൺൻെറ സന്ദർശനവും കഴിഞ്ഞിരിക്കുന്ന സന്ദർഭമാണല്ലോ. ഏതായാലും ആണ്ടുതോറും 100 ലക്ഷം പുതിയ കാറുകൾ വിൽക്കണം എന്ന ലക്ഷ്യത്തിൽ മാററമൊന്നുമില്ല. വാഹനങ്ങൾക്ക് വില കൂടുമെന്നുള്ളത് തീർച്ചയാണ്. ഓരോന്നിലും 1/10 ഔൺസ് പ്ലാററിനം നിക്ഷേപിക്കണം. എന്നാലും അക്കാരണത്താൽ വ്യവസായ പുരോഗതി മുടങ്ങുമെന്ന് ആരും ഭയപ്പെടുന്നില്ല. അതുപോയാൽ പിന്നെ അമേരിക്കയെവിടെ? അങ്ങനെ പരിസര ദൂഷണത്തെ ചൊല്ലിയുള്ള മുറവിളിയും അഭിവൃദ്ധിയെ ത്വരിപ്പിക്കുവാൻ മാത്രമാണ് അവസാനം പ്രയോജനപ്പെടുവാൻ പോകുന്നത്.

Digitized by Kerala Sahitya Akademi

അതിനിടയ്ക്കു് ലോകത്തിന്റെ ഭാവിയെപ്പററിയുള്ള വിചിന്തനങ്ങളംകളം പ്രതിപാദനങ്ങളംകളം മൂർച്ചയും ശക്തിയും കൂടി വരുന്നു. ജനപ്പെരുപ്പത്തെപ്പററി കുറച്ചുകാലമായി നിലവിലുള്ള ഭീതിയാണു് ഇവയ്ക്കു് അടിയന്തരസ്വഭാവം നല്കിയിരുന്നതു്. 1970–ലെ കണക്കനുസരിച്ചു് ഭൂമിയിൽ 363 കോടി ജനങ്ങളുണ്ടായിരുന്നു. മിനിട്ടുതോറും ലോകജനസംഖ്യ 138 വീതം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ വദ്ധിച്ചാൽ നൂറുകൊല്ലത്തിനിടയ്ക്കു് ഭൂമിയിൽ മനുഷ്യരുടെ എണ്ണം മൂന്നു പ്രാവശ്യം ഇരട്ടിക്കും. ഏ. ഡി. 2072–ൽ ലോകജനസംഖ്യ 2960 കോടി ആകുമെന്നർത്ഥം. ഇതു താങ്ങുവാൻ ഭൂമിക്കു കഴിയുമോ എന്നതാണു് ഇന്നു് പലരേയും വിഷമിപ്പിക്കുന്ന പ്രശ്നം. മൂവായിരം കോടിയൊന്നും ആകേണ്ട, ഈ നൂററാണ്ടിന്റെ അവസാനമാകുമ്പോഠം ഉണ്ടാകുവാൻ പോകുന്ന 700 കോടി ജനങ്ങളംക്കു് കുടിക്കാനുള്ള ശുദ്ധജലം പോലും ഭൂമിയിൽ ലഭിക്കുമോ എന്നു് ഒരു ശാസ്ത്രജ്ഞൻ സംശയിക്കുന്നു. അതിന്നുശേഷമല്ലേ ആഹാരത്തിന്റെ കാര്യം വരുന്നുള്ളു! ഇപ്പോഴത്തെ ഹരിത വിപ്ലവം കണ്ടു് വ്യാമോഹിച്ചു പോകരുതെന്നും അതുമൂലം ജനപ്പെരുപ്പത്തിന്നു് കുറവുവരുത്തുവാൻ ഏതാനും വർഷത്തെ സാവകാശം കൂടി കിട്ടി എന്നു മാത്രമെ കരുതാവൂ, എന്നും ഈ വിപ്ലവത്തിന്റെ ജനയിതാവായ നോർമ്മൻ ബോർലാഗുതന്നെ താക്കീതു ചെയ്തിരിക്കുന്നു.

പക്ഷേ ജനപ്പെരുപ്പത്തിന്റെ വിപത്തു ദീർഘദൃഷ്ടിയുള്ളവർ ആഗ്രഹിച്ചതുകൊണ്ടു് മാത്രം നീങ്ങിപ്പോവുകയില്ല. ഇന്നു് എല്ലാ രാജ്യങ്ങളിലും അതിനുവേണ്ടി കാര്യമായ യത്നം നടക്കുന്നുണ്ടു്. ഓരോ വ്യക്തിയും സ്വകാര്യജീവിതത്തിൽ അനുഷ്ഠിക്കേണ്ട നിയന്ത്രണ നടപടിയാകയാൽ സമൂഹത്തിന്റെ പ്രേരണയോ അനുശാസനമോ

Digitized by Kerala Sahitya Akademi

നിയമ നിർമ്മാണമോ കൊണ്ടൊന്നും ഇക്കാര്യത്തിൽ ഉദ്ദിഷ്ട ഫലങ്ങൾ ആശിക്കുന്ന സമയത്തു് കൈവരുത്തുവാൻ സാധ്യമല്ല. ദുർമ്മരണങ്ങളെ നിയന്ത്രിക്കുന്നതിന്നു് വൈദ്യശാസ്ത്രം വിജയപൂർവ്വം പരിശ്രമിക്കുവാൻ തുടങ്ങിയ കാലത്തു തന്നെ ജനന നിയന്ത്രണത്തിനും യത്നിച്ചിരുന്നെങ്കിൽ, കതിരിൽ വളം വെയ്ക്കുന്നതുപോലെയുള്ള ഇന്നത്തെ കുടുംബാസൂത്രണ പരിപാടികളുടെ കഴിവുകേടു് അനുഭവപ്പെടുകയില്ലായിരുന്നു.

ഇന്ത്യയിൽ 50 വർഷത്തിനിപ്പുറമാണു് ഭയാനകമായ ജനസംഖ്യാസ്ഫോടനം തുടങ്ങിയതു്. അതിനു മുമ്പ്— അതായതു് 1921—ൽ ഈ രാജ്യത്തെ ജനനനിരക്കു് ആയിരത്തിന്നു് 49—ം, മരണനിരക്കു് ആയിരത്തിന്നു് 48—ം ആയിരുന്നു (പ്രതിവർഷം). പക്ഷേ അന്നു് മലമ്പനി, മസൂരി, വിഷൂചിക, സന്നിപാതജ്വരം എന്നു തുടങ്ങിയുള്ള സാംക്രമിക രോഗങ്ങളെല്ലാം ജനങ്ങളുടെ ഇടയ്ക്കു നിത്യതാണ്ഡവം നടത്തിയിരുന്നു. അവയെ നിയന്ത്രിക്കുകയും നിരോധിക്കുകയും ഏറെക്കുറെ നിർമ്മാജ്ജനം ചെയ്യുകയും ചെയ്തതിന്റെ ഫലമായിട്ടാണു് ജനസംഖ്യക്കു് 30 വർഷത്തെ ഊഴമിട്ടുള്ള ഇരട്ടപ്പെരുക്കം ഉണ്ടായിരിക്കുന്നതു്. ഇന്നു് ജനനനിരക്കു് 39—ം മരണനിരക്കു് 14—ം ആയിരിക്കുന്നു. വ്യത്യാസം 50 വർഷം മുമ്പ് 1 (ഒന്നു്) ആയിരുന്നെങ്കിൽ ഇന്നു് 25 ആണു്. ഇങ്ങനെ തുറന്നു കിട്ടിയ വിടവിലൂടെയാണു് ജനസംഖ്യ കുതിച്ചു കയറുന്നതു്. ലോകത്തിൽ ആദ്യമായി കുടുംബാസൂത്രണം ഒരു ദേശീയ നയമായി സ്വീകരിച്ച രാജ്യം ഇന്ത്യയാണു്. ഈ വസ്തുതയിലും അതിന്റെ ഫലമായി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലും നമുക്കു തീർച്ചയായും അഭിമാനിക്കാമെങ്കിലും ഈ യത്നം വേണ്ടിടത്തോളം ഫലപ്രദമാകുന്നില്ല എന്നു് പറയാതെ തരമില്ല.

Digitized by Kerala Sahitya Akademi

ഇന്നു് പ്രത്യുല്പാദനത്തിൻെറ പ്രായപരിധിയിൽ നില്ക്കുന്ന ഭാരതീയരെ മുഴുവനും ഒരു പ്രഭാതത്തിൽ മഹേന്ദ്രജാലം കൊണ്ടു് വന്ധ്യരാക്കിയാലും ഈ പ്രശ്നം തീരുകയില്ല. നമ്മുടെ ജനസംഖ്യയിൽ 42 ശതമാനം ആളുകൾ പതിനഞ്ചുവയസ്സിൽ താഴെയുള്ളവരാണു്. ഈ മഹാവിഭാഗം മലവെള്ളം വരുന്നതുപോലെ പ്രായപൂർത്തിയെ പ്രാപിച്ചുകൊണ്ടിരിക്കുകയാണു്. അവർക്ക് ഏതാനും വർഷങ്ങൾക്കുള്ളിൽ പഴയ സ്ഥിതിവിശേഷം നിലവിൽ വരുത്തുവാൻ സാധിക്കും. അവരെ വിദ്യാഭ്യാസത്തിലൂടെ ഈ മഹാവിപത്തിനെക്കുറിച്ചു് തീക്ഷ്ണമായ ബോധമുള്ളവരാക്കണം. അതുകൊണ്ടു് മാത്രമേ വല്ല രക്ഷയുമുള്ളു.

മററു രാജ്യങ്ങളിലും ഇതുപോലെയുള്ള പ്രയാസങ്ങളുണ്ടു്. ഏതായാലും ലോകം അണുയുദ്ധത്തിൽ തകരുകയോ പ്രളയജലത്തിൽ മുങ്ങിപ്പോവുകയോ ചെയ്യില്ലെങ്കിൽ അടുത്ത ഏതാനും ദശകങ്ങൾക്കുള്ളിൽ ഇന്നുള്ളതിനേക്കാൾ എത്രയോ കൂടുതൽ മനുഷ്യരെ ഭൂമിക്കു് താങ്ങേണ്ടിവരും എന്നുള്ളത് നിശ്ചയമാണു്. ഉദാഹരണത്തിനു് ഒരച്ഛനും അമ്മക്കും രണ്ടു കുട്ടികളെന്ന വ്യവസ്ഥിതി ക്രിസ്തുവർഷം 2000—ത്തിലെങ്കിലും ലോകമാകെ നിലവിൽ വന്നാലും അന്നു് ഭൂമിയിൽ 580 കോടി ജനങ്ങൾ ഉണ്ടായിരിക്കുമെന്നു് ബെർനാഡു് ബെറൽസൺ എന്ന ശാസ്ത്രജ്ഞൻ കണക്കാക്കുന്നു. എന്നല്ല അതുകൊണ്ടും ജനങ്ങളുടെ എണ്ണം വീണ്ടും വർദ്ധിക്കാതിരിക്കുകയില്ല. ജനസംഖ്യയിൽ ഭിന്നപ്രായത്തിലുള്ളവരുടെ സവിശേഷമായ അനുപാതം മൂലം അങ്ങനെ സംഭവിക്കാനേ സാധ്യതയുള്ളു. മേൽപ്പറഞ്ഞ സന്താന വ്യവസ്ഥിതി പിന്നെയും ഒരു നൂറു് കൊല്ലം കൂടി തുടർന്നുപോയാൽ ജനസംഖ്യയുടെ വളർച്ച നിലയ്ക്കും. പക്ഷേ അപ്പോഴേക്കും അതിൻെറ വലിപ്പം

Digitized by Kerala Sahitya Akademi

820 കോടിയാകും എന്നാണു് ബെററൽസൺ കണക്കാക്കു ന്നതു്.

വളർച്ച അല്ലെങ്കിൽ അഭിവൃദ്ധി എന്ന ഈ പ്രതിഭാസം ഇന്നു് ഒരു ദുഃസ്വപ്നമായി തീർന്നിരിക്കുന്നു. പ്രത്യുല്പാദനം മൂലമാണു് ജന്തുസമൂഹങ്ങൾ വളരുന്നതു്. ഈ വൈഭവം അപാരമായ അളവിൽ എല്ലാ ജീവികൾക്കും നൽകിയിട്ടുണ്ടെങ്കിലും ആവശ്യത്തിൽ കവിഞ്ഞു് പെരുകിയാൽ അതിനെ നിയന്ത്രിക്കാനും പ്രകൃതിക്കു് ഉപായമുണ്ടു —നിർദ്ദയമായ സംഹാരം. പട്ടിണിയും രോഗവും പരസ്പരഹിംസയും മൂലം അധികമുള്ള ജന്തുസന്തതി ചത്തൊടുങ്ങുന്നു. ഈ നിയന്ത്രണത്തെ അതിലംഘിച്ചതാണു് മനുഷ്യ വർഗ്ഗത്തിനുണ്ടായ ആപത്തു്. പ്രത്യൽപാദനത്തെ നേരിടുന്നതിനു് ഉൽപാദനം വദ്ധിപ്പിച്ചാൽ മതിയെന്നു് പരിഷ്കൃതലോകം വിശ്വസിച്ചു. ജനങ്ങളുടെ എണ്ണം പെരുകുന്നതും, എല്ലാവർക്കും എല്ലാ സാധനങ്ങളും വേണ്ടുവോളം കിട്ടാനില്ല എന്നതും കണ്ടുകൊണ്ടാണു് സാമ്പത്തികവികസനവും അതിനെ ത്വരിപ്പിക്കുവാനുള്ള വ്യവസായവൽക്കരണവും സംഘടിതമായ രാഷ്ട്രീയ പ്രവർത്തനങ്ങളും എല്ലാം ഉണ്ടായതു്. ക്രമേണ, എല്ലാവർക്കും ആവശ്യമുള്ള സാധനങ്ങൾ മാത്രമല്ല, മുമ്പെങ്ങും ആരും ഉപയോഗിക്കുകയോ അറിയുകപോലുമോ ചെയ്തിട്ടില്ലാത്ത സാധനങ്ങളുടെ ആവശ്യവും കൃത്രിമമായി സൃഷ്ടിക്കാമെന്നും, അതുവഴി അഭൂതപൂർവമായ അഭിവൃദ്ധി കൈവരുത്താമെന്നും ബോധ്യമായി. ഈ വിദ്യയുടെ മഹോത്സവമാണു് ആധുനികകാലത്തു് നടക്കുന്നതു്. അനുസ്യൂതമായ അഭിവൃദ്ധി,അനന്തമായ പുരോഗതി,അഭൂതപൂർവമായ ഉൽക്കർഷം, 'അഫ്ളുവെൻറ് സൊസൈററി', എന്നീ, മധുര സ്വപ്നങ്ങൾ മനുഷ്യരാശിയെ ആകമാനം വശീകരിച്ചു.

Digitized by Kerala Sahitya Akademi

അമേരിക്കയും പശ്ചിമയൂറോപ്പും ജപ്പാനും റഷ്യയും മററു രാജ്യക്കാർക്കു് മാതൃകകളായി. ഭൂമിയിൽ ആകെയുള്ള 370 കോടി ജനങ്ങളിൽ 270 കോടിയും (ഏഷ്യ, ആഫ്റിക്ക, തെക്കെ അമേരിക്ക) വികസിത രാജ്യങ്ങളിൽ പരമാനന്ദത്തിൽ കഴിയുന്ന 100 കോടിയെ നോക്കി കൊതിക്കുകയാണു്.

ഈ സന്ദർഭത്തിലാണു് അഭിവൃദ്ധിയുടെ ഭയാനകമായ മറുവശം തെളിഞ്ഞു് വന്നിരിക്കുന്നതു്. മനുഷ്യവർഗ്ഗത്തിനു മുഴുവനും ആധുനിക ജീവിതത്തിൻെറ അനുഗ്രഹങ്ങൾ നൽകുന്ന അഭിവൃദ്ധി കൈവരുത്തുവാൻ ഭൂമിയിൽ വിഭവങ്ങളില്ല എന്ന വസ്തുത ഒരു ഞെട്ടലോടെ ലോകം മനസ്സിലാക്കിയിരിക്കുന്നു. എന്നല്ല, കടുംകൃഷിയും വ്യവസായവൽക്കരണവും സമ്പദ്‌വ്യവസ്ഥയുടെ കുതിച്ചുകയററവും നിർദ്ദോഷമായ അനുഗ്രഹങ്ങളല്ലെന്നും വ്യക്തമായിരിക്കുന്നു. ഈ വിഷയത്തിൽ അടുത്തകാലത്തു നടത്തിയ ഏററവും പ്രസിദ്ധമായ പര്യവേക്ഷണം 'ക്ലബ്ബ് ഓഫ് റോം' എന്ന സംഘടനയുടെ 'അഭിവൃദ്ധിക്കു് അതിരുകൾ' (Limits to Growth of the Club of Rome) എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണു്, 1971 ജനുവരി. ലോകപ്രസിദ്ധരായ 70 വ്യവസായപ്രമുഖന്മാരും ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദഗ്ദ്ധന്മാരും അർത്ഥശാസ്ത്രജ്ഞന്മാരുമാണു് ക്ലബ്ബിലെ അംഗങ്ങൾ. ഇററലിയിലെ ഔറീലിയോ പെച്ചയി, ജപ്പാൻകാരനായ കൊഗോറോ ഉയേമുറ, ഇംഗ്ലണ്ടിലെ അലക്സാണ്ടർ കിങ്ങ്, തുടങ്ങിയവർ അതിൽ ഉൾപ്പെട്ടിട്ടുണ്ടു്. 1968—ലാണു് അതു് സ്ഥാപിച്ചതു്. മനുഷ്യരാശിയെ ഗ്രസിച്ചിരിക്കുന്ന ഗുരുതരമായ പ്രതിസന്ധിക്കു് സുഗ്രഹമായ രൂപം നല്കി ലോകത്തിനു മനസ്സിലാക്കിക്കൊടുക്കണം എന്നതായിരുന്നു അ

Digitized by Kerala Sahitya Akademi

വരുടെ ലക്ഷ്യം. ജെർമ്മനിയിലെ ഫോൾക്സ് വാഗൺ ഫൌണ്ടേഷനിൽ നിന്നു് അവർക്കു് രണ്ടര ലക്ഷം ഡോളർ ഗ്രാൻറ് കിട്ടി. അതുപയോഗിച്ചു അതി വിപുലമായ ഒരു കംപ്യൂട്ടർ ഗവേഷണത്തിനു് അവർ ഏർപ്പാടുചെയ്തു. അമേരിക്കയിലെ മസാച്ചുസെററ്സ് ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.ടി) എന്ന ലോകപ്രസിദ്ധമായ ശാസ്ത്രീയ ഗവേഷണകേന്ദ്രത്തിൽ ഡെന്നിസ് മെഡോസ് എന്ന വിദഗ്ധൻെറ കീഴിലുള്ള ഒരു സംഘം ശാസ്ത്രജ്ഞന്മാരാണ് ഈ പഠനം നടത്തിയതു്. ജനസംഖ്യ, പ്രകൃതിവിഭവങ്ങൾ, ആഹാരം, വ്യവസായോൽപാദനം, പരിസരദൂഷണം എന്നീ കാര്യങ്ങളെക്കുറിച്ചുള്ള കണക്കുകളും മററു വിവരങ്ങളും കംപ്യൂട്ടർ എന്നു് പറയുന്ന യന്ത്രമസ്തിഷ്ക്കത്തിൽ കടത്തിവിട്ടു. ഇവയെല്ലാം അന്യോന്യബന്ധങ്ങളാണ്. ആഹാരമില്ലെങ്കിൽ ജനസംഖ്യ വദ്ധിക്കുകയില്ല. കൃഷിക്കുപററിയ ഭൂമിയെല്ലാം ഇപ്പോൾ തന്നെ ഉപയോഗത്തിൽ വന്നുകഴിഞ്ഞിരിക്കുന്നതുകൊണ്ടു് ഉഴവുയന്ത്രങ്ങളും രാസവളങ്ങളും പ്രാണിവിഷങ്ങളും വൻതോതിൽ ഉപയോഗിച്ചു് കടുംകൃഷി ചെയ്താൽ മാത്രമേ ഭക്ഷ്യവും വദ്ധിക്കുകയുള്ളു. ഇവയെല്ലാം വ്യവസായോൽപന്നങ്ങളുമാണ്. പക്ഷേ വ്യവസായോൽപാദനം വർധിപ്പിക്കുന്നതിനു് കൂടുതൽ പ്രകൃതിവിഭവങ്ങൾ വേണം, അവ ഇപ്പോൾതന്നെ കിട്ടാൻ പ്രയാസമായിരിക്കുന്നു. മാത്രമല്ല, വ്യവസായോൽപാദനം വർദ്ധിക്കുമ്പോൾ ഭൂമിയിലെ മാലിന്യവും വർദ്ധിക്കും. പരിസരങ്ങൾ കൂടുതൽ ദൂഷിക്കും. ഇവ ജനസംഖ്യയുടെയും ഭക്ഷ്യസാധനങ്ങളുടെയും വളർച്ചയെ അവതാളത്തിലാക്കുമെന്നും നിശ്ചയമാണ്.

പരിമിതവിഭവയായ ഈ ഭുവനഗോളത്തിൽ എത്ര

Digitized by Kerala Sahitya Akademi

കാലം ജനസംഖ്യയും വ്യവസായസമ്പത്തും വളരുമെന്നാണ് കമ്പ്യൂട്ടർ വിദഗ്ദ്ധന്മാർ കണ്ടുപിടിക്കാൻ ശ്രമിച്ചതു്. വ്യവസായവിഷയങ്ങളിലും പരിസര മാലിന്യങ്ങളിലും മനുഷ്യവർഗം മുങ്ങിച്ചാകുമെന്നാണ് മററുചില ശാസ്ത്രജ്ഞന്മാർ നേരത്തെ പ്രവചിച്ചിരുന്നതു്. പക്ഷേ അതിവിപുലവും സങ്കീർണ്ണവുമായ ഈ കമ്പ്യൂട്ടർ ഗവേഷണത്തിൽ നിന്നുകിട്ടിയ ഉത്തരം മറെറാന്നാണ്-- ഉപയോഗിക്കുംതോറും വീണ്ടുകിട്ടാതെ അടിക്കടി തീർന്നുപോകുന്ന പ്രകൃതിവിഭവങ്ങളുടെ വിശോഷണമാണ് ആധുനിക സംസ്കാരത്തെ എത്രയോ വേഗം നശിപ്പിക്കുവാൻ പോകുന്നതെന്നു്. ഈ മഹാവിപത്തു് ഇനിയത്തെ 50 വർഷത്തിനിടയ്ക്കു് സംഭവിക്കുമെന്നാണ് പ്രവചനം- ക്രിസ്തുവർഷം 2020 നോടടുത്തു്. അന്നത്തെ ലോകസ്ഥിതിയും വർണ്ണിച്ചിട്ടുണ്ടു്.

''പിററ്സ് ബർഗിലെ ഉരുക്കുചൂളകൾ തണുത്തുകിടക്കുന്നു. ഡിട്രോയിററിലെ നിരന്തരമായ മോട്ടോർ നിർമ്മാണഘോഷയാത്ര നിലച്ചുപോയി. ലോസ് ആഞ്ജലസ്സിൽ ഒരു മഹാമാരിയിൽ നിന്നു് രക്ഷപ്പെട്ട ഏതാനും എല്ലൻകോലന്മാർ അടുത്തുള്ള കൃഷിസ്ഥലങ്ങൾ കൈകൊണ്ടു് കൊത്തിക്കിളച്ചു് തിന്നാനുള്ള വക വിളയിക്കാൻ ശ്രമിക്കുന്നു. ലണ്ടനിലെ ആഫീസ്സുകൾ ഇരുട്ടിലാണ്ടിരിക്കുന്നു. അവിടത്തെ തുറമുഖങ്ങളിൽ ആളില്ല. യുക്രെയിനിലെ വിശാലമായ വയലുകളിൽ ട്രാക്ടർ യന്ത്രങ്ങൾ ധാരാളമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുന്നു. അവയെ പ്രവർത്തിപ്പിക്കുവാൻ ഇന്ധനമില്ല. റൈൻ, നൈൽ, മഞ്ഞനദി എന്നിവയെല്ലാം വിഷദ്രവ്യങ്ങളും മാലിന്യങ്ങളും നിറഞ്ഞു് ദുർഗന്ധം വമിക്കുന്നു.''

കമ്പ്യൂട്ടറിൽ നിന്നു കിട്ടിയ ഗ്രാഫുകളിൽ പ്രകൃതി

Digitized by Kerala Sahitya Akademi

വിഭവങ്ങളെ കാണിക്കുന്ന ഗണിതരേഖ ക്രിസ്തുവർഷം **2020** ആകുമ്പോഴേക്കും ശൂന്യമായി നിപതിക്കുന്നു. അതു വരെ ഉയർന്നുവന്നിരുന്ന വ്യവസായോൽപാദനം, ഭക്ഷ്യം എന്നിവയുടെ രേഖകളും തൽഫലമായി ക്ഷണേന താഴുന്നു. വ്യവസായശാലകളിൽ നിന്നു വരേണ്ട കൃഷിയായുധങ്ങളും കൃത്രിമവളങ്ങളും പ്രാണിവിഷങ്ങളും ലഭിക്കാത്തതുകൊണ്ടാണ് ഭക്ഷ്യം കുറയുന്നത്. ജനസംഖ്യ അല്പകാലം കൂടി വർദ്ധിക്കും, ജീവചൈതന്യത്തിന്റെ സഹനശക്തി കൊണ്ടുമാത്രം! പക്ഷേ ആഹാരവും മരുന്നുകളും ഇല്ലാതെ മനുഷ്യജീവിതവും നിലനിർത്തുവാൻ സാധ്യമല്ലാതാകും. പരിഷ്കൃതജീവിതത്തിന്റെ വിഭൂതികളായ ഈ ഘടകങ്ങളെല്ലാം അന്യോന്യ ബന്ധങ്ങളാണ്. അവയെ തിരിച്ചും മറിച്ചുമിട്ട് ഗവേഷകന്മാർ കമ്പ്യൂട്ടറിൽ പ്രയോഗിച്ചു നോക്കി. ഭൂമിയിലെ വിഭവങ്ങൾ തീരുമ്പോൾ സമുദ്രത്തിനടിയിൽ നിന്നു് അവയെ കുഴിച്ചെടുക്കുവാൻ കഴിഞ്ഞാലോ? പരിസരദൂഷണത്തെ നിവാരണം ചെയ്യുന്നതിന്നു് പുതിയ സാങ്കേതിക വിദ്യകൾ കണ്ടുപിടിച്ചാലോ? ജനനനിരക്ക് ഇന്നത്തേതിന്റെ നേർപകുതിയാക്കുവാൻ സാധിച്ചാൽ ഇന്നത്തെ പരിഷ്കൃതജീവിതം നിലനിൽക്കുമോ? ഇങ്ങനെയുള്ള സാങ്കല്പികമായ അനേകായിരം സമസ്യങ്ങൾ ഇട്ടുകൊടുത്തിട്ടും കമ്പ്യൂട്ടറിൽ നിന്നു പ്രത്യാശയുടെ കണികപോലും കാണിക്കുന്ന ഒരു ഉത്തരം കിട്ടിയില്ലത്രെ! അഭിവൃദ്ധിയേയും ഭൗതികോൽക്കർഷത്തേയും കൂടുതൽ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്ന എല്ലാ ഗണിതക്രിയകളും വിനാശത്തിലാണ് കലാശിച്ചത്. ഒരു വഴിക്കും രക്ഷയില്ല. ലോകത്തെ ഭ്രമിപ്പിക്കുന്ന ഈ അഭിവൃദ്ധി പ്രസ്ഥാനം നിലനിർത്തുവാൻ സാദ്ധ്യമല്ല. ഇന്നത്തെ കുട്ടികൾ ഇതു് അനുഭവിക്കുവാൻ പോവുകയാണ്. 50 കൊ

Digitized by Kerala Sahitya Akademi

ല്ലത്ത സമയമേ വേണ്ടു. ഇപ്പോഠംതന്നെ എല്ലാ രാജ്യങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ള അസ്വസ്ഥതകഠം ഈ മഹാവിപത്തിന്റെ നാന്ദിയാണ്. അവ എന്തെന്നില്ലാതെ വർദ്ധിക്കുമെന്നും ദൈനംദിനജീവിതം കൊട്ടംപിരിക്കൊണ്ട് ശാന്തിയും സമാധാനവും എന്നെന്നേക്കുമായി തിരോഭവിക്കുമെന്നും ഭയപ്പെടേണ്ടിയിരിക്കുന്നു.

'ക്ലബ്ബ് ഓഫ് റോം' എന്ന സംഘടനയിലെ അംഗങ്ങളെപ്പോലും ഈ പ്രവചനങ്ങഠം ഞെട്ടിപ്പിച്ചു. 'ഏതു കാര്യത്തിനും ഒരു അതിരുണ്ട്.അതിനപ്പുറം പോകാമെന്ന് ആരും വ്യാമോഹിക്കരുത്'' എന്നാണ് ഇതറിഞ്ഞപ്പോഠം യോയിച്ചി കായ എന്ന ജാപ്പാനീസ് വിദഗ്ദ്ധൻ പറഞ്ഞത്. പക്ഷെ മനുഷ്യവർഗം ഈ താക്കീതുകഠം ചെവിക്കൊള്ളുമോ? സംശയം തോന്നുന്നു. ഒരു കാലത്ത് ''ത്യക്തേന ഭുഞ്ജീഥാ'' (ത്യാഗംകൊണ്ടു ജീവിക്കുക) എന്ന ആദർശം ചില കേന്ദ്രങ്ങളിൽ നിന്നെങ്കിലും കേട്ടിരുന്നു. പക്ഷേ ഇന്ന് അത് പറഞ്ഞാൽ ലോകം ചിരിക്കും. അതു വേണ്ട, മിതത്വം എന്ന ആദർശമെങ്കിലും സ്വീകരിക്കുമോ? അതിനും വഴി കാണുന്നില്ല. 'അഭിവൃദ്ധിക്ക് അതിരുകഠം' എന്ന പ്രസിദ്ധീകരണം ലോകത്തിന്റെ പല ഭാഗങ്ങളിലും വിശേഷിച്ചും അമേരിക്കയിൽ, ധാരാളമാളുകളെ അത്യധികം കോപാകുലരാക്കി. സ്റ്റോക്ക്ഹോം സമ്മേളനത്തിൽ പങ്കെടുത്ത ഒരു ജർമ്മൻ രാജ്യതന്ത്രജ്ഞൻ, 'അതു രാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാതെ വെറും ബാലിശമായ രീതിയിൽ ദന്തഗോപുരത്തിലിരിക്കുന്ന പുസ്തകപ്പുഴുക്കഠം നടത്തിയ നിരർത്ഥകമായ ഒരഭ്യാസമാണ്. ഏതായാലും അവരുടെ നിഗമനങ്ങഠം ഞങ്ങളെ വഴിതെററിക്കാൻ അനുവദിച്ചില്ല' എന്നു് എഴുതിയിരുന്നതോക്കുന്നു. ഉത്തരം മുട്ടുമ്പോഠം കടിക്കാൻ

Digitized by Kerala Sahitya Akademi

ചെല്ലുന്ന സമ്പ്രദായമാണിത്. അഭിവൃദ്ധിയുടെ കാര്യത്തിൽ ഒരു നിയന്ത്രണത്തിനും ആരും തയ്യാറില്ല. ആപത്തുണ്ടെങ്കിൽ വരുന്നിടത്തുവച്ച് കണ്ടുകൊള്ളാം എന്ന മനോഭാവമാണ് എവിടെയും കാണുന്നത്. ഗവർമ്മെണ്ടുകളും വ്യവസായ പ്രമുഖന്മാരും മാത്രമല്ല അവരെ സേവിച്ചും പ്രീണിപ്പിച്ചും കഴിയുവാൻ ബാദ്ധ്യസ്ഥരായ ശാസ്ത്രജ്ഞന്മാരും മനുഷ്യരാശിയെ നേരിട്ടിരിക്കുന്ന അത്യാപത്തിനെ ലഘൂകരിച്ചു കാണിക്കുവാൻ ഉദ്യമിച്ചുവരുന്നതായി ആക്ഷേപമുണ്ട്.

സത്യത്തിൽ കമ്പ്യൂട്ടറും ഗണിത വിദ്യയും ഒന്നുമില്ലാതെ, അദ്ധ്യാത്മസാധനയിലൂടെ നേടിയ ക്രാന്തദർശിത്വം കൊണ്ട് ലോകത്തിനു വരുവാൻ പോകുന്ന ഈ മഹാസങ്കടത്തെ മുൻകൂട്ടിക്കണ്ട മഹാത്മാക്കൾ ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് ഇപ്പോൾ മനസ്സിലാകുന്നു. ആധുനികയുഗത്തിൽ മററാരേക്കാളും ഉപരിയായി അതു കണ്ട മഹാപുരുഷനാണ് ഗാന്ധിജി. ഇന്ന് അഭിവൃദ്ധിയുടെ അനിഷ്ടഫലങ്ങളെന്നും യന്ത്രങ്ങളോടും വ്യവസായങ്ങളോടും ഉള്ള അടിമത്തമെന്നും, ഐശ്വര്യത്തിൻെറ മാലിന്യങ്ങളെന്നും,പരിഷ്കാരം സൃഷ്ടിച്ച പരിസരദൂഷണമെന്നും, പാശ്ചാത്യ രാജ്യങ്ങളിലെ പുരോഗമനവാദികൾപോലും മുറവിളി കൂട്ടുന്ന ദോഷങ്ങൾ അർദ്ധനഗ്നനായ ആ അത്ഭുത മനുഷ്യൻ അൻപതുകൊല്ലം മുമ്പ് ചൂണ്ടിക്കാണിച്ച ആപത്തുകളല്ലാതെ മററെന്താണ്? ആ ദോഷങ്ങളില്ലാത്ത ജീവിതത്തെപ്പററി പ്രസംഗിക്കുക മാത്രമല്ല, അതു പ്രായോഗികമായി അദ്ദേഹം ജീവിച്ചു കാണിക്കുകയും ചെയ്തു. പക്ഷേ പരിഗ്രഹതൃഷ്ണയുടെ പാരവശ്യംപൂണ്ട ലോകമുണ്ടോ അതൊക്കെശ്രദ്ധിക്കുന്നു? അദ്ദേഹത്തിൻെറ നിസ്തന്ദ്രമായ നേതൃത്വത്തിൽ സ്വാതന്ത്ര്യം നേടിയ ഭാരതീയർപോലും ആ ഉപദർശന

Digitized by Kerala Sahitya Akademi

ങ്ങൾക്കും ഉപദേശങ്ങൾക്കും ഒരു വിലയും കൽപിച്ചില്ല. ഇന്നിപ്പോൾ, 'പറയുമ്പോൾ അറിയാത്തവൻ ചൊറിയുമ്പോൾ അറിയും' എന്ന നിലയിൽ ലോകം എത്തിയിരിക്കുന്നു. ഒരു ചെറിയ ദൃഷ്ടാന്തം പറയട്ടെ. കപ്പയും ചവറും കൂട്ടിയിട്ട് തീവെയ്ക്കരുതെന്നും,കുഴിച്ചുമൂടി വളമാക്കണമെന്നും സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തോട്സമരം ചെയ്യുതിനിടയ്ക്കും, ആ മഹാപുരുഷൻ ഉപദേശിക്കുകയുണ്ടായി. എന്നാൽ വ്യവസായശാലകളിൽ സുന്ദരമായ വളം നിർമ്മിക്കുവാൻ കഴിവുള്ളപ്പോൾ എന്തിനീ വളക്കുഴി തോണ്ടുന്നു എന്നായിരുന്നു ആ ഉപദേശത്തോട് എല്ലാവർക്കുമുണ്ടായ പ്രതികരണം. പക്ഷേ കപ്പക്കുനകൾക്ക തീയിടുന്നത് ജനങ്ങളുടെ ആരോഗ്യത്തിനു ആപത്താണെന്നും അവയെ കമ്പോസ്റ്റ് ആക്കുകയാണ് വേണ്ടതെന്നും പശ്ചിമജെർമ്മൻ ഗവർമ്മേണ്ട് ഈയിടെ നിശ്ചയിച്ചതായി കാണുന്നു. നൈട്രജൻ വളങ്ങൾ കൃത്രിമമായി നിർമ്മിക്കാനുള്ള ഉപായം കണ്ടുപിടിച്ച് 1918—ൽ രസതന്ത്രത്തിനുള്ള നോബെൽ സമ്മാനം വാങ്ങിയ ഫ്റിററ്സ് ഹാബറുടെ ജന്മഭൂമിയാണ് ജെർമ്മനി എന്നോർക്കണം. ജീവികൾക്ക ആവശ്യമുള്ള നൈട്രേററ് എന്ന ഈ പദാർത്ഥം പയറുവർഗ്ഗത്തിൽ പെട്ട ചെടികളുടെ വേരുകളിൽ കാണുന്ന മുഴകളിൽ ജീവിക്കുന്ന ബാക്ടീരിയങ്ങളാണ് പ്രകൃതിയിൽ നിർമ്മിക്കുന്നതു്. ജന്തുക്കളുടെയും സസ്യങ്ങളുടെയും മൃതദേഹങ്ങൾ മണ്ണിൽ അഴുകി ചേരുമ്പോൾ അതു വീണ്ടും ലഭ്യമാകുന്നു. രാസവളങ്ങൾ മേൽപറഞ്ഞ ബാക്ടീരിയങ്ങളെയാണ് ആദ്യം നശിപ്പിക്കുന്നതു്. അപ്പോൾ വ്യവസായശാലയില്ലെങ്കിൽ നൈട്രേററുമില്ല എന്നാകും. കമ്പോസ്റ്റ് ഉണ്ടാക്കിയാൽ അതിലുള്ള നൈട്രേററെങ്കിലും വീണ്ടും ലഭിക്കും. നൈട്രേററ് ധാരാളമായി വെള്ളത്തിൽ അലിഞ്ഞു് മനു

Digitized by Kerala Sahitya Akademi

ഷ്യശരീരത്തിൽ പ്രവേശിക്കുന്നതു് ആപൽക്കരമാണെന്നും തെളിഞ്ഞിട്ടുണ്ടു്. വിശേഷിച്ചു കുട്ടികളുടെ ഉള്ളിൽ അതു നൈട്രൈറ്റു് ആയി രൂപാന്തരപ്പെട്ടു് രക്താണുക്കളെ ദുർബലമാക്കുന്നു.

ഏതായാലും പിൻകിട രാജ്യങ്ങളിലെ ജനസഞ്ചയത്തിന്റെ ജീവിതത്തിനു വല്ല ഭാസുരച്ഛായയും കൈവരുവാൻ സാധ്യതയുള്ളതു് ഗാന്ധിജി വിഭാവനം ചെയ്ത അഭിവൃദ്ധിമാർഗത്തിലൂടെ മാത്രമാണെന്നു അംഗീകരിക്കാതെ നിവൃത്തിയില്ല. പരിഷ്കൃത രാജ്യങ്ങൾക്കും അടുത്ത ഭാവിയിൽ അതുകൊണ്ടു് തൃപ്തിപ്പെടേണ്ടിവരും. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ അഭിവൃദ്ധിയെപ്പററി അവർ നടത്തിയ കണക്കുകൂട്ടലുകൾ ഒന്നും അനുഭവത്തിൽ ശരിപ്പെടുത്തിയെടുക്കുവാൻ സാധിച്ചിട്ടില്ല. അണുശക്തി നിലയങ്ങൾ പ്രവർത്തിച്ചു തുടങ്ങിയാൽ പിന്നെ വിദ്യുച്ഛക്തി അളക്കുവാനും അതിനു കണക്കുവെയ്ക്കുവാനും ആരും മിനക്കെടുകയില്ല എന്നു് 1950-ലും മററും പറയാറുണ്ടായിരുന്നു. പക്ഷേ 1972-ൽ വിദ്യുച്ഛക്തിക്കു് പണ്ടത്തേക്കാൾ എത്രയോ അധികം വില കൊടുക്കേണ്ടിയിരിക്കുന്നു എന്നതാണു് എല്ലാ രാജ്യത്തേയും അനുഭവം. അഭിവൃദ്ധിയുടെ അസ്വാസ്ഥതകൾ അധഃപതനത്തിന്റെ ദുരിതത്തെപ്പോലെ തന്നെ ദുസ്സഹങ്ങളാണെന്നും തെളിഞ്ഞിരിക്കുന്നു.

അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ ലോകം കീഴ്മേൽ മറിയുമെന്നു തീർച്ചയാണു്. അത്രയ്ക്കു ശീഘ്രഗതിയിലാണു് ദോഷഭാവങ്ങളുടെ വേലിയേററം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ജനപ്പെരുപ്പം ജീവിതത്തിന്റെ സ്വച്ഛതകളെയെല്ലാം ക്ഷണേന നശിപ്പിക്കും. അവനവന്റെ വിഷാദചിന്തകളല്ലാതെ ആർക്കും സ്വന്തമായും സ്വകാര്യമായും ഒന്നും അവകാശപ്പെടുവാൻ സാദ്ധ്യമല്ലെന്നാകും.

Digitized by Kerala Sahitya Akademi

മദ്ധ്യപൂർവ്വദേശത്തെ ഏതോ ഒരു രാജ്യത്ത് ഭൂമി മാത്രമല്ല വീടുകളും ദേശസാൽക്കരിച്ചു എന്നു പത്രവാർത്തയുണ്ടായിരുന്നു. അല്പകാലം മുമ്പ് സങ്കല്പിക്കുവാൻ പോലും സാദ്ധ്യമല്ലാതിരുന്ന കാര്യങ്ങളാണ് ഒരു പ്രഭാതത്തിൽ സർവ്വസാധാരണമായിത്തീരുന്നത്. സാമൂഹികവ്യവസ്ഥിതിയിൽ മാത്രമല്ല ഭൂതപ്രകൃതിയിലും ഇങ്ങനെ സംഭവിക്കുന്നതായി കാണുന്നു. ബുദ്ധിശക്തിയുടെ കുത്തകക്കാരെന്നഭിമാനിച്ച 1967—ൽ ക്രിസ്തുവർഷം രണ്ടായിരാമാണ്ടിലെ ലോകസ്ഥിതിയെപ്പററി വിപുലമായ ഒരു ഗ്രന്ഥമെഴുതിയ അമേരിക്കയിലെ ഹഡ്സൺ ഇൻസ്റ്റിററ്യൂട്ട് പരിസരദൂഷണത്തിൻെറ കാര്യമേ മിണ്ടിയില്ല. എന്തെങ്കിലും എഴുതത്തക്ക പ്രാധാന്യം ആ വിഷയത്തിനുണ്ടെന്നു അന്നവർ കരുതിയില്ല. അതിനുശേഷം അഞ്ചുവർഷത്തിനിടയ്ക്കാണ് അതൊരു അഖിലലോക പ്രശ്നമായിത്തീന്നത്. അതിനെ പെരുപ്പിച്ച് കാണിക്കുന്നതിനു എതിരായി പിൻകിട രാജ്യങ്ങളിൽ ഇന്നു കേരംക്കുന്ന ഭീഷണികളും ഭർത്സനങ്ങളും കണക്കാക്കേണ്ട. ആ കാററുകരം തിരിഞ്ഞടിക്കുവാൻ അല്പസമയമേ വേണ്ടൂ. വ്യവസായവൽക്കരണത്തിലൂടെ മാത്രമേ തങ്ങരംക്കു മോക്ഷമുള്ളു എന്നു വിശ്വസിക്കുന്ന ഈ രാജ്യങ്ങളിൽ, എത്രയോ പ്രയാസങ്ങരം സഹിച്ച് സ്ഥാപിച്ച ഫാക്ടറികളെ അവയുടെ ഗുണഭോക്താക്കളായ തൊഴിലാളികരം തന്നെ തല്ലിപ്പൊളിച്ചും തീവെച്ചും നശിപ്പിക്കുന്നതു നാം കാണുന്നുണ്ട്. ഹിംസയ്ക്കും സംഹാരത്തിനുമുള്ള ഈ പ്രവണതയും ആധുനിക ലോകത്തിൻെറ മഹാശാപമായിത്തീർന്നിരിക്കുന്നു.

അഭിവൃദ്ധിയെ മാത്രം ലക്ഷ്യമാക്കി, സാങ്കേതിക വിദ്യയെ മാത്രം ആശ്രയിച്ച്, ബുദ്ധിയെ മാത്രം പരിപോഷിപ്പിച്ച്, സംസാരചക്രം തിരിക്കുന്ന ഇന്നത്തെ വ്യവ

Digitized by Kerala Sahitya Akademi

സ്ഥിതി മാറുവാൻ ഇടയില്ലേ എന്നും സംശയം തോന്നുന്നു. ഇതിൽനിന്നു പാടേ ഭിന്നമായ മൂല്യബോധങ്ങളും ജീവിതലക്ഷ്യങ്ങളും ആദർശങ്ങളും അനുഭൂതികളും വളർത്തുന്ന മനുഷ്യസമൂഹം ഉണ്ടായിക്കൂടായ്കയില്ല. ഈ മാററങ്ങൾ ഉണ്ടാകുവാനും ലോകമാകെ പ്രചരിക്കുവാനും മുൻ കാലങ്ങളിലെപ്പോലെ നൂററാണ്ടുകളോ അനേകം തലമുറകളോ ആവശ്യമില്ല. ഹിപ്പികൾ എല്ലാരാജ്യങ്ങളിലും പ്രത്യക്ഷപ്പെടുവാൻ ഏതാനും വർഷങ്ങൾ മാത്രമേ വേണ്ടിവന്നുള്ളു. അവർക്കു മൂലധനവും മുതൽ മുടക്കും ഉണ്ടായിരുന്നുമില്ല. 1967—ൽ സാൻഫ്രാൻസിസ്കോ നഗരത്തിലെ ജനസംഖ്യ ഏഴര ലക്ഷമായിരുന്നു. അതിൽ മൂന്നു ലക്ഷവും ഹിപ്പികളായിരുന്നു എന്ന് ഒരു ഫ്രെഞ്ചു ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നതു കണ്ടു! ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ യുവജനങ്ങളുടെ ഇടയ്ക്കു മന്ത്രവാദവും ആദിവാസി ആചാരങ്ങളും പ്രചരിച്ചുതുടങ്ങിയിരിക്കുന്നതായി കേൾക്കുന്നു. ഇന്നത്തെ ജീവിതരീതിയിലും ആചാരവിശ്വാസങ്ങളിലും നിന്ന് എത്രത്തോളം അകലുവാൻ സാധിക്കുമോ അത്രത്തോളം അകന്നു പോകണം എന്ന വ്യഗ്രതയാണ് വളർന്നു വരുന്ന തലമുറയെ ബാധിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായി എന്തൊക്കെയാണ് വരാൻ പോകുന്നതെന്നു കണ്ടുതന്നെ അറിയണം.

Digitized by Kerala Sahitya Akademi

# ഹിററ്ലരുടെ ഭരണക്കൂടത്തിൽ

''ടെക്നോളജിയുടെ സാധ്യതകളിൽ കണ്ണുഞ്ചി, അതിനെ സേവിക്കുവാൻ എന്റെ ജീവിതത്തിലെ സുപ്രധാനമായ വർഷങ്ങൾ ഞാൻ ചെലവഴിച്ചു. ഒടുവിൽ എനിക്ക് അതിനെക്കുറിച്ചുള്ള വിചാരങ്ങൾ അത്യധികം അവിശ്വാസമയമായിത്തീർന്നിരിക്കുന്നു.''

ഈ വാക്കുകളോടുകൂടിയാണ് ഹിററ്ലറുടെ നിർമ്മാണമന്ത്രിയായിരുന്ന ആൽബർട്ട് സ്പീയർ ഈയിടെ എഴുതിയ തന്റെ സ്മരണകൾ (Erinnerungen [in German]; Inside the Third Reich [in English] by Albert Speer, 1970) ഉപസംഹരിക്കുന്നതു്. ഈ ഗ്രന്ഥം പലതുകൊണ്ടും ശ്രദ്ധേയമാണെന്നു് പറയേണ്ടിയിരിക്കുന്നു. യൂറോപ്പിലും അമേരിക്കയിലും അതിന്റെ എത്രയോ ലക്ഷം പ്രതികൾ ക്ഷണേന വിററഴിഞ്ഞു.

ഗ്രന്ഥകാരൻ, 1945—ൽ ജെർമ്മനി കീഴടങ്ങിയപ്പോൾ സഖ്യകക്ഷികളാൽ അറസ്റ്റ് ചെയ്യപ്പെട്ടു. ന്യൂറംബർഗ്ഗിലെ യുദ്ധാപരാധക്കോടതി മററുപലരുടെയും കൂട്ടത്തിൽ അദ്ദേഹത്തേയും വിസ്തരിച്ചു. യുദ്ധത്തിൽ പിടിച്ച തടവുകാരെ നിർമ്മാണയത്നങ്ങളിൽ അടിമത്തൊഴിലാളികളായി പണിയെടുപ്പിച്ചു എന്ന കുററം ചുമത്തി അദ്ദേഹത്തെ

Digitized by Kerala Sahitya Akademi

ഇരുപതു വർഷം തടവിനു വിധിച്ചു. സ്പാൻഡൗ ജെയിലിൽ ഈ ശിക്ഷ മുഴുവനും അനുഭവിച്ച ശേഷം 1966—ൽ തന്റെ 61.ാമത്തെ വയസ്സിൽ, അദ്ദേഹം മോചിപ്പിക്കപ്പെട്ടു. ജെയിലിൽവെച്ച് കൈയിൽ കിട്ടിയ കീറക്കടലാസുകളിൽ രഹസ്യമായിട്ടാണ് ഈ ഗ്രന്ഥം എഴുതിയതു്. യുദ്ധകാലത്ത് അടിമത്തൊഴിലാളിയായി പണിയെടുത്തവനെങ്കിലും പിന്നീട് ജെയിലിലെ ജോലിക്കാരനായി നിയമിക്കപ്പെട്ട ഒരു ഡച്ചുകാരൻ സ്പീയറുടെ സ്നേഹിതനായിത്തീരുകയും ഈ കടലാസുകൾ പുറത്തു കൊണ്ടു പോയി സൂക്ഷിക്കുവാൻ സഹായിക്കുകയും ചെയ്തു.

സ്പീയർ യുവാവായ ഒരു വാസ്തുവിദ്യാവിദഗ്ധനായിരുന്നു—ആർക്കിട്ടെക്ട്. ഹിററ്ലറുടെ ഒരു പ്രസംഗം കേട്ടാണ് അദ്ദേഹം ആ രാഷ്ട്രീയക്കാരന്റെ നേർക്ക് ആകൃഷ്ടനായതു്. പക്ഷേ അവരുടെ ആദ്യബന്ധം രാഷ്ട്രീയ കാര്യങ്ങളുടെ പേരിൽ ആയിരുന്നില്ല. ഹിററ്ലർക്ക് വാസ്തുവിദ്യയിലുള്ള ആവേശകരമായ താൽപര്യമാണ് അവരെ അടുപ്പിച്ചതു്. അധികാരത്തിൽ പ്രവേശിക്കുന്നതിനു് എത്രയോ മുമ്പുതന്നെ ആ മനുഷ്യൻ ജെർമ്മനിയെ ലോകത്തിലെ ഒന്നാംകിട രാഷ്ട്രമാക്കണമെന്നും ആ പദവിക്കു യോജിച്ച വലിയ വലിയ സൗധങ്ങൾ രാജ്യത്തിന്റെ പല ഭാഗത്തും പൊതുമുതൽ വിനിയോഗിച്ച് നിർമ്മിക്കണമെന്നും സ്വപ്നം കണ്ടിരുന്നു. 1933 ലാണല്ലോ ഹിററ്ലർ രാഷ്ട്രീയാധികാരം പിടിച്ചെടുത്തതു്. പക്ഷേ 1920ൽ തന്നെ, ആരും അറിയാത്ത ഒരു വ്യക്തിയായിരുന്ന കാലത്ത്, അദ്ദേഹം ഗംഭീരങ്ങളായ സ്മാരകഹർമ്മ്യങ്ങൾ വിഭാവനം ചെയ്യുകയും അവയുടെ ചിത്രങ്ങൾ വരച്ച് സൂക്ഷിക്കുകയും ചെയ്തിരുന്നു. ഇവയിൽ ചിലതു് സ്പീയർ തന്റെ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടു്. ഹിററ്ലർ

Digitized by Kerala Sahitya Akademi

ക്ക് താൻ വിഭാവനം ചെയ്യുന്ന വാസ്തുശിൽപങ്ങളുടെ ചിത്രങ്ങൾ ഭംഗിയായി വരയ്ക്കാൻ കഴിയുമായിരുന്നു എന്നു ഗ്രന്ഥകാരൻ പറയുന്നു. എന്നല്ല അവയെപ്പററി നീളം, വീതി, ഉയരം എന്നീ മൂന്നക്ഷങ്ങളിലും സുവ്യക്തമായി ചിന്തിക്കുവാനും, അവയുടെ ഏററവും ചെറിയ വസ്തുതകൾ പോലും എത്രയോ കാലം ഓർമ്മവെയ്ക്കുവാനും ശക്തിയുണ്ടായിരുന്നുവത്രെ. ദേവാലയങ്ങൾ, കോട്ടകൊത്തളങ്ങൾ, സ്മാരകസൗധങ്ങൾ, വിനോദാങ്കണങ്ങൾ, തുടങ്ങിയ ഗംഭീരങ്ങളായ എടുപ്പുകളാണ് ഏതു സംസ്കാരത്തിൻെറയും മഹിമയെ വിളംബരം ചെയ്യുന്നതെന്നും, ജനങ്ങൾ നശിച്ചാലും അവ ശേഷിക്കുമെന്നും, ഈജിപ്തിൻെറയും റോമാസാമ്രാജ്യത്തിൻെറയും മററും ഉദാഹരണം ഉദ്ധരിച്ച് അദ്ദേഹം കൂടക്കൂടെ പറയാറുണ്ടായിരുന്നു. ചെലവിൻേറയോ അളവിൻേറയോ കാര്യത്തിൽ ഒരിക്കലും സങ്കുചിതബുദ്ധി കാണിക്കരുതെന്നും നിർബ്ബന്ധിച്ചിരുന്നു. എത്രയോ തലമുറക്കാലം മുൻകൂട്ടിക്കണ്ടുവേണം പൊതു മന്ദിരങ്ങൾ വിഭാവനം ചെയ്യുവാൻ. ആധുനികകാലത്തു് ചുരുക്കച്ചെലവിൽ അത്യാവശ്യത്തിന്ന് വേണ്ടി, ഉപയോഗത്തെ മാത്രം മുൻനിർത്തി പണിയുന്ന ദേശീയ സൗധങ്ങളുടെ അനാകർഷകത്വം ഹിററ്ലർ വെറുത്തു. മദ്ധ്യകാല യൂറോപ്പിലെ ഭരണാധികാരികൾക്ക് എത്രയോ കൂടുതൽ ഭാവനാശക്തിയുണ്ടായിരുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഉൽമ് എന്ന സ്ഥലത്തു് ആ പഴയ കാലത്തു് നിർമ്മിച്ച വലിയ പള്ളിയിൽ ആ പ്രദേശത്തെ ജനസംഖ്യയുടെ വളരെ ഇരട്ടി ആളുകൾക്ക് ഇരിക്കുവാൻ സ്ഥലമുണ്ടായിരുന്നു. ആധുനികകാലത്തുപോലും ഇത്തരം ദീർഘദൃഷ്ടിയുടേയും ഉന്നതഭാവനയുടേയും ഉദാഹരണങ്ങൾ കാണാവുന്നതാണ്.1918 വരെ ബവേറിയ ഭരിച്ചിരുന്ന വിററൽസ്ബാഖ് രാജ

Digitized by Kerala Sahitya Akademi

വംശത്തിലെ ലുഡ്‌വിഗ്ഗ് രണ്ടാമന്റെ കഥതന്നെ നോക്കുക. കാട്ടിൻനടുവിലും മലമുകളിലും ഗംഭീരങ്ങളായ കൊട്ടാരങ്ങൾ നിർമ്മിച്ച അദ്ദേഹം പൊതുമുതൽ ദുർവ്യയം ചെയ്ത ഭ്രാന്തനായിരുന്നു എന്നാണ് പലരും പറയുന്നത്. പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്! പ്രസ്തുത സൗധങ്ങൾ കാണാൻ വരുന്ന സഞ്ചാരികളിൽ നിന്നു പിരിക്കുന്ന പ്രവേശനവരിയിൽ നിന്നുതന്നെ അവയുടെ നിർമ്മാണത്തിനു വേണ്ടി ചെലവുചെയ്ത ധനത്തിന്റെ നൂറോ ആയിരമോ മടങ്ങ് തിരിച്ചു കിട്ടിയിരിക്കുന്നു. ''അതുകൊണ്ട് ലുബ്ധ് കാണിക്കരുത്, സ്പീയർ! നിങ്ങളുടെ ഭാവനയുടെയും സർഗ്ഗശക്തിയുടെയും പരമാവധി പ്രയോഗിച്ചുകൊള്ളുക. ആയിരം വർഷം നിലനിൽക്കുവാൻ പോകുന്ന ഈ പുതിയ ജെർമ്മൻ രാഷ്ട്രത്തിന്റെ പ്രതീകമായി ശോഭിച്ച് ലോകത്തിന്റെ കണ്ണഞ്ചിക്കുന്ന വാസ്തുശില്പങ്ങളാണ് എനിക്കു വേണ്ടത്.''

മുപ്പതുവയസ്സുപോലും തികയാത്ത പ്രതിഭാശാലിയായ ഒരു കലാകാരനെ ആവേശം കൊള്ളിക്കുവാൻ ഇതിൽ കൂടുതൽ എന്താണ് വേണ്ടത്? സ്പീയർ ഹിററ്ലറുടെ ആരാധകൻ മാത്രമല്ല ആത്മമിത്രവുമായി. രാജ്യത്തിന്റെ സർവ്വാധിപതിയായി ഭരണകാര്യങ്ങളിൽ മുഴുകിയിരിക്കുമ്പോഴും അദ്ദേഹത്തിന് തന്റെ പ്ലാനും ചിത്രങ്ങളും കണക്കുകളും കൊണ്ട് ഹിററ്ലറുടെ അടുത്തു ചെല്ലുവാൻ അനുവാദമുണ്ടായിരുന്നു. ''എപ്പോൾ വേണമെങ്കിലും വന്നുകൊള്ളുക. എന്റെ ഹൃദയത്തിനിണങ്ങിയ ഇക്കാര്യത്തിന് എനിക്ക് സമയമില്ലാതെ വരികയില്ല'' എന്ന് അദ്ദേഹം പറഞ്ഞുവത്രെ. നാത്സി പാർട്ടിയുടെ വൻപിച്ച സമ്മേളനരംഗങ്ങൾ മോടിപിടിപ്പിക്കുവാനാണ് സ്പീയർക്ക് ആദ്യം കിട്ടിയ നിയോഗം. ഈ

Digitized by Kerala Sahitya Akademi

ജോലിയിൽ അദ്ദേഹം അങ്ങേയററം വിജയിക്കുകയും ഹിററ്ലറുടെ കരളലിഞ്ഞ പ്രീതിക്ക് പാത്രമാവുകയും ചെയ്തു. ഇതേത്തുടർന്നു സ്പീയർ ഗവർമ്മേണ്ടിൻെറ കീഴിൽ, ഉന്നത പദവിയിൽ, വിപുലമായ അധികാരങ്ങളോടുകൂടി, ഇൻസ്പെക്ടർ ജെനറൽ ഓഫ് ബിൽഡിങ്ങ്സ് എന്ന പുതിയ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടു.

ജെർമ്മനിയുടെ തലസ്ഥാനമായ ബെർളിൻ നഗരത്തിൽ ചാൻസലറുടെ ഭരണകാര്യാലയം നിർമ്മിക്കുക എന്നതായിരുന്നു അദ്ദേഹം ആദ്യം ചെയ്ത ജോലി. ബിസ്മാർക്കിൻെറ കാലം മുതൽക്ക് നിലവിലിരുന്ന പഴയ ചാൻസിലറിക്കെട്ടിടങ്ങൾ തീരെ അപര്യാപ്തമെന്നായിരുന്നു ഹിററ്ലറുടെ പക്ഷം. വിദേശരാഷ്ട്രങ്ങളുടെ പ്രതിനിധികൾ തന്നെ സന്ദർശിക്കുവാൻ വരുമ്പോൾ ജെർമ്മനിയുടെ ഭരണത്തലവൻെറ സ്വീകരണ മണ്ഡപം കണ്ട് വിസ്മയസ്തബ്ധരാകണം. അവർ അവിടെ വന്നിറങ്ങിയാൽ ക്ഷണേന തൻെറ മുൻപിൽ വന്നെത്തരുത്. ഒരു ഫർലോങ്ങ് ദൂരമെങ്കിലും കലാവസ്തുക്കൾ നിറഞ്ഞ വിശാലമായ ഇടനാഴികളിൽ കൂടി മനം മയങ്ങി നടക്കണം. ലോകപ്രസിദ്ധമായ വെഴ്സായ് കൊട്ടാരത്തിലെ 'ഹാൾ ഓഫ് മിറേഴസ്'നെക്കാൾ വലുതും ആകർഷകവുമായിരിക്കണം ഈ ഉപശാല. അവർ അവിടെ എത്തുമ്പോൾ മോടികൂടിയ യൂണിഫോറം അണിഞ്ഞ ഉദ്യോഗസ്ഥന്മാരുടെ നടുവിൽ വെച്ച് സാധാരണവസ്ത്രങ്ങൾ ധരിച്ച് ജെർമ്മൻ ജനതയുടെ അധിനായകനായ താൻ അവരെ സ്വീകരിക്കും. ലോകത്തിൻെറ പല ഭാഗങ്ങളിൽ നിന്നു വരുത്തിയ മാർബിളും മനോഹരശിലകളും മററുതരം വിചിത്രവസ്തുക്കളും ഉപയോഗിച്ച് ഹിററ്ലർ നിശ്ചയിച്ച ഹ്രസ്വമായ സമയപരിധിക്കുള്ളിൽ തന്നെ സ്പീയർ ഈ

Digitized by Kerala Sahitya Akademi

സൗധം നിർമ്മിച്ചു. അതു് അലങ്കരിക്കുന്നതിനിടയ്ക്കു് കാര്യാലയത്തിൽ പണ്ടേയുണ്ടായിരുന്ന ബിസ്മാർക്കിന്റെ ഒരു മാർബിൾ പ്രതിമ മാററി സ്ഥാപിക്കുവാൻ ശ്രമിച്ചപ്പോൾ മറിഞ്ഞു വീണു് ഉടയാൻ ഇടയായി. സ്പിയർ ഉടനെതന്നെ തന്റെ സ്നേഹിതനായ ഒരു പ്രതിമാശില്പിയെക്കൊണ്ടു് അതിന്റെ ശരിപ്പകർപ്പ് നിർമ്മിച്ചു് യഥാസ്ഥാനത്തു് സ്ഥാപിച്ചു.

തന്റെ ആസ്ഥാനമണ്ഡപം തൃപ്തികരമായി നിർമ്മിച്ചു കണ്ടപ്പോൾ ഹിററ്ലർക്കു് എന്തെന്നില്ലാത്ത ഉത്സാഹമായി. ഉടനെതന്നെ ബർളിൻ നഗരത്തിന്റെ പ്രധാന ഭാഗം പുനഃസംവിധാനം ചെയ്യാനും ലോകത്തിലേക്കു് വച്ചു് ഏററവും മനോഹരമായ തലസ്ഥാനമായി അതിനെ രൂപാന്തരപ്പെടുത്തുവാനും അദ്ദേഹം ആജ്ഞാപിച്ചു. ലണ്ടൻ അനാകർഷകമാണു്. വാഷിങ്ങ്ടൺ നന്നായിട്ടില്ല. വിയന്ന കൊള്ളാം. പക്ഷേ പാരീസ്സിന്റെ ഭംഗി നിസ്തുലമാണു്. അതു് സംവിധാനം ചെയ്ത കലാകാരന്റെ (ജോർജെസ് ഹൗസ്മൻ) ചരിത്രവും, അദ്ദേഹം നിർമ്മിച്ച രാജവീഥികളുടേയും മഹാസൗധങ്ങളുടെയും സവിശേഷതകളും അളവുകൾ പോലും ഹിററ്ലർ വിസ്തരിച്ചു പറഞ്ഞുവത്രെ. യുദ്ധത്തിൽ ഫ്റാൻസ് കീഴടങ്ങിയതിനു ശേഷമാണു് അദ്ദേഹം ആ നഗരം നേരിൽ കണ്ടതെന്ന വസ്തുത ഈ സന്ദർഭത്തിൽ സ്മരണീയമാണു്. പ്രൗഢിയിലും വൈപുല്യത്തിലും അഡോൾഫ് ഹിററ്ലറുടെ ബെർളിൻ പാരിസ്സിനെ നിഷ്പ്രഭമാക്കണം എന്നതായിരുന്നു ലക്ഷ്യം. ഹിററ്ലർ എന്ന വാസ്തുവിദ്യാകുതുകിയും സ്പിയർ എന്ന സംവിധാനവിദഗ്ദ്ധനും ദീർഘമായ കൂടിയാലോചനകൾ നടത്തി പ്രസ്തുത പദ്ധതിയുടെ അടിസ്ഥാനരൂപം നിശ്ചയിച്ചു.

Digitized by Kerala Sahitya Akademi

തെക്കുവടക്ക് മൂന്നു മൈൽ നീളമുള്ള ഒരു രാജവീഥി. അതിനു് 390 അടി വീതി വേണം. (പാരിസ്സിലെ വിഖ്യാതമായ ഷാങ്ങ്സ് എലിസീസ് എന്ന രാജവീഥിക്കു് കഷ്ടിച്ചു് ഒന്നേകാൽ മൈലേ നീളമുള്ളു. അതിൻെറ വീതി 330 അടിയും.) അതിൻെറ പാർശ്വങ്ങളിൽ ഗംഭീരമായ സൗധങ്ങൾ പണിയണം. ഭരണവകുപ്പുകളുടെ കാര്യാലയങ്ങളും പ്രതിപുരുഷമന്ദിരങ്ങളും പ്രദർശനശാലകളും വ്യവസായ സ്ഥാപനങ്ങളുടെ ഹർമ്മ്യങ്ങളും, പ്രൗഢിയിലും ആകർഷകത്വത്തിലും അന്യോന്യം മത്സരിച്ചു കൊണ്ടു് ഉയർന്നു വരണം. ഈ പദ്ധതിയെപ്പററി കേട്ടപ്പോൾ തന്നെ പല സ്ഥാപനങ്ങളും സംഘടനകളും മത്സരം തുടങ്ങി. ബ്രിട്ടൻെറയും ഇററലിയുടെയും പ്രതിപുരുഷാലയങ്ങൾക്കു് അവരുടെ അപേക്ഷപ്രകാരം ആദ്യമേ തന്നെ സ്ഥാനം നിശ്ചയിച്ചു. ഹിററ്ലറുടെ തൊഴിൽകാര്യമന്ത്രിയായ ഡോക്ടർ ലേയ് രാജവീഥിയുടെ പകുതി ദൂരം ഇരുവശത്തുമുള്ള സ്ഥലം വിലയ്ക്കെടുക്കുവാൻ സന്നദ്ധനായി. 1939—നു മുമ്പുതന്നെ അദ്ദേഹത്തിൻെറ സ്വാധീനത്തിൽ തൊഴിലാളികളിൽ നിന്നു പിരിച്ചെടുത്ത അളവില്ലാത്ത ധനം കുമിഞ്ഞു കൂടിയിരുന്നു.

രാജവീഥിയുടെ വടക്കേ അററത്തു് അന്നുവരെ മനുഷ്യൻ നിർമ്മിച്ചിട്ടുള്ളതിൽ വെച്ചു് ഏററവും വലിയ കുംഭഗോപുരത്തോടുകൂടിയ ഒരു സമ്മേളനഹർമ്മ്യം സ്ഥാപിക്കുവാൻ നിശ്ചയിച്ചു. ചെമ്പു പൊതിഞ്ഞ അതിൻെറ കുംഭത്തിന്നു് 825 അടി വ്യാസം കാണും. സ്തൂപികയുടെ സ്ഥാനത്തു് ഗംഭീരമായ ഒരു ഈഗിൾ പക്ഷിയുടെ വിഗ്രഹം പ്രതിഷ്ഠിക്കണമെന്നായിരുന്നു ഉദ്ദേശം. ഈ കുംഭഗോപുരത്തിൻെറ അടിയിലുള്ള സമ്മേളനശാലയിൽ ഒന്നര ലക്ഷം മനുഷ്യർക്കു് നിൽക്കുവാൻ സ്ഥലമുണ്ടായിരിക്കും.

Digitized by Kerala Sahitya Akademi

അന്നത്തെ നിലയ്ക്കു് ഇത്ര വലിയ ഒരു എടുപ്പിൻെറ നിർമ്മാണം അസാദ്ധ്യമായ കാര്യമൊന്നും ആയിരുന്നില്ലെന്നു സ്പിയർ ഉറപ്പിച്ചു പറയുന്നു. ജെർമ്മൻ എഞ്ചിനീയർമാക്ക ആ കുംഭഗോപുരം പണിയാൻ കഴിയുമായിരുന്നു.

ഇന്നു് ടെംപൽ ഹോഫ് വിമാനത്താവളം സ്ഥിതി ചെയ്യുന്ന സ്ഥലംവരെ മുൻ പറഞ്ഞ രാജവീഥി നീണ്ടു പോകും. ഇടയ്ക്കുള്ള റെയിൽവേ സ്റ്റേഷൻ പൊളിച്ചു് ഈ സ്ഥാനത്തേക്കു മാററി റെയിൽപാതയുടെ സ്ഥലം കൂടി വീഥിക്കു വേണ്ടി ഉപയോഗിക്കുവാനായിരുന്നു പ്ലാൻ. രാജവീഥിയുടെ ഏകദേശം മദ്ധ്യത്തിലായി പാരിസ്സിലെ ആർക്കു് ദി ട്രിയോംഫ് എന്ന പ്രസിദ്ധമായ എടുപ്പിനെ അനുകരിച്ചു് അതിനെക്കാൾ വളരെ വലുതായി ഒരു യുദ്ധ സ്മാരകവും പണിയണമെന്നു് നിശ്ചയിച്ചു. ഒന്നാം ലോക മഹായുദ്ധത്തിൽ മരിച്ച 18 ലക്ഷം ജെർമ്മൻ സൈനികരുടെ പേരുകൾ മുഴുവനും അതിന്മേൽ കൊത്തിവയ്ക്കണമെന്നു് ഹിററ്ലർ പറഞ്ഞു. സ്പിയർ നേരത്തെ നിർമ്മിച്ച ഭരണ കാര്യാലയം താൽക്കാലികമാണെന്നു് ഹിററ്ലർ അന്നു തന്നെ പറഞ്ഞിരുന്നു. കുംഭഗോപുര ഹർമ്മ്യത്തിൻെറ വടക്കു ഭാഗത്താണു് സ്ഥിരമായ ആ സ്ഥാനം നിർമ്മിക്കുവാൻ ഉദ്ദേശിച്ചതു്. അഡോൾഫ് ഹിററ്ലർ പ്ലാററ്സ് എന്ന വിശാലമായ അങ്കണത്തിൻെറ ഒരു വശത്തു് ചാൻസലറിയും, മറുവശത്ത് രാജ്യരക്ഷാകാര്യാലയവും, രാഷ്ട്രത്തിൻെറ ഉപനേതാവായ ഗോയ്റിങ്ങിൻെറ കൊട്ടാരവും പണിയുവാൻ നിശ്ചയിച്ചു.

ഈ വിവരണങ്ങൾ വായിച്ചാൽ ഭാവനയെ ഒരു നിയന്ത്രണവുമില്ലാതെ വ്യാപരിപ്പിച്ചു് രൂപകല്പനചെയ്ത ഒരു പദ്ധതിയാണെന്നേ തോന്നുകയുള്ളു. ഹിററ്ലറും

Digitized by Kerala Sahitya Akademi

സ്പിയറും കൂടി ഒരു അസുരരാജധാനി പണിയുവാനാണ് ആലോചിച്ചതെന്നു പറയാം. ആഗോളയുദ്ധം നടത്തി ലോകമേധാവിത്വം കരസ്ഥമാക്കുവാൻ ശ്രമിക്കുന്ന ഏകാധിപതിയായ ഒരു ഭരണാധികാരിക്ക് ഇങ്ങനെ കെട്ടിടങ്ങളുടെയും തെരുവീഥികളുടെയും അളവുകളും അടങ്കലുകളും പരിശോധിക്കുവാൻ എങ്ങനെ സമയം കിട്ടി എന്നു നാം വിസ്മയിച്ചു പോകും. ഭരണം ഏറ്റെടുത്ത സന്ദർഭത്തിൽ ഫയലുകൾക്കിടയിൽ തന്നെ ജീവനോടെ കഴിച്ചു മൂടിക്കളയാമെന്ന് ഉദ്യോഗസ്ഥന്മാർ വ്യാമോഹിച്ചു എന്നും, തൻെറ കഴിവുകൾ അതിനേക്കാൾ എത്രയോ മഹത്തായ കാര്യങ്ങൾക്കു വേണ്ടിയാണ് വിനിയോഗിക്കുവാൻ പോകുന്നതെന്നു പറഞ്ഞു് അവരെയെല്ലാം താൻ വിരട്ടിയോടിച്ചു എന്നും ഹിററ്ലർ പറയുകയുണ്ടായി.

രാജ്യത്തിനു് ഗുണം വരുന്ന വല്ല കാര്യവും ചെയ്യണമെങ്കിൽ തലസ്ഥാന നഗരത്തിൽ നിർമ്മിക്കപ്പെടുന്ന കടലാസ്സ് പർവ്വതങ്ങൾക്ക് തീവെക്കേണ്ടിയിരിക്കുന്നു എന്ന സ്ഥിതിവിശേഷം ഇന്നത്തെപ്പോലെ അന്നും നിലവിലുണ്ടായിരുന്നു. ജെർമ്മൻകാരാണെങ്കിൽ മിന്നൽയുദ്ധം നടത്തുന്നതിൻെറ ഇടയ്ക്കുപോലും എല്ലാ കാര്യങ്ങളും രേഖപ്പെടുത്തണമെന്നു് നിർബ്ബന്ധമുള്ളവരും അങ്ങനെ ചെയ്യുന്നവരുമാണ്. വിഖ്യാതസേനാനിയായ റോമലിൻെറ ജീവചരിത്രം എഴുതിയ ഡെസ്മോണ്ട് യങ്ങ് എന്ന ഇംഗ്ലീഷുകാരൻ വിവരങ്ങൾ ശേഖരിക്കുന്നതിന്നുവേണ്ടിയുള്ള യത്നത്തിനിടയ്ക്ക് റോമലിൻെറ വിധവയെ സന്ദർശിച്ചപ്പോൾ അവർ അലമാരിയിൽ നിന്നു് മനോഹരമായി ബയിൻറു ചെയ്തു സൂക്ഷിച്ചിരുന്ന അനേകം തടിയൻ പുസ്തകങ്ങൾ എടുത്തു കാണിച്ചുവത്രെ. സമരമുഖത്തുവെച്ച് റോമൽ നൽകിയ കല്പനകൾ തീയതിയും സമയവും അനു

Digitized by Kerala Sahitya Akademi

സരിച്ച് രേഖപ്പെടുത്തിയിരിക്കുന്നതു കണ്ട് യങ്ങ് അത്ഭുതപ്പെട്ടുപോയതായി എഴുതിയിരിക്കുന്നു. ഏതായാലും ഹിററ്ലർക്ക് കടലാസ്സു ഭരണത്തിൽ അല്പായിരുന്നു താൽപര്യം. കണ്ണുകളുടെ ശക്തിക്കുറവും ഈ മനോഭാവത്തിന് കാരണമായിരിക്കാം. അസാധാരണമായ വലിപ്പമുള്ള അക്ഷരങ്ങളോടു കൂടിയ ടൈപ്പ് റൈറ്ററാണ് അദ്ദേഹത്തിൻെറ ആഫീസ്സിൽ ഉപയോഗിച്ചിരുന്നത്. മററുള്ളവർ കാൺകെ കണ്ണട ഉപയോഗിക്കുന്നതും ഇഷ്ടമല്ലായിരുന്നു. മഹായുദ്ധം തുടങ്ങി, കിഴക്കും പടിഞ്ഞാറുമുള്ള സമരമുഖങ്ങളിലെ പ്രതിദിന പരിപാടികൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്ന സന്ദർഭത്തിലും ഹിററ്ലർ തൻെറ പുതിയ രാജധാനിയുടെ നിർമ്മാണകാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചിരുന്നതായി സ്പീയർ എഴുതുന്നു.

1939 മുതൽ 1950 വരെ പതിനൊന്നു വർഷംകൊണ്ട് ബർളിൻ പദ്ധതി പൂർത്തിയാക്കുവാനായിരുന്നു ഉദ്ദേശം. അതിൻെറ ആകെ ചെലവ് 600 കോടിമാർക്ക് എന്നാണ് അന്ന് കണക്കാക്കിയിരുന്നത്. (ഇന്നത്തെ നിരക്കിൽ ഇത് 2400 കോടി മാർക്ക് ഏകദേശം 5000 കോടി രൂപ വരുമെന്ന് സ്പീയർ പറയുന്നു.) സമ്മേളന ഹർമ്മ്യത്തിൻെറ അടങ്കൽ 100 കോടി മാർക്ക് ആയിരുന്നുവത്രെ, പരസ്യപ്പെടുത്തുമ്പോൾ അൻപതു ശതമാനം കൂട്ടിപ്പറയണം. എങ്കിൽ മാത്രമേ അമേരിക്കക്കാർക്ക് മതിപ്പുതോന്നുകയും അതു കാണുവാൻവേണ്ടി അവർ ഇരച്ചു കയറുകയും ചെയ്യുകയുള്ളു എന്ന് ഹിററ്ലർ നിർബ്ബന്ധിച്ചിരുന്നു. പദ്ധതിയുടെ വൈപുല്യവും ഭീമമായ ചെലവും കണ്ട് പലരും അന്ധാളിക്കുകയുണ്ടായി. ഇതുപോലെ തന്നെയുള്ള ഭീമ പദ്ധതികൾ മററു നഗരങ്ങൾക്കു വേണ്ടിയും തയ്യാറാക്കിയിരുന്നു. പ്രാദേശിക നേതൃത്വം വഹിച്ച നാത്സികളാ

Digitized by Kerala Sahitya Akademi

യിരുന്നു അവയുടെ ചുമതലക്കാർ. ജെർമ്മനിയിൽ നിന്നു് നിഷ്ക്കാസനം ചെയ്യപ്പെട്ട തോമ്മസ്മൻ എന്ന സുപ്രസിദ്ധ സാഹിത്യകാരൻ, ''വിനാശ കാലത്താണു് വലിയ എടുപ്പുകൾ പണിയിക്കണമെന്നു തോന്നുന്നതു്'' എന്നൊരു പഴമൊഴി ഉദ്ധരിച്ചുകൊണ്ടു് ജെർമ്മനിക്കു വരാൻ പോകുന്ന ആപത്തിനെപ്പററി എന്തെന്നില്ലാത്ത ഭീതിയോടെ അമേരിക്കയിൽ നിന്നു് ആയിടയ്ക്കെഴുതിയ ഒരു പ്രസ്താവന വായിച്ചതോർക്കുന്നു. പ്രതിവർഷം 50 കോടി മാർക്കു് ചെലവു വരുന്ന ഒരു പദ്ധതിയെപ്പററി അത്ര വളരെ അന്ധാളിപ്പു തോന്നേണ്ട കാര്യമൊന്നും ഇല്ലെന്നും ജെർമ്മനിയിൽ അക്കാലത്തു് ആണ്ടുതോറും നടത്തിയിരുന്ന നിർമ്മാണപരമായ ധനവ്യയത്തിൻെറ ഇരുപത്തിയഞ്ചിൽ ഒരംശം മാത്രമാണു് ഈ തുകയെന്നും സ്പിയർ എഴുതുന്നു. രാജ്യത്തെ അന്നത്തെ നികുതി വരുമാനത്തിൻെറ വെറും മൂന്നു ശതമാനമാണിതു്. ഹിററ്ലർക്കു അന്നു് ആരോടും സമാധാനം പറയേണ്ടതില്ലായിരുന്നു. ജെർമ്മനിയുടെ മഹിമയ്ക്കു് അതു് ആവശ്യമാണെന്നു് ആ സർവാധിപതി വിധിച്ചു. ''കല്പന കല്ലേപ്പിളർക്കും''. അത്ര തന്നെ.

പുതിയ രാജധാനി പണിയുന്നതിനുവേണ്ട സാധനസാമഗ്രികൾ ശേഖരിക്കാൻ ഉടൻതന്നെ ശ്രമം തുടങ്ങി. യൂറോപ്പിൻെറ പല ഭാഗങ്ങളിൽ നിന്നും വലിയ അളവിൽ സാധനങ്ങൾ ഇറക്കുമതി ചെയ്യുവാൻ ഏർപ്പാടു ചെയ്തു. ഹിററ്ലറുടെ വാസസ്ഥലത്തിനു് സമീപത്തു തന്നെ സ്പിയർ തൻെറ സ്ററുഡിയോ സ്ഥാപിച്ചു. ഹിററ്ലർക്കു് പൊതുജനദൃഷ്ടിയിൽ പെടാതെ അങ്ങോട്ടു് നടന്നുപോകുവാൻ സൗകര്യമുണ്ടായിരുന്നു, യുദ്ധ പ്രഖ്യാപനവും, എല്ലാദിങ്ങ്മുഖങ്ങളിലേക്കുമുള്ള ജെർമ്മൻ സേന

Digitized by Kerala Sahitya Akademi

യുടെ മിന്നൽ വേഗത്തിലുള്ള കുതിച്ചുകയററവുമെല്ലാം പ്രാസംഗികമായി മാത്രമേ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളു. താൻ ചരിത്രത്തിലെ ഏററവും മഹാനായ ജെർമ്മൻകാരനാണെന്നുള്ള അടിയുറച്ച വിശ്വാസം ഹിററ്ലറുടെ സംഭാഷണങ്ങളിലും ഭാവിയെക്കുറിച്ചുള്ള പ്രസ്താവനകളിലും വ്യഞ്ജിക്കുന്നുണ്ട്. ഫ്റാൻസ് കീഴടങ്ങിയ ശേഷം രഹസ്യമായിട്ടാണ് അദ്ദേഹം പാരിസ്സ് സന്ദർശിച്ചതു്. അതു പക്ഷേ വിജയശ്രീലാളിതമായ ജെർമ്മൻ സേനാനിരകളെ പരിശോധിക്കുവാനല്ല, ആ നഗരവും അവിടെയുള്ള പ്രസിദ്ധമായ സൗധങ്ങളും കാണുവാനാണ്. സ്പിയറും കൂടെ ഉണ്ടായിരുന്നു. ഏതോ ഒരു പ്രസിദ്ധ സൗധം സന്ദർശിച്ചപ്പോൾ അതിന്റെ ഒരു ഭാഗം പിൽക്കാലത്തു് മാററിപ്പണിഞ്ഞതല്ലേ എന്ന് അവിടുത്തെ സൂക്ഷിപ്പുകാരനോട് ചോദിക്കുവാൻ ഹിററ്ലർ ആജ്ഞാപിച്ചു. കാര്യം ശരിയാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞപ്പോൾ സ്പിയർ അത്ഭുതപ്പെട്ടുപോയത്രെ. എത്ര സൂക്ഷ്മമായിട്ടാണ് ഹിററ്ലർ അന്യ രാജ്യത്തുള്ള എടുപ്പുകളുടെ നിർമ്മാണചരിത്രം മനസ്സിലാക്കിയിരുന്നതെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. ആ സൂക്ഷിപ്പുകാരന് ഹിററ്ലറുടെ കൽപനപ്രകാരം 50 മാക്ക് പാരിതോഷികം കൊടുത്തപ്പോൾ ആ മനുഷ്യൻ അതു് തിരസ്കരിക്കുകയാണ് ചെയ്തതെന്നും സ്പിയർ എഴുതുന്നു.

യുദ്ധം കൊടുമ്പിരിക്കൊണ്ടു. വിജയത്തിൽ നിന്ന് വിജയത്തിലേക്കുള്ള കുതിച്ചുകയററം നിലച്ചു. പരാജയത്തിന്റെ ദുർന്നിമിത്തങ്ങൾ കണ്ടുതുടങ്ങി. എന്നിട്ടും ഹിററ്ലർക്ക് രാജധാനി നിർമാണത്തിലുള്ള താൽപര്യം കുറഞ്ഞില്ല. അതിൽ ശ്രദ്ധിക്കാതെയും ഇരുന്നില്ല. യുദ്ധപരിപാടികളുടെ സർവാധിനായകത്വം സ്വയം ഏറെറടുത്ത

Digitized by Kerala Sahitya Akademi

പ്പോഴും സ്പീയറുമായി അദ്ദേഹം നീണ്ട ചർച്ചകൾ നടത്താറുണ്ടായിരുന്നു. അങ്ങനെയിരിക്കെ യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്നതിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി ഒരു വിമാനാപകടത്തിൽ മരിച്ചു. ഉപകരണങ്ങൾ നിർമ്മിക്കുന്നതിനു പുതിയ ഫാക്ടറികൾ നിർമ്മിക്കേണ്ടിയിരുന്നതുകൊണ്ടും സ്പീയറുടെ കഴിവിനെക്കുറിച്ച് അങ്ങേയററത്തെ മതിപ്പുണ്ടായിരുന്നതുകൊണ്ടും ഹിററ്ലർ അദ്ദേഹത്തെയാണ് 37—ാമത്തെ വയസ്സിൽ പകരം നിയമിച്ചത്. ഈ നിലയിൽ, രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കാതെ വാസ്തുവിദ്യാവിശാരദനായി അതുവരെ ജീവിച്ച ഈ മനുഷ്യൻ സാധിച്ച മഹാത്ഭുതങ്ങൾ യുദ്ധകാലത്തുതന്നെ പ്രസിദ്ധിനേടുകയുണ്ടായി. കിഴക്കൻ സമരമുഖത്തുണ്ടായ ഭയാനകമായ പരാജയങ്ങളുടെയും, സഖ്യകക്ഷികൾ ജെർമ്മനിക്കുമേൽ ഇടതടവില്ലാതെ വർഷിച്ച ബോംബുകൾ വരുത്തിയ വിനാശത്തിന്റെയും നടുവിൽ, നാത്സി സമരയന്ത്രത്തിനു വേണ്ട ഉപകരണങ്ങൾ അദ്ദേഹം കണക്കില്ലാതെ നിർമ്മിച്ചു. വിമാനങ്ങൾ, ടാങ്കുകൾ, മുങ്ങിക്കപ്പലുകൾ, പീരങ്കികൾ എന്നിവയുടെ കാര്യത്തിലുണ്ടായ ഭീമമായ നഷ്ടം പരിഹരിച്ചതിനു പുറമെ അവയുടെ ആകെത്തുക പൂർവ്വാധികം വർദ്ധിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആദർശങ്ങളെയും ലക്ഷ്യങ്ങളെയും കുറിച്ചുള്ള അഭിപ്രായം എന്തായാലും, അത്യദ്ധ്വാനത്തിനു പ്രസിദ്ധി നേടിയ ജെർമ്മൻകാരുടെ ഇടയിൽപോലും അത്ഭുതകരമായ ഈ കാര്യശേഷി അപൂർവ്വമായേ കാണുകയുള്ളൂ.

റോക്കററ് ആയുധങ്ങൾ നിർമിച്ച വോൺ ബ്രൌൺ (ഇദ്ദേഹം ഇപ്പോൾ അമേരിക്കയിലാണ്) എന്ന സാങ്കേതികവിദഗ്ദ്ധനും പ്രസിദ്ധരായ ചില അറോമിക് ശാസ്ത്രജ്ഞന്മാരും ഈ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

Digitized by Kerala Sahitya Akademi

വോൺ ബ്രൌണിൻെറ സാമത്ഥ്യം കണ്ട ഹിററ്ലർക്ക് അത്യധികമായ മതിപ്പ് തോന്നിയെന്നും, വളരെ ചെറുപ്പമാണെങ്കിലും അദ്ദേഹത്തെ പ്രൊഫസറായി നിയമിക്കണമെന്ന് സ്പിയർ ചെയ്ത ശുപാർശ ആഹ്ളാദപൂർവ്വം സ്വീകരിക്കപ്പെട്ടു എന്നും കാണാനു. ജെർമ്മനിയിൽ പ്രൊഫസ്സർ എന്നത് ഒരു അദ്ധ്യാപക തസ്തികമാത്രമല്ല. അസാധാരണമായ പാണ്ഡിത്യം നേടിയവക്ക് രാഷ്ട്രം നൽകുന്ന പദവികൂടിയാണ്. അവർക്ക് ആയുഷ്കാല വേതനവും ലഭിക്കുന്നു. താൻ തന്നെ ആ കല്പനയിൽ ഒപ്പുവയ്ക്കുണമെന്ന് ഹിററ്ലർ നിർബ്ബന്ധിച്ചുവത്രെ. നമ്മുടെ രാജ്യത്ത് രാഷ്ട്രം ഇടപെടുകയോ വേതനം നൽകുകയോ ഒന്നുമില്ലെങ്കിലും സർക്കസ്സ് വിദഗ്ധന്മാർക്കും ഇന്ദ്രജാലക്കാർക്കും എങ്ങനെയോ ഈ പദവി ലഭിക്കാറുണ്ട്. ഈ രണ്ടു വിദ്യകൾക്കും ജെർമ്മനി പ്രസിദ്ധമാകയാൽ, അവിടുത്തെ സമ്പ്രദായത്തിൻെറ അനുകരണമല്ലേ ഇതിൽ കാണുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പക്ഷേ, മറെറാരു ജെർമ്മൻ വിദ്യയായ ഹോമിയോപ്പതിയുടെ കാര്യത്തിൽ നേരെമറിച്ചാണ് സംഭവിക്കുന്നത്. പി. എച്ച്. ഡി.ബിരുദം എടുത്തവരെ മാത്രമേ ഡോക്ടർ എന്ന് പേരിൻെറ മുമ്പിൽ ചേർത്തു വിളിക്കാറുള്ള.അതൊരു ബിരുദമാണ്. പദവിയല്ല. അതു നിയമപ്രകാരം പഠിച്ച് നേടേണ്ടതാണ്. നമുക്ക് അങ്ങനെ നിയമമോ നിർബ്ബന്ധമോ ഒന്നുമില്ല.

ഹൈസൻബർഗ് തുടങ്ങിയ പ്രമാണികളായ ശാസ്ത്രജ്ഞന്മാരെ വിളിച്ചുവരുത്തി ആററംബോംബുണ്ടാക്കുന്നതിൻെറ സാദ്ധ്യതകൾ ആരാഞ്ഞപ്പോൾ മൂന്നു നാലു വർഷമെങ്കിലും ഇല്ലാതെ ഒന്നും ചെയ്യാൻ കഴിവില്ലെന്നായിരുന്നു അവരുടെ മറുപടി. യൂറോപ്പിൽ ആകെക്കൂടി പാരി

Digitized by Kerala Sahitya Akademi

സ്സിൽ മാത്രമാണ് ഒരു സൈക്ലോട്രോൺ ഉണ്ടായിരുന്നത്. അതുതന്നെ വളരെ ചെറുതും ആയിരുന്നു. അവിടെ പോയി രഹസ്യമായ ഈ ഗവേഷണം നടത്തുന്നത് ആശാസ്യമല്ലെന്നു് ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചു. അതിനേക്കാരം വലിയ ഒരു സൈക്ലോട്രോൺ ജെർമ്മനിയിൽ നിർമ്മിക്കുവാൻ നിർദ്ദേശിച്ചപ്പോരം അതിൻെറ പ്രായോഗിക വശങ്ങരം പഠിച്ചും പരീക്ഷിച്ചും സ്വാധീനമാക്കേണ്ടിയിരിക്കുന്നു എന്നാണവർ പറഞ്ഞതു്. അടുത്തകാലം വരെ ജെർമ്മനി ഈ ശാസ്ത്രത്തിൻെറ മുന്നണിയിലായിരുന്നു. പക്ഷേ, നാത്സികരം വന്നതിനുശേഷം സ്ഥിതിയെല്ലാം മാറിപ്പോയി. ഏതായാലും ഒരു പ്രാഥമികശ്രമം നടത്തുന്നതിന്നു് എത്രപണം വേണമെന്നു് സ്പിയർ ചോദിച്ചപ്പോരം നാല്പതോ അമ്പതോ ആയിരം മാർക്ക് എന്നു് ഹൈസൻബർഗ് പറഞ്ഞുവത്രെ. പത്തോ ഇരുപതോ ലക്ഷമെങ്കിലും കൊടുക്കാമെന്നാണ് സ്പിയർ വിചാരിച്ചത്. ഏതായാലും ഈ ശാസ്ത്രജ്ഞന്മാർ പറഞ്ഞ കാലാവധിവരെ നിക്കൽ, ക്രോമിയം തുടങ്ങിയ സുപ്രധാന ലോഹങ്ങരംപോലും കിട്ടുകയില്ലെന്നു് തീർച്ചയായിരുന്നതുകൊണ്ടു് സ്പിയറും ഹിററ്ലറും ആ ഉദ്യമം ഉപേക്ഷിച്ചു.

വാസ്തുവിദ്യയുടെ ഉച്ഛൃംഖല സങ്കല്പങ്ങളേയും യുദ്ധസാമഗ്രികരം നിർമ്മിക്കുന്നതിലുണ്ടായ അത്ഭുതകരമായ നേട്ടങ്ങളേയുംകാരം ഹിററ്ലറുടെ വ്യക്തിത്വത്തിൻെറയും നാത്സി ഭരണത്തിൻെറയും അന്തർ മണ്ഡലങ്ങളിലേക്ക് ഈ ഗ്രന്ഥം വീശുന്ന വെളിച്ചമാണ് ശ്രദ്ധേയമായിരിക്കുന്നതു്. എന്നു വരികിലും, ഈ ഗ്രന്ഥം മുഴുവൻ വായിച്ചിട്ടും, മർമ്മസ്ഥാനീയമായ ഒരു കാര്യം ദുർഗ്രഹമായിത്തന്നെ ശേഷിക്കുന്നു. അതു് അഡോരംഫ് ഹിററ്ലർ എന്ന ഒരു മനുഷ്യൻ ജെർമ്മൻ ജനതയുടെ സർവ്വാധിപതിയാ

Digitized by Kerala Sahitya Akademi

യി പന്ത്രണ്ട് വർഷക്കാലം അവരെ അടക്കിഭരിക്കുകയും ആദ്യദശയിലെങ്കിലും അവരുടെ ആരാധനാപാത്രമായി ജീവിക്കുകയും ചെയ്തതിന്റെ രഹസ്യമാണ്. ആ രാജ്യത്തെ ജനങ്ങൾ അദ്ദേഹത്തെ അങ്ങനെ ആരാധിച്ചതു മാത്രമല്ല അത്ഭുതം. ഹിററ്ലറും താൻ ഒരു അവതാരപുരുഷനാണെന്നുതന്നെ വിശ്വസിച്ചു. ആത്മഹത്യചെയ്യുന്നതിന്നു അല്പകാലം മുമ്പുവരെ അങ്ങനെ അനായാസമായി പെരുമാറുകയും ചെയ്തു.

പോലീസ് വകുപ്പ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥമണ്ഡലത്തിനും, അതിബൃഹത്തായ സൈനിക സംഘടനക്കും സമാന്തരമായി അവയോളംതന്നെ വിപുലമായ ഒരു പാർട്ടി സംഘടനയും നാത്സികൾ സംഘടിപ്പിച്ചിരുന്നു. സേനാഘടകങ്ങളേയും പോലീസുകാരെയും പോലെ ഇതിലെ അംഗങ്ങൾക്കും യൂണിഫോറവും ആയുധസാമഗ്രികളും അതികർശനമായ നടപടിക്രമങ്ങളും ഉണ്ടായിരുന്നു. ഗെസ്റ്റാപ്പോ; എസ്. എസ്; എസ്സ്. ഏ; എന്നിങ്ങനെ കുപ്രസിദ്ധി നേടിയ സംഘടനകൾ അതിന്റെ ശാഖകളാണ്. പലപ്പോഴും ഏതാണ് ഗവർമ്മെണ്ട്, ഏതാണ് പാർട്ടി എന്നു് തിരിച്ചറിയാൻ പാടില്ലാത്ത വിധത്തിലാണ് അവ പ്രവർത്തിച്ചിരുന്നതു്. ഇത്രവളരെ ആളുകൾക്ക് ശമ്പളവും മററു് സൗകര്യങ്ങളും നൽകുന്നതിന്നു വേണ്ട അപാരമായ ധനം എങ്ങനെ ഉണ്ടായി എന്നതു തന്നെ ഒരു വലിയ അത്ഭുതമാണ്. സാമൂഹിക ജീവിതത്തെ നിയന്ത്രിച്ച ഈ മൂന്നു് ഉദ്യോഗസ്ഥനിഃശ്രേണികളുടെയും അഗ്രിമസ്ഥാനത്താണ്ഹിററ്ലർ സ്ഥിതിചെയ്തതു്. മാർട്ടിൻ ബോർമൻ എന്ന പാർട്ടിമേധാവി അദ്ദേഹത്തോട്ഏററവും അടുത്തു് പ്രവർത്തിച്ചു. യുദ്ധം മുറികിയപ്പോൾ അയാളിൽക്കൂടി മാത്രമേ ആർക്കും ഹിററ്ലറുമായി ഇടപെടു

Digitized by Kerala Sahitya Akademi

വാൻ സാധിക്കുകയുള്ളു എന്ന നില വന്നു. സ്പീയർക്കു് ഇതുമൂലമുണ്ടായ അമർഷം ഗ്രന്ഥത്തിൽ സ്ഫുരിക്കുന്നുണ്ടു്. അവസാനമായപ്പോഴേയ്ക്കു് ഉന്നതന്മാരായ സൈനികോദ്യോഗസ്ഥന്മാർ പോലും പാർട്ടിയെ പേടിച്ചു് ജീവിക്കണമെന്നുള്ള സ്ഥിതിയായി.

പാർട്ടിയുടെ ഭീഷണതന്ത്രങ്ങളും മർദ്ദന മുറകളും സംഘടിപ്പിക്കുന്നതിലും സർവ്വശക്തമാക്കുന്നതിലും നാത്സികരം ആദ്യം മുതൽക്കു തന്നെ ശ്രദ്ധിച്ചിരുന്നു എങ്കിലും ജെർമ്മൻ ജനതയുടെ ജന്മസിദ്ധമായ അച്ചടക്കബോധമാണു് ഈ ആസുരഭരണത്തെ ഇത്രത്തോളം വളർത്തിയതെന്നു് പറയാതെ തരമില്ല. താൻ അവരെ രക്ഷിക്കുവാൻ വന്ന അവതാരപുരുഷനാണെന്നുള്ള പ്രതിരൂപത്തിന്നു് കോട്ടം തട്ടാതിരിക്കുവാൻ ഹിററ്ലർ ആദ്യന്തം ശ്രദ്ധിച്ചിരുന്നു. ഈവാ ബ്രൌൺ എന്ന സ്ത്രീയെ വിവാഹം ചെയ്യാതെ കൂടെ താമസിപ്പിച്ചു എന്നതൊഴികെ അദ്ദേഹത്തിൻെറ സ്വകാര്യ ജീവിതത്തിൽ എന്തെങ്കിലും കളങ്കം കണ്ടതായി സ്പീയർ പറയുന്നില്ല. രണ്ടു പേരും ആത്മഹത്യ ചെയ്യുന്നതിനു് ഒന്നോ രണ്ടോ ദിവസംമുമ്പു് ഔപചാരികമായ വിവാഹകർമ്മം നടത്തി ആ കളങ്കം പരിഹരിച്ചു എന്നു് ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്. ഗോയ്ബെൽസ് എന്ന പ്രചാരണവകുപ്പു് മന്ത്രിയുടെ ഉദ്ഘോഷണങ്ങളിൽ മാത്രമല്ല, അടുത്തറിഞ്ഞു് താൻ നേരിൽകണ്ട രംഗങ്ങളിലും ഹിററ്ലർക്കു അനുഭവൈകവേദ്യമായ മാന്ത്രികശക്തി ഉണ്ടായിരുന്നു എന്നു് സ്പീയർ ഉറപ്പിച്ചു പറയുന്നു. യുദ്ധത്തിൻെറ പരിപാടികൾക്കു് നിയോഗം നൽകുന്ന സാങ്കേതികമായ ചുമതല സ്വയം ഏറെറടുത്തു് ഭയാനകമായ പരാജയങ്ങൾക്കു് വഴിതെളിക്കുന്നതുവരെ കുശാഗ്രബുദ്ധികളും ധൈര്യശാലികളുമായ സേനാനായകന്മാർ പോലും ഈ

Digitized by Kerala Sahitya Akademi

കൺകെട്ടിൽ മയങ്ങിപ്പോയിരുന്നു. തുച്ഛമായ ആവശ്യങ്ങൾ മാത്രമുള്ള ലളിത ജീവിതമാണ് ഹിററ്ലർ നയിച്ചത്. സസ്യഭുക്കായിരുന്നു. ലഹരിപദാൎത്ഥങ്ങൾ ഒന്നും ഉപയോഗിച്ചിരുന്നില്ല. ചെറുപ്പകാലം മുതൽക്ക് ജെർമ്മനിയുടെ മഹത്വത്തെപ്പററി താൻ പുലർത്തിയിരുന്ന സ്വപ്നങ്ങളേയും, സുപ്രധാനമായ തീരുമാനങ്ങൾ സ്വീകരിക്കേണ്ടി വരുമ്പോൾ തനിക്കുണ്ടാകുന്ന ഭൂതോദയങ്ങളേയും കുറിച്ച് ദീർഘദീർഘമായി സംസാരിക്കും. തൻെറ ആശയമനുസരിച്ച ജെർമ്മനിയെ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ എത്തിച്ചശേഷം താൻ ബാല്യകാലം കഴിച്ച ലിൻസ് എന്ന ചെറു നഗരത്തിൽ പോയി ഒതുങ്ങി ജീവിക്കുമെന്നും അന്ന് "ഈവാ ബ്രൌൺ അല്ലാതെ ഇന്നിവിടെ എന്നെ സേവിച്ചു നിൽക്കുന്ന നിങ്ങളാരും കാണുകയില്ല.''പക്ഷെ ആരെല്ലാം മറന്നാലും ജെർമ്മനി തന്നെ മറക്കുകയില്ല, എന്നും പറയാറുണ്ടായിരുന്നു.

ഈ ചിത്രത്തിന്നു് വിപരീതമായിട്ടാണ് ഗോയ്റിങ്ങ്, ഹിംലർ, ബോർമൻ, ഗോയ്ബെത്സ്, തുടങ്ങിയവരുടെ കഥകൾ നാം വായിക്കുന്നത്. അധികാരസ്ഥാനത്ത് ഉറച്ച ശേഷം സ്വകാര്യസമ്പാദ്യത്തിന്നും സുഖലോലുപത്വത്തിന്നും വേണ്ടി മാത്രമാണ് ഗോയ്റിങ്ങ് ജീവിച്ചത്. അഴിമതി, പരസ്യമായ കൈക്കൂലി, കറുപ്പുതീററി, മോഷണം തുടങ്ങിയ സകല ദുർഗ്ഗുണങ്ങളുടെയും മൂർത്തിമൽഭാവമായിരുന്നുവത്രെ ആ മനുഷ്യൻ. സ്റ്റാലിൻഗ്രാഡിൽ ജെമ്മൻ ഭടന്മാർ ലക്ഷക്കണക്കിനു മരിച്ചുകൊണ്ടിരുന്നപ്പോൾ അതേക്കുറിച്ചൊന്നും ഒരു ചിന്തയുമില്ലാതെ മോടി കൂടിയ വസ്ത്രങ്ങൾ ധരിച്ച് കൈനഖങ്ങളിലും കവിൾ തടങ്ങളിലും ചുവപ്പ് ചായം പുരട്ടി, ഫ്രാൻസിൽ നിന്നു് കൊള്ളയടിച്ചു കൊണ്ടുവന്ന അസുലഭങ്ങളായ വി

Digitized by Kerala Sahitya Akademi

ശിഷ്ടമദ്യങ്ങളും കുടിച്ചു്, കൊട്ടാരം പോലെയുള്ള തന്റെ വീടു് പുതുക്കിപ്പണിയുന്നതിൽ വ്യാപൃതനായി, സ്വകാര്യ സ്വത്താക്കിയ വിശാലമായ വനഭൂമിയിൽ മൃഗയാവിനോദം നടത്തി സുഖിച്ച ആ തടിമാടൻമനുഷ്യനായിരുന്നുവോ എന്നുപോലും സംശയിച്ചുപോകും. തന്റെ ജന്മദിനത്തിൽ എല്ലാ കീഴുദ്യോഗസ്ഥന്മാരും വില പിടിച്ച സമ്മാനങ്ങൾ നൽകണമെന്നു് അയാൾ നിർബന്ധിച്ചിരുന്നു. അതിനു വേണ്ടി അവരുടെ ശമ്പളത്തിൽ ഒരു പങ്കു് നീക്കിവയ്ക്കുവാൻ അലിഖിതമായ കല്പനയും ഉണ്ടായിരുന്നു. വത്രെ. വ്യവസായപ്രമുഖന്മാരിൽ നിന്നു് പതിവായി വൻതുകകൾ കോഴ വാങ്ങിയിരുന്നു. യുദ്ധസാമഗ്രികൾ നിർമ്മിക്കുന്ന യത്നത്തിൽ ഏർപ്പെട്ടിരുന്ന ചില ഫാക്ടറി ഉടമകൾക്കു് പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുവാൻ കൂടെക്കൂടെ സ്പിയറോടു് ശുപാർശചെയ്തതായിപറയുന്നു. ജെർമ്മൻ സൈന്യം കീഴടക്കിയ രാജ്യങ്ങളിൽ പരസ്യമായ കൊള്ള നടത്തി അപാരമായ സ്വത്തുണ്ടാക്കി. അങ്ങിനെ കൈക്കലാക്കിയ വിശിഷ്ട രത്നങ്ങൾ അണിഞ്ഞുകൊണ്ടു് നടക്കുവാനും അതു് മററുള്ളവരെ കാണിച്ചു് വൻപു പറയാനും ഗോയ്റിങ്ങ് മടിച്ചില്ല. പൌരസ്ത്യരാജ്യങ്ങളിൽ സ്വാർത്ഥലോഭികൾ സ്വർണ്ണം സമ്പാദിക്കുന്നതിനു പകരം പാശ്ചാത്യദേശത്തു് അത്തരക്കാർ പ്രസിദ്ധമായ കലാവസ്തുക്കളാണു് കൈയ്യടക്കുന്നതു്. ഫ്രാൻസിലും ഹോളണ്ടിലും ഇററലിയിലും നിന്നു അയാൾ ആയിരക്കണക്കിന്നു് ചിത്രങ്ങളും പ്രതിമകളും അപഹരിച്ചു് സാമാനത്തീവണ്ടികളും പ്രത്യേക വിമാനങ്ങളും ഉപയോഗിച്ചു് കടത്തിക്കൊണ്ടുപോയി. ''ഗോയ്റിങ്ങിന്റെ കൈക്കൂലി വാങ്ങലാണു് നമ്മുടെ രാഷ്ട്രത്തിന്നു് ഏററവും വലിയ ദുഷ്പേരു വരുത്തിയതു്'' എന്നു് ഹിററ്ലർ തന്നെ ഒരു

Digitized by Kerala Sahitya Akademi

വസരത്തിൽ സ്പീയറോട് പറഞ്ഞുവത്രെ.

സഖ്യകക്ഷികരം പ്രത്യാക്രമണം തുടങ്ങിയപ്പോരം, അവരുടെ വിമാനങ്ങരം ജെർമ്മൻ അതിർത്തിക്കകത്തുവരെ വന്നെത്തി ബോംബിടുന്നുണ്ട് എന്നു് ഉയർന്ന ഒരു സൈനികോദ്യോഗസ്ഥൻ ഗോയ്റിങ്ങിനോട് പറഞ്ഞു. അതു സാദ്ധ്യമല്ലെന്നായിതന്നു ആ വ്യോമസേനാമന്ത്രിയുടെ മറുപടി. സേനാനി തെളിവുകരം കാണിച്ചു. അവ കള്ളമാണെന്നു് മന്ത്രി ശഠിച്ചു. സത്യമാണെന്നു് തെളിയിച്ചപ്പോരം''നിങ്ങരം റിപ്പോർട്ടു ചെയ്ത സംഭവം നടന്നിട്ടില്ല എന്നു് ഞാനിതാ കല്പന തന്നിരിക്കുന്നു. എന്താണ് ഇനി പറയാനുള്ളതു്?'' എന്നു് അട്ടഹസിച്ചുവത്രെ. ''കല്പന, കല്പന തന്നെ''എന്നു പറഞ്ഞു് സൈനികോദ്യോഗസ്ഥൻ നിവർന്നുനിന്നു് സല്യൂട്ട് ചെയ്തു സ്ഥലം വിട്ടു.

ന്യൂറംബർഗിലെ കുററവിചാരണയെ അഭിമുഖീകരിച്ചപ്പോരം ഗോയ്റിങ്ങ് കറുപ്പ് തീററിയിൽനിന്നു് വിടുതൽ നേടി ജെർമ്മനിയുടെയും തൻെറയും നിലകളെ സാധൂകരിക്കാൻ അതിസമർത്ഥമായി അവസാനംവരെ യത്നിച്ചു എന്നാണ് പറയുന്നതു്. ''നിങ്ങരം ഇന്നു ജേതാക്കളായി. ഞങ്ങരം തോല്പിക്കപ്പെട്ടവരും. പക്ഷേ, അതോർത്ത് അഹങ്കരിക്കരുതു്. ഇനി ഒരു കാലത്തു് സ്ഥിതിഗതികരം മറിച്ചു് വന്നേക്കാം. അന്നു് നിങ്ങളുടെ എതിരാളികരം എന്തു ചെയ്യുമെന്നു് ആലോചിക്കുക.'' എന്ന ഗോയ്റിങ്ങിൻെറ പ്രസ്താവന പ്രസിദ്ധമാണ്. പക്ഷേ ആ നിലയിലും, ആ ശിലാഹൃദയൻ തൻെറ സ്വാർത്ഥലോഭം കൈവെടിഞ്ഞില്ല. കൂടെയുള്ള ഒരു തടവുകാരൻ തൻെറ ആയുഷ്ക്കാല സമ്പാദ്യം മുഴുവനും പൊയ്പ്പോയി എന്നു വിലപിച്ചപ്പോരം ഗോയ്റിങ്ങ് ഇങ്ങനെ പറഞ്ഞുവത്രെ. ''നിങ്ങളുടെ സമ്പാദ്യം എന്തിരിക്കുന്നു! എൻെറ കാര്യം

Digitized by Kerala Sahitya Akademi

ആലോചിച്ചു നോക്കുക,'' തൂക്കിക്കൊല്ലുവാൻ വിധിക്കപ്പെട്ടെങ്കിലും ഗോയ്റിങ്ങ് തലേന്നു രാത്രി അത്ഭുതകരമായ ഏതോ രീതിയിൽ വിഷം കഴിച്ചു ആത്മഹത്യ ചെയ്യുകയാണുണ്ടായത്. ഹിംലർ അറസ്റ്റ് ചെയ്തപ്പോഠം തന്നെ വിഷം കഴിച്ചു മരിച്ചു. ഗൊയ്ബെൽസ് സ്വകുടുംബത്തോടൊപ്പം ഹിററ്ലറുടെ രക്ഷാസങ്കേതത്തിൽവെച്ചു ഈ മാർഗ്ഗം തന്നെ സ്വീകരിച്ചു. ബോർമൻ എങ്ങനെ അപ്രത്യക്ഷനായെന്നും എവിടെപോയെന്നും ഇതുവരെ തെളിഞ്ഞിട്ടില്ല.

കിരാതദശയിൽ നിന്ന് ബഹുദൂരം ഉയർന്ന് പരിഷ്കൃതവും സംസ്കൃതവും ആയി എന്നഭിമാനിക്കുന്ന മനുഷ്യവർഗ്ഗത്തിൻെറ യഥാർത്ഥനിലയെപ്പററിയുള്ള അസുഖകരമായ അനുമാനങ്ങളിലേക്കാണ് ഈ ഗ്രന്ഥം വായനക്കാരെ നയിക്കുന്നതു്. മററാളുകളെ കൂട്ടു പിടിച്ച്, ഓരോരോ ആദർശങ്ങളുടേയും പ്രത്യയശാസ്ത്രങ്ങളുടേയും പേരിൽ ബലം നേടി അധികാരപദവികളിൽ ആരോഹണം ചെയ്യുന്ന വ്യക്തികഠം ഒന്നിനും മടിയില്ലാത്തവരായിത്തീരുമെന്നുള്ള ചരിത്രവസ്തുത ഇരുപതാം നൂററാണ്ടിലും പ്രസക്തമാണെന്നു പറയേണ്ടിയിരിക്കുന്നു. അവരിൽ പലരും രാജ്യത്തേയും ജനങ്ങളേയും മൂകലക്ഷങ്ങളേയും സ്നേഹിക്കുന്നു എന്നും അതിനുവേണ്ടിയാണ് ജീവിക്കുന്നതെന്നും പറയുമെങ്കിലും, ചിലരൊക്കെ അക്കാര്യത്തിൽ സംശയം തോന്നാത്ത വിധത്തിൽ ജീവിക്കാൻ ശ്രമിക്കുമെങ്കിലും, സത്യത്തിൽ അവരെല്ലാം തങ്ങളെത്തന്നെയാണ് സ്നേഹിക്കുന്നതു്. വൻപിച്ച ജനസമുദായങ്ങളുടെ ഭാഗ്യവിധാതാക്കളായി സ്വന്തം രൂപം സങ്കൽപത്തിൽ പ്രതിഷ്ഠിച്ച് അതിനെ നിരന്തരം ആരാധിക്കുകയാണ്. ജെർമ്മനിയെക്കുറിച്ചുള്ള ഹിററ്ലറുടെ വികാരഭരിതമായ പ്രഭാഷണങ്ങഠം

Digitized by Kerala Sahitya Akademi

ക്ക് ഇതിൽക്കൂടുതലായ അത്ഥമൊന്നും ഇല്ലായിരുന്നു എന്ന തിന്നു് ഈ ഗ്രന്ഥത്തിൽത്തന്നെ വേണ്ടുവോളം സൂചനക ളുണ്ടു്. ജെർമ്മൻ സൈന്യങ്ങൾക്ക പരാജയം സംഭവി ച്ചാൽ അവരെ അതു് നയിച്ച ആഫീസ്സർമാരുടെ പിടി പ്പില്ലായ്മകൊണ്ടും ഭടജനങ്ങളുടെ ശൗര്യക്കുറവുകൊണ്ടും ഉണ്ടായതാണെന്നു് ലഘുവായി പറഞ്ഞു് അദ്ദേഹം വിഷ യം മാററുമായിരുന്നുവത്രെ. ലക്ഷക്കണക്കിനു് ജെർമ്മൻ ഭടന്മാർ മരിച്ചു എന്നു് സന്ദേശം ലഭിച്ചാൽ അതിൽ യാ തൊരു ദുഃഖവും പ്രദർശിപ്പിച്ചിരുന്നില്ല. ഹൃദയത്തിന്റെ കോണിൽപോലും ഒരു ചലനം ഉണ്ടായതായി തോന്നിയ തുമില്ല. മഹാനായ താൻ ആജ്ഞാപിക്കുന്നു. അതു് അക്ഷ രംപ്രതി അനുസരിച്ചു വിജയം കൈവരിക്കേണ്ടതു് മററു ള്ളവരുടെ കടമ. ജയിച്ചില്ലെങ്കിൽ കുററം അവരുടേതു്. അതിന്റെ ദോഷവും അവർ അനുഭവിച്ചു കൊള്ളണം. അ ത്രതന്നെ.

ഒരിക്കൽ ഹിററ്ലർ സഞ്ചരിച്ചിരുന്ന തീവണ്ടി ഒരു സ്റ്റേഷനിൽ നിർത്തി, അദ്ദേഹവും അകമ്പടിക്കാരും വിഭ വസമൃദ്ധമായ ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോൾ റഷ്യൻ രണാങ്കണത്തിൽ നിന്നു് പരുക്കേററ ജെർമ്മൻഭട ന്മാരേയും കൊണ്ടു് ഒരു പട്ടാള തീവണ്ടി അങ്ങേപ്പുറത്തെ പാളത്തിൽ വന്നെത്തി. അതിൽ ഞെരുങ്ങി സഞ്ചരിച്ചി രുന്ന ഭടന്മാർ നരകദുഃഖം അനുഭവിക്കുകയാണെന്നു് പ്രത്യ ക്ഷമായിരുന്നു. അവർ സദ്യ നടക്കുന്ന വണ്ടിക്കകത്തേക്കു് ആർത്തിയോടെ നോക്കുന്നതു കണ്ടപ്പോൾ ഹിററ്ലർ അംഗരക്ഷകനോടു തന്റെ വണ്ടിയുടെ ജനലുകൾ അടയ്ക്കു വാൻ പറഞ്ഞിട്ടു് മുഷ്ടാന്നമായി ആഹാരം കഴിക്കുന്നതു സ്പ്പിയർ വർണ്ണിച്ചിട്ടുണ്ടു്. ഒന്നാം ലോകമഹായുദ്ധ ത്തിൽ അത്തരം ഒരു പട്ടാളക്കാരനായി പങ്കെടുത്ത ആ മനു

Digitized by Kerala Sahitya Akademi

ഷ്യന് മറേറ വണ്ടിയിലുള്ള സ്വജനങ്ങളുടെ യാതനകൾ അറിഞ്ഞുകൂടാത്തതല്ലെന്ന് ഗ്രന്ഥകാരൻ പറയുന്നു. എന്നു വരികിലും അദ്ദേഹത്തിൻെറ മുഖത്താകട്ടെ വാക്കുകളിലാകട്ടെ ഒരു ഭാവഭേദവും കണ്ടില്ല. യഹൂദവംശത്തിൽ ജനിച്ചുപോയി എന്ന കാരണത്താൽ സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും അടക്കം 60 ലക്ഷം മനുഷ്യരെ വിഷവാതകം പ്രയോഗിച്ച് പുകച്ചുകൊല്ലുവാൻ കല്പന കൊടുത്ത ഈ അശ്മഹൃദയന്ന് ആരുടെനേർക്കും മാനുഷിക വികാരങ്ങൾ ഇല്ലായിരുന്നു എന്നതാണ് പരമാർത്ഥം. കൊല്ലുവാനും കൊല്ലപ്പെടുവാനും സന്നദ്ധരാക്കി ശമ്പളവും കൊടുത്ത് നിർത്തിയിരിക്കുന്ന സൈനികരെ കൂട്ടത്തോടെ കൊലക്കളത്തിലേക്ക് തള്ളിവിട്ടതിനേക്കാൾ ഈ കൊടും ക്രൂരതയാണ് മനുഷ്യരാശിയെ ഞെട്ടിപ്പിച്ചത്. ഈ ഭയങ്കര കൃത്യം കണ്ടതായോ അറിഞ്ഞതായോ സ്പിയർ പറയുന്നില്ല. ഒരു സ്നേഹിതനുമായുണ്ടായ സംഭാഷണത്തിൽ കിഴക്കൻ മേഖലയിൽ അവർണ്ണനീയമായ പല കടുംകൈകളും നടക്കുന്നതായി സൂചനകിട്ടിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ യുദ്ധസാമഗ്രികൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള തിരക്കുപിടിച്ച അദ്ധ്വാനത്തിനിടയ്ക്ക് അദ്ദേഹം അതൊന്നും അന്വേഷിക്കുവാൻ പോയില്ല. നിരന്തരവും നിഷ്ഠൂരവുമായ നരഹോമം നടന്ന കോൺസെൻട്രേഷൻ ക്യാമ്പുകൾ കാണത്തക്ക ദൂരത്തിൽ താമസിച്ചിരുന്ന നാട്ടുകാർക്കുപോലും അവിടെ എന്തൊക്കെയാണ് സംഭവിക്കുന്നതെന്നറിവില്ലായിരുന്നു എന്ന് പിൽക്കാലത്ത് തെളിഞ്ഞിട്ടുള്ളതുകൊണ്ട് സ്പിയറുടെ ഈ പ്രസ്താവന മുഖവിലയ്ക്കുതന്നെ സ്വീകരിക്കാമെന്നു തോന്നുന്നു.

താൻ അമാനുഷനോ അതിമാനുഷനോ ആണെന്ന് ആത്മാർത്ഥമായി വിശ്വസിച്ച മററുള്ളവരെക്കൊണ്ടും അ

Digitized by Kerala Sahitya Akademi

ങ്ങനെ വിശ്വസിപ്പിക്കുന്നതിൽ പരിപൂർണ്ണമായ വിജയം നേടി അധികാര പർവ്വതത്തിന്റെ കൊടുമുടിയിൽ ദൈനംദിനജീവിതത്തേയും ജനസാമാന്യത്തെയും അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യങ്ങളിൽ നിന്നു് ബഹുദൂരം അകന്നു് തന്റെ നേതൃത്വത്തിൽ ജെർമ്മനിക്കു് കൈവരുമെന്നു സങ്കൽപിച്ച ഭാവനാമയമായ മഹിമകളിൽ മനംമയങ്ങി പന്ത്രണ്ടുവർഷക്കാലം ജെർമ്മൻജനതയെ മാത്രമല്ല ലോകത്തെ മുഴുവനും ഭയവിഹ്വലമാക്കിക്കൊണ്ടു് രാവണസന്നിഭനായി ഹിററ്ലർ ഭരണം നടത്തി. ഗിരിശൃംഗങ്ങളിൽ നിന്നു് പുറപ്പെടുന്ന നീർച്ചാലുകൾ പോലെ, പലതരത്തിലുള്ള കിങ്കരപരമ്പരകളേയും, കമ്പി, കമ്പിയില്ലാക്കമ്പി, കാറു്, വിമാനം തുടങ്ങി ആധുനികശാസ്ത്രം നിർമ്മിച്ചുകൊടുത്ത അതിസമർത്ഥമായ ഉപകരണങ്ങളേയും ഉപയോഗിച്ചു് തന്റെ നേത്രാഞ്ചലത്തിൽ സ്ഫുരിക്കുന്ന ഏതു് ഇംഗിതവും രാജ്യത്തിന്റെ ഏതുഭാഗത്തും ക്ഷണേന നടപ്പിലാക്കുവാൻ ആ രാഷ്ട്രത്തലവനു കഴിഞ്ഞിരുന്നു. ഉത്തരധ്രുവം മുതൽ ആഫ്രിക്കവരെയും സ്പെയിനിന്റെ അതിർത്തിമുതൽ കാസ്പിയൻ കടലിന്റെ തീരംവരെയും സ്വസ്തിക മുദ്രയാൽ അങ്കിതമായ നാത്സി പതാക പാറിപ്പറന്നു. ഒടുവിൽ മൂന്നൂറുലക്ഷം ജനങ്ങളുടെ ജീവഹാനിക്കു് ഇടവരുത്തിയ ഒരു ആഗോളയുദ്ധം കൊണ്ടു മാത്രമേ അധികാരരോഗത്താൽ തലതിരിഞ്ഞുപോയ ഈ ഭ്രാന്തനെ തോൽപ്പിക്കുവാൻ സാധിച്ചുള്ളു.

കിഴക്കു നിന്നു് റഷ്യൻ സൈന്യവും എതിർവശത്തു നിന്നു് മററു സഖ്യകക്ഷികളും ബെർളിൻ നഗരത്തെ സമീപിക്കുന്നതു വരെ താൻ ജയിക്കുമെന്നു തന്നേയാണു് ഹിററ്ലർ വിശ്വസിച്ചതു്. അററ കൈയായി പ്രയോഗിക്കുവാൻ വേണ്ടി ഒളിച്ചു വെച്ചിട്ടുണ്ടെന്നു് ജെർമ്മൻ ജനത

Digitized by Kerala Sahitya Akademi

വിശ്വസിച്ച അൽഭുതകരമായ രഹസ്യായുധങ്ങൾ വെളിക്ക് എടുക്കാത്തതിൽ അവർ അക്ഷമരായി. അങ്ങനെയുള്ള അൽഭുതങ്ങളൊന്നും സംഭവിക്കുകയില്ലെന്ന് ആയുധനിർമ്മാണമന്ത്രിയായ സ്പീയർ ആവർത്തിച്ചു പറഞ്ഞിട്ടും അവർക്ക് ബോധ്യമായില്ല. അവസാനദിവസങ്ങളിൽ ബെർളിനിലെ 18 അടി കനമുള്ള കോൺക്രീററ് മേൽത്തട്ടോടുകൂടിയ ഭൂഗർഭത്തിലുള്ള, രക്ഷാസങ്കേതത്തിനകത്ത്, തന്റെ കാമുകനെ വിട്ടുപിരിയുകയില്ലെന്നു നിശ്ചയിച്ച ഈവാ ബ്രൗണിന്റെ കൂടെ കഴിഞ്ഞ ഹിററ്ലറെപ്പററി സ്പീയർ നൽകുന്ന ചിത്രം ദയനീയമാണ്. മുഖപ്രസാദവും മാന്ത്രിക ശക്തിയും അമാനുഷഭാവങ്ങളും എല്ലാം നശിച്ച്, തന്റെ വളർത്തു പട്ടിയെ വെടിവെച്ച ശേഷം ആത്മഹത്യ ചെയ്യുവാൻ നിശ്ചയിച്ചു എന്നു പറഞ്ഞ് മരവിച്ച ഭൂതത്തേപ്പോലെ നിന്നു കൊണ്ടു ദുർബ്ബലമായ കൈ നീട്ടി സ്പീയറോട് ആ സ്വപ്നാടനക്കാരൻ യാത്ര പറഞ്ഞു. ഭരണത്തലവന്റെ മുമ്പിൽ ഇരിക്കുവാൻ പോലും ഭയപ്പെട്ടിരുന്ന സേനാനായകന്മാരും പാർട്ടി മേധാവികളും മററ് അന്തേവാസികളും ഇടുങ്ങിയ ആ നിലവറയ്ക്കകത്ത് ക്ഷീണിച്ച് തളർന്ന് സിഗരററും വലിച്ച് കുത്തിയിരിക്കുന്നതു കണ്ടു. ബർളിനിൽ എത്തുവാൻ വളരെ പ്രയാസങ്ങൾ സഹിച്ച് വിശന്നു പൊരിഞ്ഞു വന്ന സ്ത്രീയറുടെ നിലകണ്ട് അനുകമ്പ തോന്നിയ ഈവാ ബ്രൗൺ അദ്ദേഹത്തിന്ന് അല്പം ആഹാരം കൊടുത്തു. ഹിററ്ലർക്ക് സമ്മതമല്ലെങ്കിലും താനും തന്റെ ജീവിതം അവസാനിപ്പിക്കുകയാണെന്ന് ആ സാധു സ്ത്രീ പറഞ്ഞുവത്രെ. രണ്ടു ദിവസം കഴിഞ്ഞ് സ്പീയർ പശ്ചിമമേഖലയിൽ അഡ്മിറൽ ഡോണിററ്സിന്റെ കൂടെ ഇരിക്കുമ്പോൾ ഭരണകേന്ദ്രത്തിൽ നിന്നുള്ള അവസാനത്തെ കമ്പിസന്ദേ

Digitized by Kerala Sahitya Akademi

ശവും ലഭിച്ചു. ''ഫ്യൂറർ ഇന്നലെ ഉച്ചതിരിഞ്ഞ് 3.30-ന് മരിച്ചു. മരണപത്രത്തിലെ അനുശാസനപ്രകാരം ഗ്രാൻഡ് അഡ്മിറൽ ഡോണിററ്സ് ജെർമ്മനിയുടെ പ്രസിഡണ്ടായി അവരോധിക്കപ്പെട്ടിരിക്കുന്നു.'' തന്റെ രാഷ്ട്രം നിരുപാധികം കീഴടങ്ങി എന്ന് സമ്മതിച്ച് അദ്ദേഹമാണ് പ്രമാണത്തിൽ ഒപ്പു വെച്ചതു്.

Digitized by Kerala Sahitya Akademi

# മതവും ശാസ്ത്രവും

മതവും ശാസ്ത്രവും ഒരിക്കലും ഇണങ്ങാത്ത വിഷയങ്ങളാണെന്നാണ് സാധാരണ കരുതപ്പെടുന്നത്. ശാസ്ത്രയുഗം എന്നു പറയുന്ന ആധുനികകാലത്ത് മതത്തിന്റെ സാധുതയെപ്പററിയുള്ള തർക്കം അത്യധികം തീക്ഷ്ണമായി തീർന്നിരിക്കുകയാണ്. വിജ്ഞാനം പുരോഗമിക്കുന്നതിന്റെ ഫലമായി മതം മനുഷ്യജീവിതത്തിൽ അപ്രസക്തമായിത്തീരുകയാണെന്നും അത് അതിവേഗം ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുമെന്നും ആത്മാർത്ഥമായി വിശ്വസിക്കുന്നവരുണ്ട്.

ഈ സങ്കൽപങ്ങളിലും പ്രവചനങ്ങളിലും വമ്പിച്ച തെററിദ്ധാരണകരം അന്തർഭവിച്ചിരിക്കുന്നു എന്നു പറയാതെ തരമില്ല. മതത്തേക്കുറിച്ചും ശാസ്ത്രത്തേക്കുറിച്ചും ശരിയായ വിവരമില്ലാത്തതുകൊണ്ടാണ് അവയ്ക്കു തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു തോന്നുന്നത്. മതം എന്നു പറഞ്ഞാൽ മതാചാരങ്ങളെന്നും, ശാസ്ത്രം എന്നു പറഞ്ഞാൽ സാങ്കേതികവിദ്യ, അല്ലെങ്കിൽ ടെക്നോളജി, എന്നും ഉള്ള ധാരണ ഏറെക്കുറെ സാർവ്വത്രികമായിട്ടുണ്ട്, ''മനുഷ്യൻ ചന്ദ്രനിൽ പോയി മടങ്ങിവന്നിരിക്കുന്ന ഇക്കാലത്ത് എന്തിനിങ്ങനെ പ്രാർത്ഥന നടത്തുന്നു?''എന്ന് പുച്ഛരസത്തിൽ

Digitized by Kerala Sahitya Akademi

ആരോ ചോദിച്ചപ്പോഠം ഒരു പുരോഹിതൻ പറഞ്ഞ ഉത്തരം ഈ സന്ദർഭത്തിൽ ഉദ്ധരിക്കേണ്ടതാണെന്നു തോന്നുന്നു. ഉത്തരം ഇതായിരുന്നു: "നിങ്ങഠം ഏതായാലും ചന്ദ്രനിൽ പോയില്ല. പോയിട്ടു വന്നവരിൽ പലരും പറഞ്ഞത് അവിടെ ചെന്നപ്പോഠം പ്രാർത്ഥിക്കുവാൻ തോന്നി എന്നും, പ്രാർത്ഥിച്ചു എന്നുമാണ്. നിങ്ങഠം കരയ്ക്കു നിന്നു് വള്ളം മുക്കുവാൻ ശ്രമിക്കുകയാണ്. വെള്ളത്തിൽ ഇറങ്ങിയിട്ടുമില്ല വള്ളത്തിൽ കയറിയിട്ടുമില്ല. വെറും കഥയില്ലായ്മയല്ലേ പറയുന്നതു്!''

മതവും ശാസ്ത്രവും അന്യോന്യഭിന്നങ്ങളായ മണ്ഡലങ്ങളെ സ്പർശിക്കുന്ന വിഷയങ്ങളാണ്. അവയെ യുക്തി എന്നു പറയുന്ന ഒരേ ഉരകല്ലിൽ ഉരച്ചു നോക്കുവാൻ ശ്രമിക്കുന്നതാണ് ഏററവും വലിയ തെററു്. സ്വർണ്ണത്തിൻേറയും സ്നേഹത്തിൻേറയും മാററുരയ്ക്കുവാൻ ശ്രമിക്കുന്നതുപോലെയാണിത്. സ്വർണ്ണം കൃത്യമായി ഉരച്ചു നോക്കാം. അതിൻേറ മാററു് അതിസൂക്ഷ്മമായി അളക്കുകയും ചെയ്യാം. പക്ഷേ സ്നേഹം എങ്ങിനെയാണ് ഉരച്ചു നോക്കുന്നതു്? അതു് അളക്കുവാനോ തൂക്കി നോക്കുവാനോ സാദ്ധ്യമല്ല. അനുഭവിച്ചു തന്നെ അറിയണം. ബുദ്ധിയോ യുക്തിയോ അതിൻേറ ശാണോപലമല്ല. മതത്തിൻേറ അടിസ്ഥാന സ്വരൂപവും ഇതുതന്നേയാണ്. അതു് ഇന്ദ്രിയഗോചരമായ ഒരു ഭൗതികവസ്തുവല്ല. ബാഹ്യലോകത്തിലെ വസ്തുക്കളേയും വിഷയങ്ങളേയും കൈകാര്യം ചെയ്യുന്നതിനു വേണ്ടി രൂപപ്പെടുത്തിയിട്ടുള്ള ഭാഷകൊണ്ടു് അതിനെ നിർവ്വചിക്കുന്നതുപോലും ദുഷ്ക്കരമാണ്. അതു തന്നിൽ നിന്നു ഭിന്നമായ മററൊന്തിനേയോ കുറിച്ചുള്ള അറിവല്ല. അറിവ്, അഥവാ വിജ്ഞാനം ആണെന്നു പറയുന്നതുപോലും ശരിയല്ല. ഓരോരോ വ്യക്തികളായി ഭൂമിയിൽ ജനി

Digitized by Kerala Sahitya Akademi

ച്ച്, അങ്ങേയററത്തെ സാമൂഹികബോധം സമ്പാദിച്ചാലും വ്യക്തികളായിത്തന്നെ ജീവിക്കുവാൻ നിർബന്ധിതരായി, ആയുസ്സു തീരുമ്പോൾ മണ്ണോടു മണ്ണു ചേരുന്ന മനുഷ്യരുടെ അന്തരംഗത്തിൽ, അപൂർവ്വമായിട്ടാണെങ്കിലും അനിഷേധ്യമായ രീതിയിൽ ഉണ്ടാകുന്ന അത്യത്ഭുതകരമായ ഒരനുഭൂതിയാണ് അതിൻെറ ആസ്പദം. അതു് കൈവരുമ്പോൾ അക്കാര്യം അന്യരെ അറിയിക്കുന്നതിനു വേണ്ടി വാഗ്വൈഭവമുള്ള വ്യക്തികൾ സ്തോത്രങ്ങളും കീർത്തനങ്ങളും ഗീതങ്ങളും കാവ്യങ്ങളും രചിക്കുന്നു. ആചാരപദ്ധതികൾ ആവിഷ്കരിക്കുന്നു. ആരാധനാരീതികൾ നിർദ്ദേശിക്കുന്നു. അനുഷ്ഠാനങ്ങൾ അനുശാസിക്കുന്നു. എന്നാൽ, മററുള്ളവർക്കു മനസ്സിലാകുന്നതോ മനസ്സിലാകാത്തതോ ആയ ഒരക്ഷരം പോലും ഉച്ചരിച്ചില്ലെങ്കിലും, ഈ അനുഭൂതിയുടെ അക്ഷയപാത്രങ്ങളായി ജനിച്ച്, അതിൽ രമിച്ച് അതിൻെറ ആനന്ദത്തെ നിരന്തരം പ്രസരിപ്പിച്ച് ജീവിതം നയിക്കുന്ന മഹാത്മാക്കളെ സാമാന്യലോകം തിരിച്ചറിയുന്നു. ജനങ്ങളുടെ ശ്രദ്ധ അവരിലേയ്ക്കു് താനേ തിരിയുന്നു. നിഷ്കന്മഷബുദ്ധികളായ മനുഷ്യർ ഭുവനജീവിതത്തിൻെറ ഭീതികളിലും വേദനകളിലും നിന്നു് ലോകത്തെ രക്ഷിക്കുവാന് കഴിവുള്ളവരായി അവരെ കരുതുന്നു. കാലദേശങ്ങളുടെ മായാവിഭ്രമത്തെ അതിവർത്തിക്കുന്ന അത്ഭുതചൈതന്യത്തിൻെറ അവതാരങ്ങളായി കാണുന്നു, ആരാധിക്കുന്നു.

ഇതു വെറും ബുദ്ധിഭ്രമമാണെന്നും തെളിയിക്കുവാന് കഴിയാത്ത മൂഢസങ്കല്പമാണെന്നും പറയാവുന്നതാണ്. മനുഷ്യൻെറ അന്തരംഗത്തെ സംബന്ധിക്കുന്ന ഏതു വസ്തുതയിലും ഈ വൈഷമ്യമുണ്ടു്. എങ്ങിനെയാണ് അവയെ തെളിയിക്കുന്നതു്? മനസ്സിൻെറ കാര്യം വിടാം. ശരീര

Digitized by Kerala Sahitya Akademi

ത്തിൻെറ വേദനയെപ്പോലും തെളിയിക്കുവാൻ സാദ്ധ്യമല്ല. അനുഭവിക്കുന്നവൻെറ വാക്കുകളും പ്രവൃത്തികളും മാത്രമേ ഉള്ളിലെ കാര്യങ്ങൾക്കു തെളിവുള്ളു. എന്നാലും മതാനുഭൂതിയുടെ ഈ തെളിവുകളെ അംഗീകരിക്കുവാൻ മാത്രമല്ല അങ്ങേയററം വിശ്വസിക്കുവാനും മനുഷ്യരാശിയിൽ വൻപിച്ച വിഭാഗങ്ങൾ സന്നദ്ധമാണെന്നാണ് കാണുന്നതു്. അതിനെ പരാൽപരമായ സത്യമായും ജീവിതത്തിൻെറ അന്തിമലക്ഷ്യമായും കരുതി, സ്വന്തം ജീവിതത്തിൽ കൈവരുത്തുന്നതിന് അവർ നിരന്തരം യത്നിക്കുകയും ചെയ്യുന്നു. ഈ അനുഭൂതി ലഭിക്കുമ്പോൾ കാലത്തിൻെറ മഹേന്ദ്രജാലത്തിൽ കുടുങ്ങിക്കിടക്കുന്നതും, സ്വപ്നംപോലെ തോന്നുന്നതുമായ ജീവിതത്തിൻെറ യഥാർത്ഥസ്വരൂപം വ്യക്തമാകുമെന്നാണ് അനുഭവസ്ഥന്മാർ ഉറപ്പിച്ചു പറയുന്നതു്.

''മററുള്ളവർ ഉപബോധമനസ്സിൽ നിന്നുളവാകുന്ന ആസുരദൃശ്യങ്ങളാൽ പരിഭ്രാന്തരായി, കണ്ണുതുറന്നുകൊണ്ട് സ്വപ്നത്തിൽ ജീവിക്കുമ്പോൾ, ശ്രീ ബുദ്ധൻ പരിപൂർണ്ണമായ ജാഗ്രദവസ്ഥയിൽ ഈ ജീവിത സ്വപ്നത്തിൽ നിലകൊള്ളുന്നു.'' എന്നു് ജെർമ്മൻ മഹാകവിയും ചിന്തകനും ശാസ്ത്രജ്ഞനുമായ ഗോയ്ഥേ പറയുകയുണ്ടായി. ഈ ഉൾക്കാഴ്ചയാണ്, അന്തരംഗത്തിനുണ്ടാകുന്ന അത്യത്ഭുതകരമായ ഈ ഉണർവ്വാണ്, മതത്തിൻെറ സാരസർവ്വസ്വം. അനിർവ്വചനീയമായ ഈ അനുഭൂതിയെ ബുദ്ധിവ്യാപാരത്തിലൂടെ ഗ്രഹിക്കുവാൻ ശ്രമിക്കുന്ന തത്വജ്ഞാനങ്ങളാണ് മതം എന്നൊരു ധാരണയും പരക്കേയുണ്ട്. ഇതും ശരിയല്ല. ഒരർത്ഥത്തിൽ നോക്കിയാൽ മതവും തത്വജ്ഞാനവും ഭിന്നമെന്നല്ല, വിരുദ്ധപ്രകൃതികളുമാണെന്നു പറയേണ്ടിയിരിക്കുന്നു. ഒന്നു് വിശ്വാസത്തിലും മററതു് സംശയാ

Digitized by Kerala Sahitya Akademi

ല്യത്വത്തിലും നിന്നാണ് ജനിക്കുന്നത്. നിലവിലുള്ള ആശയങ്ങളിലും സങ്കൽപങ്ങളിലും സംശയംതോന്നി അവയെ ബുദ്ധിപരമായി വിശകലനം ചെയ്ത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിനുള്ള ന്യായങ്ങൾ കണ്ടുപിടിക്കുകയാണ് തത്വജ്ഞാനത്തിന്റെ ധർമ്മം. അതു പണ്ഡിതന്മാരുടേയും താർക്കികന്മാരുടേയും ചിന്തകന്മാരുടേയും വ്യാപാരമണ്ഡലമാണ്. അവിടെ മതാനുഭൂതിയുടെ കാര്യത്തിൽ കാണുന്നപോലെ, മറുത്തൊരു ചോദ്യമില്ലാത്ത ശരണാഗതിയില്ല; സ്വയം സിദ്ധമായ വിശ്വാസപ്രമാണങ്ങളില്ല. ഏതു സങ്കൽപവും പരിശോധനയ്ക്കും പരീക്ഷണത്തിനും വിധേയമാണ്. ആശയലോകത്തിലെ ഈ ധീരയത്നങ്ങൾ വിജ്ഞാനവാരിധികളായ മഹാചിന്തകന്മാരെ സൃഷ്ടിക്കുന്നു. അവരുടെ അഭിപ്രായങ്ങളെ ലോകം ആദരിക്കും. ഉപദേശങ്ങളെ അനുസരിക്കും. അവർക്ക് സ്മാരകങ്ങളും നിർമ്മിക്കും. പക്ഷേ കുറെക്കൂടി ബുദ്ധിമാനും പ്രതിഭാശാലിയുമായ മററൊരു ചിന്തകൻ വരുമ്പോൾ അവരുടെ വില ഇടിയുന്നു: മഹത്വം കുറയുന്നു. നേരേ മറിച്ച് അദ്ധ്യാത്മമണ്ഡലത്തിലെ ആദർശപുരുഷൻ ജീവിതത്തിന്റെ അടിസ്ഥാനസത്തയെ അന്തരംഗത്തിൽ സാക്ഷാൽക്കരിച്ച്, അതിന്റെ ചൈതന്യധോരണിയിൽ നിമഗ്നനാകുന്ന ജീവന്മുക്തനായ മഹാത്മാവാണ്. അദ്ദേഹത്തെ ലോകം പൂജിക്കുന്നു.

മതാനുഭൂതിയെ വർണ്ണിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും പരിചയമുള്ള മാനസിക സങ്കല്പങ്ങളെ ആധാരമാക്കി ആഖ്യാനം ചെയ്യുന്നതിനും വേണ്ടി പണ്ടു നിർമ്മിച്ച ചിന്താപദ്ധതികളാണ് ആധുനികശാസ്ത്രതത്വങ്ങളുടെ വെളിച്ചത്തിൽ അബദ്ധങ്ങളും അടിസ്ഥാനരഹിതങ്ങളുമായിത്തീർന്നിട്ടുള്ളത്. ശാസ്ത്രവും ഒരു തരം തത്വജിജ്ഞാസ

Digitized by Kerala Sahitya Akademi

യാണ്. വസ്തുക്കളും വിഷയങ്ങളും ശക്തിവിശേഷങ്ങളും കൊണ്ടു് ജടിലമായ ഗോചരപ്രപഞ്ചത്തെ ബുദ്ധിക്ക് സുഗ്രഹമായ രൂപത്തിൽ അപഗ്രഥിച്ച് മനസ്സിലാക്കുവാനാണ് അതു് ശ്രമിക്കുന്നതു്. അതിൻെറ ഉപദർശനങ്ങൾ അഴിവില്ലാത്ത നിത്യസത്യങ്ങളാണെന്നു് വിവരമുള്ള ഒരു ശാസ്ത്രജ്ഞനും അവകാശപ്പെടുന്നില്ല. നിരീക്ഷണവും പരീക്ഷണവും ഗവേഷണവും പുരോഗമിക്കുന്നതോടൊപ്പം അതിൻെറ തത്വങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ഈ മാററത്തിനനുസരിച്ച്, മതാനുഭൂതിയെ വർണ്ണിക്കുന്നതിനു വേണ്ടി കെട്ടിപ്പടുത്ത തത്വജ്ഞാനവും മാറിയില്ലെങ്കിൽ മനുഷ്യബുദ്ധിക്കു് അവയെ പൊരുത്തപ്പെടുവാൻ സാധിക്കുകയില്ല. പ്രാചീനകാലത്തെ ഭാരതീയ ചിന്തകനായ കണാദൻേറയും യവനചിന്തകനായ ഡെമോക്രിററസ്സിൻേറയും കാലം മുതൽക്ക് അംഗീകരിക്കപ്പെട്ടിരുന്ന തത്വമാണ് വസ്തുക്കൾ അത്യന്തസൂക്ഷ്മങ്ങളും അവിഭാജ്യങ്ങളുമായ ഘടകങ്ങളേക്കൊണ്ടു് നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന സങ്കല്പം. ആധുനികകാലത്തു് നടത്തിയ ഭൗതികശാസ്ത്രപരീക്ഷണങ്ങൾ ഈ സങ്കൽപത്തെ പൂർവ്വാധികം ശക്തിപ്പെടുത്തുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ മതാനുഭൂതിയെ ''അണോരണീയാൻ'' എന്നു വർണ്ണിച്ചാൽ ബുദ്ധിക്കു്ഒരു വൈരുദ്ധ്യവും തോന്നുകയില്ല. എന്നല്ല, മതവും ശാസ്ത്രവും ഒരേ ഉൺമയെത്തന്നെയാണ് കൈകാര്യം ചെയ്യുന്നതെന്നു് വിശ്വസിക്കുകയും ചെയ്യാം. വാസ്തവത്തിൽ കണാദനും ഡെമോക്രിററസ്സും ശാസ്ത്രജ്ഞന്മാരെന്നപോലെ മതാചാര്യന്മാരും ആയിരുന്നു. പക്ഷേ പിൽക്കാലത്തെ ശാസ്ത്രീയ ഗവേഷണങ്ങൾ അണുവിനെ, അഥവാ ആററത്തെ ഭേദിച്ച് പരമാണുക്കളെ കണ്ടെത്തിയപ്പോഴും, കുറെക്കൂടി കഴിഞ്ഞു് അവയും സുസ്ഥിരങ്ങളല്ലെന്നു തെളിയിച്ചപ്പോ

Digitized by Kerala Sahitya Akademi

ഴം ആ വർണ്ണനയുടെ അടിസ്ഥാനം ഇളകിപ്പോയി. ബുദ്ധിയുടെ ഉപദർശനത്തിന്മേൽ ഉയർത്തിയ മതപരമായ പ്രാചീനതത്വജ്ഞാനവും അതോടെ അപ്രസക്തമായിത്തീർന്നിരിക്കുന്നു.

ബാഹ്യലോകത്തിൽ നിന്നു് ഇന്ദ്രിയമാർഗ്ഗേണ വന്നെത്തുന്ന സന്ദേശങ്ങളെ കൈകാര്യം ചെയ്യുന്നതിനു വേണ്ടി പ്രകൃതി സജ്ജമാക്കിയ ഉപകരണമാണു് മനുഷ്യബുദ്ധി. അതു് രൂപവൽക്കരിക്കുന്ന ആശയങ്ങൾക്കും ആ ലോകത്തിന്റെ ലക്ഷണങ്ങളും സ്വഭാവങ്ങളും കൈവരുന്നു. ഇക്കാരണത്താലാണു് ഓരോരോ കാലത്തുണ്ടാകുന്ന മതദർശനങ്ങൾ, അഥവാ തത്വമീമാംസകൾ, അതതുകാലത്തെ പ്രപഞ്ചജിജ്ഞാസയുടെ, അതായതു് ശാസ്ത്രത്തിന്റെ, ആശയങ്ങളുമായി കൂടിക്കുഴഞ്ഞു പോകുന്നതു്. ശാസ്ത്രത്തിന്റെ നിരീക്ഷണങ്ങൾ പുരോഗമിക്കുമ്പോൾ ആ പഴയ ദർശനങ്ങളുടെ ആശയപരമായ ആസ്പദം അപ്രത്യക്ഷമാവുകയും, ശാസ്ത്രവും മതവും തമ്മിൽ ഇണങ്ങുകയില്ലെന്ന നിഗമനത്തിൽ ബുദ്ധി ചെന്നെത്തുകയും ചെയ്യുന്നു. പക്ഷേ സാക്ഷാൽ മതാനുഭൂതി ഈ ഇണക്കങ്ങൾക്കും പിണക്കങ്ങൾക്കും അതീതമായി,മറ്റൊരു മണ്ഡലത്തിൽ, കാലദേശങ്ങളിൽ നിന്നു് നിർമുക്തമായും നിത്യമുക്തമായും നിലനിൽക്കുന്നു.

മതാനുഭൂതിയോടുള്ള സ്വാഭാവികമായ ബഹുമാനമാണു് ഭാരതീയരായ നമുക്കു ലഭിച്ചിട്ടുള്ള ഏറ്റവും വലിയ പാരമ്പര്യം. അതിന്റെ ആശയപരമായ ആഖ്യാനങ്ങളിലും സിദ്ധാന്തങ്ങളിലും ഭൂരിപക്ഷംജനങ്ങൾക്കുംതാല്പര്യമില്ല. അതൊന്നും അധികമാളുകൾക്കുംമനസ്സിലാവുകയുമില്ല. ദ്വൈതമെന്നും അദ്വൈതമെന്നും വിശിഷ്ടാദ്വൈതമെന്നും സാംഖ്യമെന്നും മറ്റുമുള്ള നിർവ്വചനങ്ങൾ ആശയലോക

Digitized by Kerala Sahitya Akademi

ത്തിലെ ബുദ്ധിവ്യാപാരങ്ങളാണ്. അവയെപ്പററി ആയിരമായിരം ഗ്രന്ഥങ്ങരം എഴുതിയാലും അതെല്ലാം, മനഃപാഠമാക്കിയാലും, അല്പമായ അനുഭൂതിപോലും ലഭിക്കണമെന്നില്ല. തർക്കിക്കാം, ഗംഭീരമായ വാദപ്രതിവാദങ്ങരം നടത്താം, തർക്കം മൂക്കുമ്പോരം തലകീറുകയും ചെയ്യാം. അത്രതന്നെ. അതിശ്രേഷ്ഠമായ അദ്വൈതസിദ്ധാന്തം കണ്ടെത്തുകയും അതു് എതിരാളികളെക്കൊണ്ടു് അംഗീകരിപ്പിച്ചു് സർവ്വജ്ഞപീഠം കയറുകയും ചെയ്ത ശങ്കരാചാര്യർ വ്യാകരണനിയമങ്ങരം ഉരുവിട്ടുകൊണ്ടിരുന്ന പണ്ഡിതനെ നോക്കി,

ഭജ ഗോവിന്ദം, ഭജ ഗോവിന്ദം
ഗോവിന്ദം ഭജ മൂഢമതേ!

എന്നു ഭർത്സിച്ചതിൻെറ അർത്ഥവും സാരാംശത്തിൽ ഇതുതന്നെയാണെന്നു് ഞാൻ കരുതുന്നു.

ഇങ്ങനെ നോക്കിയാൽ മതവും ശാസ്ത്രവും തമ്മിൽ പൊരുത്തപ്പെടുകയില്ലെന്നും ഈ ശാസ്ത്രയുഗത്തിൽ മതത്തിനു സ്ഥാനമില്ലെന്നും പറയുന്നതു് കഥയില്ലായ്മയാണെന്നു കാണാം. മനുഷ്യൻെറ ദൈനംദിനജീവിതത്തിലെ ക്ലേശങ്ങളെ ലഘൂകരിക്കുന്നതിനും ജനസമുദായങ്ങളുടെ ഭൗതികമായ ക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനും, ശാസ്ത്രം അത്യന്താപേക്ഷിതമാണു്. അതു് ബുദ്ധിയുടെ സാമ്രാജ്യത്തെ വികസിപ്പിക്കുകയും ചെയ്യും. പക്ഷേ സ്വപ്നസന്നിഭവും അന്യഥാ നിഷ്പ്രയോജനവുമായ ഈ ജീവിതത്തിൽ ദുഃഖത്തിൽ നിന്നുള്ള നിർവൃതിയും, "ശോകാശങ്കയെഴാത്ത ശുദ്ധസുഖവും ദുഃഖീകരിക്കുന്ന" ആത്മശാന്തിയും നേടുന്നതിനു് മതസാധനയല്ലാതെ മറെറാരുപായവും മനുഷ്യവർഗ്ഗം കണ്ടുപിടിച്ചിട്ടില്ല. യൂറോപ്പിലെ നവോത്ഥാനത്തെത്തുടർന്നു വിസ്മൃതമായിപ്പോയ ഈ വസ്തുത വീ

Digitized by Kerala Sahitya Akademi

ണ്ടും മനസ്സിലാക്കുവാൻ ആധുനികലോകത്തിന്നു് നാലു നൂററാണ്ടുകാം വേണ്ടി വന്നു. ബുദ്ധിയും യുക്തിയും,ശാസ്ത്രവും ടെക്‌നോളജിയും, കൊണ്ടുമാത്രം ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കുവാൻ സാധ്യമല്ലെന്നു് ബോദ്ധ്യമായിരിക്കുന്നു. അതിൻെറ പ്രോളിളക്കമാണു് ഇന്നു് ലോകമാകെ കാണുന്നതു്. വിശേഷിച്ചും യുവജനങ്ങളുടെ സംഹാരഭീകരമായ പ്രതിഷേധത്തിൽ. അതു് മോഹഭംഗമാണെന്നും നിരാശയാണെന്നും തൊഴിലില്ലായ്മമൂലമുള്ള വെറും വാശിയാണെന്നും പറഞ്ഞതുകൊണ്ടു് കാര്യമില്ല. ലോകത്തിനു് ഇത്ര വളരെ പുരോഗതിയുണ്ടായിട്ടും ഇതാണ് അനുഭവമെങ്കിൽ പുരോഗതിയുടെ സാധുതയെത്തന്നെ ചോദ്യം ചെയ്യേണ്ടിയിരിക്കുന്നു. അതിൻെറ ലക്ഷ്യങ്ങളെന്നപോലെ ഉപായങ്ങളും ഉപകരണങ്ങളും പുനഃപരിശോധനയ്ക്കു് വിധേയമാകേണ്ടിയിരിക്കുന്നു. ഇതിന്നു് വേണ്ട ധീരതയാണു് ഇന്നത്തെ മുതിർന്ന തലമുറയ്ക്കു് തീരെ ഇല്ലാത്തതു്.

ആത്മശാന്തി മാത്രമല്ല ലോകക്ഷേമവും അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ശാസ്ത്രവിദ്യയെ നിയന്ത്രിക്കണമെന്നും ആദ്ധ്യാത്മിക സംസ്കാരത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നും പറഞ്ഞാൽ പണ്ടത്തെ അനാചാരങ്ങളുടെ കരാള ചിത്രമാണു് ആധുനിക മനുഷ്യൻെറ മനോനേത്രങ്ങറംക്കു മുമ്പിൽ ഉയർന്നു വരുന്നതു്. പഴയ അന്ധതാമിസ്രങ്ങളെ വീണ്ടും വിളിച്ചു വരുത്താനുള്ള സാധ്യത മാത്രമെ അഭിജ്ഞന്മാരെന്നു് അഭിമാനിക്കുന്നവർ പോലും അതിൽ കാണുന്നുള്ളു. ഭയചകിതമായ ഈ മാനസികാവസ്ഥയാണു് ലോകത്തിന്നു് ദോഷം ചെയ്യുവാൻ പോകുന്നതു്. കാലത്തിലൂടെ പിന്നോട്ടു പോകുവാൻ സാദ്ധ്യമല്ലെന്നു് അറിയുവാൻ അത്ര വളരെ പാണ്ഡിത്യമൊന്നും ആവശ്യമില്ല. പക്ഷേ ബുദ്ധിയും ഹൃദയവും തമ്മിൽ,

Digitized by Kerala Sahitya Akademi

ഭൗതികവസ്തുവും ജന്തുചേതനയും തമ്മിൽ, ശാസ്ത്രവും മതവും തമ്മിൽ എതിരിട്ടു നിന്നു് സമരം ചെയ്തതുകൊണ്ടു് ഫലമില്ലെന്നു കാണുവാൻ വിവേകം വേണം. ലോകത്തിന്റെ ഇന്നോളമുള്ള ചരിത്രവും മനസ്സിലാക്കണം. അതിന്റെ പശ്ചാത്തലത്തിനെതിരേ നോക്കിയാൽ മാത്രമേ ഇന്നത്തെ ശാസ്ത്രീയ—സങ്കേതിക സംസ്കാരത്തിന്റെ യഥാർത്ഥ മൂല്യം വ്യക്തമാവുകയുള്ളു. വസ്തുനിഷ്ഠമായ ജ്ഞാനത്തിന്റെ ഉപാസനയായിത്തുടങ്ങിയ ഈ ശ്രേഷ്ഠയത്നം പില്ക്കാലത്തു് ഭൗതികവാദത്തിന്റെ മദിരോത്സവമായി രൂപാന്തരപ്പെടുവാനാണു് സംഗതിയായതു്. മനുഷ്യരാശിയെ മുഴുവനും അതു് ലഹരി പിടിപ്പിച്ചു. മററു വിജ്ഞാനങ്ങളും മൂല്യങ്ങളും ആദർശങ്ങളും എല്ലാം മറന്നു്, താൽക്കാലിക ഭോഗങ്ങളിൽ മാത്രം ശ്രദ്ധിക്കുവാൻ ലോകത്തെ അതു പ്രേരിപ്പിച്ചു. സ്വാർത്ഥപൂർത്തി മാത്രമാണു് ജീവിതത്തിന്റെ പരമലക്ഷ്യം എന്നു വരുത്തി. ഇന്നിതാ ഈ മദിരോൽസവം അന്ത്യയാമത്തിൽ എത്തിയിരിക്കുന്നു. ചരിത്രത്തിന്റെ പാനശാലയിൽ മനുഷ്യൻ മൂർഛരിച്ചു വീഴുകയാണു്. മതാനുഭൂതിയുടെ ദിവ്യശക്തിയുള്ള കരസ്പർശം എന്ന പ്രതിവിധിയാണു് ഇപ്പോൾ ലോകത്തിനു് ആവശ്യമായിരിക്കുന്നതു്. അതിന്റെ മഹാനുഗ്രഹംകൊണ്ടു മാത്രമേ ഈ മോഹനിദ്രയിൽ നിന്നു് മനുഷ്യരാശി ഉണരുകയുള്ളു. മുക്തിയും ശാന്തിയും നേടുകയുള്ളു.

Digitized by Kerala Sahitya Akademi

# ധ്യാനത്തെപ്പററി ഒരു ശാസ്ത്രീയ ഗവേഷണം

ഋഷീകേശിലെ മഹർഷി മഹേശ് യോഗിയെപ്പററി ഈയിടെ ഒന്നും കേൾക്കാറില്ലെങ്കിലും ഏതാനും വർഷംമുമ്പ് ഇന്ത്യയിൽ ആകമാനം അദ്ദേഹം പ്രസിദ്ധിയാർജ്ജിക്കുകയുണ്ടായി. ബീററിത്സ് എന്ന പേരിൽ വിശ്രുതരായിരുന്ന നാല് ഇക്കിളിപ്പാട്ടുകാരെ ശിഷ്യന്മാരായി സ്വീകരിച്ചതു മൂലമുണ്ടായ പ്രസിദ്ധിയാണതു്. അവർ പാട്ടുകാരെന്നതുപോലെ ലഹരി പ്രിയന്മാരും ആയിരുന്നു. അദ്ദേഹം പ്രചരിപ്പിച്ച ഭാവാതീതധ്യാനം എന്ന യോഗസാധന പഠിക്കുവാനാണ് അവർ വന്നതെങ്കിലും പാട്ടിൻെറയും കഞ്ചാവിൻെറയും പിടിയിൽനിന്നു് വിട്ടുമാറുവാൻ കഴിയാതെ ഉടനെതന്നെ മടങ്ങിപ്പോവുകയാണുണ്ടായതു്. അതോടെ മഹർഷിയുടെ കാര്യത്തിൽ ഇന്ത്യാക്കാർക്കുണ്ടായ താല്പര്യവും അസ്തമിച്ചു.

പക്ഷേ പാശ്ചാത്യരാജ്യങ്ങളിൽ അദ്ദേഹത്തിൻെറ ശിഷ്യസമ്പത്തിനു് ഒരു കുറവും വന്നിട്ടില്ലെന്നാണ് കാണുന്നതു്. എന്നല്ല, അദ്ദേഹത്തിൻെറ ധ്യാനമാർഗ്ഗം അനുഭവസിദ്ധി കൈവരുത്തുവാൻ സമർത്ഥമാണെന്നുള്ള അഭിപ്രായവും ബലപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ അതി

Digitized by Kerala Sahitya Akademi

ൻെറ സാദ്ധ്യതകരം മനസ്സിലാക്കുവാൻവേണ്ടിയുള്ള ഗവേഷണവും ലോകപ്രസിദ്ധമായ ശാസ്ത്രീയകേന്ദ്രങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു ഗവേഷണത്തെപ്പററി രണ്ടു വാക്കു പറയാമെന്നു കരുതുന്നു. ഹാർവേഡ് മെഡിക്കൽ സ്കൂളിൻെറ ഭാഗമായി ബോസ്റ്റൺ സിററി ഹോസ്പിററലിൽ സ്ഥാപിച്ചിട്ടുള്ള തോൺഡൈക്ക് മെമ്മോറിയൽ ലബോറട്ടറിയിലും, കാലിഫോർണിയാ സർവ്വകലാശാലയിലും നടത്തപ്പെട്ട ചില പരീക്ഷണങ്ങളെപ്പററി 1972—ൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് ഇതെഴുതുന്നത്.

മഹേശ്യോഗിയുടെ സംഘടനമൂഖേന ഭാവാതീത ധ്യാനത്തിൽ പരിശീലനം നേടുകയും ആത്മശാന്തിക്കു വേണ്ടി പതിവായി അതിൽ ഏർപ്പെടുകയും ചെയ്യുന്ന 90,000—ത്തിൽപരം സ്ത്രീപുരുഷന്മാർ അമേരിക്കൻ ഐക്യനാടുകളിൽത്തന്നെ ഉണ്ടെന്നു പറയുന്നു. ഇവരിൽ 36 പേരെയാണ് മേല്പറഞ്ഞ പരീക്ഷണത്തിനു് തിരഞ്ഞെടുത്തതു്. 28 പുരുഷന്മാരും 8 സ്ത്രീകളും. 14 മുതൽ 41 വയസ്സുവരെ പ്രായമുള്ളവർ. ഇവരിൽ ഭൂരിപക്ഷം പേർക്കും രണ്ടും മൂന്നും കൊല്ലത്തെ ധ്യാനസിദ്ധികരം ഉണ്ടായിരുന്നു. മനുഷ്യശരീരത്തിൻെറ അടിസ്ഥാനധർമ്മങ്ങളിൽ ഉണ്ടാകുന്ന ഏററവും ചെറിയ വ്യത്യാസങ്ങരംപോലും അളന്നു രേഖപ്പെടുത്തുന്നതിനുവേണ്ടി അതിവിപുലമായ യന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടിയാണ് പരീക്ഷണങ്ങരം നടത്തിയതു്. ഓരോ പരീക്ഷ്യൻെറയും രക്തസമ്മർദ്ദം, ഹൃദയസ്പന്ദം, താപനിലകരം, തൊലിപ്പുറത്ത് വിദ്യുച്ഛക്തിയുടെ നേർക്കുണ്ടാകുന്ന പ്രതിരോധം എന്നീ ധർമ്മങ്ങരം തുടർച്ചയായി രേഖപ്പെടുത്തുകയുണ്ടായി. ഓക്സിജൻ വായുവിൻെറ ആഗിരണം, കാർബൺഡൈ ഓക്സൈഡി

Digitized by Kerala Sahitya Akademi

ന്റെ വിരേചനം, എന്നിവയും അതിസൂക്ഷ്മമായി തിട്ട പ്പെടുത്തി. ഓരോരുത്തരുടെയും രക്തം എടുത്ത് പരിശോധിക്കുന്നതിനും ഏർപ്പാടുകൾ ചെയ്തിരുന്നു. ധ്യാനസമയത്ത് രക്തം വലിച്ചെടുക്കുന്നത് അറിയാതിരിക്കുന്നതിനു വേണ്ടി ഒരു മറയുടെ പിന്നിലേക്കു നീട്ടിവച്ച കൈയിൽ അല്പഭാഗം മരുന്നുപുരട്ടി മരവിപ്പിച്ചശേഷമാണ് ധമനിയിൽ സൂചി കടത്തിയിരുന്നത്. ഓരോ പരീക്ഷ്യനും ലബോറട്ടറിയിലെ കസേരയിൽ ഇരുന്ന്, ശരീരമാകെ ഉപകരണങ്ങൾ ഘടിപ്പിച്ച നിലയിൽ 20-30 മിനിട്ട നേരം ധ്യാനത്തിൽ നിമഗ്നനായി. അതിനു മുമ്പും പിമ്പും അത്രയും സമയംകൂടി പരീക്ഷണം നടത്തപ്പെട്ടു.

ഭാവാതീതധ്യാനത്തിൽ അത്യുഗ്രമായ ഏകാഗ്രതയോ ശരീരചേഷ്ടകളുടെയും ചിത്തവൃത്തികളുടെയും കർക്കശമായ നിയന്ത്രണമോ ആവശ്യമില്ലെന്നാണു പറയുന്നത്. അതിന്റെ സാധനകൾ വലിയ പ്രയാസംകൂടാതെ അഭ്യസിക്കാവുന്നവയാണ്. ഒരു പ്രത്യേക വിശ്വാസപദ്ധതിയുടെയോ, ജീവിതചര്യയുടെയോ ആവശ്യവുമില്ല. ഗുരുമുഖത്തുനിന്നു കിട്ടുന്ന ഉപദേശമനുസരിച്ച് മാനസികാനുഭൂതിയെ സ്വതന്ത്രമായി വികസിപ്പിച്ച് അതിൽ രമിക്കുന്ന സമ്പ്രദായമാണത്. ഇതിന്റെ ഫലമായി മനശ്ശക്തികൾ കൂടുതൽ സൂക്ഷ്മവും സർഗ്ഗാത്മകവുമായ നിലയിലേക്ക് ഉയരുമെന്ന് സ്വാനുഭവത്തിൽനിന്ന് സാധകന്മാർ ഉറപ്പിച്ചു പറയുന്നു.

ഓക്സിജന്റെയും കാർബൺ ഡൈ ഓക്സൈഡിന്റെയും കാര്യത്തിൽ, മുമ്പ് മററു ചില ശാസ്ത്രജ്ഞന്മാർ കണ്ട ഫലങ്ങൾ കൃത്യമായി തെളിയിക്കപ്പെട്ടു എന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഓക്സിജൻ ആഗിരണം മിനിട്ടിൽ 251 ഘന സെൻറീമീററിൽനിന്ന് ധ്യാനസമയത്ത് 211

Digitized by Kerala Sahitya Akademi

ഘനസെൻറിമീററായി കുറഞ്ഞു. ധ്യാനം കഴിഞ്ഞപ്പോഠം അതു വീണ്ടും 242 ഘന സെൻറിമീററർ ആയി ഉയർന്നു. അതുപോലെ കാർബൺ ഡൈ ഓക്സൈഡ് വിരേചനം 219 ഘന സെൻറിമീററിൽ നിന്നു് 187 ഘന സെൻറി മീററായി കുറഞ്ഞു. ഈ രണ്ടു് ശരീര ചേഷ്ടകഠംക്കും ത മ്മിലുള്ള അനുപാതം സാധാരണഗതിയിൽത്തന്നെ വർ ത്തിച്ചതിൽ നിന്നു്, ധ്യാനസമയത്തു് ശരീരത്തിൻെറ ചയാപചയ ധർമ്മത്തിൻെറ നിരക്കുതന്നെ കുറഞ്ഞു എ ന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ വസ്തുതകഠം ഗ്രാഫു കളുടെ രൂപത്തിൽ കാണിക്കുന്ന അനേകം ചിത്രങ്ങഠം റിപ്പോർട്ടിൽ ഉഠംപ്പെടുത്തിയിട്ടുണ്ടു്.

പരീക്ഷണത്തിൽ കണ്ട മററൊരു ഫലം ധ്യാനസമ യത്തു് പരീക്ഷ്യൻെറ രക്തത്തിൽ ലാക്ടേററ് എന്ന രാസ വസ്തുവിൻെറ അളവിനു് അതിപ്രകടമായ കുറവുണ്ടാകുന്നു എന്നതാണു്. ഇതിൻെറ അളവു് മനുഷ്യൻെറ ഉൽക്കണ്ഠയു ടേയും മാനസിക സംഘർഷത്തിൻേറയും നിദർശനമാ ണെന്നു് തെളിയിക്കപ്പെട്ടിട്ടുണ്ടു്. ധ്യാനത്തിൻെറ ഫല മായി രക്തത്തിൽ ലാക്ടേററ് കുറയുന്നതിൻെറ അർത്ഥം ആ സമയത്തു് പരീക്ഷ്യൻ അത്യധികമായ വിശ്രാന്തിയും മനോലാഘവവും അനുഭവിക്കുന്നു എന്നാണു്.

ഇതുകൂടാതെ തലച്ചോറിൽ നിന്നുണ്ടാകുന്ന വൈദ്യുത തരംഗങ്ങഠംക്കും ധ്യാനസമയത്തു് വ്യത്യാസം വരുന്ന തായി കാണുന്നു. ഹൃദയസ്പന്ദം മന്ദീഭവിക്കുകയും തൊലി യുടെ പ്രതിരോധശക്തി അസാമാന്യമായിവർദ്ധിക്കുകയും ചെയ്യുന്നു. ഈ പരീക്ഷണഫലങ്ങഠം, പതിനഞ്ചും ഇരു പതും വർഷത്തെ കഠിനമായ ധ്യാനസാധനകഠം അനുഷ്ഠി ച്ച സെൻബുദ്ധമത അനുയായികളായ സന്യാസിമാരുടെ കാര്യത്തിൽ ജപ്പാനിലെ ശാസ്ത്രജ്ഞന്മാരും കണ്ടിട്ടുള്ളവ

Digitized by Kerala Sahitya Akademi

യാണെന്നു് റിപ്പോർട്ടിൽ പറയുന്നു. ധ്യാനം ഒരുതരം ഉറക്കമോ ഹിപ്നോട്ടിസമോ ആണെന്നുള്ള ധാരണ സർവ്വാബദ്ധമാണു്. ഈ രണ്ടു അവസ്ഥകളിലും ശരീര ധർമ്മങ്ങൾക്കുണ്ടാകുന്ന വ്യത്യാസങ്ങൾക്കു് മേൽപ്പറഞ്ഞ ലക്ഷണങ്ങളോടു് ഒരു സാദൃശ്യവുമില്ല. ഭാവാതീത ധ്യാനം പൂർണ്ണമായ ജാഗ്രദവസ്ഥയുടെയും അത്യധികമായ മനഃസ്വാസ്ഥ്യത്തിന്റെയും ലക്ഷണങ്ങളാണ് പ്രദർശിപ്പിക്കുന്നതു്. ശരീരചേഷ്ടകളെയും ജീവിതധർമ്മങ്ങളെയും സാകല്യേന ബാധിക്കുന്ന സർവ്വാശ്ലേഷിയായ ഒരു പ്രതികരണം അതിൽ അന്തർഭവിച്ചിരിക്കുന്നു.

നമ്മുടെ ശരീരത്തിൽ ഇച്ഛാശക്തിക്കും മനസ്സിന്റെ നിയോഗങ്ങൾക്കും വിധേയമല്ലാതെ, ബോധമണ്ഡലത്തിനും താഴെയായി, സ്വയംഭരണരീതിയിൽ, പ്രവർത്തിക്കുന്ന ഒരു നാഡീപടലമുണ്ടു്. അടിസ്ഥാനഭൂതമായ ശരീര ചേഷ്ടകളെയും ജീവിത ധർമ്മങ്ങളെയും ഭരിക്കുന്ന ഘടകം ഇതാണു്. ഹൃൽസ്പന്ദവും രക്തപരിവാഹവും ദഹനക്രിയകളും എല്ലാം മനസ്സിന്റെ അറിവുപോലുമില്ലാതെ കൃത്യമായി നടക്കുന്നതു് ശരീരത്തിൽ നൂലാമാലപോലെ വ്യാപിച്ചുകിടക്കുന്ന ഈ നാഡീപടലത്തിന്റെ വൈഭവംമൂലമാകുന്നു. നമ്മുടെ ജന്മവാസനകളുടെയും അടിസ്ഥാന പ്രവണതകളുടെയും ആസ്ഥാനമാണതു്. ബഹുലക്ഷം തലമുറകളിലെ അനുഭവപാഠത്തിൽ നിന്നു് പരിണാമമാർഗ്ഗേണ രൂപവൽകൃതമായ പ്രവണതകളും പ്രതികരണങ്ങളും അതിൽ മുദ്രിതമായിരിക്കുന്നു. ജീവചൈതന്യത്തിന്റെ പ്രേരകശക്തികളും അടിയൊഴുക്കുകളും വേലിയേററങ്ങളും പ്രവർത്തിക്കുന്ന നിഗൂഢമണ്ഡലമാണതു്. ആപത്തിനെ നേരിടുമ്പോൾ സർവ്വശക്തികളും സമാഹരിച്ചു് അററകൈയായി പോരടിക്കുവാനോ, അത

Digitized by Kerala Sahitya Akademi

ല്ലെങ്കിൽ പ്രാണനുംകൊണ്ട് പലായനം ചെയ്യുവാനോ പ്രേരിപ്പിക്കുന്ന ഒരു ജന്മവാസന ഈ നാഡീപടലം ഉൾക്കൊള്ളുന്നതായി തെളിഞ്ഞിട്ടുണ്ട്. അതു് ഉന്മിഷത്താകുമ്പോൾ ഹൃദയസ്പന്ദം, രക്തസമർദ്ദം, മാംസപേശികളിലേക്കുള്ള രക്തപരിവാഹം ഓക്സിജൻ ആഗിരണം എന്നീ ശരീരധർമ്മങ്ങളെല്ലാം അസാമാന്യമായി വർദ്ധിക്കുന്നു.

ഇതിനു നേരെ വിപരീതമായ ഒരു അവസ്ഥാവിശേഷമാണു് ധ്യാനത്തിലൂടെ ജീവശരീരം നേടുന്നതെന്നു് പറയാവുന്നതാണ്. മനുഷ്യവർഗ്ഗത്തിന്റെ പരിണാമചരിത്രത്തിൽ, ''പ്രതിരോധ–പലായന'' പ്രതികരണം ജീവിതത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. അങ്ങനെയാണു്, അതു് അവന്റെ ജന്മവാസനകളുടെ ഭാഗമായിത്തീന്നതു്. പ്രകൃതിയിലും ആവശ്യം സൃഷ്ടിയുടെ മാതാവാകുന്നു. പക്ഷേ ആവശ്യം കഴിഞ്ഞാലും പാരമ്പര്യം ശേഷിക്കും. മനുഷ്യന്റെ ശരീരഘടനയിൽനിന്നു് ഈ ജന്മവാസന ഇനിയും മാഞ്ഞുപോയിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള ഭീഷണിയെ നേരിടുമ്പോൾ ഇന്നും അവനിൽ ഈ പ്രതികരണം ഉണ്ടാകുന്നുണ്ട്. പക്ഷേ ഇന്നത്തെ ജീവിതത്തിൽ അതു് അപ്രസക്തവും നിഷ്പ്രയോജനവും ആയിത്തീർന്നിരിക്കുന്നു. കാട്ടുജന്തുക്കളുടെ ആക്രമണത്തെ ചെറുക്കുന്നതിനും, അവയുടെ പിടിയിൽപ്പെടാതെ രക്ഷപ്പെടുന്നതിനും പരിഷ്കൃത മനുഷ്യൻ തന്റെ ശരീരത്തെ സജ്ജമാക്കേണ്ടതില്ല. ഇന്നത്തെ ആപത്തുകളും ഭീക്ഷണികളും മററുതരത്തിൽ ഉള്ളവയാണ്.

അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ചുററുപാടുകളുമായി പൊരുത്തപ്പെട്ട് സമാധാനമായി ജീവിക്കുവാൻ കഴിയാതെ വരുന്നതുമൂലമാണ്ഇന്നത്തെ ഭീതിയും വ്യാകു

Digitized by Kerala Sahitya Akademi

ലതയും ഉണ്ടാകുന്നതു്. പോരടിച്ചോ പലായനം ചെയ്തോ ഈ ആപത്തുകളെ പരാജയപ്പെടുത്തുവാൻ സാദ്ധ്യമല്ല. ശിലായുഗത്തിൽ കാട്ടുപാതകളിലൂടെ പാത്തും പതുങ്ങിയും സഞ്ചരിക്കുന്നതിനെ അപേക്ഷിച്ച് എത്രയോ കൂടുതൽ ആപൽക്കരമാണ് ഇന്നത്തെ നഗരവീഥികളിൽ നടക്കുന്നതു്. അഞ്ചു് ഇന്ദ്രിയങ്ങളും മിഴിച്ചുകൊണ്ടുനടന്നാലും രക്ഷയില്ല. പ്രതിരോധത്തിൻെറ പ്രശ്നമേയില്ല; എവിടെയും മരണം പതിയിരിക്കുന്നു. കണ്ണുതെററിയാൽ കഥ കഴിയും. ഹിംസാഭീഷണിയും അപാരമായി വർദ്ധിച്ചിരിക്കുന്നു. വയറു നിറയാനുള്ള വക കിട്ടിയാൽ വന്യമൃഗങ്ങരം അന്യജീവികളെ ഉപദ്രവിക്കുകയില്ല. പക്ഷേ ഇന്നത്തെ മനുഷ്യൻെറ ഹിംസാശീലത്തിനു് അങ്ങനെയുള്ള വിരാമമില്ല. അവനു നിറയുക എന്നൊരു അവസ്ഥയേയില്ല. ഓരോ മനുഷ്യനും മററുള്ളവരെ ശത്രുക്കളായി കാണുന്നു. പരിമിത വിഭവയായ ഈ ഭുവനഗോളത്തിൽ അവരുടെ അസ്തിത്വം തന്നെ ഒരു ഭീഷണിയായിത്തീന്നിരിക്കുന്നു. സംസ്കൃതത്തിൽ പരൻ എന്ന പദത്തിനു് ശത്രു എന്നു കൂടി അത്ഥം നൽകിയതു് എത്രയോ പ്രസക്തമായിത്തോന്നുന്നു.

പരിഷ്കാരം സൃഷ്ടിച്ച ചുററുപാടുകളുടെ ഈ വ്യാമർദ്ദത്തിൽ നിന്നു മനസ്സിനേയും ശരീരത്തേയും കാത്തുരക്ഷിക്കുന്നതിനു് പോരാട്ടമോ പലായനമോ ഉതകുകയില്ല. എന്നല്ല, ജന്മവാസനമൂലം താനേയുണ്ടാകുന്ന ഈ പ്രതികരണം അവയെ കൂടുതൽ അസ്വസ്ഥമാക്കുകയും ചെയ്യുന്നു. ആധുനിക മനുഷ്യൻ പിപുലമായ തോതിൽ അനുഭവിക്കുന്ന സംഘർഷ രോഗങ്ങളുടെ മൂലകാരണം ഇതാണെന്നു വൈദ്യശാസ്ത്രവും സമ്മതിച്ചു തുടങ്ങിയിട്ടുണ്ടു്. ഗുളിക തിന്നും മദ്യംകുടിച്ചും പുകവലിച്ചും ഈ മഹാദുഃഖത്തിനു്

Digitized by Kerala Sahitya Akademi

ഉപശാന്തി വരുത്താമെന്ന പ്രതീക്ഷയും തിരോഭവിച്ചിരിക്കുന്നു. കഞ്ചാവും കാമലീലകളും കൊണ്ടു് പരിഷ്ക്കാരത്തിന്റെ ഹൃദയവ്യഥകളെ വിസ്മരിക്കാമെന്നാണു് ഇന്നത്തെ യുവജനങ്ങളിൽ ചിലർ വ്യാമോഹിക്കുന്നതു്. ഇതെല്ലാം പൂച്ചുമരുന്നുകളും കുരുട്ടുവിദ്യകളുമാണു്. രോഗകാരണം ഈ പ്രതിവിധികൾക്കു് ദുഷ്പ്രാപമായ ദൂരത്തിൽ, ബോധത്തിനുപോലും എത്തിനോക്കുവാൻ കഴിയാത്ത അഗാധതകളിൽ സ്ഥിതിചെയ്യുന്നു. ആ നിഗൂഢലോകത്തിലേക്കുള്ള അഭിഗമന മാർഗ്ഗം ധ്യാനസാധനയിലൂടെ ലഭ്യമാണെന്നാണു് ഈ ശാസ്ത്രീയ പരീക്ഷണം തെളിയിക്കുന്നതു്.

Digitized by Kerala Sahitya Akademi

# ശാസ്ത്രയുഗമാണ്; പക്ഷേ അത്ഭുത ങ്ങളുടെ കാലം കഴിഞ്ഞിട്ടില്ല

''ഇങ്ങനെ ചിലതു കണ്ടില്ലെങ്കിൽ നിങ്ങൾക്ക് വിശ്വാസം വരുകയില്ല'' എന്ന് ചില അത്ഭുതകർമ്മങ്ങൾ കാണിച്ചുകൊണ്ട് ക്രിസ്തുദേവൻ പറയുകയുണ്ടായി. ജീവിതയാത്രയിൽ മാർഗ്ഗദീപങ്ങളുടെ സഹായം തേടുന്ന നിഷ്ക്കന്മേഷബുദ്ധികളായ സാമാന്യജനങ്ങൾ അദ്ധ്യാത്മ സിദ്ധികളെയും അവതാരമഹിമയെയും മനസ്സിലാക്കുന്നതു് ഈ വിധത്തിലാണ്. ഇന്ദ്രജാലവും മായാവിദ്യകളും കൊണ്ട് തങ്ങളെ കളിപ്പിക്കുകയല്ല എന്നു ബോദ്ധ്യമാകുന്നതു വരെ അവർ കാത്തിരിക്കും. ഹൃദയഗുണങ്ങളിൽ ശ്രദ്ധിച്ചാണ് ഇക്കാര്യം തീർച്ചപ്പെടുത്തുന്നതു്. സ്നേഹവാത്സല്യങ്ങളും കാരുണ്യവും ഭൂതദയയും ഉള്ളവരെ തിരിച്ചറിയാൻ മനുഷ്യനു് പ്രകൃതിദത്തമായ കഴിവുണ്ട്. അതുപയോഗിച്ച് ജനങ്ങൾ മാജിക്കുകാരെയും മഹാത്മാക്കളെയും വേർതിരിച്ചറിയുന്നു. ചിലരെ ദീർഘകാലം കളിപ്പിക്കാം. പലരെ കുറച്ചു കാലവും കളിപ്പിക്കാം. പക്ഷേ എല്ലാവരേയും എന്നും കളിപ്പിക്കുവാൻ സാധിക്കുകയില്ല. ഇതാണ് അധ്യാത്മസിദ്ധികളുടെ പൂർവചരിത്രം, എന്നാൽ ഇന്നത്തെ ലോകത്തിൽ അങ്ങനെയുള്ള സംഭവങ്ങളെയും അന

Digitized by Kerala Sahitya Akademi

ഭേദങ്ങളെയും പററി കേരംക്കവാൻ ഇടയാകുന്നവരിൽ ഭൂരിപക്ഷവും സംശയാലുക്കളായി ശേഷിക്കുന്നതായിട്ടാണ് കാണുന്നതു്. ''അതു് സയൻസിനു നിരക്കുന്നില്ല. എങ്ങനെയാണു് വിശ്വസിക്കുക?വെറും മാജിക്കായിരിക്കണം'' എന്നായിരിക്കും അവരിൽ മിക്കവരുടെയും പ്രതികരണം. ഇതു് സയൻസു്പഠിച്ചിട്ടു പറയുന്നതല്ല. ഈ പ്രതികരണം കാണുമ്പോറം, അങ്ങനെ പറയുന്നവരെപ്പററിയല്ല സയൻസിനെപ്പററിയാണു് അനുതപിക്കുവാൻ തോന്നുന്നതു്.മഹത്തായ ആ വിജ്ഞാനം ഇങ്ങനെ തെററിദ്ധരിക്കപ്പെട്ടുപോയല്ലോ എന്നു്. അതു് കയറിച്ചെല്ലാത്ത, കയറിച്ചെന്നുകൂടാത്ത, പല അനുഭവമണ്ഡലങ്ങളുമുണ്ടു്. അവിടെ ന്യൂട്ടണുമില്ല, ഡാർവിനുമില്ല, ഐൻസ്റ്റൈനുമില്ല, മാക്സ് പ്ലാങ്കുമില്ല. ആക്കും നോബെൽ സമ്മാനവും നൽകാറില്ല.

സയൻസിലൂടെ തെളിയിക്കാവുന്നതുമാത്രമേ മനസ്സിലാവുകയുള്ളു എന്നും, മനസ്സിലാകുന്നതുമാത്രമേ വിശ്വസിക്കുകയുള്ളു എന്നും, ശാഠിക്കുന്ന വീക്ഷണഗതി ഗലീലിയോയുടെ (1564–1642) കാലത്തിനുശേഷം ഉണ്ടായതാണു്. ശാസ്ത്രം എന്തെന്നു ഗ്രഹിച്ചിട്ടുള്ളവർ ഇങ്ങനെ നിർബന്ധം പിടിക്കുന്നതു് അനുഭവമണ്ഡലത്തിൻെറ ഒരു ചെറിയ അംശത്തെപ്പററി മാത്രമാണു്. പക്ഷേ ഈ വിദ്യയിലൂടെ കൈവന്ന വിജയം കണ്ടു് സാമാന്യജനങ്ങളും ഇന്നു സയൻസിനെ അന്ധമായി ആരാധിച്ചുതുടങ്ങിയിരിക്കുന്നു. ദീർഘകാലം യുക്തിയിലൂടെയുള്ള അപഗ്രഥനവും കാര്യകാരണബന്ധത്തെ ആസ്പദമാക്കിയുള്ള വ്യാഖ്യാനവും പരിചയിച്ചവർ ഇങ്ങിനെ നിർബന്ധിക്കുന്നതു് മനസ്സിലാക്കാം. അവരുടെ മസ്തിഷ്കംതന്നെ ഒരു പ്രത്യേകരീതിയിൽ രൂപവൽക്കൃതമായിപ്പോകുന്നു. ആയുഷ്കാലമത്രയും ശാസ്ത്രീയചിന്തയിൽ ചെലവഴിച്ച തനിക്കു അ

Digitized by Kerala Sahitya Akademi

വസാനം കലാസൃഷ്ടികളുടെ സൌന്ദര്യം ആസ്വദിക്കുവാൻ കഴിവില്ലാതായി എന്നു ഡാർവിൻ ഖേദിക്കുകയുണ്ടായി. പക്ഷേ, മനുഷ്യരാശിയിൽ മഹാഭൂരിപക്ഷത്തിൻെറയും മസ്തിഷ്കത്തിനു ഇങ്ങനെയുള്ള പരിവർത്തനമൊന്നും ഉണ്ടാകുന്നില്ല. ശാസ്ത്രജ്ഞന്മാർ യുക്തിയേയും കാര്യകാരണബന്ധത്തെയും ചോദ്യം ചെയ്യുന്നില്ല. അവ അവർക്കു അടിസ്ഥാനതത്വങ്ങളാണ്. പക്ഷേ മററുള്ളവർ അങ്ങിനെ ചെയ്യുവാൻ സന്നദ്ധരാണ്.

ആധുനിക കാലത്തു വിദ്യാഭ്യാസ വിദഗ്ധന്മാർ യുവജനങ്ങളുടെ ബുദ്ധിശക്തി അളന്നുനോക്കുന്നതിനുള്ള പരീക്ഷണങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടല്ലോ (I. Q. Tests). ഇവയുടെ അടിസ്ഥാനത്തിലാണ് അമേരിക്കയിലും പല യൂറോപ്യൻ രാജ്യങ്ങളിലും മാനസികയത്നം ആവശ്യമുള്ള ജോലികൾക്കു ആളുകളെ തിരഞ്ഞെടുക്കുന്നതു്. ഇതിൻെറ സാധുതയെ പല മന:ശാസ്ത്രജ്ഞന്മാരും ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും ഗവമ്മെൻറുകളും വ്യവസായ സ്ഥാപനങ്ങളും ഈ ഉപായം അംഗീകരിച്ചിരിക്കുകയാണ്. പക്ഷേ, ഒരു ആദിവാസി വിദഗ്ധൻ തൻെറ അനുയായികളെ തിരഞ്ഞെടുക്കുന്നതിനു ഇതുപോലെ ഒരു പരീക്ഷണം നടത്തിയാൽ ആധുനിക വിദ്യാഭ്യാസം സിദ്ധിച്ച ആളുകൾ മുഴുവനും തോററു തൊപ്പിയിടുമെന്നു തീർച്ചയാണ്. ഒരു സഞ്ചിമൃഗത്തെ വേട്ടയാടുവാനോ ബൂമറാങ് എറിയുവാനോ തനിക്കു കഴിവില്ലെന്നും, ആസ്ത്രേലിയയിലെ ആദിവാസികളുടെ ഇടയ്ക്കു അകപ്പെട്ടുപോയാൽ താൻ ഒന്നിനും കൊള്ളാത്ത മരമണ്ടൂസായി കരുതപ്പെടുമെന്നും ഐൻസ്റ്റൈൻ, ആഷ്ലി മൊണ്ടേഗ് എന്ന നരവംശശാസ്ത്രജ്ഞനോടു് പറയുകയുണ്ടായി.

ഇങ്ങനെ നോക്കിയാൽ മനുഷ്യവർഗ്ഗം മുഴുവനും ശാ

Digitized by Kerala Sahitya Akademi

സ്ത്രത്തെ സർവാത്ഥസാധകമായി സ്വീകരിച്ചുകൊള്ളണമെന്നും അതുകണ്ടെത്തുന്ന സത്യങ്ങളെ പരമപുരുഷാർത്ഥങ്ങളായി പൂജിക്കണമെന്നും ശഠിക്കുന്നതു കഥയില്ലായ്മയാണെന്നു കാണാം. എന്നാലും മുന്നൂറുകൊല്ലമായി ഈ കഥയില്ലായ്മ സർവശ്രേഷ്ഠമായ ഒരു തത്ത്വജ്ഞാനമായി രൂപാന്തരപ്പെട്ടിരിക്കുകയാണു്. ശാസ്ത്രജ്ഞാനം ഉപയോഗിക്കണമെന്നു പറയുന്നതു് മനസ്സിലാക്കാം, പറഞ്ഞില്ലെങ്കിലും ഹിതമെന്നുകണ്ടാൽ മനസ്സിലാകാത്തവനും ഉപയോഗിച്ചുകൊള്ളും. പക്ഷേ അതിൻെറ അപ്പുറംകടന്നു്, അതേയുള്ള സത്യം, അതിൽ വിശ്വസിച്ചുകൊള്ളണം, മററുള്ളതെല്ലാം അന്ധവിശ്വാസമാണു് എന്നു വാദിക്കുന്നതു് ചിന്താസ്വാതന്ത്ര്യത്തിൻെറ നിഷേധമാണു്. പുതിയ ഒരുതരം ഇൻക്വിസിഷൻ.

ഭൌതികലാഭങ്ങറം കൈവരുത്തുമെന്നു വിശ്വസിക്കുന്ന വിജ്ഞാനങ്ങളുടെ നേർക്കു് ഇങ്ങനെയൊരു മനോഭാവം സംജാതമാകുന്നതു് സ്വാഭാവികമാണെന്നു് കരുതേണ്ടിയിരിക്കുന്നു. അതിപ്രാചീനകാലത്തു ശ്രൗതഗൃഹ്യസൂത്രങ്ങളിലും ബ്രാഹ്മണങ്ങളിലും പ്രതിപാദിച്ചിട്ടുള്ള യജ്ഞങ്ങറം, യാഗങ്ങറം തുടങ്ങിയ വൈദികകർമ്മങ്ങളുടെ അടിസ്ഥാനം എന്താണു്? പ്രപഞ്ചത്തെ ഭരിക്കുന്ന ദിവ്യശക്തികളെ സ്തുതിക്കുകയും ധ്യാനിക്കുകയും, അവയുടെ മുമ്പിൽ പ്രാത്ഥനകറം സമർപ്പിക്കുകയും ചെയ്തുകൊണ്ടു് അക്കാലത്തെ മനുഷ്യർ തൃപ്തിപ്പെട്ടില്ലെന്നും, അവയെ സ്വാധീനമാക്കാനും സ്വന്തം ഹിതത്തിനു വിധേയമാക്കാനും ശ്രമിച്ചുതുടങ്ങി എന്നുമാണു് അവ സൂചിപ്പിക്കുന്നതു്. മന്ത്രതന്ത്രങ്ങളും അതിസങ്കീർണ്ണമായ വൈദികകർമ്മങ്ങളും എല്ലാം ഇതിനുവേണ്ടിയുള്ള ഉപായങ്ങളാണെന്നു സ്പഷ്ടമാണു്. ഒളിവും മറവും ഒന്നുമില്ല; ഭൗതികസമ്പത്തുകറം ലഭി

Digitized by Kerala Sahitya Akademi

ക്കുന്നതിന്നുവേണ്ടി നിർവഹിക്കപ്പെട്ട കർമ്മങ്ങളാണിവ. ഇവയ്ക്കുപിന്നിൽ അവ്യക്തമെങ്കിലും ആക്കം കാണാവുന്ന ഒരു സങ്കല്പമുണ്ട്.അതിതാണ്: മനുഷ്യൻ തൻെറ സ്വകാര്യ ലോകത്തിൽ പരിപൂർണ്ണമായ ധർമ്മക്രമങ്ങൾ സൃഷ്ടിക്കു കയും പരിപാലിക്കുകയും ചെയ്താൽ, പ്രപഞ്ചശക്തി അ വയ്ക്കു വഴങ്ങും. പിണ്ഡാണ്ഡത്തെ ക്രമപ്പെടുത്തിയാൽ ബ്രഹ്മാണ്ഡത്തെ നിയന്ത്രിക്കാം. ഈശ്വരചൈതന്യത്തെ യും ഇച്ഛാധീനമാക്കാം. ഇത് അനുഭവം കൊണ്ടു നേടിയ അറിവായിരിക്കണം. അല്ലെങ്കിൽ ഇത്രവളരെ കാല മൊന്നും അതു നിലനിൽക്കുകയില്ല. മതപരമായ ഒരുതരം ടെക്നോളജിയാണ് ഇതെന്നു പറയാം. പ്രകൃതിശക്തിക ളെ കീഴടക്കുന്നതിന്നുവേണ്ടി മനുഷ്യൻ നടത്തിയ ആദ്യ ത്തെ ഈ യത്നങ്ങളുടെ പ്രതിപാദനമാണ് വൈദികസാ ഹിത്യത്തിൻെറ മേല്പറഞ്ഞ വിഭാഗത്തിൽ കാണുന്നത്. ഇതുതന്നെയാണ് പില്ക്കാലത്ത് ഇന്ത്യയിലെ സാമൂഹിക ജീവിതത്തെ കളങ്കപങ്കിലമാക്കിയ ബ്രാഹ്മണാധിപത്യ ത്തിന്നു വഴി തെളിയിച്ചതും. എല്ലാവരും യാഗവും യ ജ്ഞവും ചെയ്യുവാൻ തുടങ്ങിയാൽ കൈയടക്കുന്നതിന്നുവേ ണ്ട വിഭവങ്ങൾ ഭൂമിയിൽ ലഭ്യമല്ല, അതുകൊണ്ടു വൻ പിച്ച ജനവിഭാഗങ്ങൾ വൈദികകർമ്മത്തിനു അധികാര മില്ലാത്തവരായി പ്രഖ്യാപിക്കപ്പെട്ടു. മുങ്ങിച്ചാകുവാൻ ഇടയാകുമ്പോൾപ്പോലും കൂടെക്കൂടിക്കാതെ കലക്കിക്കുടി ക്കണമെന്ന സ്ഥിതിവിശേഷവും സംജാതമായി.

സത്യമാലോചിച്ചാൽ മനുഷ്യയത്നംകൊണ്ടു പ്രപഞ്ച ശക്തികളെ ഇച്ഛാധീനമാക്കാമെന്നുള്ള ഈ സങ്കല്പത്തിൽ നിന്നു തന്നെയല്ലേ എല്ലാ ശാസ്ത്രങ്ങളുടേയും ഉൽപ്പത്തി എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഇന്ന ത്തെ ഭൗതികശാസ്ത്രങ്ങളെ നിലനിർത്തുന്നത് അങ്ങേയററം

Digitized by Kerala Sahitya Akademi

പ്രയോഗക്ഷമമെന്നു് തെളിഞ്ഞിട്ടുള്ള ഈ സങ്കല്പമാണു്. ഒരു പക്ഷേ, മനുഷ്യവർഗ്ഗത്തോളം തന്നെ പഴക്കമുള്ളതും, ഓരോരോ സംസ്കാരങ്ങളിൽ ഭിന്നരീതികളിൽ പല കാലത്തും പ്രത്യക്ഷപ്പെട്ടിട്ടുള്ളതും ആണെങ്കിലും ഗലീലിയോയുടെ കാലത്തിനുശേഷം, വിശേഷിച്ചും കഴിഞ്ഞ നൂറുവർഷത്തിനിപ്പുറം, ആണു് ഈ സങ്കല്പം ഇത്ര സാർവത്രികമായി, വിവരമുള്ളവർക്കും ഇല്ലാത്തവർക്കും ഒരുപോലെ ആദരണീയമായിത്തീർന്നതു്. എന്നുമാത്രവുമല്ല അതു് അതിതീക്ഷ്ണമായ അസഹിഷ്ണുതകളേയും ജനിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

പണ്ടുകാലത്തു് അധികാരിതയില്ലാത്തവൻ വേദം ചൊല്ലിയാൽ നാക്കു മുറിക്കുകയും, മന്ത്രോച്ചാരണം കേട്ടുപോയാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കുകയും ചെയ്യുന്ന വൈരനിര്യാതന ബുദ്ധിയോടുകൂടിയാണു് ഇന്നു് അജ്ഞന്മാർപോലും സയൻസിന്റെ പേരും പറഞ്ഞു് അദ്ധ്യാത്മജ്ഞാനത്തെ എതിർക്കുന്നതു്. പ്രകൃതിയെ കീഴടക്കി, പ്രപഞ്ചശക്തികളെ പാട്ടിലാക്കി, അനന്തമായ ഭൗതികശ്രേയസ്സു നേടുവാൻ സഹായിക്കുന്ന ഒരു സങ്കൽപ്പത്തെ സമസ്തലോകവും അംഗീകരിച്ചിരിക്കുന്ന ‘‘സയൻസിന്റേതായ’’ ഈ കാലഘട്ടത്തിൽ, പ്രസ്തുത സങ്കൽപ്പത്തിനു് നിരക്കാത്തതും ഒരർത്ഥത്തിൽ അതിനെ ചോദ്യം ചെയ്യുന്നതെന്നു് കരുതേണ്ടതുമായ വിശ്വാസം പുലർത്തുകയോ? ഒരിക്കലും അനുവദിച്ചുകൂടാ. അദ്ധ്യാത്മജ്ഞാനവുമില്ല, അവതാരപുരുഷന്മാരുമില്ല, ദിവ്യശക്തികളുമില്ല. അത്ഭുതകർമ്മങ്ങളുമില്ല. എല്ലാം മാജിക്കു്, വെറും മാജിക്കു്, അന്ധവിശ്വാസം.

സയൻസും മതവും തമ്മിൽ എന്നാണു് ഒഴുക്കൻമട്ടിൽ പറയാറുള്ളതെങ്കിലും, സത്യത്തിൽ സയൻസിന്റെ പേ

Digitized by Kerala Sahitya Akademi

രിലുള്ള അന്ധവിശ്വാസവും ആദ്ധ്യാത്മിക ജീവിതത്തെ ക്കുറിച്ചുള്ള അജ്ഞതയും തമ്മിലാണ് അടിസ്ഥാനപര മായ വൈരുദ്ധ്യമുള്ളതു്. പ്രകൃതിയെ കീഴടക്കി ഭൗതിക ശ്രേയസ്സു നേടുക എന്ന ലക്ഷ്യം സയൻസിലുള്ളതുപോലെ തന്നെ മതാചാരങ്ങളിലുമുണ്ട്. ഏററവും വിശദമായി അ റിയപ്പെട്ടിട്ടുള്ള യൂറോപ്യൻ ചരിത്രത്തിൽ ആദ്യം മതാ ചാരങ്ങളാണ് ഈ ലക്ഷ്യത്തെ അത്യുത്സാഹത്തോടെ പിൻ തുടർന്നു്, മനുഷ്യരെ സങ്കചിതബുദ്ധികളാക്കി സാമൂഹി കജീവിതത്തെ ഇരുട്ടിലാഴ്ത്തിയതു്. അസഹിഷ്ണുതയു ടെയും അധികാരദുർമ്മോഹത്തിൻെറയും പര്യായമായി ത്തീർന്ന ഈ മതാചാരം സ്വതന്ത്രചിന്തയെ അടിച്ചമർത്തി ശുദ്ധമായ അദ്ധ്യാത്മവിദ്യയെപ്പോലും കളങ്കപ്പെടുത്തി. അതു കഴിഞ്ഞ് ശാസ്ത്രം വന്നു. സ്വതന്ത്രചിന്തയായിട്ടാ ണ് അതിൻെറ ആരംഭമെങ്കിലും ലക്ഷ്യത്തെപ്പററി ആ ദ്യം മുതല്ക്കേ ആക്കം സംശയമുണ്ടായില്ല. മൂന്നൂറു വർഷം കൊണ്ടു് അതു മനുഷ്യരാശിയെ മുഴുവനും വശീകരിച്ചു. പക്ഷേ മഹാവിജയത്തിൽ കലാശിച്ചു എന്നു് ലോകം വ്യാമോഹിച്ച ഈ ഭൗതികോത്ക്കർഷപരിപാടി എത്ര വേഗമാണ് ഭയാനകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചി രിക്കുന്നതെന്നു് ആലോചിക്കുമ്പോൾ അന്ധാളിച്ചുപോകു ന്നു. പ്രകൃതിയെ കീഴടക്കി അറുതിയില്ലാത്ത ശ്രേയസ്സിനു വഴിതെളിച്ചു എന്നു കരുതിയ ആധുനികശാസ്ത്രം ഒരു ശാ പമാണെന്നു പോലും പറയുന്ന ശാസ്ത്രജ്ഞന്മാരുണ്ടു്. ആററംബോംബും ഹൈഡ്രജൻ ബോംബും ഉണ്ടാക്കി സമ സ്ത ജീവജാലത്തെയും ക്ഷണമാത്രം കൊണ്ടു് സംഹരിക്കാ നുള്ള കഴിവു് ചില രാഷ്ട്രങ്ങൾക്കു് നൽകി എന്നതു മാത്ര മല്ല അതു വരുത്തിയ ആപത്തു്. വ്യവസായ വിഷങ്ങൾ കൊണ്ടു് ഭൂമുഖത്തെ അതിശീഘ്രം അധിവാസയോഗ്യമ

Digitized by Kerala Sahitya Akademi

ല്ലാതാക്കുന്നു എന്നതുമല്ല. മനുഷ്യചിത്തത്തെ ഉച്ഛൃംഖല മായ ദുരാഗ്രഹത്തിന്ന് വിളനിലമാക്കി എന്നതാണ് ഏററവും വലിയ ദ്രോഹം. ജീവാത്മാക്കളെ അനന്തമായ ആശാപാശത്തിൽ കെട്ടിയിട്ട് കാലത്തിൻെറ പെരുവഴിയിലൂടെ മുന്നോട്ടു വലിക്കുകയാണ്. ഒന്നുകൊണ്ടും തൃപ്തിയില്ല; ഒരിക്കലും ശാന്തിയില്ല.

നമ്മുടെ രാജ്യത്ത് അമേരിക്കയിലേയോ പശ്ചിമ ജെർമ്മനിയിലേയോ തോതിലൊന്നും വേണ്ട, അൻപതു പേർക്കു ഒരു കാറു വീതം ഉണ്ടാവുകയാണെങ്കിൽ ഇവിടെ 110 ലക്ഷം കാറുകളുണ്ടാകും. പിന്നെ മനുഷ്യർക്ക് നാട്ടുവഴിയെ നടക്കാൻ സാധിക്കുമോ? കാറുള്ളവർ മാത്രം സഞ്ചരിച്ചാൽ മതിയെന്നു് ആരെങ്കിലും സമ്മതിക്കുമോ? ഇത്രയും കാറുകൾ ഇന്ത്യയിൽ ഉണ്ടാക്കുവാൻ കഴിയുമെന്നു സങ്കൽപിച്ചാലും അവയ്ക്കു് ഓട്ടുവാൻ വേണ്ട റോഡെവിടെ? പെട്രോളിന് എന്തുചെയ്യും? അൻപതിൽ 49 പേരും കാറു കിട്ടാതെ അടങ്ങിയിരിക്കുമോ? അർത്ഥശാസ്ത്രജ്ഞന്മാരും ആസൂത്രണവിദഗ്ധന്മാരും, വെടിക്കെട്ടിൽ വാണം പൊങ്ങുന്നതുപോലെ, കടലാസ്സിൽ വരച്ചുകാണിക്കുന്ന അഭിവൃദ്ധിയുടെ ചിത്രങ്ങൾ യഥാർത്ഥജീവിതത്തിൽ സാക്ഷാൽക്കരിക്കുവാൻ സാധിക്കുന്നവയല്ല. ശാസ്ത്രജ്ഞാനത്തിൻെറയും ടെക്നോളജിയുടെയും കഴിവുകളിൽ വിശ്വസിച്ച് മനുഷ്യരാശിക്കു് ഉത്തരോത്തരമായ ക്ഷേമവും സംതൃപ്തിയും കൈവരുത്താമെന്നുള്ള മോഹം അവയുടെ ഇതുവരെക്കണ്ട സാമർത്ഥ്യത്തികവുമൂലം തന്നെ ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നു. മനസ്സിൽ കാണുന്ന മധുരസ്വപ്നങ്ങൾ ഏതെങ്കിലും ഒരു ഘട്ടത്തിൽ കൈവെടിയാതെ നിവൃത്തിയില്ല. അമേരിക്കയിൽ രണ്ടരയാളുകൾക്കു് ഒരു കാറുവീതവും ജെർമ്മനിയിൽ അഞ്ചുപേർക്കു് ഒന്നു വീതവും ആകുന്നതു

Digitized by Kerala Sahitya Akademi

വരെ ഈ അഭിവൃദ്ധി നീട്ടിക്കൊണ്ടുപോകുവാൻ സാധിച്ചു. ഇന്ത്യയിൽ 500 പേർക്ക് ഒന്നുവീതം എന്നുപോലും ഉണ്ടാകുന്ന ലക്ഷണമില്ല.

ഏതു പ്രത്യയശാസ്ത്രത്തിന്റെ പരിപാടിയനുസരിച്ച് സാമൂഹികഘടനയെ ഉടച്ചുവാർക്കണം എന്നതായിരുന്നു അല്പകാലം മുമ്പുവരെ ഏതു രാജ്യത്തെയും ചിന്താവിഷയം. നന്മതിന്മകളെ ആസ്പദമാക്കിയുള്ള ഈ വിവാദം പുസ്തകപ്പുഴുക്കളുടെ തൊഴിലാണെന്ന് സാമാന്യജനങ്ങൾ ആക്ഷേപിക്കുകയും ചെയ്തിരുന്നു. ഇതിൽ എന്താണ് ഇത്ര വളരെ ആലോചിക്കാൻ? മീൻ വേണ്ടാത്ത പൂച്ചയുണ്ടോ? ഏതു മാതൃകയെങ്കിലും ആകട്ടെ, ഉയർന്നു പോകുന്ന അഭിവൃദ്ധിയാണ് ഞങ്ങൾക്കു വേണ്ടത്. അതു നല്ലതാണെന്ന കാര്യത്തിൽ ഞങ്ങൾക്കു സംശയമില്ല. പൊതു ഉടമയിൽ വേണോ, സ്വകാര്യ ഉടമയിൽ വേണോ എന്ന സാങ്കേതികവിവാദം ഇതുമായി കൂട്ടിക്കുഴയ്ക്കരുത്. അഭിവൃദ്ധി, അഭിവൃദ്ധി, അഭിവൃദ്ധി അതായിരിക്കട്ടെ ഏതു രാജ്യത്തിന്റെയും മുദ്രാവാക്യം ! പക്ഷേ, ഇന്നിപ്പോൾ ശാസ്ത്രജ്ഞന്മാർക്കും വ്യവസായ വിദഗ്ധന്മാർക്കും സർവസ്വാതന്ത്ര്യം കൊടുത്താലും ലോകത്തെ മുഴുവനും ഒരേ തോതിൽ അഭിവൃദ്ധിപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്ന് വ്യക്തമായിരിക്കുന്നു. ഈ ചെറിയ ഭൂഗോളത്തിൽ അതിന്നുവേണ്ട വിഭവങ്ങളില്ല. മനുഷ്യൻ ഈച്ചകളെപ്പോലെ പെരുകുകയും ചെയ്യുന്നു. വൈദ്യശാസ്ത്രം മിടുക്കു കാണിച്ച് മരണത്തെ നിയന്ത്രിച്ചു. ജനനത്തെ നിയന്ത്രിക്കുന്നത് എങ്ങനെയെന്ന് ആലോചിക്കുന്നതേയുള്ളൂ. സ്ത്രീകളെക്കൊണ്ടു് ഗുളിക തീററിച്ച് ഇതു സാധിക്കാമെന്നാണ് വിദഗ്ദ്ധന്മാർ പ്രത്യാശിക്കുന്നത്. പക്ഷേ അതിനിടയ്ക്ക് കലയുടെയും വിനോദത്തിന്റെയും പേരിൽ കാമദേവനെ ഭൂമുഖത്തു് അഴിച്ചുവി

Digitized by Kerala Sahitya Akademi

ട്ടിരിക്കുന്നു. ജനനത്തെ നിയന്ത്രിക്കണമെന്നും പറയുന്നു. എന്തുചെയ്യും! ഭ്രൂണഹത്യയേ മാർഗ്ഗമുള്ളൂ. അല്ലെങ്കിൽ സാക്ഷാൽ പരമശിവൻ പ്രത്യക്ഷപ്പെട്ട് ഫാലനേത്രം തുറക്കണം. കാമദേവൻ ഭസ്മമാകണം. ഈ ചുററുപാടുകളിൽ നിരാശ നീറിപ്പിടിക്കുകയാണ്. അത് അതിഘോരമായ അക്ഷമയും ജനിപ്പിക്കുന്നു. അററകൈയായി, ദാരിദ്ര്യമേ ഗതിയുള്ളൂ എങ്കിൽ അത് സമമായി വീതിക്കണമെന്നും ജനങ്ങൾ വാദിക്കാതിരിക്കുകയില്ല.

ഭൂമിയെ സ്വർഗ്ഗമാക്കുവാൻ പുറപ്പെട്ട സയൻസും ടെക്നോളജിയും ദയനീയമായി പരാജയപ്പെടുന്ന ലക്ഷണങ്ങളാണ് കാണുന്നത്. അടുത്തകാലത്തു വിദേശപത്രങ്ങളിൽ വന്ന ചില റിപ്പോർട്ടുകൾ കണ്ടപ്പോൾ മററാരെക്കാളും മുമ്പേ ഈ സത്യം മനസ്സിലാക്കിയത് മാവോസേതുങ്ങാണോ എന്ന് സംശയംതോന്നി. അദ്ദേഹത്തിൻെറ ഭരണകൂടം, തോക്കിൻെറ കുഴലിനകത്താണ് അധികാരം സ്ഥിതി ചെയ്യുന്നത് എന്നു പ്രഖ്യാപിച്ചുകൊണ്ട് ആററം ബോംബും ഹൈഡ്രജൻ ബോംബും നിർമ്മിക്കുകയും അതിമഹത്തായ സൈനികശക്തി സംഭരിക്കുകയും ചെയ്യെങ്കിലും, ജനങ്ങളുടെ പ്രപഞ്ചവീക്ഷണത്തിലും ജീവിതാദർശങ്ങളിലും സമൂലമായ പരിവർത്തനം വരുത്തുവാനാണ് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നു പറയുന്നു. കമ്മ്യൂണിസ്റ്റ്‌വ്യവസ്ഥിതിയെപ്പററി ഒരു നല്ല വാക്കു പറയാത്ത അമേരിക്കൻ ലേഖകന്മാർ ചൈനയെപ്പററി ഈയിടെ എഴുതുന്ന വിവരണങ്ങൾ വായിച്ചാൽ യക്ഷികഥകളാണെന്നു തോന്നും. ചീനജനത ആശാപാശത്തിൽനിന്നു മുക്തി നേടിയിരിക്കുന്നു. അർത്ഥലോഭവും സ്വാർത്ഥപൂർത്തിയും ജീവിതലക്ഷ്യങ്ങളായി അവർ കരുതുന്നില്ല, പിഞ്ചുപൈതങ്ങളെക്കൊണ്ടുപോലും നാമം ജപിക്കുന്നതുപോലെ

Digitized by Kerala Sahitya Akademi

മാവോസൂക്തങ്ങൾ ഉരുവിട്ടുവിക്കുന്നതിന്റെ രഹസ്യം ഇതാണത്രേ. അതു് അപരിഗ്രഹത്തെവളർത്തുന്നു. രാഷ്ട്രത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ ഉത്തേജനം നൽകുന്നു. കുരുടനു് കാഴ്ച നൽകുന്നു. ബധിരനു് ശബ്ദഗ്രഹണശക്തി കൊടുക്കുന്നു. യന്ത്രങ്ങളുടെ സഹായമില്ലാതെ വെറും കൈകൾ കൊണ്ടു് ഭീമാകാരങ്ങളായ അണക്കെട്ടുകൾ നിർമ്മിക്കുവാൻ ജനങ്ങളെ സഹായിക്കുന്നു. യുക്തിവാദികളും ശാസ്ത്രത്തിന്റെ ആരാധകന്മാരും ചിരിക്കുമെങ്കിലും നാമജപം അത്യത്ഭുതകരമായ രീതിയിൽ ഫലിച്ചിരിക്കുന്നു.

ചൈനയിൽ ഇന്നു് പട്ടിണിയും ദാരിദ്ര്യവും പഴങ്കഥകൾ മാത്രമാണെന്നു പറയുന്നു. ജനങ്ങളുടെ മുഖത്തു് സംതൃപ്തി കളിയാടുന്നു, തുടുതുടുത്ത കവിൾത്തടങ്ങളും മിന്നിത്തിളങ്ങുന്ന കണ്ണുകളും ഉള്ള കുട്ടികളെ മാത്രമേ കാണാനുള്ളു. അവർ ''മാവോസൂക്തങ്ങൾ'' പിടിച്ചുകൊണ്ടാണു് പിച്ചവെയ്ക്കുന്നതു്. എവിടെയും അച്ചടക്കമുണ്ടു്. കൈക്കൂലിയും അഴിമതിയും തീരെ അപ്രത്യക്ഷമായിരിക്കുന്നു. നഗരങ്ങളിൽ ഒരു ബഹളവുമില്ല. അങ്ങേയററത്തെ ശുചിത്വവും പാലിക്കപ്പെടുന്നു. കച്ചവടക്കാർ കടകൾ പൂട്ടാറില്ല, എല്ലാം തുറന്നിട്ടിട്ടാണു് രാത്രിയിൽ ഉറങ്ങാൻ പോകുന്നതു. ഫാക്ടറിത്തൊഴിലാളികൾ കാര്യക്ഷമതയ്ക്കു അധികവേതനം കൊടുത്താൽ വേണ്ടെന്നു പറയുന്നു. സേനാനായകന്മാർ ശമ്പളം സ്വമേധയാ വെട്ടിക്കുറയ്ക്കുന്നു. (ഒരു ജെനറലിനു 1125 രൂപയാണു് മുമ്പു ലഭിച്ചിരുന്നതു്!) ചൈനക്കാർക്കും ഒരു കാശുപോലും കൊടുക്കാനില്ല. അവിടുത്തെ നാണയവ്യവസ്ഥ അത്യന്തം ഉറപ്പുള്ളതായിത്തീർന്നിരിക്കുന്നു. സ്ത്രീയും പുരുഷനും ഒരേജാതി വസ്ത്രങ്ങളാണു ധരിക്കുന്നതു്. വസ്ത്രധാരണത്തിന്റെ ഉദ്ദേശം കാമോദ്ദീപനമാണെന്ന സങ്കല്പമേയില്ല. അവിവാഹിതരുടെ പ്രണയചേ

Digitized by Kerala Sahitya Akademi

ഷ്ടകാം കർശനമായി നിരുത്സാഹപ്പെടുത്തിയിരിക്കുന്നു.

ഇതു സത്യമാണോ എന്നു എനിക്കു നിശ്ചയമില്ല. സത്യമാണെങ്കിൽ ഇതിനേക്കാം ശ്രദ്ധേയമായ ഒരു സംഭവം ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. മാവോ, മഹീപാലൻ മാത്രമല്ല മഹാത്മാവുമാണെന്നു പറയേണ്ടിയിരിക്കുന്നു. അന്യരാജ്യക്കാർ ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും ആകർഷണവലയത്തിൽ അകപ്പെട്ട് അവയെക്കൊണ്ട് ഉത്സവം നടത്തുന്ന ഈ ഇരുപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, പ്രകൃതിയെ കീഴടക്കി അനന്തമായ പുരോഗതി എന്ന മരീചികയെ അനുധാവനം ചെയ്യാനല്ല മനുഷ്യപ്രകൃതിയെ പരിവർത്തനം ചെയ്ത എഴപതോ എൺപതോ കോടിയുള്ള തന്റെ രാജ്യത്തെ ജനങ്ങാംക്ക് സംതൃപ്തിയും മനഃശാന്തിയും നൽകുവാനാണ് അദ്ദേഹം ശ്രമിച്ചതെന്നു കാണുന്നു. ഈ യത്നം മാർക്സിസമോ, കമ്യൂണിസമോ സോഷ്യലിസമോ എന്നു പറയുന്നതിനേക്കാം അദ്ധ്യാത്മികമാണെന്നാണ് നിർവചിക്കുവാൻ തോന്നുന്നത്. ചൈനയിലെ നേതാക്കന്മാരിൽ ഭൂരിപക്ഷത്തിനും സ്വന്തം ഭാഷയല്ലാതെ മറെറാന്നും വശമില്ലാത്തതുകൊണ്ട കമ്മ്യൂണിസ്റ്റ് ആശയങ്ങാംക്ക് ആ രാജ്യത്തു സാരമായ വ്യത്യാസങ്ങാം വന്നു കൂടുവാൻ സാദ്ധ്യതയുണ്ടെന്നു ജവാഹർലാൽ നെഹ്റു 1957—ൽ പ്രവചിക്കുകയുണ്ടായി. ''എന്റെ ഭാഷയുടെ അതിർത്തികാം എന്റെ പ്രപഞ്ചത്തിന്റെയും അതിർത്തികളാകുന്നു'' എന്നാണല്ലോ മഹാചിന്തകനായ വിററ്ഗെൻസ്റ്റൈൻ പറഞ്ഞത്. ഏതായാലും മാർക്സും ലെനിനും സ്വപ്നത്തിൽപോലും സങ്കല്പിക്കാത്ത പരിവർത്തനമാണ് ചൈനയിൽ വന്നിരിക്കുന്നതെന്നു പറയാതെതരമില്ല. മാവോ കവിതയെഴുതുമെന്നു കേട്ടിട്ടുണ്ട്. നല്ല കവിതകളാണെ

Digitized by Kerala Sahitya Akademi

ന്നും പറയുന്നു. പക്ഷേ, നാം കേൾക്കുന്ന റിപ്പോർട്ടുകൾ ശരിയാണെങ്കിൽ കവികൾക്കെന്നല്ല, ഋഷികൾക്കുപോലും കഴിയാത്ത മഹാകാര്യമാണ് അദ്ദേഹം സാധിച്ചിരിക്കുന്നതു്. ലോകത്തിലേക്കുവെച്ച് ഏറ്റവും വലിയ ജനസമൂഹത്തെ തൻെറ നാമം ജപിപ്പിച്ച് ആശാപാശമെന്ന ഭവരോഗപീഡയിൽനിന്നു് മുക്തമാക്കിയതു് മഹാകാര്യമല്ലേ? ഇതു ശാസ്ത്രയുഗം ആയിരിക്കാം. എന്നാലും അത്ഭുതങ്ങളുടെ കാലം കഴിഞ്ഞിട്ടില്ല; തീർച്ചയായും ഇല്ല.

Digitized by Kerala Sahitya Akademi

# വ്യാസൻെറ സന്ദേശം

വേദവ്യാസപ്രണീതമായ മഹാഭാരതം സത്യത്തിൽ നടന്ന ചരിത്രമാണോ എന്ന് സംശയിക്കുന്നവരുണ്ട്. നടന്നതായാലെന്ത്, അല്ലെങ്കിലെന്ത്? അത് ജീവിതമാണെന്നുള്ളത് തീർച്ചയാണ്. അതിൽക്കൂടുതലായ എന്തൊരു അനുഭൂതിയും അടിയുറപ്പുമാണ് ഭാരതീയരായ നമുക്ക് വേണ്ടത്? ഒരു പക്ഷേ ജീവിതമെന്നല്ല ജീവിതസത്യമെന്നാണ് പറയേണ്ടത്. എന്തെന്നാൽ ജീവിതം സ്വപ്നമാണ്. ഈ സ്വപ്നപരമ്പരയുടെ അടിസ്ഥാനമായ സത്യത്തെക്കുറിച്ചുള്ള അനുഭൂതിയാണ് ഈ ഇതിഹാസം നമ്മുടെ ഉള്ളിൽ ജനിപ്പിക്കുന്നത്. ഇത് ശിലാശാസനങ്ങളോ സ്മാരകസ്തംഭങ്ങളോപോലെയുള്ള ഭൗതികവസ്തുവല്ലെങ്കിലും അവയെക്കാരം ചിരസ്ഥായിയാണെന്നുള്ളത് നിസ്തർക്കമാണ്. മഹാഭാരതത്തിൻെറ ചരിത്രസത്യത്തെപ്പററിയും, നിർമ്മാണകാലത്തെപ്പററിയും, കർത്തൃത്വത്തെപ്പററിപ്പോലും പാശ്ചാത്യരും അവരെ അനുകരിച്ച് പൗരസ്ത്യരും ആയ എത്രയോ പണ്ഡിതന്മാർ ദീർഘദീർഘമായ ഗ്രന്ഥങ്ങരംതന്നെ എഴുതിയിട്ടുണ്ട്. അവയിൽ ചിലതൊക്കെ ഞാനും വായിച്ചിട്ടുണ്ട് പക്ഷേ ആ ഗ്രന്ഥകാരന്മാരുടെ പേരാകട്ടെ, അവർ ഗവേഷണം ചെയ്തു കണ്ടെ

Digitized by Kerala Sahitya Akademi

ത്തിയ നിഗമനങ്ങളാകട്ടെ ഓർമ്മിക്കുവാൻ കഴിയുന്നില്ല. തീയതി വച്ച്, മേൽവിലാസം കൊടുത്ത്, പകർപ്പവകാശവും സ്ഥാപിച്ച് പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത ഗ്രന്ഥങ്ങൾ—ചരിത്രത്തിന്റെ ദൃഷ്ടിയിൽ അനിഷേധ്യമായ പരമാർത്ഥവസ്തുക്കൾ—ഏതോ ലൈബ്രറികളിൽ ഭദ്രമായി പൂട്ടിവച്ചിട്ടുണ്ട്. നൂറുകൊല്ലം കഴിയുമ്പോൾ അവ ഭൗതികവസ്തുക്കൾ എന്ന രൂപത്തിൽത്തന്നെ ഇല്ലാതാകും. പക്ഷേ അന്നും ഈ പുണ്യഭൂമിയിൽ നിന്നു് മഹാഭാരതത്തിന്റെ സ്മരണ മായുകയില്ല.

അന്നത്തെ കഥ പോകട്ടെ. ഇന്നുപോലും, വെറും കെട്ടുകഥതന്നെ ആയേക്കാവുന്ന പഞ്ചപാണ്ഡവന്മാരുടെ ഇതിവൃത്തമോ, ഇന്നലെക്കഴിഞ്ഞ ചരിത്രവസ്തുതയായ 'പഞ്ചശീല' രാഷ്ട്രീയമോ ഏതാണ് നമ്മുടെ മനസ്സിൽ സത്യബോധത്തിന്റെ മിഴിവോടെ നിൽക്കുന്നതെന്നു് ആലോചിച്ചുനോക്കുക. കർണ്ണൻ ഒരു കല്പിതപാത്രമായിരിക്കാം. എന്നാൽ കഴ്സൻ ഇന്ത്യയുടെ വൈസ്രോയി ആയിരുന്നു. വലിയ വലിയ സ്മാരകങ്ങളും പണികഴിപ്പിച്ചു. പക്ഷേ ഇവരിൽ ആരെക്കുറിച്ചുള്ള സ്മരണയ്ക്കാണ് ജീവനുള്ളതു്?

കുന്നും പുഴകളും പാരിൽ
നിൽക്കുന്നോളം ജനാർദ്ദന !
കീർത്തികൊണ്ടുള്ളോരാപ്പേരു്
നിത്യമായ് നിലനിന്നിടും.
ബ്രാഹ്മണന്മാർ കഥിച്ചീടും
മഹാഭാരതമാം രണം
എതിർപ്പോർകളിൽ വാർഷ്ണേയ!
ക്ഷത്രിയർക്കു യശോധനം.

എന്നു് ഉദ്യോഗപർവത്തിൽ കർണ്ണൻ ശ്രീകൃഷ്ണനോടു

Digitized by Kerala Sahitya Akademi

പറയുന്ന വാക്കുകൾ സത്യമായിത്തന്നെയാണ് കലാശിച്ചിരിക്കുന്നത്.

ഇതാലോചിച്ചാൽ, മായാമയമായ ഈ ജീവിതത്തിന്റെ ചരിത്രം കഥയില്ലായ്മയാണെന്നും, മനുഷ്യനെ വ്യാമോഹിപ്പിക്കുന്ന ഭൂതതത്ത്വാവേശം മിഥ്യയാണെന്നും കാണാവുന്നതാണ്. അതിൽ ഉണ്ടാകുന്ന ദുഃഖങ്ങൾക്കും, ദ്വേഷങ്ങൾക്കും, ഭ്രാന്തികൾക്കും, ഭോഗങ്ങൾക്കും സാക്ഷിയായിനിന്നുകൊണ്ട് അവയെ സംവേദനം ചെയ്യുന്ന ചൈതന്യം മാത്രമാണ് സത്യം. അതു കാണുവാനോ കടന്നുപിടിക്കുവാനോ കഴിയാത്തതാണെങ്കിലും മററു സകലതിനേക്കാളും ശാശ്വതമാണ്. എന്തെന്നാൽ അതു് കാലത്തിൽ, കർമ്മഗതിയിൽ, ആരൂഢമായിരിക്കുന്നു. പ്രതീതിസാരമായ, അനുഭൂതിമാത്രമായ, ജീവിതത്തിൻെറ സാരസർവസ്വമായ ഈ ചൈതന്യത്തെ സമഗ്രഭാവത്തിൽ പകർന്നുതരുന്നതുകൊണ്ടാണ് മഹാഭാരതം ഏതു ചരിത്രത്തെക്കാളും നാം കൈകാര്യം ചെയ്യുന്ന ദൈനംദിന ജീവിതത്തെക്കാളും, മിഴിവുററു നിൽക്കുന്നതു്. അതിൻെറ അന്തർധാരകളെപ്പററി അല്പമായ ഉൾക്കാഴ്ചയെങ്കിലും ലഭിക്കുന്നവന് സംശയമോ സന്ദേഹമോ ശേഷിക്കുകയില്ല; "ഇതല്ലേ പ്രപഞ്ചരഹസ്യം! ഇതല്ലേ ജീവിതതത്ത്വം! ഇതല്ലേ ശാശ്വതസത്യം!" എന്നു് ആവർത്തിച്ചാവർത്തിച്ച് ഉൽഘോഷിക്കുകയും ചെയ്യും.

പരോപകാരമേ പുണ്യം
പാപമേ പരപീഡനം

എന്നു് രണ്ടു കാര്യങ്ങളേ വ്യാസൻ പറഞ്ഞിട്ടുള്ളു എന്നു് പഴയ ഒരു ചൊല്ലുണ്ട്. ഇതേപ്പററി ഒഴുക്കൻമട്ടിൽ ചിന്തിച്ചാൽ മഹർഷി സ്തൗട്ടപ്രസ്ഥാനം നടത്തിയ ആളായിരുന്നുവോ എന്നു് സംശയിച്ചുപോകും ! ആധുനിക

Digitized by Kerala Sahitya Akademi

കാലത്തു് പുണ്യപാപങ്ങളെയും 'പര'തത്വത്തെയും കുറിച്ചുള്ള സങ്കൽപ്പങ്ങരം അത്രയ്ക്കു് സങ്കുചിതങ്ങളായി തീർന്നിട്ടുണ്ടു്. പക്ഷെ ഇതു് ഉപദേശിക്കുവാൻവേണ്ടി പതിനെട്ടു പുരാണങ്ങരം എഴുതേണ്ട ആവശ്യമില്ല. കോപ്പിപ്പുസ്തകങ്ങരം നിർമ്മിച്ചാൽ മതി. താനും "പര"നും ഒരേ ഒരു ഉണ്മയാണെന്ന ഉരംക്കാഴ്ചയാണു് ഈ ഉപദേശത്തിൻെറ മർമ്മം. ഈ ഉണ്മയ്ക്കു് എന്തു പേരുവേണമെങ്കിലും കൊടുക്കാം. അവനവൻെറ ഇഷ്ടമനുസരിച്ചു് അതിനെ ഏതു രൂപത്തിൽ വേണമെങ്കിലും നിർവചിക്കാം. അതല്ല പ്രധാനം. നമ്മുടെ നാമരൂപങ്ങരം അതിനെ നമ്മുടെ നിലയിലേക്കു് തരം താഴ്ത്തുകയേയുള്ളു. അതു് അന്തർദൃഷ്ടിക്കു് ഗോചരമാകേണ്ടതാണു്. അനുഭൂതിയിൽ അറിയേണ്ടതാണു്. അതാണു് പരമമായ, പരാൽപരമായ, സത്യം.

"യോഗിഹൃദ് ധ്യാനഗമ്യ"മായ ഈ തത്വത്തിൻെറ അവധാരണം ലൗകികജീവിതത്തിൽ കൈവരുവാൻ വളരെ പ്രയാസമാണു്. ഒരു കുടുംബകലഹത്തെയും അതിൽനിന്നുണ്ടായ യുദ്ധത്തെയും യുദ്ധത്തിൻെറ പരിണാമത്തെയും വർണ്ണിച്ചു്, മനുഷ്യസ്തോഭങ്ങളുടെ ഒരു മഹാപ്രപഞ്ചം തന്നെ സൃഷ്ടിച്ചു്, മന്ദബുദ്ധികരംക്കുപോലും ഈ ഉപദർശനം കൈവരുത്തുവാനാണു് വ്യാസൻ ശ്രമിക്കുന്നതു്. ലോകത്തിൽ ഇന്നുവരെ ഒരു കവിക്കും സാധിച്ചിട്ടില്ലാത്ത രീതിയിൽ ആ മഹാപുരുഷൻ അതിൽ വിജയിക്കുകയും ചെയ്യുന്നു. "ദാന്തെയും ഷേക്സ്പിയറും കൂടി വിശ്വം പങ്കിട്ടെടുത്തിരിക്കുന്നു. അവർക്കു സമനായി മൂന്നാമതൊരാളില്ല." എന്നു് കാവ്യകലയിലെ അത്യാധുനിക പ്രസ്ഥാനത്തിൻെറ ആചാര്യനായ ടി. എസ്. എലിയട്ടു് പറയുകയുണ്ടായി. തൻെറ കൃതികളിൽ സംസ്കൃതശ്ലോകങ്ങളും വേദവും ഉപനിഷത്തും ഉദ്ധരിക്കുന്ന ഈ പാശ്ചാത്യൻ വ്യാസ

Digitized by Kerala Sahitya Akademi

നെപ്പററി കേട്ടിട്ടപോലുമില്ലെന്നു വിശ്വസിക്കാൻ സാധിക്കുന്നില്ല. മനുഷ്യരാശിയിൽ ഏഴിലൊരംശം വരുന്ന ഭാരതീയരുടെ അനുഭൂതിപ്രപഞ്ചം അദ്ദേഹം അറിഞ്ഞിട്ടില്ലെന്നുള്ളതു് സ്പഷ്ടമാണ്. ഇത്ര വലിയ ഒരു ജനസമുദായത്തിന് സഹസ്രാബ്ദങ്ങളായി ഹൃത്പ്രദ്യോതനം നൽകി, സനാതനമായ അദ്ധ്യാത്മദർശനത്തെ സാർവജനീനമായ ഒരു ജീവിതരീതിയായി വളർത്തിയെടുത്ത മഹാത്മാവിനെ കവിയെന്നോ മഹാകവിയെന്നോ കരുതി സാഹിത്യകൃതികളിൽ വാഴ്ത്തുകയല്ല ഭാരതീയർ ചെയ്യുന്നതു്; ദേവാംശസംഭവനും ചിരംജീവിയുമായി പൂജിക്കുകയാണു്. അദ്ദേഹത്തിന്റെ വാങ്മയത്തെ കലയോ കവിതയോ ആയി ആസ്വദിക്കുകയുമല്ല. അവർക്കതു് പുരുഷാർത്ഥങ്ങൾ സാധിക്കുന്നതിനുള്ള പരമമായ പ്രമാണമാണ്. പ്രപഞ്ചയാത്രയ്ക്കുള്ള മാർഗ്ഗദീപമാണ്. സാഹിത്യ പാരാവാരത്തിന്റെ മറുകര കണ്ട ക്ഷേമേന്ദ്രൻ വ്യാസന്റെ സ്മരണയ്ക്കുമുമ്പിൽ പ്രണമിക്കുന്നതു നോക്കുക: -

നമോജ്ഞാനാ നല ശിഖാ
പുഞ്ജപിംഗ ജടാഭൃതേ
കൃഷ്ണായകൃഷ്ണ മഹസേ
കൃഷ്ണദ്വൈപായനായ ച
നമ സ്തേജോമയശ്മശ്രു
പ്രഭാശബളിതത്വിഷേ
വക്ത്ര വാഗീശ്വരീപത്മ
രാജസേവോദിത ശ്രിയേ
നമസ്സന്ധ്യാ സമാധാന
നിഷ്പീത രവിതേജസേ
ത്രൈലോക്യതിമിരോ ച്ഛേദ
ദീപ പ്രതിമചക്ഷുഷേ

Digitized by Kerala Sahitya Akademi

നമസ്സഹസ്രശാഖായ
ധർമ്മോപവന ശാഖിനേ
ധർമ്മ പ്രതിഷ്ഠാ പുഷ്പായ
നിർവാണ ഫല ശാലിനേ

നമഃകൃഷ്ണാജിനച്ഛദ്മേ
ബോധനന്ദന വാസിനേ
വ്യാപ്തായേവാളിജാലേന
പുണ്യസൗരഭലേപ്സയാ

നമഃശശികലാകര
ബ്രഹ്മസൂത്രാംശു ശോഭിനേ
ശ്രിതായ ഹംസ കാന്ത്യേവ
സമ്പർക്കാർക്കമെലൗകസഃ

നമോ വിദ്യാനദീപൂർണ്ണ
ശാസ്ത്രാബ്ധി സകലേന്ദവേ
പീയൂഷരസസാരായ
കവിവ്യാപാരവേധസേ

നമഃസത്യനിവാസായ
സ്വവികാസ വിലാസിനേ
വ്യാസായ ധാമ്നേ തപസാം
സംസാരായാസഹാരിണേ.

(ഭാരതമഞ്ജരി)

ഇന്ദ്രിയഗോചരമായ പ്രപഞ്ചത്തെക്കാരം വിസ്തൃതവും യുഗയുഗാന്തരങ്ങളെ അതിവർത്തിച്ച് നിത്യതയുടെ പരിവേഷം പൂണ്ടുനിൽക്കുന്നതുമായ മഹാഭാരതത്തിൽ സന്ദേശങ്ങളും നീതിസാരങ്ങളും ധാർമ്മികമൂല്യങ്ങളും വേണ്ടുവോളമുണ്ട്. അവയിൽനിന്നു തനിക്ക് ഹിതവും പ്രിയവും ആയവയെ ഓരോ മനുഷ്യനും സ്വീകരിക്കുകയും ചെയ്യാം. എന്നാൽ അവയെക്കാളൊക്കെ ശ്രേഷ്ഠവും പ്രധാന

Digitized by Kerala Sahitya Akademi

വുമാണ് ഈ ഇതിഹാസം. അതിൻെറ പൂർണ്ണഭാവത്തിൽ, സ്തോഭം കൊണ്ടുള്ള പ്രളയകേളിയിൽ, നമുക്കു നൽകുന്ന ഹൃദയാനുഭൂതി. ഒരു പക്ഷേ, സാഹിത്യത്തേക്കാൾ സംഗീതത്തിൻെറ സാങ്കേതികരീതിയെ അനുകരിച്ചാണ് അതു് പ്രസ്തുതഫലം ഉളവാക്കുന്നതെന്നുകൂടി പറയാവുന്നതാണ്. സ്വപ്നസന്നിഭവും നിരർത്ഥകവുമായ ഈ ജീവിതത്തിൻെറ പ്രസക്തിയെന്തെന്നു മനസ്സിലാക്കുവാൻ അതിനോളം നല്ല മാർഗ്ഗമില്ല. വേദവും വേദാന്തവും യോഗവും ധ്യാനവും തത്ത്വശാസ്ത്രവും നിദിദ്ധ്യാസവും അദ്ധ്യാത്മചിന്തയും ഗവേഷണവും എല്ലാം ഫലപ്രദങ്ങൾ തന്നെ. എന്നാലും, എന്തെല്ലാമുണ്ടെങ്കിലും ഈ പ്രശ്നത്തിനു് അവസാനം സ്വാനുഭൂതിമാത്രമാണല്ലോ പ്രമാണം. വഴിയിൽ കിടക്കുന്ന കയറുകണ്ടാൽ പാമ്പാണെന്നു തെററിദ്ധരിക്കുവാൻ ഇടയുണ്ടു് എന്ന വസ്തുത ഹൃദിസ്ഥമാക്കിക്കൊണ്ടു നടക്കുന്നവനും ആ പ്രതിഭാസം നേരിൽ കണ്ടു ഞെട്ടുകയും, സത്യബോധം ഉണ്ടാകുമ്പോൾ സമാശ്വസിച്ച് സന്തോഷം അനുഭവിക്കുകയും ചെയ്യാറുണ്ടു്. അനുഭവിച്ചുതന്നെ അറിയണം എന്നു പറയുന്നതിൻെറ രഹസ്യം ഇതാണ്.

മനുഷ്യരാശിയുടെ അനുഭൂതിയിൽ ഈ സത്യബോധത്തെ ഉറപ്പിക്കുകയാണ് വ്യാസഭഗവാൻെറ ലക്ഷ്യം. വ്യക്തിയുടെയും സമഷ്ടിയുടെയും പ്രാരബ്ധജടിലമായ ഇഹലോകജീവിതത്തിനു് എന്താണ് ഇതുകൊണ്ടുള്ള പ്രയോജനമെന്നുകൂടി ആലോചിക്കേണ്ടതാണ്. സമസ്ത ചരാചരങ്ങളിലും ഒരേ ഒരു ചൈതന്യമാണ് കുടികൊള്ളുന്നതെന്നും, അതു് അനശ്വരമാണെന്നും, ബാഹ്യമായിക്കാണുന്ന വ്യതിരേകഭാവങ്ങൾ അയഥാർത്ഥങ്ങളാണെന്നും ബോദ്ധ്യമായാൽ ഈ ലോകത്തിൽ സുഖവും ശാന്തിയും കളിയാടും. വിദ്വേഷം നശിക്കും. സ്നേഹം പ്രസരിക്കും. ദൈ

Digitized by Kerala Sahitya Akademi

നംദിനജീവിതത്തിലെ ദുഃഖങ്ങൾക്കപോലും മാധുര്യം കൈവരും. പരപീഡനം ആത്മപീഡനം പോലെ ദുസ്സ ഹമാകം. ഹിംസയ്ക്കുള്ള പ്രേരണ അസ്തമിക്കും. സർവഭൂത ഹിതേരതമായ ഈ പരമോൽകൃഷ്ടജീവിതത്തിൻെറ ലോ കോത്തരമായ സൗന്ദര്യമാണ് ശാകുന്തളം നാലാമങ്ക ത്തിൽ,മകളെ യാത്രയയയ്ക്കുന്ന കണ്വൻെറ വാക്കുകളിലൂടെ വരകവിയായ കാളിദാസൻ വരച്ചുകാണിക്കുന്നത്. ത പോവന തരുക്കൾപോലും ആ രംഗത്തിൽ ആത്മാവിൻെറ ദീപ്തിയിൽ തിളങ്ങുന്നു, ശകുന്തളയെപ്പോലെതന്നെ അവ യും വേദന അനുഭവിക്കുന്നു. ചിന്താസംസ്കാരം കൊണ്ടു മാത്രം സംലബ്ധമാകുന്ന ഈ സംവേദനശക്തിയുടെ അ ഭാവമാണ് ലോകത്തെ അടിക്കടി ദുരിതത്തിൽ ആഴ്ത്തു ന്നത്. ഈ വൈകല്യം മുൻപ് എന്നത്തെക്കാളും അധിക മായി ഇന്നു് മനുഷ്യരാശിയെ വിഷമിപ്പിക്കുകയാണ്. ആഗോളവ്യാപകമായ തോതിൽ ഹിംസയുടെ തേർവാഴ്ച നടക്കുന്നു. ഔദാര്യവും മഹാമനസ്കതയും സഹിഷ്ണുതപോ ലും ഇല്ലാതായിരിക്കുന്നു. ഭൗതികവാദവും ഭോഗാസക്തി യും സ്വാർത്ഥലോഭവും മാന്യമായിത്തീർന്നിരിക്കുന്നു. ആ ത്മാവിൻെറ അസ്തിത്വത്തെ നിരാകരിച്ച ലോകത്തിനു് അന്യൻെറ വേദനയെപ്പററി ബോധമില്ലാത്തതിൽ അതി ശയിക്കാനില്ല. താൻമാത്രം, തൻെറ ശരീരം മാത്രം, അതി ൻെറ ദൃഷ്ടിയിൽ സത്തായുക്തമായി നിലകൊള്ളുന്നു. ബാ ക്കിയെല്ലാം, മനുഷ്യരായാലും, മൃഗങ്ങളായാലും, ഭൗതിക വസ്തുക്കളായാലും തൻെറ ആവശ്യങ്ങൾ സാധിക്കുവാനുള്ള ഉപകരണങ്ങളാണ്. അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതു് അത്ര വളരെ അകം കനിഞ്ഞു് ആ ലോചിക്കാനില്ല.

ഈ നൂററാണ്ടിൻെറ അവസാനത്തിൽ, ഭൂമിയിൽ മനു

Digitized by Kerala Sahitya Akademi

ഷ്യരുടെ എണ്ണം ഇന്നുള്ളതിൻെറ ഇരട്ടിയാകുമ്പോഠം ഈ ദുരിതങ്ങഠം ശതഗുണീഭവിക്കുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഈ ചെറുഗോളത്തിലെ വിഭവങ്ങഠം അത്യന്തം പരിമിതങ്ങളാണ്. അവയെ കൂടുതൽ കൂടുതൽ കൈയടക്കുവാനും, കൈവശമുള്ളതു വിട്ടുകൊടുക്കാതിരിക്കുവാനുമുള്ള വ്യഗ്രതയിൽ മനുഷ്യസമൂഹങ്ങഠം എന്തെന്നില്ലാത്ത അസ്വസ്ഥതയും തമ്മിൽത്തമ്മിലുള്ള സംഘട്ടനങ്ങളും അനുഭവിക്കും. ഭയാനകമായ കലാപങ്ങളും മഹായുദ്ധങ്ങളും ഒഴിവാക്കാൻ, ഇന്നത്തെ മനോഭാവത്തിൽ, ഒരു വഴിയും കാണുന്നില്ല. മനുഷ്യൻെറ മനോഗതിക്കാണ്, പ്രപഞ്ചവീക്ഷണത്തിനാണ്, സമൂലമായ പരിവർത്തനം ഉണ്ടാകേണ്ടതു്. സയൻസും ടെക്നോളജിയും രാഷ്ട്രതന്ത്രവു അർത്ഥശാസ്ത്രവും അതു കൈവരുത്തുവാൻ അശക്തമാണെന്നു് തെളിഞ്ഞുകഴിഞ്ഞു. അവയ്ക്കു് ഭൗതികവസ്തുക്കളെ അളക്കുവാനും, തിരക്കുവാനും. മാററുവാനും മറിക്കുവാനും അടുക്കിവയ്ക്കുവാനും അന്യഥാകരിക്കുവാനും മാത്രമേ കഴിവുള്ളു. അപാരമായ ആ കഴിവിനെ അനുസ്യൂതമായി ഇത്രനാളും പ്രയോഗിച്ചതുകൊണ്ടു ലോകത്തിനു് ചിരന്തനമായ ഗുണമാണോ ദോഷമാണോ ഉണ്ടായതെന്നുതന്നെ ഇനിയും തീർച്ചയായിട്ടില്ല. ശുഭാപ്തിബോധത്തോടെ, ഗുണമേ ഉണ്ടാവുകയുള്ളു എന്നു വിശ്വസിക്കാം. എന്നാലും ആ ഗുണങ്ങഠം കൊണ്ടൊന്നും മതിയാവുകയില്ല എന്നാണു് വന്നിരിക്കുന്നതു്. ഇപ്പോഠംതന്നെ അവയുടെ അപര്യാപ്തതയെപ്പററി രൂക്ഷമായ അതൃപ്തിയുണ്ടു്. ഇതു് ദിവസംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ കൂടിക്കൂടി ഒടുവിൽ ആളിക്കത്തുകയും ചെയ്യും.

ലോകത്തിൻെറ ഈ വിപത്സന്ധിയിൽ വ്യാസൻെറ അദ്ധ്യാത്മസന്ദേശത്തിനു് പ്രത്യക്ഷമായ പ്രസക്തിയുണ്ടു

Digitized by Kerala Sahitya Akademi

ന്നു് ഞാൻ കരുതുന്നു. ലോഭമോഹങ്ങളിൽ നിന്നും, ക്രൂരഭാവങ്ങളിൽ നിന്നും, ഹിംസാസക്തിയിൽ നിന്നും മനുഷ്യചിത്തത്തെ പിൻതിരിപ്പിക്കുവാൻ അതല്ലാതെ മററൊരു മാർഗ്ഗവും ഇന്നുവരെ അറിയപ്പെട്ടിട്ടില്ല. ദുരിതാനുഭവങ്ങളിൽ നിന്നു് സ്വാഭാവികമായി ഉണ്ടാകുന്നവയാണെങ്കിലും ഈ പ്രവണതകളാണല്ലോ ലോകത്തിനു് ആപത്തായിത്തീർന്നിരിക്കുന്നതു്. ദുരിതാനുഭവങ്ങൾക്കു് അറുതികാണാത്തതുകൊണ്ടു് അവയുടെ അനിഷ്ടഫലങ്ങളെയെങ്കിലും നിയന്ത്രിക്കുന്നതു് ഒരു മഹാകാര്യമാണു്. പക്ഷേ ഈ നിരോധാർത്ഥത്തിൽ മാത്രമേ അതിനു് പ്രസക്തിയുള്ള എന്നു് ഞാൻ കരുതുന്നില്ല. ഏതു മഹാദുഃഖത്തിന്റെയും ആഘാതത്തെ ചെറുക്കുവാനുള്ള ആഭ്യന്തരശക്തി നല്കുവാനും. മനുഷ്യരാശിയുടെ അന്തരംഗത്തിൽ നന്മയും ധർമ്മബോധവും വളർത്തുവാനും മഹാഭാരത സന്ദേശത്തിനും ഭാരതീയസംസ്കാരത്തിനും കഴിയുമെന്നാണ് എന്റെ അടിയുറച്ച വിശ്വാസം. ഭൗതികവാദത്തിന്റെ ഉൽപതനകാലമാണെങ്കിലും അതിനിടയ്ക്കും ഈ വസ്തുതയുടെ അംഗീകാരം ലോകത്തിന്റെ പല ഭാഗങ്ങളിലും അല്പാല്പമായി കണ്ടുതുടങ്ങിയിട്ടുണ്ടു്. ഇതു് ദുർദശാഗ്രസ്തമായ ഭുവനഗോളത്തെ, നമ്മുടെ ജീവിതകാലത്തുതന്നെ, അനുഗ്രഹദായകമായ ആദ്ധ്യാത്മദീപ്തിയിൽ ആവരണം ചെയ്യുകയില്ലെന്നു ആർക്കു പറയാം?

Digitized by Kerala Sahitya Akademi

# ചിലന്തിവല

ഭൂമിയിൽ എവിടെയും കാണുന്ന ജീവിയാണ് ചിലന്തി. കരയിലും വെള്ളത്തിലും, കുററിച്ചെടികളിലും, വൻമരങ്ങളിലും, സമുദ്രത്തിലും, പർവതശിഖരങ്ങളിലും എല്ലാം അവ ജീവിക്കുന്നുണ്ട്. എവറെസ്റ്റ് പര്യടന സംഘങ്ങളും ഉത്തരദക്ഷിണ ധ്രുവങ്ങളിൽ നിരീക്ഷണം നടത്തിയ ശാസ്ത്രജ്ഞന്മാരും ആ പ്രദേശങ്ങളിൽനിന്ന് ചിലന്തികളെ ശേഖരിച്ചിട്ടുണ്ട്. ഭൂമിയിൽ ആകപ്പാടെ 30,000 ജാതി ചിലന്തികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഓരോ ജാതിയിലും എത്ര വ്യക്തികളുണ്ടെന്ന് ആരും കണക്കെടുത്തിട്ടില്ല. അത് സാധ്യമാണെന്നും തോന്നുന്നില്ല. ചിലന്തി മാംസഭുക്കാണ്. ജീവനുള്ള പ്രാണികളെയാണ് അത് പിടിച്ചു തിന്നുന്നത്. ഇതിനുവേണ്ടി ഓരോ ജാതി ചിലന്തിയും ഓരോ തരം വല കെട്ടുന്നു. ചിലവ വലനൂലുകൾ കൊണ്ടു പാർപ്പിടങ്ങളുണ്ടാക്കുന്നു. വല കെട്ടാത്ത ചിലന്തികളുമുണ്ട്.

ഉടലിൻെറ പിന്നിലെ അററത്ത് അടിവശത്തായി കാണുന്ന ചില അവയവങ്ങളിൽ നിന്നാണ് വലനൂലുകൾ ഉണ്ടാകുന്നത്. ഇവ ആകപ്പാടെ എട്ടെണ്ണം ഉണ്ടെങ്കിലും എല്ലാജാതി ചിലന്തികളിലും എട്ടും പൂർണ്ണമായി

Digitized by Kerala Sahitya Akademi

വളൻകാണാകയില്ല. കററിക്കാലുകറം പോലെ കാണപ്പെ ടുന്ന ഈ അവയവങ്ങളുടെ അററത്തു് ഉദരത്തിനകത്തുള്ള ചില ഗ്രന്ഥികളുടെ കഴലുകറം പുറത്തേക്ക തുറക്കുന്നു. കഴൽമുഖങ്ങറം അതിസൂക്ഷ്മങ്ങളായ അനേകം ശാഖക ളായി പിരിഞ്ഞു് ചെറിയ ചെറിയ രോമങ്ങളുടെ ഉള്ളി ലൂടെയാണു് വെളിയിലെത്തുന്നതു്. ചില ജാതി ചില ന്തികളിൽ ഇത്തരം അതിസൂക്ഷ്മങ്ങളായ 50,000 ഉപശാഖ കറം ഉണ്ടെന്നു കാണുന്നു. ഗ്രന്ഥികളിൽനിന്നു് ചുരന്നു വരുന്ന ദ്രാവകം രോമങ്ങളുടെ അററത്തുള്ള രന്ധ്രങ്ങറംവഴി പുറത്തുകടന്നു് കാററു തട്ടുമ്പോറം കട്ടിപിടിച്ചു് നൂലായി രൂപാന്തരപ്പെടുകയാണു് ചെയ്യുന്നതു്. ഇത്രമേൽ ഘനം കുറഞ്ഞ നാരുകറം പ്രകൃതിയിൽ വേറെയില്ല. അവ വാസ്ത വത്തിൽ ഒരുതരം പട്ടുനൂലാണ്. ഒരു മില്ലിമീററിൻെറ പത്തുലക്ഷത്തിൽ മൂന്നുഭാഗം ഘനമേ ഈ നാരുകറംക്കുള്ളു. പലപ്പോഴും മൂന്നും നാലും ഇഴകറം ഒരുമിച്ചു ചേർന്നാണു് അവ നീണ്ടുവരുന്നതു്. ചില നൂലുകളിൽ പ്രത്യേകം ഗ്രന്ഥികളിൽനിന്നു വരുന്ന പശയുള്ള ഒരു പദാർത്ഥവും പുരട്ടിയിരിക്കും. എത്രയോ നേത്തതാണെങ്കിലും ഈ നൂലു കറംക്കു് അതേവണ്ണമുള്ള ഉരുക്കുക്കമ്പികളെക്കാറം ബലമു ണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

ആകൃതിയിലും വലുപ്പത്തിലും ഉപയോഗത്തിലും ചിലന്തിവലകറം വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു. രണ്ടു് ചെടിക്കൊമ്പുകറംക്കിടയിൽ ബന്ധിച്ചതും ചക്രാ കൃതിയിൽ പരന്നിരിക്കുന്നതുമായ വലകളാണു് നാം കൂടു തലായി കാണാറുള്ളതു്. ഇത്തരം വലകറം നിർമ്മിക്കുന്ന തിൽ ചിലന്തി കാണിക്കുന്ന സാമർത്ഥ്യം അത്ഭുതകര മാണു്. ഒരു കേന്ദ്രത്തിൽ നിന്നു പുറപ്പെടുന്ന ആരക്കാലു കളും അവയെ ബന്ധിച്ചുകൊണ്ടു് വൃത്താകൃതിയിൽ തുട

Digitized by Kerala Sahitya Akademi

ച്ചയായി പോകുന്ന ഒരു നൂലുമാണ് ഇതിന്റെ ഭാഗങ്ങൾ. ചിലന്തി ഇതിന്റെ മദ്ധ്യഭാഗത്തു കാത്തിരിക്കുന്നു. പലപ്പോഴും അതിന്റെ കാലുകൾ വലനൂലുകൾക്ക സമാന്തരമായി വച്ചിരിക്കുന്നതുകൊണ്ട് ഇങ്ങനെ ഒരു ജീവി അതിന്റെ നടുവിൽ ഉണ്ടെന്നു തോന്നുകയില്ല. ഇത്തരം വലകൾ ചില ജാതികളിൽ അസാമാന്യമായ വലുപ്പം പ്രാപിക്കാറുണ്ട്. രണ്ടു വൻമരങ്ങളുടെ ഇടയ്ക്കു് എത്രയോ അടി വിസ്താരത്തിൽ വലിയ വല കെട്ടുന്ന ചിലന്തികളുണ്ട്. വലയിൽ എവിടെയെങ്കിലും ഒരു പ്രാണി വന്നു കുടുങ്ങിയാൽ ചിലന്തിക്ക് തൽക്ഷണം അക്കാര്യം മനസ്സിലാകും. അതു് ആ സ്ഥലത്തേക്ക് ഓടിയെത്തി തുരുതുരാ നൂലു സ്രവിപ്പിച്ച് ആ പ്രാണിയെ വരിഞ്ഞുകെട്ടി നിശ്ചലമാക്കുന്നു. ഇങ്ങനെയാണ് ചിലന്തി സാധാരണയായി ഇരപിടിക്കുന്നതു്. പല്ലികളും ചെറുതരം പക്ഷികളും ചിലപ്പോൾ ചിലന്തിവലയിൽ കുരുങ്ങിപ്പോകാറുണ്ട്.

മററു ചില ജാതി ചിലന്തികൾ കൂടാരത്തിന്റെ ആകൃതിയിലുള്ള വലകളാണ് കെട്ടുന്നതു്. നൂലുകൾ അടുത്തടുത്തു പോകുന്നതുകൊണ്ട് ഇത്തരം വലകൾ വെള്ള നിറത്തിലുള്ള തുണികൊണ്ടു നിർമ്മിച്ചതുപോലെയിരിക്കും. ഈ വല ഇരപിടിക്കുന്നതിനുള്ള ഉപകരണമെന്നതുപോലെ ചിലന്തിയുടെ പാർപ്പിടവുമാകുന്നു. നമ്മുടെ നാട്ടിൽ, ഒററനോട്ടത്തിൽ നീറിനെപ്പോലെ തോന്നുന്ന ഒരു ജാതി ചിലന്തിയുണ്ട്. നിറത്തിലും ശരീരത്തിന്റെ പൊതുവെയുള്ള ആകൃതിയിലും, നടപ്പിലും എല്ലാം അതു് നീറിനെ വിഡംബനം ചെയ്യുന്നു. ഇലകളുടെ അടിവശത്തു് ഒരു ചെറിയ പരന്ന കൂടുകെട്ടിയാണ് അതു ജീവിക്കുന്നതു്. കൂട്ടിൽ നിന്നിറങ്ങി വളരെ ദൂരം സഞ്ചരിക്കാറുണ്ടെ

Digitized by Kerala Sahitya Akademi

ങ്കിലും ആപത്തിന്റെ ശങ്കയുണ്ടായാൽ അതു് ഓടി വല യ്ക്കകത്തു് ഒളിക്കും. വെള്ളത്തിൽ ജീവിക്കുന്ന ചിലന്തി പായലിന്റെയും മററും ഇലകൾക്കിടയിൽ ഗോളാകൃതി യായ ഒരു കൂടുണ്ടാക്കി അതിനുള്ളിൽ ഒരു കമിളയ്ക്കകത്തു് വായുവും നിറച്ചാണു് കഴിഞ്ഞു കൂടുന്നതു്. ചിലന്തിക്കു് മററു ജലജീവികളെപ്പോലെ വെള്ളത്തിൽ അലിഞ്ഞു ചേ ന്ന പ്രാണവായു ശ്വസിക്കാൻ കഴിവില്ല. അന്തരീക്ഷ വാ യുതന്നെ ലഭിക്കണം. അതിനുള്ള വിദ്യയാണിതു്.

വലനൂലുകൾ കൊണ്ടു് ചിലന്തി പല കാര്യങ്ങളും നിർവഹിക്കുന്നുണ്ടു്. ധാരാളം നൂലുകൾ ഉണ്ടാക്കി അതി ന്മേൽ തൂങ്ങി അപ്പൂപ്പൻതാടിപോലെ ചിലവ കാററിൽ പറക്കാറുണ്ടു്. ബോർണിയോ വനങ്ങളിൽ കാണുന്ന ഒരു തരം ചിലന്തി ഇലപ്പുറത്തു മലർന്നു കിടന്നു്, ശരീരത്തി നുചുററും ധാരാളം നൂലുകൾ സ്രവിപ്പിച്ചു് അനക്കമില്ലാ തെ സ്ഥിതിചെയ്യുന്നു. മുകളിൽ നിന്നു നോക്കുമ്പോൾ ഏതോ പക്ഷിയുടെ പുരീഷമാണെന്നേ തോന്നുകയുള്ളു. അ തിൽനിന്നു് നാലുവശത്തേക്കും ജലം ഒലിച്ചു പോകുന്ന തുപോലെയും തോന്നും. ഇതെല്ലാം നൂലുകൊണ്ടുചെയ്യുന്ന ചിത്രപ്പണിയാണു്. ഇതു കണ്ടു് തിന്നാൻ കൊള്ളാവുന്ന ഏന്തോ സാധനമാണെന്നു കരുതി അടുത്തു വരുന്ന ശലഭ ങ്ങളെ പിടിച്ചു തിന്നാണു് ഈ ചലന്തി ജീവിക്കുന്നതു്. ചിലന്തി മുട്ടയിടുന്നതും വലനൂലുകൊണ്ടുണ്ടാക്കിയ ഉറക ളിലാണു്. വെള്ള നിറമുള്ള ഇത്തരം ഒരു വലിയ സഞ്ചി യും അടിവശത്തു ചേർത്തു പിടിച്ചുകൊണ്ടു ചുവരിന്മേൽ ഓടിനടക്കുന്ന ചാരനിറമുള്ള എട്ടുകാലിയെ പലരും കണ്ടി രിക്കും. ഈ സഞ്ചിക്കകത്തു നിറയെ കുഞ്ഞുങ്ങളാണു്.

നമ്മുടെ നാട്ടിൽ സാമൂഹിക ജീവിതം നയിക്കുന്ന ഒരുതരം ചിലന്തിയുണ്ടു്. ചെടിക്കൊമ്പുകളിൽ നൂലുകൊ

Digitized by Kerala Sahitya Akademi

ണ്ടു് പെട്ടിപോലെ നിർമ്മിക്കുന്ന വലിയ കൂടുകളിലാണു് ഇതു് കൂട്ടം ചേർന്നു ജീവിക്കുന്നതു്. ഉപദ്രവകാരികളായ പ്രാണികളെ നശിപ്പിക്കുന്നതിൽ ഇവയ്ക്കു വലിയ പങ്കുണ്ടു്. കൃഷിച്ചെടികളെ രക്ഷിക്കുവാൻ വേണ്ടി അതിരൂക്ഷങ്ങളായ വിഷദ്രാവകങ്ങൾ തളിക്കുമ്പോൾ ഉപദ്രവകാരികൾ മാത്രമല്ല ചാകുന്നതു്. ഉറുമ്പും ചിലന്തിയും മററു പലതരം ജീവികളും, പക്ഷികൾപോലും, ചത്തുപോകുന്നു. ഇതുകൊണ്ടുള്ള ദോഷം വിളവെടുത്തു് വളരെ നാൾ കഴിഞ്ഞതിനു ശേഷമേ മനസ്സിലാവുകയുള്ളു. വിദേശനാണ്യം സമ്പാദിക്കുന്നതിന്നുവേണ്ടി തവളകളെ പിടിച്ചു് അവയുടെ പിൻകാലുകൾ പച്ചജ്ജീവനോടെ മുറിച്ചെടുത്തു വൻതോതിൽ കയററുമതി ചെയ്തതിൻെറ ഫലമായിട്ടാണു് കൊതുകും, നെൽകൃഷിയെ നശിപ്പിക്കുന്ന മുഞ്ഞ എന്ന പ്രാണിയും ഈ രാജ്യത്തു് ഇത്ര വളരെ പെരുകിയതെന്നു് വിചാരിക്കുവാൻ ന്യായമുണ്ടു്. മനുഷ്യൻെറ പ്രേരണയില്ലാതെ ഈച്ചയേയും പൂച്ചിയേയും നിയന്ത്രിക്കുന്ന ജീവികൾക്കു് ഹാനി തട്ടാതെ സൂക്ഷിക്കേണ്ടതു് ജീവിതത്തിൻെറ സുസ്ഥിതിക്കു് അത്യാവശ്യമാകുന്നു. ഈ വിഷയത്തിൽ വലിയ സേവനം അനുഷ്ഠിക്കുന്ന ജന്തുവാണു് ചിലന്തി. ഒരൊററ ചിലന്തി അതിൻെറ പതിനെട്ടു മാസത്തെ ആയുഷ്കാലത്തിൽ രണ്ടായിരം പ്രാണികളെ വലയിൽ കുടുക്കി തിന്നൊടുക്കുമെന്നു് ഒരു ജെർമ്മൻ ജന്തുശാസ്ത്രജ്ഞൻ കണക്കാക്കിയിരിക്കുന്നു.

കുറച്ചു കാലം മുമ്പു് മറെറാരു ശാസ്ത്രജ്ഞൻ ചിലന്തികളെക്കൊണ്ടു് വിചിത്രമായ ഒരു പരീക്ഷണം നടത്തി. പാശ്ചാത്യരാജ്യങ്ങളിൽ ഇന്നു് യുവജനങ്ങൾ ധാരാളമായി ഉപയോഗിച്ചുവരുന്ന ചില ലഹരിപദാർത്ഥങ്ങളുണ്ടു്. പണ്ടുമുതല്ക്കേ പ്രസിദ്ധിയാർജ്ജിച്ച കഞ്ചാവും കറുപ്പും അ

Digitized by Kerala Sahitya Akademi

വയിൽ ഉൾപ്പെട്ടതെങ്കിലും, ഗുളികകളായും കത്തിവയ്പ്പു ദ്രാവകങ്ങളായും കിട്ടുന്ന പുതിയ തരം ''മരുന്നു'' കളുണ്ട്. ഇതിലൊന്നാണ് ലൈസർജിക്ക് ആസിഡ്. ഇപ്പറഞ്ഞ ശാസ്ത്രജ്ഞൻ ചിലന്തികൾക്ക് ഈ പദാർത്ഥം കൊടുത്തു നോക്കി. അദ്ദേഹവും അതു സേവിക്കുന്ന ആളാണോ എന്നു നിശ്ചയമില്ല. അമേരിക്കയിലും യൂറോപ്പിലും ഇതു് ശീലമാക്കിയിട്ടുള്ള ശാസ്ത്രജ്ഞന്മാരും പ്രൊഫസർമാരുമുണ്ട്. അവരിൽ ചിലർ ഈ മരുന്നുകളുടെ പ്രവാചകന്മാരുമാണത്രെ! വിയറ്റ്നാമിൽ യുദ്ധത്തിനു പോയ അമേരിക്കൻ ഭടന്മാരിൽ ബഹുഭൂരിപക്ഷവും ഇത്തരം ലഹരി ദ്രവ്യങ്ങളുടെ അടിമകളായിട്ടാണ് മടങ്ങിവന്നതെന്നു് ഔദ്യോഗിക റിപ്പോർട്ടുണ്ടായിരുന്നു. അതു പോകട്ടെ. ചിലന്തികളുടെ കഥ തുടരാം. മരുന്നു തിന്ന ചിലന്തികൾ, സാധാരണ ചെയ്യുന്നതിനേക്കാൾ എത്രയോ മനോഹരമായി വലകെട്ടുമെന്നാണ് ഇപ്പറഞ്ഞ പരീക്ഷണത്തിൽ നിന്നു തെളിഞ്ഞതു്. വലകൾക്ക് ഒരു കോട്ടവും ഉണ്ടാവുകയില്ല. ഒന്നാം തരം ക്ഷേത്രഗണിത രൂപങ്ങൾ. അന്യൂനവും സുന്ദരവുമായ കലാസൃഷ്ടികൾ.

വടിവേറിയ ഈ ചിലന്തിവലകൾ എങ്ങനെയുണ്ടാകുന്നു എന്നു ചിന്തിച്ചപ്പോൾ വിസ്മയകരമായ ഒരു വസ്തുത വെളിപ്പെടുകയുണ്ടായി. ചുററുപാടുകൾ നോക്കിക്കണ്ടു്, വെളിച്ചം വീഴുന്നതും കാററുവീശുന്നതും അനുസരിച്ചാണ് സാധാരണയായി ചിലന്തികൾ വലകെട്ടുന്നതു്. ഇക്കാരണത്താൽ വലകൾക്ക് പല കോട്ടങ്ങളും കറവുകളും കാണും. എന്നാലും കാര്യക്ഷമതയുടെ കാര്യത്തിൽ അവ കററമററതായിരിക്കും. പക്ഷേ മരുന്നു തിന്ന ചിലന്തികൾ ബാഹ്യലോകത്തെ പരിപൂർണ്ണമായി വിഗണിച്ചുകൊണ്ടാണ് വലകെട്ടുന്നതു്. അവയുടെ ചിത്തസ

ത്വം അന്തർമുഖമായിത്തീരുന്നു. ഇന്ദ്രിയങ്ങൾ പ്രത്യാഹരിക്കപ്പെടുന്നു. പ്രകാശരശ്മികളെ അവ കാണുകയില്ല. കാററടിക്കുന്നതു് അറിയുകയില്ല. വലന്തുലുകൾ ഉറപ്പിക്കേണ്ട മരക്കൊമ്പുകളുടെ സ്ഥിതിവ്യത്യാസങ്ങൾ മനസ്സിലാക്കുകയില്ല. കഞ്ചാവു കഴിച്ച മനുഷ്യരെപോലെ ഓരോ ചിലന്തിയും തന്നിലേക്കുതന്നെ പിൻവലിയുന്നു. ഈ സ്ഥിതിയിൽ വലകെട്ടുന്നതു് വെറും യാന്ത്രിക ചേഷ്ടയായി മാറുന്നു. അതു കൊണ്ടാണു് എല്ലാ വലകളും രൂപഭംഗി തികഞ്ഞവയായി കാണപ്പെടുന്നതു്.

ചുററുപാടുകൾ കണ്ടും കേട്ടും ജീവിച്ചാൽ മാത്രമേ വിജയം കൈവരുകയുള്ളു. പഞ്ചേന്ദ്രിയദ്വാരങ്ങളിലൂടെ ബാഹ്യലോകത്തിൽ നിന്നു ലഭിക്കുന്ന സന്ദേശങ്ങളെ വിശകലനം ചെയ്തും കൂട്ടിയിണക്കിയും ശരീരചേഷ്ടകളെ രൂപപ്പെടുത്തണമെന്നു പറയുന്നതിന്റെ അർത്ഥം ഇതാകുന്നു. എല്ലാ ജീവികൾക്കും ഇതിനുള്ള പ്രാഥമികമായ കഴിവുണ്ടു്. ഈ കഴിവിനെ പുഷ്ടിപ്പെടുത്തിയ ജന്തുജാതികൾക്കാണു് പരിണാമഗതിയിൽ കൂടുതൽ വിജയം ലഭിച്ചിട്ടുള്ളതു്. അതു് പരമകാഷ്ഠയെ പ്രാപിക്കുന്നതാണു് ബുദ്ധി. ബുദ്ധിയുടെ കഴിവുകൾ അപാരമാണെങ്കിലും നൈസർഗ്ഗിക ശക്തിയുടെ പ്രവർത്തനത്തെ അതു് കളങ്കപ്പെടുത്തുന്നു. ആത്മപ്രകാശത്തെ കലുഷമാക്കുന്നു. ലൈസർജിക്കു് ആസിഡു കൊടുത്തപ്പോൾ ചിലന്തിയുടെ ചേതനയിൽ നിന്നു് ബാഹ്യലോകം മാഞ്ഞുപോയി. പുറമെ നിന്നു വരുന്ന പ്രചോദനങ്ങളുടെ ഇടപെടൽ തടയപ്പെട്ടു. ജീവചേഷ്ടകൾ നൈസർഗ്ഗികശക്തിയുടെ ഫലങ്ങൾ മാത്രമായിത്തീർന്നു. പ്രസ്തുതഫലങ്ങൾ അനവദ്യങ്ങളും അതിസുന്ദരങ്ങളുമായി കാണപ്പെട്ടു.

എന്തു കാരണത്താലോ ഈ ഗവേഷണത്തെപ്പററി വായിച്ചപ്പോൾ എനിക്കു് മുണ്ഡകോപനിഷത്തിലെ

Digitized by Kerala Sahitya Akademi

താഴെപ്പറയുന്ന സൂക്തം ഓർമ്മ വന്നു.

> യഥോർണ്ണനാഭിസ്സൃജതേ ഗൃഹ്ണതേ ച
> യഥാ പൃഥിവ്യാ മോഷധയസ്സംഭവന്തി
> യഥാ സതഃ പുരുഷാൻ കേശലോമാനി
> തഥാക്ഷരാൽ സംഭവതീഹ വിശ്വം.

(അർത്ഥം: യാതൊരു പ്രകാരം ചിലന്തി വല സൃഷ്ടിക്കുകയും ഗ്രസിക്കുകയും ചെയ്യുന്നുവോ, യാതൊരു പ്രകാരം മണ്ണിൽ നിന്നു് മരുന്നു ചെടികൾ ഉണ്ടാകുന്നുവോ,യാതൊരു പ്രകാരം മനുഷ്യശരീരത്തിൽ നിന്നു് മുടിയും രോമങ്ങളും ഉണ്ടാകുന്നുവോ, അതേപ്രകാരം അക്ഷരബ്രഹ്മത്തിൽ നിന്നു് ഈ വിശ്വം സംഭവിക്കുന്നു). ഇങ്ങനെ അദ്ധ്യാത്മ ചിന്തയിൽ മാത്രമല്ല അത്ഭുത വൈഭവമുള്ള ചിലന്തി സ്ഥലം പിടിച്ചിരിക്കുന്നതു്. ആധുനികകാലത്തെ ആകാശ ഗവേഷണത്തിലും അതു് പങ്കെടുക്കുകയുണ്ടായി. ഭൂമിയിൽനിന്നു് വളരെദൂരം പൊങ്ങിപ്പോകുമ്പോൾ അനുഭവപ്പെടുന്ന ഭാരമില്ലായ്മ എന്ന അവസ്ഥാവിശേഷത്തിൽ ജീവചേഷ്ടകൾക്കുണ്ടാകുന്ന വ്യത്യാസങ്ങൾ മനസ്സിലാക്കുന്നതിനു്, ഒരു സ്കൂൾകുട്ടിയുടെ നിർദ്ദേശം സ്വീകരിച്ചു്, അമേരിക്കൻ ശാസ്ത്രജ്ഞന്മാർ രണ്ടു പെൺ ചിലന്തികളെ ''സ്കൈലാബ്'' പരിപാടിയിൽ ഭാഗഭാക്കുകളാക്കി ബാഹ്യാകാശത്തിലേക്കയച്ചു. അരബെല്ല, അനിത്താ, എന്നു് അവയ്ക്കു് പേരും കൊടുത്തു. ഇവ ഭാരം അനുഭവപ്പെടാത്ത അവസ്ഥയിൽ വല കെട്ടുമോ എന്നും കെട്ടിയാൽ അതു് എങ്ങനെയിരിക്കുമെന്നും ആയിരുന്നു പരീക്ഷണം. വിചിത്രമായ ഈ പരീക്ഷണത്തിൽ ചിലന്തികൾ ജയിച്ചു. അവ ഭൂമിയിലെപ്പോലെ തന്നെയുള്ള വലകൾ കെട്ടി. ഭാരമില്ലായ്മമൂലം അവയ്ക്കു് ഒരു പ്രയാസവും അനുഭവപ്പെട്ടില്ല.

Digitized by Kerala Sahitya Akademi

# രണ്ടു കൃഷിക്കാർ

## (ഒരു സംഭാഷണം)

ആ മനുഷ്യനെ ഞാൻ അന്ന് ആദ്യമായി കാണുകയാണ്. ബോംബെയിൽ നിന്നു വന്ന വിദ്യാസമ്പന്നനും സംസ്കൃതചിത്തനുമായ മാന്യൻ. അറുപതു വയസ്സിലധികം പ്രായം കാണും. സ്വാമിയെക്കണ്ടു് തന്റെ സംശയങ്ങളും സങ്കടങ്ങളും അറിയിച്ച് സമാധാനം നേടുന്നതിനു വേണ്ടി വന്നിരിക്കുകയാണ്. ഒരു വർഷം താമസിക്കേണ്ടിവന്നാലും അതു കിട്ടിയിട്ടേ മടങ്ങിപ്പോവുകയുള്ളു എന്നു നിശ്ചയിച്ചിരിക്കുകയുമാണ്. അദ്ദേഹം ചോദിച്ചു:

നിങ്ങൾ വളരെ കാലമായി ഇവിടെ വന്നുകൊണ്ടിരിക്കുന്ന ഒരു ഭക്തനാണെന്നു തോന്നുന്നു. ധർമ്മത്തിന്റെ രഹസ്യവും കർമ്മഗതിയുടെ സ്വഭാവവും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? നമുക്ക് എല്ലാവർക്കും ഗുരുവും ഉപദേഷ്ടാവുമായ സ്വാമിയോടു് അതുവല്ലതും ചോദിക്കുവാൻ അവസരം കിട്ടിയിട്ടുണ്ടോ?

*　　　*　　　*

ഇല്ല; അതൊന്നും ചോദിച്ചിട്ടില്ല. ആ ദിവ്യസന്നിധിയിൽ ചെല്ലുമ്പോൾ ഒരു ചോദ്യവും തോന്നുകയില്ല. നേരത്തെ ആലോചിച്ചു വച്ച അഭ്യർത്ഥനകൾപോലും

Digitized by Kerala Sahitya Akademi

മറന്നുപോകും. ധർമ്മവും കർമ്മവുമെല്ലാം വാദപ്രതിവാദത്തിനുള്ള വിഷയങ്ങളാണെന്നും, അതൊക്കെ അവിടെ അപ്രസക്തമാണെന്നും ഞാൻ കരുതുന്നു.

*　　　*　　　*

ഞാൻ അങ്ങനെയല്ല വിചാരിക്കുന്നത്. അക്കാര്യങ്ങൾ മനസ്സിലാക്കിയില്ലെങ്കിൽ എനിക്ക് മനശ്ശാന്തി കിട്ടുകയില്ല. ഓർമ്മയായകാലം മുതൽ ഞാൻ ഒരു ദേവീഭക്തനായി ജീവിക്കുകയാണ്. സ്വാമിയെത്തന്നെ ഞാൻ അമ്മയായിട്ടാണ് ആരാധിക്കുന്നത്. അത് അവിടത്തേക്ക് സമ്മതമാണെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അമ്മയെ പ്രത്യക്ഷമായി കാണുവാൻ കിട്ടിയ അവസരം പൂർണ്ണമായി പ്രയോജനപ്പെടുത്തി എന്റെ വ്യാകുലതകൾക്ക് ഉപശാന്തി നേടണമെന്നാണ് ഞാൻ നിശ്ചയിച്ചിരിക്കുന്നത്. എനിക്ക് ലോകഗതിയും ദൈവനീതിയും മനസ്സിലാകുന്നില്ല. ചിന്തിക്കുന്ന ഏതു മനുഷ്യനും ഈ പ്രയാസം ഉണ്ടാകുമെന്നുതന്നെയാണ് എന്റെ വിശ്വാസം.

*　　　*　　　*

ധർമ്മാധർമ്മവൈത്രയോ സൂക്ഷ്മത്തിൽ സൂക്ഷ്മമെ—
ന്നമ്മഹാ യോഗീന്ദ്രരോതിടുന്നു.

എന്ന് ഞങ്ങളുടെ ഒരു മഹാകവി പറഞ്ഞിട്ടുള്ളതോർക്കുന്നു. അതുകൊണ്ടു തന്നെയാണ് അതു് മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നത്. പിന്നെ മനസ്സിലാക്കിയതുകൊണ്ടുമാത്രം ശാന്തികിട്ടണമെന്നുമില്ല. ആദ്ധ്യാത്മിക തത്വങ്ങൾ ബോധത്തിൽ അലിഞ്ഞു ചേർന്ന് ജീവിതാനുഭവങ്ങളുടെ ഭാഗമായിത്തീരണം.

*　　　*　　　*

എത്ര സൂക്ഷ്മമായാലും അതിലൊരു യുക്തി വേണ്ടേ? നീതിയില്ലേ? എന്തൊരു യുക്തിയും നീതിയുമാണ് ഇന്നത്തെ ലോകത്തിലുള്ളത്? എന്തിനാണ് ന്യായാലയത്തിൽ

Digitized by Kerala Sahitya Akademi

നടക്കുന്നതു പോലെ ഇത്ര വളരെ പ്രയാസപ്പെട്ടു ധർമ്മാധർമ്മങ്ങൾ തൂക്കിനോക്കി ജീവിക്കുന്നതെന്നു് ഞാൻ സംശയിച്ചിട്ടുണ്ടു്. പരലോകത്തിൽ സുഖിക്കാമെന്നും മോക്ഷം അനുഭവിക്കാമെന്നുമാണു് പണ്ടുള്ളവർ പറഞ്ഞിരുന്നതു്. പ്രതീക്ഷാരൂപത്തിലുള്ള ഈ പ്രതിഫലങ്ങളെ മുൻനിർത്തി ജീവിതം നയിക്കുവാൻ ഇന്നു് ആരും തയ്യാറില്ല. അതെല്ലാം സാധുക്കളെ കളിപ്പിക്കുവാൻ വേണ്ടി പ്രചരിപ്പിച്ച കഥയില്ലാത്ത തത്ത്വജ്ഞാനമാണെന്നു് കരുതുന്നവരുമുണ്ടു്. ഏതു പരലോകം? എന്തുമോക്ഷം? അതൊക്കെ കണ്ടവരും അനുഭവിച്ചവരും ആരുണ്ടു്? കൈനീട്ടി എടുക്കാവുന്നതും തിന്നാൻ സ്വാദുള്ളതും, അകത്തുചെന്നാൽ ദഹിക്കുന്നതുമായ എന്തെങ്കിലും പ്രയോജനം ഉണ്ടെങ്കിൽ മാത്രമേ ഇന്നത്തെ മനുഷ്യനു് ഏതു കാര്യത്തിലും താൽപര്യം ജനിക്കുകയുള്ളു. ധർമ്മനിഷ്ഠമായ ജീവിതംകൊണ്ടു് അതു വല്ലതും ലഭിക്കുമോ എന്നാണു് സംശയം.

* * *

ഈ സംശയം പണ്ടും ഉണ്ടായിരുന്നു എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു

ഊർദ്ധ്വ ബാഹുർ വിരൗമ്യേഷ
നഹി കശ്ചിത് ശൃണോതി മേ
ധർമ്മാദർത്ഥശ്ച കാമശ്ച
സ ധർമ്മഃ കിം ന സേവ്യതേ?

(ഞാനിങ്ങനെ കൈയ്യും ഉയർത്തിപ്പിടിച്ചു് വിളിച്ചു പറഞ്ഞിട്ടും ആരും കേൾക്കുന്നില്ലല്ലൊ. കഷ്ടം! ധർമ്മത്തിൽ നിന്നുതന്നെ അർത്ഥകാമങ്ങൾ ലഭിക്കുമല്ലൊ. എന്നിട്ടും എന്താണു് മനുഷ്യർ ധർമ്മമാർഗ്ഗം സ്വീകരിക്കാത്തതു്?)

എന്നല്ലേ ഈ പുണ്യഭൂമിയുടെ കുലഗുരുവായ വ്യാസൻ

Digitized by Kerala Sahitya Akademi

വിലപിച്ചതു്? ദുസ്സഹമായ ഹൃദയവേദനയിലും അങ്ങേ യററത്തെ നിരാശയിലും നിന്നു പുറപ്പെട്ട പരിദേവനമാണിതു്. ഇന്നത്തെ സ്ഥിതിയും ഇതുതന്നെയല്ലേ?

* * *

അതു തന്നെ. അതു തന്നെ. പക്ഷേ ധർമ്മത്തിന്റെ ഫലദായകത്വത്തെപ്പററി വ്യാസനെപ്പോലെ ഉറപ്പിച്ചു പറയുവാൻ നമുക്കു കഴിവില്ല. അതാണു് പ്രയാസം.

* * *

എന്നാലും നമ്മുടെ എളിയ ബുദ്ധി എത്തുന്നിടത്തോളം ആലോചിച്ചു നോക്കാം. കാലത്തിന്റെ രഹസ്യം ദുർഗ്രഹമാണു്. അതിൽ യഥാർത്ഥമായ തുടർച്ചയില്ലെന്നും, തിരിത്തുമ്പു് ചുഴററുമ്പോഴുണ്ടാകുന്ന അലാതചക്രത്തിൽ കാണുന്നതുപോലെ, തുടർച്ചയുടെ പ്രതീതി മാത്രമെ ഉള്ളു എന്നും ബുദ്ധഭഗവാൻ ഉപദേശിക്കുന്നു. അതിഗഹനമായ ഒരു ഉപദർശനമാണിതു്. അതിന്റെ സത്യസ്ഥിതി ദീർഘമായ ധ്യാനം കൊണ്ടും തപസ്സുകൊണ്ടും അനുഭവിച്ചറിയേണ്ടതാണു്. ആ സിദ്ധികളൊന്നും സാധാരണക്കാർക്കു് അവകാശപ്പെടാവുന്നവയല്ല. വിചിത്രമെന്നു തോന്നുമെങ്കിലും ഇന്നത്തെ ഭൗതിക ശാസ്ത്രത്തിൽ അടിസ്ഥാനപരമായ പ്രാധാന്യം നേടിയിരിക്കുന്ന ക്വാണ്ടം തിയറിയും പ്രപഞ്ചത്തിൽ തുടർച്ചയില്ല എന്നു തന്നെയാണു് പറയുന്നതു്. വസ്തുനിഷ്ഠമായ നിരീക്ഷണ പരീക്ഷണങ്ങൾ കൊണ്ടു് തെളിയിച്ചിട്ടുള്ള തത്വമാണിതു്. ഏതായാലും തുടർച്ചയുടെ പ്രതീതിയെങ്കിലും ഉണ്ടെന്നു് നിശ്ചയമാണല്ലൊ. ആ പ്രതീതിയുടെ മായാവലയത്തിലാണു് നിസ്സഹായനായ മനുഷ്യൻ തന്റെ ബോധമാകുന്ന സ്ഫുലിംഗവും കൊണ്ടു് പ്രപഞ്ചത്തിന്റെ കൂരിരുട്ടിനെ അഭിമുഖീകരിച്ചു ജീവിക്കുന്നതു്. തന്റെ ഏതു പ്രവൃത്തിയും എന്തെങ്കിലും ഒരു ഫലം

Digitized by Kerala Sahitya Akademi

അവശേഷിപ്പിക്കുന്നതായി അവൻ കാണുന്നു. ഇതും പ്രതീതിയായിരിക്കാം. എന്നാലും അനുഭവത്തിലുള്ളതാണ്. വാസ്തവത്തിൽ ഈ അനുഭവമാണ് കാലപ്രവാഹം, കാര്യകാരണബന്ധം എന്നീ പ്രതീതികളുടെയും ആസ്പദം. കാലം കർമ്മഗതിയുടെ പ്രതിരൂപമാണെന്നു ചുരുക്കം. കർമ്മവും കർമ്മഫലവും കണ്ടു കണ്ട്,അവയെ പരസ്പരം ബന്ധിപ്പിക്കുവാൻ മനുഷ്യന്റെ സ്ഫുലിംഗമാത്രമായ ബുദ്ധികണ്ടുപിടിച്ച യുക്തിയാണിത്. ജീവിതം മുന്നോട്ട് ഒഴുകുകയാണെന്നും, ഭാവി എന്നൊന്ന് ഉണ്ടെന്നും, അത് തീർച്ചയായും വരുമെന്നും, ഉള്ള വിശ്വാസം ഈ യുക്തിയുടെ സൃഷ്ടിയാകുന്നു. പക്ഷേ യുക്തിക്ക് പക്ഷപാതമില്ല, അത് ആഗ്രഹത്തിനു വഴങ്ങുകയില്ല. സാമൂഹിക ജീവിതത്തിലെ നീതിയും നിയമവും പോലെ നിർവികാരമായും നിസ്സംഗമായും പ്രവർത്തിക്കുന്ന ഒരു പ്രതിഭാസമാണത്.നമ്മുടെ കർമ്മങ്ങൾക്ക് നാം ഇച്ഛിക്കുന്നതും പ്രതീക്ഷിക്കുന്നതുമായ ഫലം സിദ്ധിക്കണമെന്നില്ല. കർമ്മഫലങ്ങൾ കാലത്തിന്റെ മുറയും നീതിയും അനുസരിച്ചാണ് വരുന്നത്.

* * *

ഇതിൽ ധർമ്മത്തിന്റെ പ്രസക്തിയെന്താണ്?

* * *

പറയാം. കാലമാകുന്ന യുക്തിധാരയെ ആധാരമാക്കി നോക്കുമ്പോഴാണ് ജീവിതത്തിൽ ധർമ്മത്തിന് പ്രസക്തിയുണ്ടാകുന്നത്. അത് ഭൂതഭാവികൾക്കു നടുവിൽ വർത്തിക്കുന്ന വർത്തമാനകാലത്തിന്റെ വായ്ത്തലയിൽ തങ്ങിനിൽക്കുന്ന ബോധസ്ഫുലിംഗത്തെ ദീപ്തിയേറിയ ദീപശിഖയാക്കി മാററുന്നു. ഈ വായ്ത്തല മാത്രമേ മനുഷ്യൻ വാസ്തവത്തിൽ കാണുന്നുള്ളു. അതിന്മേലാണ് അവൻ ജീവിക്കുന്നത്. അല്ലാതെ ഭൂതത്തിലോ ഭാവിയിലോ

Digitized by Kerala Sahitya Akademi

അല്ല. പക്ഷേ അതുപോലും ആഴമേറിയ ഇരുട്ടിൽ മുഴുകി ക്കിടക്കുകയാണ്. അവിടെ ജീവിതപാന്ഥന്ന് നേർവഴി കാട്ടുന്ന ജ്യോതിസ്സാണ് ധർമ്മം. കാലത്തിൻെറ യുക്തി യെ പ്രമാണമാക്കി എന്തു ചെയ്യണമെന്നും, എന്തു ചെയ്യരു തെന്നും അതു് നിർദ്ദേശിക്കുന്നു. സുകൃതം സുഖത്തെയും ദുഷ്കൃതം ദുഃഖത്തെയും ജനിപ്പിക്കുമെന്നതാണ് അനാ ദികാലം തൊട്ട് അനുഭവത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ പ്രമാണം. താൻ കേട്ട പുരാവൃത്തങ്ങളെയും, താൻ കണ്ട സംഭവങ്ങളെയും, കർത്തവ്യനിർവഹണത്തിനിടയ്ക്ക് താൻ കൂടി പങ്കാളിയായിത്തീർന്ന ദീർഘദീർഘമായ കുടുംബ കലഹങ്ങളെയും, രാജവംശങ്ങളുടെ പതനാഭ്യുദയങ്ങളെയും വിഷയമാക്കി പതിനെട്ടു പുരാണങ്ങൾ നിർമ്മിച്ച വ്യാ സൻ (അതിലും വലിയ പ്രാമാണികൻ ആരിരിക്കുന്നു?) പറഞ്ഞതിൻെറ സാരസർവസ്വം എന്താണ്?

പരോപകാരമേ പുണ്യം
പാപമേ പര പീഡനം

എന്നു തന്നെ. കാലം ഓരോ ജീവിതത്തെക്കുറിച്ചും നാം വഴിയും പേരേടും വച്ച് തിട്ടപ്പെടുത്തുന്ന ലാഭ നഷ്ടക്കണ ക്കിൻെറ രത്നച്ചുരുക്കമൊണതു്.

* * *

അതു് നൂറുശതമാനവും തെററാണെന്നു് ഞാൻ പറ യും. അനുഭവത്തിൽ നിന്നു പറയുന്നതാണ്. പരപീഡനം കൊണ്ടാണ് ഈ ലോകത്തിൽ വ്യക്തികൾക്കും സമുദായ ങ്ങൾക്കും ഏററവും വലിയ ഉൽക്കർഷം ഉണ്ടായിട്ടുള്ളതു്. നമ്മുടെ ചെറിയ ജീവിതമണ്ഡലങ്ങളിലും ഇതു കാണുന്നി ല്ലേ? ചരിത്രത്തിൻെറ സാരസർവസ്വവും ഇതല്ലാതെ മറെറന്താണ്? ഞാൻ ഏററവും സത്യസന്ധമായി ജീവി ച്ചിട്ടും, അങ്ങേയററത്തെ ധർമ്മനിഷ്ഠ പാലിച്ചിട്ടും എനി

Digitized by Kerala Sahitya Akademi

ക്ക് ഭീതിയും വ്യാകുലതയും നീങ്ങുന്നില്ല. ദുഃഖമല്ലാതെ മറെറാന്നും അനുഭവിക്കുന്നില്ല. നേരെമറിച്ച്, മനഃപൂർവം ലോകത്തെ ദ്രോഹിക്കുന്നവർ, അറിഞ്ഞു കൊണ്ട് അന്യരെ കണ്ണുനീരു കുടിപ്പിക്കുന്ന പരമനീചന്മാർ, ഉത്തരോത്തരം ഉൽക്കർഷം പ്രാപിക്കുന്നു. അവരുടെ വിജയവും മഹാഭാഗ്യവും കാണുമ്പോൾ എനിക്ക് എന്നെപ്പററി എന്തെന്നില്ലാത്ത സങ്കടം തോന്നുന്നു. ദേവിയുടെ പാദപത്മങ്ങൾ സ്മരിക്കാതെ, മനക്കണ്ണുകൊണ്ട് അവയെ സ്പഷ്ടമായിക്കണ്ട് കെട്ടിപ്പിടിക്കാതെ ഞാൻ ഉറങ്ങുകയോ ഉണരുകയോ ചെയ്തിട്ടില്ല. ബിസിനസ്സുകാരനാണെങ്കിലും ഞാൻ കള്ളക്കച്ചവടം നടത്തിയിട്ടില്ല. മായം ചേർക്കുന്നതിൽ പങ്കാളിയായിട്ടില്ല. കള്ളക്കടത്തിനും നികുതി വെട്ടിപ്പിനും തുനിഞ്ഞിട്ടില്ല. ഇത്തരം ദുഷ്കൃതങ്ങൾ കൊണ്ട് കൈകഴുകുന്നവരെ എത്ര വേണമെങ്കിലും ഞാൻ കാണിച്ചുതരാം. ഏതോ മഹാകാര്യം സാധിച്ച എന്ന മട്ടിൽ അതു് തുറന്നു പറയുന്നവരുമുണ്ട്. അവരെല്ലാം എന്നെ നോക്കി ചിരിക്കുകയാണ്. 'പിടിപ്പില്ലാത്തവൻ; വകയ്ക്കു കൊള്ളാത്തവൻ; തരം കിട്ടിയാലും നാലുകാശുണ്ടാക്കുവാൻ അറിഞ്ഞുകൂടാത്തവൻ; ദൈവത്തിനെ പോക്കററിലിട്ടുകൊണ്ടു നടക്കുന്നു' എന്നൊക്കെയാണ് എന്നെപ്പററി പറയുന്നതു്. ഇങ്ങനെ നിരന്തരം പാപം ചെയ്തിട്ടും അവർക്കാർക്കും ഒരു ദുഃഖവുമില്ല. അപരാധബോധം പോലുമില്ലാതെ പരമസുഖത്തിൽ കഴിയുന്നു. എനിക്കാണെങ്കിൽ ഇതെല്ലാം കണ്ടും കേട്ടും മനശ്ശാന്തി നശിച്ചിരിക്കുന്നു.

* * *

എന്തിനിങ്ങനെ താരതമ്യപ്പെടുത്തുവാൻ പോകുന്നു? അതുകൊണ്ടല്ലെ ഈ വേദനയെല്ലാം ഉണ്ടാകുന്നതു്? പിന്നെ അവരുടെ അനുഭവത്തെപ്പററി പറഞ്ഞതെല്ലാം അന

Digitized by Kerala Sahitya Akademi

മാനമല്ലേ? അവരുടെ ഉള്ളിലെ കഥ അവർക്കല്ലെ അറിയാവൂ.?

*   *   *

ഈ ജീവിതത്തിൽ എല്ലാം അനുമാനമാണ്. അതില്ലാതെ ഒരു ദിവസംപോലും തള്ളിനീക്കുവാൻ സാധിക്കുകയില്ല. ഒന്നും ഒന്നും രണ്ട് എന്നു പറയുന്നതും അനുമാനം തന്നെ. താരതമ്യപ്പെടുത്തുക എന്നതു മനുഷ്യസഹജമാണ്. അതിൽ കുററപ്പെടുത്തുവാൻ ഒന്നുമില്ല. കള്ളംകൊണ്ടു ധനികനായി എന്നും, ധനം കൊണ്ടു സുഖിക്കുന്നു എന്നും തുറന്നു പറയുന്നവനെ അവിശ്വസിക്കുന്നതെന്തിനു്?

*   *   *

അതും ഇക്കാലത്തു് ഒരുതരം വൻപു പറച്ചിലായി തീർന്നിട്ടുണ്ടു്. അധർമ്മത്തിനും മാന്യത ലഭിച്ചിരിക്കുകയാണു്. അതു് എന്നെയും അസ്വസ്ഥനാക്കിയിട്ടുണ്ടു്.

*   *   *

നിങ്ങരം എന്തുകണ്ടു, സ്നേഹിതാ! അധർമ്മം എന്നല്ല പറയേണ്ടതു്. ചതിയും വഞ്ചനയും തേർവാഴ്ച നടത്തുകയാണ്. അതിൻെറ കരാളരൂപം കാണണമെങ്കിൽ കച്ചവടക്കാരുടെ ഇടയ്ക്കു ജീവിക്കണം. പലതും കേട്ടാൽ മററുള്ളവർ വിശ്വസിക്കുകയില്ല. ഈ വ്യവസായ_വാണിജ്യ സംസ്കാരം ലോകത്തെ മുടിക്കുകയാണ്. അതിൻെറ വലയിൽ വീഴാത്ത ആളുകളില്ല. ഇതുകണ്ടു കണ്ടു് ഒരുതരം സ്വപ്നാടനം പോലെയാണു് ഞാൻ ജീവിതം നയിക്കുന്നതു്. ഐഹികത്തിൻെറ സത്ത എൻെറ പിടിയിൽ നിന്നു് വഴുതിപ്പോയിരിക്കുന്നു. ഞാൻ ദിവാസ്വപ്നം കണ്ടു് മനോരാജ്യത്തിൽ മുഴുകി കാലം തള്ളിനീക്കുന്നതിനിടയ്ക്കു്, എൻെറ സമനിലയിൽ കഴിഞ്ഞവരും എന്നോടൊപ്പം ബിസിനസ്സുതുടങ്ങിയവരും ജീവിതമത്സരത്തിൽ എന്നെ

Digitized by Kerala Sahitya Akademi

പിന്നിലാക്കിയിട്ട വിജയ പീഠത്തിലേക്ക് ഓടിക്കയറു ന്നു. എന്റെ ജീവിതം ഒരു പരാജയമായിത്തീർന്നുവോ എന്നു ഞാൻ സംശയിക്കുന്നു. ദിവസങ്ങൾ ചെല്ലുംതോറും ഞാൻ കുറേക്കൂടി വലിയപരാജയത്തിലേക്കു നീങ്ങുകയാ ണോ എന്നും ഭയപ്പെടുന്നു. ഞാൻ എത്രയോ സ്നേഹിതന്മാ രോട്ട് ഇക്കാര്യത്തെപ്പററി സംസാരിച്ചിട്ടുണ്ട്. 'അതാണ് ലോകഗതി' എന്നല്ലാതെ മറെറാരു സമാധാനവും ആരും പറഞ്ഞുകേട്ടില്ല.

വേറെ ചിലരുണ്ട്. നിഷ്പക്ഷമതികളെന്നും ക്രാന്തദർ ശികളെന്നും ഭാവിച്ച്, അല്പമൊരു അനുകമ്പകലന്ന സ്വര ത്തിൽ സാന്ത്വനം പറയുന്നവർ. 'നിങ്ങൾക്ക് എന്താണ് കുറവ്? എന്താണ് ഇത്ര വലിയ ഭാഗ്യദോഷം വന്നത്? കളങ്കമില്ലാത്ത ജീവിതം നയിച്ചു എന്ന സമാധാനവും അഭിമാനവും ഉണ്ടല്ലോ. അത് നിസ്സാരമായകാര്യമല്ലെന്നു ധരിക്കണം. പാപത്തിൽ കാലുകുത്താതെ ജീവിക്കുന്നതു തന്നെയാണ് മഹാഭാഗ്യം.' അവർ ഇതു പറയുന്നതിന്റെ രീതിയാലോചിച്ചാൽ ഇതു തന്നെയും ഒരു തെറേറാ അപ രാധമോ ആണെന്നു തോന്നിപ്പോകും. അതായതു്, ഞാൻ അത്രവലരെ നല്ലവനാകേണ്ട ആവശ്യമോ, എനിക്ക് അ തിനുള്ള അർഹതയോ, ഇല്ല എന്നർത്ഥം! മററുള്ളവരെപ്പോ ലെ അല്പം കൃഷിയും സ്വല്പം ശോഷണവുമായി ജീവിച്ചു കൂടെ? അതുചെയ്യാതെ ദേവീഭജനത്തിനും ഗീതാപാരായ ണത്തിനും പോയതെന്തിന്? അതില്ലാതെ വയ്യ എന്നാ ണെങ്കിൽ അതിന്റെ കൂടെ ഇതും ആയിക്കൂടെ?

ഈ നിന്ദാസ്തുതിയാണ് ഏററവും ദുസ്സഹം: നമ്മുടെ ആദർശങ്ങളും ജീവിതമൂല്യങ്ങളും ലോകത്തോടുള്ള ഒരു വെല്ലുവിളിയാണെന്നും, അത് മാലോകർ ക്ഷമിക്കുകയി ല്ലെന്നുമാണ് ധ്വനിപ്പിക്കുന്നതു്. എന്തുചെയ്യും? എന്റെ

Digitized by Kerala Sahitya Akademi

ആദർശം ആരുടെ മേലും അടിച്ചേല്പിക്കുവാൻ ഞാൻ ശ്രമി ച്ചിട്ടില്ല. അവരുടെ പേരിൽ ലോകത്തിലെ വിഭവങ്ങൾ മററുള്ളവരെക്കാൾ കൂടുതലായി ലഭിക്കുവാൻ അർഹതയു ണ്ടെന്നു് വാദിക്കുന്നുമില്ല. ധർമ്മത്തിനു് ഗ്ലാനി പററുന്ന തോർത്തു് സങ്കടപ്പെടുന്നതേയുള്ളൂ. അതും ക്ഷമിക്കുകയില്ലെ ന്നു വന്നാൽ പിന്നെ എന്താണു് ഗതി?

എന്തിനാണു് എന്നെ ഇങ്ങനെയുള്ള ചുററുപാടുകൾക്കു നടുവിൽ പ്രതിഷ്ഠിച്ചതു് എന്നു് ധ്യാനവേളയിൽ അമ്മ യോടു് ചോദിച്ചിട്ടുണ്ടു്. പക്ഷേ അതിനൊന്നും മറുപടി കിട്ടുകയില്ലല്ലോ. ഇന്നു ലോകത്തിൽ ആത്മാവിൻെറ ചോ ദ്യങ്ങൾക്കു് ഉത്തരവും, ജീവിതത്തിലെ വേദനകൾക്കു് സാന്ത്വനവും ലഭിക്കുന്ന സ്ഥലം ഇവിടം മാത്രമേയുള്ളൂ. വിഗ്രഹങ്ങളേയും ചിത്രങ്ങളേയും, മാനസികസങ്കല്പങ്ങ ളേയുമല്ല നാം ഇവിടെ അഭിമുഖീകരിക്കുന്നതു്. മനുഷ്യ രൂപത്തിൽ അവതരിച്ചു്, സ്നേഹാഭിഷേകം കൊണ്ടു് ശത്രു ക്കളെപ്പോലും സന്തർപ്പണം ചെയ്യുന്ന സാക്ഷാൽ ഈശ്വര നെയാണു്. ഇവിടെ പ്രാർത്ഥനാവാക്യങ്ങൾക്കു് പ്രതിവച നം പ്രതീക്ഷിക്കാം. നമ്മുടെ ചോദ്യങ്ങൾക്കു് ഉത്തരം ല ഭിക്കും. അതുകേൾക്കുവാനാണു് ഞാൻ വന്നിരിക്കുന്നതു്.

ഇതു കഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കു ശേഷമാ ണു് അദ്ദേഹത്തെ വീണ്ടും കണ്ടതു്. മടക്കയാത്രയ്ക്കു തയ്യാ റായി പെട്ടിയും കിടക്കയും എടുത്തു് ബസ്സു കാത്തുനില്ക്കു കയായിരുന്നു.

ഞാൻ ചോദിച്ചു ''പോവുകയാണു് അല്ലേ? സ്വാമി യെക്കണ്ടു സംസാരിക്കുവാൻ അവസരം കിട്ടിയോ? ചി ലരെയൊക്കെ വിളിച്ചു് സംസാരിച്ചതായി കേട്ടു.''

അദ്ദേഹം: ''കിട്ടി, കിട്ടി, അല്ലെങ്കിൽ പോകുമോ. പക്ഷേ മററുപലരുടെയും കൂട്ടത്തിലായിരുന്നു. എന്നാലും

Digitized by Kerala Sahitya Akademi

ഞാൻ വിട്ടില്ല. എന്റെ സംശയങ്ങരം തുറന്നുചോദിച്ചു.''

ഞാൻ: ''എന്നിട്ട്?''

അദ്ദേഹം: ''സ്വാമി ചിരിച്ചുകൊണ്ട് രണ്ടുകൃഷിക്കാരുടെ കഥ പറഞ്ഞു. ഈ സംശയം എത്രയോ തവണ കേട്ടതാണ്. എന്നു സൂചിപ്പിക്കുവാനാണ് ചിരിച്ചതു്. പറഞ്ഞതിന്റെ സാരം ഇതാണ്: കൃഷിക്കാരിൽ ഒരുവൻ വളരെ അദ്ധ്വാനിക്കുന്നു. രാപ്പകൽ വിശ്രമമില്ലാതെ പണിയെടുക്കും. പക്ഷേ ഫലമില്ല. പട്ടിണിയാണ്. എപ്പോഴും പരാതിയും. മററവൻ മടിയനാണ് കണ്ടമാനക്കാരനും. എന്നിട്ടെന്താ മൂന്നിനു നാലുനേരവും തിന്നു തിമക്കുന്നു. പാടത്തു് തിരിഞ്ഞു നോക്കാറില്ല. കൃഷിയെല്ലാം കരിഞ്ഞു. അവന് ഒരു പരാതിയുമില്ല. കാരണം, അവന്റെ അറയിൽ കഴിഞ്ഞ വിളവെടുപ്പിൽ കിട്ടിയ ധാന്യം നിറഞ്ഞു കിടപ്പുണ്ടു എന്നതുതന്നെ. അവൻ അതുണ്ടാക്കുവാൻ വേണ്ടി അന്നു് എല്ലുമുറിയെ പണിയെടുത്തതാണ്. ആദ്യം പറഞ്ഞവൻ അന്നു് മടിപിടിച്ചു നടന്നു. ഇക്കൊല്ലം അതിന്റെ ദോഷം അനുഭവിക്കുന്നു. ഇതാണ് ജീവിതം-- കർമ്മഗതിയുടെ രഹസ്യം. നാം പൂർവ്വാപരബന്ധമില്ലാതെ ശുദ്ധശൂന്യതയിൽ നിന്നു മുളച്ചുവന്നു് പൊഴിഞ്ഞുപോകുന്ന ഉൺമകളാണെന്നു് ധരിക്കരുതു്.

ഇതാണ് എനിക്കു കിട്ടിയ ഉത്തരം. അതിന്റെ യുക്തി എനിക്കു ബോദ്ധ്യമായി. ഇത്തവണത്തേക്കു് അതു മതി. ബസ്സു വരുന്നു. നമസ്തേ!''

Digitized by Kerala Sahitya Akademi

# പാട്ടുകാരൻ പറഞ്ഞത്

"ഞാൻ നിങ്ങളുടെ സംസ്കാരത്തിന്റെ സാരസർവസ്വം ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു. അതിന്നുവേണ്ടിയാണ് ഞാൻ ഈ രാജ്യത്തു വന്നത്. ഈ ആവേശം എന്നിൽ ജനിപ്പിച്ചതു് നിങ്ങളുടെ മനോഹരമായ സംഗീതമാണ്. കുട്ടിക്കാലത്തുതന്നെ ഞാൻ പാശ്ചാത്യസംഗീതം പഠിക്കുവാൻ തുടങ്ങി. എന്റെ അമ്മയും അച്ഛനും സംഗീതത്തിൽ വാസനയുള്ളവരും, പിയാനോ, വയലിൻ എന്നീ വാദ്യങ്ങളിൽ ശിക്ഷണം ലഭിച്ചവരും ആയിരുന്നു. പക്ഷേ എനിക്ക് വായ്പാട്ടിലാണ് താൽപര്യം. അതിൽ വളരെ നാളത്തെ അഭ്യാസംകൊണ്ടു് ഒരു വിധമൊക്കെ ഉപസ്ഥിതി നേടിയ ശേഷമാണ് ഞാൻ ആദ്യമായി ദക്ഷിണേന്ത്യൻ സംഗീതം കേട്ടതു്. അതെന്നെ എന്തെന്നില്ലാതെ വശീകരിച്ചു. ഭാഗ്യവശാൽ അതു പഠിപ്പിക്കുവാൻ മദ്രാസ്സുകാരനായ ഒരു ആചാര്യനും, പഠിക്കുവാൻ സൗകര്യവും പ്രോത്സാഹനവും നൽകുന്ന ഒരു കലാശാലയും അമേരിക്കയിലുണ്ടായിരുന്നു. അവിടെ രണ്ടുവർഷം പഠിച്ചതിനുശേഷം, അതുകൊണ്ട് ആയില്ല എന്നു തോന്നുകയാൽ ഞാൻ ഇന്ത്യയിൽവന്നു. ഇവിടെ വന്നപ്പോഴാണ് നിങ്ങളുടെ സംഗീതം വെറുമൊരു കലാരൂപമല്ലെന്നും സവിശേഷമായ

Digitized by Kerala Sahitya Akademi

ഒരു ജീവിതരീതിയാണെന്നും എനിക്കു മനസ്സിലായതു്. ഇക്കഴിഞ്ഞ രണ്ടുവർഷത്തിനിടയ്ക്കു് ഗുരുകലക്ലിഷ്ടനായി ദക്ഷിണേന്ത്യൻ സംഗീതത്തിന്റെ ഉപരിപാഠങ്ങൾ പരിശീലിച്ചതിനു പുറമേ ശ്രേഷ്ഠമായ ഈ കലാപാരമ്പര്യത്തെ പുലർത്തുന്ന ജീവിതരീതിയുമായി ഇണങ്ങിച്ചേരുവാനും ഞാൻ അത്യദ്ധ്വാനം ചെയ്തു. ത്യാഗരാജകൃതികളാണ് ഞാൻ മുഖ്യമായും അഭ്യസിച്ചതു്. അവയെല്ലാം തെലുങ്കിലാണു് രചിച്ചിരിക്കുന്നതെന്നു കണ്ടു് ഞാൻ ആദ്യമെ തന്നെ ആ ഭാഷ പഠിച്ചു. അതെനിക്കു് വായിക്കുവാനും എഴുതുവാനും കഴിയും. ഞാൻ ഇപ്പോൾ തനി സസ്യഭുക്കാണ്. ബ്രാഹ്മണ ഹോട്ടലുകളിലെ താമസിക്കാറുള്ളു. വെളുപ്പിനേ കുളിക്കും. തെക്കെ ഇന്ത്യയിലെ വസ്ത്രധാരണരീതിയും സ്വീകരിച്ചിരിക്കുകയാണെന്നു് കാണാമല്ലോ.

''ഞാൻ ഇന്നലെ നടത്തിയ കച്ചേരിയെപ്പറ്റി ഇന്നത്തെ യോഗത്തിൽ നിങ്ങൾ പറഞ്ഞ നല്ലവാക്കുകൾക്കു നന്ദി. ഒരു സംഗീതകലാശാലയിൽ വച്ചു നടത്തിയ സ്വീകരണയോഗത്തിൽ, അധ്യക്ഷസ്ഥാനത്തു നിന്നുകൊണ്ടു് നൽകിയ അസുലഭമായ ആ പ്രശംസ എന്നെ അങ്ങേയററം ധന്യനാക്കിയിരിക്കുന്നു. സദസ്യരിൽ പലരും എന്റെ കച്ചേരിക്കു് വന്നിരുന്നവരാണെന്നു എനിക്കു്അറിയുവാൻ സാധിച്ചു. നിങ്ങളുടെ അഭിനന്ദനം കേട്ടപ്പോൾ അവർ ദീർഘനേരം കൈയ്യടിച്ചതും ഞാനോർക്കുന്നു. നിങ്ങൾ പുനർജന്മത്തിൽ വിശ്വസിക്കുന്നു എന്നും, ഞാൻ പൂർവജന്മത്തിൽ ഒരു ഭാരതീയനായിരുന്നു എന്ന കാര്യത്തിൽ നിങ്ങൾക്കു സംശയമേയില്ലെന്നും പറഞ്ഞപ്പോൾ എനിക്കും അങ്ങനെ വിശ്വസിച്ചാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായി. പക്ഷേ അതൊന്നും അത്ര പെട്ടെന്നു് കൈവരുന്ന കാര്യങ്ങളല്ലല്ലൊ, എന്നു വരുകിലും ഒരു കാര്യം പറയട്ടെ.

Digitized by Kerala Sahitya Akademi

ഞാൻ ജനവരിമാസത്തിൽ തഞ്ചാവൂരിലെ തിരുവൈയ്യാററിൽ ത്യാഗരാജ ആരാധനയ്ക്കു പോയിരുന്നു. അവിടെ വന്നിരുന്ന അസംഖ്യം സംഗീത വിദ്വാന്മാരുടെ കൂട്ടത്തിൽ ചേർന്നു് ത്യാഗരാജസ്വാമിയുടെ സമാധിസ്ഥലത്തു പോയി ഞാൻ പഞ്ചരത്നകൃതികഠം പാടി. പക്ഷേ എനിക്കതു് ആലാപനമായിരുന്നു. അവർക്കു് ആരാധനയും! രണ്ടിന്റേയും വ്യത്യാസം അറിയണമെങ്കിൽ— അനുഭവിക്കണമെങ്കിൽ—അവിടെ പോകണം. സംഗീതജ്ഞന്മാരല്ലാത്തതുകൊണ്ടു് നിങ്ങഠം പോയിരിക്കുവാൻ ഇടയില്ല. എന്നാലും ഞാൻ വിവക്ഷിക്കുന്നതെന്തെന്നു് നിങ്ങഠംക്കു മനസ്സിലാകും. നിങ്ങഠം ഈ മണ്ണിൽ ജനിച്ചവനാണു്. അമ്മയുടെ മുലപ്പാലു കുടിച്ചതു മുതൽക്കു് ഇവിടുത്തെ സംസ്കാരം നുകരുവാൻ ഭാഗ്യം ലഭിച്ചവനാണു്. നിങ്ങളോടു് എനിക്കു് അസൂയ തോന്നുന്നു.

''ഭാരതീയനായ സുബിൻ മേത്ത അമേരിക്കയിൽ വന്നു് പാശ്ചാത്യസംഗീതത്തിൽ അങ്ങേയററത്തെ പ്രാവീണ്യവും പ്രശസ്തിയും നേടിയതിനെപ്പററി മറുപടിപ്രസംഗത്തിൽ അനുസ്മരിക്കണമെന്നു് ഞാൻ ഉദ്ദേശിച്ചിരുന്നതാണു്. പക്ഷേ നിങ്ങഠം അതു് നേരത്തെ പറഞ്ഞുകളഞ്ഞു. സത്യത്തിൽ കലയിലൂടെ കിട്ടുന്നതുപോലെ ആഴത്തിൽ പതിയുന്ന സൗഹൃദം രാഷ്ട്രങ്ങഠംക്കു തമ്മിൽ മറെറാരുവഴിക്കും കൈവരുകയില്ല എന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. ഞാൻ മേത്തയോടു് കിടനിൽക്കുന്നവനാണെന്നു് അഹങ്കരിക്കുകയോ, ആത്മപ്രശംസ ചെയ്യുകയോ അല്ല. എനിക്കു് ഇനിയും വളരെയധികം പഠിക്കുവാൻ കിടക്കുന്നു. ഒരു പുരുഷാന്തരം കൊണ്ടുപോലും ഈ വിശിഷ്ടകലയിൽ ഞാൻ ഉദ്ദേശിക്കുന്ന തരത്തിലുള്ള പ്രാവീണ്യം നേടുവാൻ സാധിക്കുകയില്ലെന്നു് ചിലപ്പോഠം

Digitized by Kerala Sahitya Akademi

ഞാൻ നിരാശപ്പെടാറുണ്ട്.

''തിരുവൈയ്യാററിലെ അനുഭവം വീണ്ടും എൻെറ മനസ്സിൽ പൊന്തിവരുന്നു. ഞങ്ങളുടെ രാജ്യത്തും മഹാന്മാരെ ബഹുമാനിക്കാറുണ്ട്. എന്നല്ല, പശ്ചിമ ജെർമ്മനിയുടെ തലസ്ഥാനമായ ബോൺ നഗരത്തിൽ നടന്ന ബിഥൊവൻ വാർഷികത്തിൽ പങ്കുകൊള്ളാനും എനിക്കു സാധിച്ചു. യശോരാശിയായ ആ സംഗീത സാമ്രാട്ടിൻെറ ജന്മദേശമാണല്ലോ അത്. പക്ഷേ തിരുവൈയ്യാററിലെ അന്തരീക്ഷം അവിടെയെങ്ങും ഞാൻ കണ്ടില്ല. ഗംഭീരമായ സംഗീതമുണ്ട്. ജാജ്ജ്വല്യമാനമായ ആഘോഷങ്ങളുണ്ട്. പക്ഷേ ആരാധനയില്ല. കലയും ജീവിതവും ആത്മാവും ശരീരവും, നെററിത്തടത്തിൽ പൊടിയുന്ന വിയർപ്പുപോലും, ആത്മസമർപ്പണത്തിൻെറ പരിവേഷം പൂണ്ട്,' വൻപിച്ച ഒരു ജനസമൂഹം മുഴുവനും ഒന്നിച്ച് ആദ്ധ്യാത്മികമായ ഒരു ചൈതന്യ സമുൽക്കർഷത്തിനു മുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്യുന്നതുപോലെ തോന്നുന്ന ആ അനുഭവം! ഹാ! അതെങ്ങനെയാണ് ഞാൻ വർണ്ണിക്കേണ്ടതു?''

മുണ്ടും ജൂബ്ബയും, കസവുള്ള പട്ടാംബരവും ധരിച്ച്, അഭിജാതനുംസുമുഖനുമായ ആ അമേരിക്കൻ യുവാവ് പുളകോദ്ഗമത്തോടു കൂടിയാണ് ഈ വാക്കുകൾ എന്നോടു പറഞ്ഞതു്. നമ്മുടെ നാട്ടിലെ ലബ്ധപ്രതിഷ്ഠരായ സംഗീതവിദ്വാന്മാർക്കുപോലും ബഹുമാനം തോന്നുന്ന പാടവത്തോടുകൂടി ഒരു വലിയ സദസ്സിനു മുമ്പിൽ രണ്ടുമണിക്കൂറോളം അയാൾനടത്തിയ കച്ചേരിയുടെ മധുരസ്മരണകൾ ഇന്നും എൻെറ മനസ്സിൽ മിഴിവോടെ നിൽക്കുന്നു. അതുകേട്ട് ആസഹൃദയസദസ്സ് അത്ഭുതസ്തബ്ധമായി ഒരു മർമ്മരശബ്ദം പോലും ഉണ്ടാക്കാതെ ഇരുന്നുപോയി. ക്ഷ

Digitized by Kerala Sahitya Akademi

ണിക്കാതെ വന്നു കയറി. പാട്ടിനു കൊഴപ്പു പിടിക്കുന്ന സന്ദർഭത്തിൽ സിനിമാ ഗാനങ്ങൾ പാടണമെന്ന് ആവശ്യപ്പെടുന്ന കടലാസ്സുതുണ്ടുകൾ കൊടുത്തയക്കുകയും, പാടിയില്ലെങ്കിൽ ബഹളം കൂട്ടി കച്ചേരി അലങ്കോലപ്പെടുത്തുകയും ചെയ്യുന്ന 'സംഗീതരസിക' ന്മാരുടെ മര്യാദകേടും അവിടെ ഉണ്ടായില്ല. സ്വന്തരാജ്യത്ത് സുഖസമൃദ്ധിയിൽ ജീവിക്കുവാൻ കഴിവുള്ള ആ അമേരിക്കക്കാരൻ ഇന്ത്യയിൽവന്ന് ത്യാഗരാജസംഗീതം പഠിക്കുവാൻ വേണ്ടി അനുഷ്ഠിച്ച ത്യാഗങ്ങളും സഹിച്ച ക്ലേശങ്ങളും വിവരിച്ചതു കേട്ടാൽ ആർക്കും സങ്കടം തോന്നും.

അയാളെപ്പോലെ ഇരുപതിനും മുപ്പതിനും ഇടയ്ക്കു പ്രായമുള്ള എത്രയോ ചെറുപ്പക്കാരെ ഈ രാജ്യത്ത് നാം കാണുന്നുണ്ട്. സ്കൂൾ കുട്ടികൾ കഴിഞ്ഞാൽ അവരല്ലെ നമ്മുടെ സമൂഹത്തിൽ ഭൂരിപക്ഷമെന്നും സംശയം തോന്നുന്നു. ഇവർ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ജനിച്ചവരാണ്. ജനനം മുതൽക്കു തന്നെ സ്വാതന്ത്ര്യത്തിൻെറ സ്വാദറിഞ്ഞവരാണ്. പക്ഷേ ഇവരിൽ എത്ര ശതമാനത്തിന് ഈ രാജ്യത്തെ പൗരന്മാരായിരിക്കുന്നതിൽ അഭിമാനവും, ഇവിടുത്തെ സംസ്കാരത്തിൽ അഭിനിവേശവും ഉണ്ടെന്ന് ഞാൻ പലപ്പോഴും വിസ്മയിച്ചിട്ടുണ്ട്. അവർ സംഘടിപ്പിക്കുന്ന യോഗങ്ങളിൽ നിന്ന് തുടരെയുള്ള കരഘോഷം ജനിപ്പിക്കുവാൻ ഏററവും എളുപ്പമായ മാർഗ്ഗം ഭാരതീയ സംസ്കാരത്തെയും പാരമ്പര്യങ്ങളെയും അവഹേളിച്ച് സംസാരിക്കുകയാണ്. ഇത് ജാതി വ്യവസ്ഥയുണ്ടാക്കിയ നാടാണെന്നും, ഇവിടുത്തെ സംസ്ക്കാരം സാധുക്കളെ ചൂഷണം ചെയ്യുന്നതിനുവേണ്ടി സമുദായത്തിൻെറ മേൽത്തട്ടിലുള്ളവർ കെട്ടിച്ചമച്ച് എഴുന്നള്ളിച്ചുകൊണ്ടുനടക്കുന്ന വഞ്ചനയും കള്ളത്തരവും ആണെന്നും ഉള്ള

Digitized by Kerala Sahitya Akademi

വിചാരം ഇവരിൽ ഒരു വലിയ വിഭാഗത്തിൻെറ അന്തരംഗത്തിൽ വേരുറച്ചു പോയിരിക്കുന്നു. ഇവിടെയുള്ള ഒരേയൊരു സംസ്കാരം ശവസംസ്കാരമാണെന്നുവരെയുള്ള പ്രസ്താവനകൾ ഇന്നത്തെ പുത്തൻ സാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. ഈ പുതിയ തലമുറ ബഹുമാനാർഹമായി കരുതുന്നതു് മാനുഷിക മൂല്യങ്ങൾക്ക് വിളനിലമാണെന്ന് അവർ വിശ്വസിക്കുന്ന ആധുനിക ശാസ്ത്രീയ സാങ്കേതിക പരിഷ്കാരമാണ്. പക്ഷേ അതിൻെറ പേരിൽ നാലുന്നൂററാണ്ടുകളായി, ആഗോള വ്യാപകമായ തോതിൽ നടന്നുവരുന്ന പരദ്രോഹ വ്യവസായം അവർ കാണുന്നില്ല. അതേക്കുറിച്ച് കേട്ടിട്ടുപോലും ഉണ്ടെന്നു് തോന്നാറില്ല. നൂറുകൊല്ലം മുമ്പ് യൂറോപ്യൻ രാഷ്ട്രങ്ങൾ വൻതോതിൽ നടത്തിയിരുന്ന അടിമവ്യാപാരത്തിൻെറ കരളലിയിക്കുന്ന കഥകൾ അവർ അറിഞ്ഞിട്ടില്ല. അതു വേണ്ട, മുപ്പതുവർഷം മുമ്പുപോലും അഡോൾഫ് ഹിററ്ലർ അറുപതുലക്ഷം യഹൂദന്മാരെ ഇരുട്ടറകളിലിട്ട് പുകച്ചുകൊന്ന ചരിത്രവസ്തുതതന്നെ അവർക്ക് അജ്ഞാതമാണ്. ഇന്നും ആഫ്രിക്കയിൽ അവശേഷിക്കുന്ന ചില യൂറോപ്യൻ കോളനികളിൽ, മാനുഷിക മൂല്യങ്ങളെപ്പററി ലോകത്തിനു് ഉപദേശം നൽകുന്ന വെള്ളത്തവർഗ്ഗക്കാർ കണ്ണിൽ ചോരയില്ലാതെ നടത്തുന്ന നരമേധങ്ങളെപ്പററി അവർക്ക് ആക്ഷേപമില്ല.

ഇങ്ങനെയുള്ള മനോഭാവങ്ങളും ചിന്താഗതികളും വളത്തിയതിൻെറ ഭവിഷ്യത്തുകളാണ് ഈ രാജ്യം ഇന്നനുഭവിക്കുന്നതു്. സുഖമോ, സമൃദ്ധിയോ, ഉൽക്കർഷമോ ഇല്ലാത്തതു പോകട്ടെ. ശാന്തിയും സമാധാനവും ഇല്ലാതെ വന്നിരിക്കുന്നതു് എങ്ങനെ സഹിക്കും? കള്ളുകുടിച്ചും സിനിമാകണ്ടും ലഭിക്കുന്ന സുഖമല്ലാതെ മറെറാന്നും ജീവിത

Digitized by Kerala Sahitya Akademi

ത്തിൽ കാമ്യമായില്ല എന്നു വന്നാൽ ജീവിക്കുന്നതെങ്ങനെ? നമ്മുടെ ചരിത്രത്തിലെ കളങ്കങ്ങൾ മൂടിവച്ചിട്ടു കാര്യമില്ല. അവയെപ്പററി അറിഞ്ഞുകൂടാത്തവരും ലജ്ജിക്കാത്തവരും ആരുമില്ല. പക്ഷേ നമ്മുടെ പാരമ്പര്യത്തിൽ കളങ്കമല്ലാതെ മറെറാന്നുമില്ലെന്നും, നമുക്കുമാത്രമേ ഇങ്ങനെയുള്ള പാപഭാരം ചുമക്കേണ്ട ഗതികേടു വന്നിട്ടുള്ളു എന്നും നമ്മുടെ യുവജനങ്ങളെത്തന്നെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതു് രാജ്യദ്രോഹം മാത്രമല്ല സത്യഹത്യയുമാകുന്നു.

Digitized by Kerala Sahitya Akademi

# നഗരങ്ങളുടെ ഭാവി

നമ്മുടെ പട്ടണങ്ങളിൽ പലതും ജൂബിലി ആഘോഷിക്കുകയാണ്. അവയുടെ സംഘടിത ജീവിതം തുടങ്ങിയിട്ട് ഒന്നു രണ്ടു തലമുറകളെങ്കിലും പൂർത്തിയായിരിക്കുന്നു എന്നാണ് ഈ വസ്തുത സൂചിപ്പിക്കുന്നത്. ഈ ആഘോഷങ്ങൾക്കിടയ്ക്ക് അവയുടെ ആദ്യകാലചരിത്രത്തെപ്പററിയും ഇതുവരെയുള്ള വളർച്ചയെപ്പററിയും ഇന്നത്തെ പ്രാധാന്യത്തെപ്പററിയും ചിന്തിക്കുന്നതോടൊപ്പം, അവയുടെ ഭാവിയെപ്പററിയും ആലോചിക്കേണ്ടതു് ആവശ്യമാണെന്നു് പറയേണ്ടിയിരിക്കുന്നു. ജനപ്പെരുപ്പം പോലെതന്നെ ലോകത്തെ വിഷമിപ്പിക്കുന്ന ഒരു പ്രശ്നമാണ് നഗരങ്ങളുടെ അനാശാസ്യമായ വളർച്ച. പല പാശ്ചാത്യരാജ്യങ്ങളുടെയും ഭരണകൂടങ്ങളിൽ നഗരകാര്യങ്ങൾ നോക്കുന്നതിന് പ്രത്യേകം വകുപ്പുകളും മന്ത്രിമാരുമുണ്ടു്, (Ministry of Urban Affairs) നഗരസഭകൾ സ്വയംഭരണ സ്ഥാപനങ്ങളായതുകൊണ്ടു് അവയെ നയിക്കുന്നതും, രാജ്യത്തിൻെറ പൊതുഗുണത്തെ മുൻനിർത്തി അവയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നതും, പ്രയാസമേറിയ നടപടിയാണെങ്കിലും, അവയെ വെറും പ്രാദേശിക സംഘടനകളായി വിടുന്നതു് ആപത്താണെന്ന ബോധം ബലപ്പെട്ടിരിക്കുകയാണ്.

Digitized by Kerala Sahitya Akademi

വ്യാപാരത്തിന്റെയും വ്യവസായത്തിന്റെയും സൗകര്യത്തെ കരുതി ടോക്കിയോ, ന്യൂയോർക്ക്, ലണ്ടൻ എന്നിവയുടെ വലുപ്പത്തിൽ മററു നഗരങ്ങളെ വളരാൻ അനുവദിക്കുന്നതു് അഭിലഷണീയമല്ല. ഏകദേശം 100 ലക്ഷം ജനങ്ങളാണു് ഇപ്പറഞ്ഞ ഓരോ നഗരത്തിലും തിങ്ങിപ്പാർക്കുന്നതു്. ഇത്ര വളരെ മനുഷ്യരുടെ ജീവിതാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതുതന്നെ എന്തെന്നില്ലാത്ത പ്രയാസമായിത്തീർന്നിരിക്കുന്നു. അതിന്റെകൂടെ വ്യവസായശാലകളും ലക്ഷക്കണക്കിൽ തന്നെയുള്ള കാറുകളും വമിക്കുന്ന വിഷമയമായ ധൂമം മൂലം അവരുടെ ആരോഗ്യത്തിനും ഹാനി തട്ടുന്നു. കുടിക്കുവാനുള്ള വെള്ളം കിട്ടുവാൻപോലും പ്രയാസം നേരിടുന്നു. കുററകൃത്യങ്ങളും ദുർമ്മാർഗ്ഗ നടപടികളും പടർന്നുപിടിക്കുന്നതാണു് ഏററവും വലിയ ആപത്തു്. പോലീസും കുററവാളികളും തമ്മിലുള്ള നിരന്തരയുദ്ധമാണു് പല വൻനഗരങ്ങളിലും നടക്കുന്നതു്. ന്യൂയോർക്കു്,ചിക്കാഗോ എന്നിവ ഇക്കാര്യത്തിൽ കുപ്രസിദ്ധി നേടിയിട്ടുണ്ടു്. അവിടത്തെ 'അധോലോക' രാജാക്കന്മാരായ ഖലപ്രമാണികളെ ഗവൺമെൻറുകൾക്കുപോലും ഭയമാണു്.

ഐക്യരാഷ്ട്രസംഘടനയുടെ കണക്കനുസരിച്ചു് ലോകത്തിൽ വച്ചു് ഏററവും കൂടുതൽ ജനസംഖ്യയുള്ള നഗരം മേല്പറഞ്ഞവയൊന്നുമല്ല -ചൈനയിലെ ഷാങ്ഹായ് ആണു്. പക്ഷേ അവിടെ ഒരു വിശേഷമുണ്ടു്. സ്വകാര്യഉടമയിലുള്ള ഒരൊററ കാറുപോലും ഇല്ലത്രെ. അത്യാവശ്യമുള്ളവർക്കു പൊതുവാഹനങ്ങൾ കിട്ടും. ബാക്കിയുള്ളവരെല്ലാം നടക്കണം. ഒരു പക്ഷേ സൈക്കിളും ഉണ്ടായിരിക്കാം, ഇതൊരു വലിയ പ്രയാസമായിതോന്നുമെങ്കിലും ആ മഹാനഗരത്തിലെ ജീവിതത്തിന്റെ സുഖവും സ്വച്ഛതയുംഓർത്തു് മററു രാജ്യങ്ങളിലെ നഗരവാസികൾ അസൂയപ്പെടുകയാണെന്നു പറയുന്നു. പലയിടത്തും വൻ നഗരങ്ങളുടെ മ

Digitized by Kerala Sahitya Akademi

ദ്ധ്യഭാഗത്തു നിന്നു് അവർ താമസം മാററുകയാണു്. ആദ്യമാദ്യം അല്പം അകലെയുള്ള നഗരഭാഗങ്ങളിലേക്കും, അവിടെയും രക്ഷയില്ലെന്നു കാണുമ്പോൾ പ്രാന്തപ്രദേശങ്ങളിലേക്കും മാറുന്നു. ഇങ്ങനെ ജനങ്ങൾ വിട്ടൊഴിയുന്നതുമൂലം പാശ്ചാത്യരാജ്യങ്ങളിലെ പല നഗരങ്ങളും 'മരിക്കുക'യാണത്രെ. ഇന്ത്യയിലും മറ്റു പൗരസ്ത്യ രാജ്യങ്ങളിലും വ്യവസായവത്കരണം പുരോഗമിക്കുന്നതോടെ 'നാഗരികത'യുടെ ഈ പ്രയാസങ്ങൾ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. ചെറുപട്ടണങ്ങൾ വലിയ പട്ടണങ്ങളായും വൻനഗരങ്ങളായും അതിശീഘ്രം വളരുകയാണു്. തെക്കെ അമേരിക്കയിൽ നഗരവാസികളുടെ എണ്ണം ഇരട്ടിയാകുന്നതിന് പത്തുവർഷത്തെ സമയം മതിയെന്നു കാണുന്നു. ഇതു മുഴുവനും പുരവാസികൾ പെറ്റു പെരുകുന്നതുകൊണ്ടു് ഉണ്ടാകുന്നതല്ല. നാട്ടിൻപുറങ്ങളിൽനിന്നു് കൂട്ടത്തോടെ നടക്കുന്ന കടിയേറ്റമാണു് ഭയാനകമായ ഈ വളർച്ചയുടെ മുഖ്യകാരണം. വന്നുകയറുന്നവരിൽ ഭൂരിപക്ഷവും വൃത്തികെട്ട ചാളകളിലും ചേരികളിലും താമസിച്ചു് ദുരിത പൂർണ്ണമായ ജീവിതം നയിക്കുന്നു.

പട്ടണങ്ങളിൽ വലിയ എടുപ്പുകളും മഹാസൗധങ്ങളും രാത്രിയെ പകലാക്കുന്ന ദീപപ്രഭയും എല്ലാം ആദ്യം വരുമ്പോൾ ജനങ്ങൾ ആഹ്ളാദിക്കുന്നു. 'നമ്മുടെ പ്രിയപ്പെട്ട നഗരം വളരുകയാണു്. നല്ലകാലം വരുന്നു. എല്ലാം ഭംഗിയാക്കിവെയ്ക്കണം' എന്നൊക്കെ പറയും. പക്ഷേ ഈ പുതുമോടികൾ മങ്ങുവാൻ അല്പകാലമേ വേണ്ടു. നിറപ്പകിട്ടുകളും തിളക്കങ്ങളും വളരെവേഗം മാഞ്ഞുപോകും. വഴിനടക്കുവാൻ പോലും നിവൃത്തിയില്ലെന്നാകും. ജനവർദ്ധനവിന്റെ വേലിയേററത്തിൽ നിന്നു് മുതലെടുക്കുവാൻ വെമ്പൽ കൊള്ളുന്നവർ എല്ലാ പരിഷ്കാരങ്ങളെയും ശുചീകരണ യത്നങ്ങളെയും അവതാളത്തിലാക്കും. നടപ്പാതകളിലെല്ലാം കച്ച

Digitized by Kerala Sahitya Akademi

വടം തുടങ്ങും. റോഡുകൾക്ക് വീതികൂട്ടിയതുകൊണ്ടൊ ന്നും ഒരു പ്രയോജനവുമില്ല. കൂടുതൽ വീതിയുള്ളിടത്താകും അധികം കച്ചവടം. നിയമത്തെയും അധികാരികളെയും ധിക്കരിച്ചുകൊണ്ടാണ് ഇതൊക്കെ നടക്കുന്നതെന്ന് ജനസാ മാന്യം വിശ്വസിക്കുന്നു. ഇത് സർവാബദ്ധമാണ്. അധി കാരികൾക്ക് കണക്കിൽ കൊള്ളാത്ത ആദായം ഉണ്ടാക്കു ന്നതിനുള്ള ഏറ്റവും നല്ല ഏർപ്പാടാണിത്. പലപ്പോഴും അവർതന്നെയാണ് നിയമത്തിലെ പഴുതുകൾ കാണിച്ചു കൊടുക്കുന്നതും. ഈ നിയമലംഘനങ്ങൾക്കിടയ്ക്ക് നഗര ത്തിന്റെ സൗന്ദര്യത്തെ ചൊല്ലി വിലപിക്കുന്നവൻ പരി ഹാസപാത്രമാകും, 'ജനങ്ങൾ തൊഴിലില്ലാതെ കഷ്ടപ്പെടു മ്പോൾ അഴകും സൗന്ദര്യവും പറഞ്ഞുകൊണ്ടുവരുന്നു!' എ ന്നായിരിക്കും വിമർശനം. നഗരങ്ങളെ വിട്ട് കാടുകളുടെ കാര്യം നോക്കിയാലും ഇതേ സ്ഥിതിവിശേഷം കാണാവു ന്നതാണ്. നമ്മുടെ വനഭൂമികളെല്ലാം വെട്ടിത്തെളിച്ച് തടിവിററും കൃഷിചെയ്തും ആദായമുണ്ടാക്കുന്നതിന്റെ പി ന്നിലുള്ള ന്യായവാദവും ഇതു തന്നെയാകുന്നു.

നഗരങ്ങളുടെ അനിയന്ത്രിതമായ വളച്ചയെപ്പററി പറ യുമ്പോൾ അല്പകാലം മുമ്പ് ബോംബേ നഗരത്തിലുണ്ടായ ഒരു തീപിടിത്തം ഓർമ്മ വരുന്നു. ആ സമയത്ത് അഗ്നി ശമനയന്ത്രങ്ങൾ ഓടിയെത്തിയെങ്കിലും അവയുടെ ഏണി ക്ക് നീളം പോരാതെ വന്നതുകൊണ്ട് ഒരു ഉയർന്ന കെട്ടി ടത്തിന്റെ മേൽ നിലകൾ മുഴുവനും കത്തിപ്പോവുകയും അനേകം ആളുകൾക്ക് ജീവഹാനി നേരിടുകയും ചെയ്തു. ഇരുപതും മുപ്പതും നിലകളുള്ള തുംഗസൗധങ്ങൾ നിർമ്മിക്കു വാൻ അനുവാദം കൊടുക്കുന്നതിനു മുമ്പ് അഗ്നിശമന വകു പ്പുകാരുടെ അഭിപ്രായം ആരും ചോദിച്ചില്ലെന്ന് സ്പഷ്ടമാ ണല്ലൊ. അതൊക്കെ നഗരത്തിന് മേന്മയുണ്ടാകുന്ന ഗംഭീര

Digitized by Kerala Sahitya Akademi

പദ്ധതികൾക്ക് കാലതാമസവും മുടക്കവും വരുത്തുവാൻ ഇടയാക്കും എന്നേ അന്നു വിചാരിച്ചിരിക്കുകയുള്ളു. ലോകത്തിലെ മഹാനഗരങ്ങളിൽ വച്ച് ഏററവും മനോഹരമായ പാരിസ്സിനു പോലും ജനങ്ങളുടെ സമ്മർദ്ദം മൂലം പല പാരമ്പര്യങ്ങളും ബലികഴിക്കേണ്ടി വന്നിട്ടുണ്ട്. നഗരത്തെ നവീകരിക്കണമെന്നും പഴയ സങ്കൽപങ്ങൾ വച്ചുപുലർത്തിയാൽ മേൽഗതിയില്ലെന്നും ഉള്ള അഭിപ്രായം ബലപ്പെട്ടതിന്റെ ഫലമായി അവിടെയും നാട്ടിനിർത്തിയ തീപ്പെട്ടിപോലെയുള്ള കെട്ടിടങ്ങൾ ധാരാളമായി നിർമ്മിച്ചു വരുന്നു. ആ നഗരത്തിന്റെ പ്രാണങ്ങളെ നിലനിർത്തിയിരുന്ന വൃക്ഷങ്ങളെല്ലാം നശിക്കുകയാണ്. ആൾത്തിരക്കും കാറുകളുടെ ഇരപ്പും ബഹളവും മൂലം പൊറുതി മുട്ടിയിരിക്കുന്നു. നമ്മുടെ നഗരങ്ങളിലും ഇതൊക്കെ സംഭവിക്കുകയാണ്. അതിന്റെ കൂടെ രാഷ്ട്രീയക്കാരുടെ മുടങ്ങാത്ത പ്രകടനങ്ങളുമുണ്ട്.

1971 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരത്തു നടന്ന ഒരു യോഗത്തിൽ ഡോക്ടർ ഡോണാൾഡ് ഹാരിങ്ടൺ എന്ന അമേരിക്കക്കാരൻ നഗരജീവിതത്തെപ്പററി ഒരു പ്രസംഗം ചെയ്തു. അദ്ദേഹം ന്യൂയോർക്ക് നഗരത്തിൽ സാമൂഹികസേവനം നടത്തുന്ന ഒരു ക്രിസ്തുമത പുരോഹിതനാണ്. ഇന്ത്യയിൽ വരണമെന്ന് വളരെക്കാലം ആഗ്രഹിച്ചെങ്കിലും അപ്പോൾ മാത്രമേ സൗകര്യം കിട്ടിയുള്ളു എന്നും, പ്രസ്തുത സന്ദർശനം തനിക്ക് ഒരു തീർത്ഥാടനമാണെന്നും മുഖവുരയായി പറഞ്ഞശേഷം, അമേരിക്കയിലെ നഗരജീവിതത്തിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെപ്പറ്റി അദ്ദേഹം ദീർഘമായി പ്രതിപാദിച്ചു. ഹാരിങ്ടൺ ഒരു ഗാന്ധിഭക്തനാണ്. അദ്ദേഹം ആ പ്രസംഗത്തിൽ ഗാന്ധിജിയെപ്പററിചെയ്ത ആരാധന നിറഞ്ഞ പരാമർശങ്ങൾ

Digitized by Kerala Sahitya Akademi

ഏതൊരു ഭാരതീയനെയും കോരിത്തരിപ്പിക്കുന്നവയായിരുന്നു. ഈ പുരാതന രാജ്യം ആധുനികലോകത്തിനു നല്കിയ ഏറ്റവും മഹാനായ ആചാര്യനാണ് ആ മഹാപുരുഷനെന്ന് അദ്ദേഹം പറഞ്ഞു. അഹിംസാവ്രതത്തിന്റെയും ലോകസംഗ്രഹവ്യഗ്രതയുടെയും കാര്യത്തിൽ മാത്രമല്ല ഗാന്ധിജി ശ്രദ്ധേയനായിരിക്കുന്നത്. തന്റെ രാജ്യക്കാർക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്ത മഹോദ്യമത്തിലും മാത്രമല്ല. മനുഷ്യരാശിയുടെ ഭാവിയെപ്പറ്റി അദ്ദേഹം നേടിയ ഉൾക്കാഴ്ച എത്രമേൽ ശരിയായിരുന്നു എന്ന് ഓരോ ദിവസം കഴിയും തോറും ലോകത്തിന് ബോദ്ധ്യമായി വരുകയാണ്. ഇത്രത്തോളം സൂക്ഷ്മമായ ഒരു ദർശനം ഒരു ശാസ്ത്രജ്ഞനും തത്വജ്ഞാനിക്കും ലഭിച്ചില്ല. പരിഷ്കാരത്തിന്റെ മുൻപന്തിയിൽ നില്ക്കുന്നു എന്നഭിമാനിക്കുന്ന തന്റെ രാജ്യത്തിന്റെയും നഗരത്തിന്റെയും അനുഭവത്തിൽ അതിന്റെ തെളിവുകൾ കണ്ണുള്ളവർക്കെല്ലാം കാണാവുന്നതാണ്. മത്സരത്തിലൂടെയും ഹിംസയിലൂടെയും ഉത്കർഷം നേടുവാൻ ശ്രമിച്ച്, ഭീമാകാരങ്ങളായ യന്ത്രങ്ങളുടെ അടിമകളായി, മനശ്ശാന്തിയും മനുഷ്യസ്നേഹവുമില്ലാതെ, ദൈനംദിന ജീവിതം നയിക്കുന്ന പുരുഷാരത്തെയാണ് അവിടെ കാണുന്നത്. ലോകജീവിതം അവർക്ക് അവസാനമില്ലാത്ത പരക്കം പാച്ചിലും പേക്കിനാവുമായിത്തീർന്നിരിക്കുന്നു. നഗര ജീവിതത്തിലും വ്യവസായസമ്പത്തിലും അവർ അങ്ങേയററം സംശയാലുക്കളും വിരക്തരും ആയിരിക്കുന്നു. ഏതു കുഗ്രാമത്തിൽ ചെന്ന് കൂലിവേല ചെയ്താലും വേണ്ടുകില്ല ഈ കോൺക്രീറ്റ് നരകത്തിൽ നിന്നു രക്ഷനേടണം എന്നാണ് ജനങ്ങളുടെ ആഗ്രഹം. ഈ അഭിലാഷങ്ങൾ മനസ്സിൽ മൂടി വയ്ക്കുകയല്ല; അവയുടെ പേരിൽ മുറവിളി കൂട്ടാനും സംഘടിക്കുവാനും അവർ സന്നദ്ധരായിരിക്കുന്നു.

Digitized by Kerala Sahitya Akademi

യന്ത്രങ്ങളെയും വൻകിട വ്യവസായത്തെയും ആരാധിച്ച്, പ്രകൃതിയെ കീഴടക്കി എന്ന വ്യാമോഹിച്ച് ജീവിക്കുന്നതിനെതിരായി ഗാന്ധിജി നല്കിയ ഉപദേശം പ്രത്യക്ഷരം സാധൂകരിക്കപ്പെട്ടിരിക്കുന്നു എന്ന് ഹാരിങ്ടൺ പറഞ്ഞു. തൻെറ നാട്ടിൽ വ്യവസായങ്ങളുടെ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ വിരക്തിവന്ന ഒരു തലമുറ വളൎന്നു വരുകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. മനുഷ്യൻ പ്രകൃതിയെ കീഴടക്കുവാൻ നോക്കാതെ അതുമായി പൊരുത്തപ്പെട്ടു ജീവിക്കുവാൻ ശ്രമിക്കണം. അനന്തമായ പുരോഗതിയും അളവില്ലാത്ത ഐശ്വര്യവും നേടാമെന്നുള്ള വ്യാമോഹം ഉപേക്ഷിക്കണം. മനുഷ്യരാശിയിൽ മഹാഭൂരിപക്ഷത്തിനും ലളിതജീവിതവും സാമാന്യ സുഖങ്ങളും കൊണ്ട് തൃപ്തിപ്പെടുകയല്ലാതെ മററു പോംവഴിയില്ല. ശരിയായി അപഗ്രഥിച്ചു നോക്കിയാൽ ഈ പ്രശ്നം രാഷ്ട്രീയമോ സാമ്പത്തികമോ അല്ലെന്നും തികച്ചും ആദ്ധ്യാത്മികമാണെന്നും കാണുവാൻ വിഷമമില്ല. ജനപ്പെരുപ്പവും ഭക്ഷ്യക്ഷാമവും പരിസരദൂഷണവും ആധുനിക സംസ്കാരത്തെ ഭയാനകമായ ഒരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു. ഭാരതീയരായ നമുക്ക് ദീൎഘവീക്ഷണവും ഭാവിയെക്കുറിച്ചുള്ള ചിന്തയും ഉണ്ടെങ്കിൽ നമ്മുടെ നഗരങ്ങളെ ഈ ആപത്തുകളിൽ നിന്നു് രക്ഷിക്കേണ്ട സമയമാണിത്. ഏതുനിയമം ഉണ്ടാക്കിയെങ്കിലും ഒരളവിനപ്പുറം അവ വിസ്തൃതിയിലും ഉയരത്തിലും വളരുന്നതു് നിരോധിക്കണം. ഭൂമിഭാരം കുറയ്ക്കുന്നതിനുവേണ്ടി മനുഷ്യൻെറ സ്വകാര്യജീവിതത്തിൽ ഇടപെട്ട് സന്തതിമുടക്കുവരെ ഏൎപ്പെടുത്തുവാൻ സമുദായത്തിനു് അവകാശമുണ്ട് എന്നു സമ്മതിക്കാമെങ്കിൽ (ഇതാണല്ലൊ കുടുംബാസൂത്രണമെന്നും ജനനനിയന്ത്രണമെന്നും പറയുന്ന പദ്ധതി) ഇതും സാധ്യമാണ്, സംശയമില്ല.

Digitized by Kerala Sahitya Akademi

# പ്രയത്നിച്ചു പഠിക്കുക

''സാർ, എന്നോടു് കിളയ്ക്കാനും വെള്ളം കോരാനും ഒന്നും പറയരുതു്. ഞാൻ ഏഴാംക്ലാസ്സു് പാസ്സായിട്ടുള്ളവനാണു്. അങ്ങനെയുള്ള വേലയ്ക്കു് വേറെ ആളെ അന്വേഷിക്കണം.'' എന്നു് കൃഷി ഡിപ്പാർട്ടുമെൻറിൽ ചെറിയ ജോലി കിട്ടിയ ഒരു ചെറുപ്പക്കാരൻ തൻെറ മേലധികാരിയോടു് പ്രതിഷേധിച്ചതായി കേട്ടിട്ടുണ്ടു്. കാലത്തു മുതൽ വൈകുന്നതുവരെ കസേരയിലിരുന്നു് കടലാസ്സിൽ മഷി പുരട്ടുന്ന ''മെച്ചപ്പെട്ട'' ജോലിയൊന്നും കിട്ടുകയില്ലെന്നു് തീർച്ചയായപ്പോൾ അയാൾ ഉദ്യോഗം രാജിവെച്ചു പോയതായും പറയുന്നു.

വിദ്യാഭ്യാസം എന്നു പറഞ്ഞാൽ അക്ഷരവിദ്യമാത്രമാണെന്ന ധാരണ നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തു് വേരുറച്ചുപോയിട്ടുണ്ടു്. ഈ തെററിദ്ധാരണയിൽ നിന്നു് ഭാരതീയരെ മോചിപ്പിക്കുവാൻ മഹാത്മാഗാന്ധി ആയുഷ്ക്കാലം മുഴുവനും ശ്രമിച്ചുനോക്കി. ആ മഹാപുരുഷൻ ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിൻെറ വിദ്യാഭ്യാസപദ്ധതിയേയും അതിനുവേണ്ടിച്ചെയ്ത യത്നത്തേയും ചോദ്യം ചെയ്യുവാൻ ആരും ധൈര്യപ്പെട്ടില്ല. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവർ നൂൽ നൂൽക്കുവാനും, മണ്ണു ചുമക്കുവാനും

Digitized by Kerala Sahitya Akademi

സന്നദ്ധരാവുകയും ചെയ്തു. പക്ഷേ അദ്ദേഹം പോയപ്പോൾ എല്ലാവരുടേയും അഭിപ്രായം മാറി; ആക്ഷേപവും തുടങ്ങി. അധികം താമസിയാതെ ആ പദ്ധതിയും അതിൻെറ തത്വജ്ഞാനവും ആദർശങ്ങളും ഒന്നോടെ പരിത്യജിക്കപ്പെട്ടു. അക്ഷരവിദ്യയ്ക്കും കടലാസ്സുവേലയ്ക്കും പഴയ മേന്മ വീണ്ടും ലഭിച്ചു. എന്നു വരികിലും അതോടൊപ്പം തന്നെ അഭ്യസ്തവിദ്യർക്ക് തൊഴിലു കിട്ടുന്നില്ല എന്ന മുറവിളിയും കേട്ടുതുടങ്ങി. ഈ മുറവിളി ഇന്ന് ഇടിമുഴക്കമായിത്തീർന്നിരിക്കുകയാണ്. അത് ഈ രാജ്യത്തെ ഭസ്മമാക്കും എന്ന ഭീതിയും ജനിച്ചിരിക്കുന്നു.

എന്തു കാരണത്താലോ, ആഹാരത്തിനു വേണ്ടിയുള്ള അദ്ധ്വാനം പോലും മനുഷ്യന് ഇഷ്ടമല്ല. നമ്മുടെ രാജ്യത്തു മാത്രമേ ഇങ്ങനെയൊരു മനോഭാവം കാണുന്നുള്ളു എന്നു പറയുന്നതു് തെററാണ്. പരിഷ്ക്കാരത്തിൻെറയും പുരോഗതിയുടെയും മുൻപന്തിയിയിൽ നിൽക്കുന്ന പശ്ചാത്യരാജ്യങ്ങളിലും അതു് കാണാവുന്നതാണ്. അവിടെയുള്ളവർ മുററത്തെ പുല്ലു ചെത്തുവാനും, കടയിലെ കണക്കെഴുതുവാനും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിൻെറ രഹസ്യം ഇതല്ലാതെ മറെറന്താണ്? "അദ്ധ്വാനം ലാഭിക്കുന്ന ഉപകരണങ്ങൾ" എന്നു് ഇവയ്ക്കു് പേരു നൽകിയിരിക്കുന്നതു തന്നെ ഇതാണല്ലോ സൂചിപ്പിക്കുന്നതു്. ഈ ഉപായത്തിൻെറ ബൃഹത്കരിച്ച രൂപമാണ് യന്ത്രങ്ങൾ ഉപയോഗിച്ചു നടത്തുന്ന വൻകിട വ്യവസായങ്ങൾ. കായക്ലേശത്തിൽ നിന്നു മോചനം നേടുവാനുള്ള ഈ യത്നം പ്രസ്തുത രാജ്യങ്ങളിൽ പ്രതീക്ഷിച്ചതിലുമധികം വിജയിച്ചിരിക്കുകയാണ്. മനുഷ്യൻെറ മാംസപേശികളുടെ ആയാസം മാത്രമല്ല തലച്ചോറിൻെറ യത്നവും യന്ത്രങ്ങൾ ഏറെറടുത്തിരിക്കുന്നു. പല വ്യവസായങ്ങളിലും വിദഗ്ധന്മാരല്ല കംപ്യൂട്ടറുക

Digitized by Kerala Sahitya Akademi

ളാണ് മേൽനോട്ടം വഹിക്കുന്നതു്.തൻമൂലം ജോലിക്കാരുടെ പ്രവൃത്തിസമയം കുറച്ചുകുറച്ചു് ആഴ്ചയിൽ നാലു ദിവസം മാത്രം പണിയെടുത്താൽമതി എന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടു്. വെള്ളി, ശനി, ഞായർ എന്നിവ ഒഴിവു ദിവസങ്ങളാണ്. പക്ഷേ അതുകൊണ്ടു് ഉൽപാദനത്തിനു് കുറവൊന്നും സംഭവിച്ചിട്ടില്ല. വ്യവസായങ്ങളുടെ കാര്യക്ഷമത വദ്ധിച്ചിട്ടേയുള്ളു. 1985 ആകുമ്പോഴേക്ക് പ്രവൃത്തിസമയം ആഴ്ചയിൽ മൂന്നു ദിവസമായി വീണ്ടും കുറയുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു.

അദ്ധ്വാനത്തെയും ആഹാര സമ്പാദനത്തെയും വേർപെടുത്തിയതുമൂലമുണ്ടായ ഈ സൗകര്യം ഒരു അനുഗ്രഹമല്ലെന്നും, അടുത്ത ഭാവിയിൽ അത് വലിയൊരു വിനായയിത്തീരുമെന്നും ചിന്താശീലമുള്ളവർ ചൂണ്ടിക്കാണിക്കുന്നു. അദ്ധ്വാനഭാരത്തിനു പകരം വിശ്രമവേളകളുടെ ഭാരം മനുഷ്യനെ വിഷമിപ്പിക്കുമെന്നാണ് അവർ ഭയപ്പെടുന്നതു്. അടുത്ത അൻപതു വർഷത്തിനിടയ്ക്കു് മനുഷ്യവർഗ്ഗത്തിനു് ഏററവുമധികം ആപത്തു വരുത്തുവാൻ പോകുന്നതു് മൂന്നു സംഗതികളാണെന്നു് ഒരു ജെമ്മൻ ഗ്രന്ഥകാരൻ ഈയിടെ എഴുതിയിരിക്കുന്നതു കണ്ടു. വിശ്രമം, അണുയുദ്ധം, ജനപ്പെരുപ്പം എന്നിവയാണ്ആ മൂന്നു സംഗതികൾ. സമയത്തിൻെറ പെരും ചുമടു് നാം സങ്കല്പിക്കുന്നതിനെക്കാളൊക്കെ ഭയാനകമാണ് .ഒരു ജോലിയും ചെയ്യാതെ സമയം തള്ളിനീക്കുന്നതെങ്ങനെ? എത്ര നേരമാണ് ഉറങ്ങുക.

ശരീരം അനങ്ങാതെ ആഹാരം സമ്പാദിക്കാം എന്നു വന്നപ്പോഴാണ് മനുഷ്യൻ തൻെറ സുഖജീവിതത്തിനു് വ്യായാമം ആവശ്യമാണെന്നു് കണ്ടുപിടിച്ചതു്. ഇരിക്കുന്നിടത്തുനിന്നു് ഇളകാതെ ദീർഘനേരം ബുദ്ധിപരമായി

Digitized by Kerala Sahitya Akademi

ജോലി ചെയ്യുന്നവരും കടലാസ്സിൽ മഷിപുരട്ടി ജീവിതം നയിക്കുന്നവരുമാണു് ആദ്യം ഈ വസ്തുത മനസ്സിലാക്കിയതെങ്കിലും, ക്രമേണ, മററുള്ളവർക്കും അതു ആവശ്യമാണെന്നു് ബോദ്ധ്യമായി. വിശ്രമസമയം വർദ്ധിക്കുമ്പോഠം വ്യായാമത്തിനും വിനോദത്തിനുമുള്ള തിരക്കു തുടങ്ങും എന്നുള്ളതു തീർച്ചയാണു്. ഇതു ഏതാനും വ്യക്തികളെ മാത്രമല്ല സമൂഹത്തെ മുഴുവനും ബാധിക്കുന്ന പ്രശ്നമായിത്തീരുകയും ചെയ്യും. ആഹാരത്തിനും സുഖോപഭോഗങ്ങഠംക്കും മുട്ടില്ലെങ്കിലും, അദ്ധ്വാനിക്കേണ്ട ആവശ്യവും വ്യായാമത്തിനുള്ള സൗകര്യവും ഇല്ലാതെ കഴിയേണ്ടിവരുന്ന ജനസമൂഹം ദുഷ്ടവാസനകഠംക്കു് വിധേയമായിത്തീരുവാൻ ഇടയുണ്ടു്.

ഈ വഴിക്കാണു് പാശ്ചാത്യരാജ്യങ്ങളുടെ പോക്കു്. ഇന്ത്യയെപ്പോലുള്ള പിൻകിടരാജ്യങ്ങളിൽ ഈ സ്ഥിതിവിശേഷം ഇനിയും ഉണ്ടായിട്ടില്ല. പക്ഷേ അക്ഷരവിദ്യയെ മാത്രം വിലമതിക്കുന്നവിദ്യാഭ്യാസസമ്പ്രദായത്തെയുംപ്രയത്നംആവശ്യമില്ലാത്തവ്യവസായങ്ങളെയുംപോഷിപ്പിക്കുകയാണെങ്കിൽ ഇവിടെയും അതു് നിലവിൽ വരും. ഈ മഹാരാജ്യത്തെ ജനങ്ങഠംക്കു മുഴുവനും ആഫീസുജോലിയും ഇഷ്ടംപോലെ വിനോദിക്കുവാനുള്ള സൗകര്യങ്ങളും നൽകുവാൻ സാധ്യമല്ല. അതുകൊണ്ടു് പ്രയത്നത്തിൻെറ കാര്യത്തിൽ വിമുഖതയുണ്ടാകാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. നാം ഇപ്പോഠം തന്നെ 58 കോടി ആത്മാക്കളുണ്ടു്. ജനസംഖ്യ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്, ഓരോ വർഷവും 130 ലക്ഷം ആളുകളെയാണ് ഈ രാജ്യം അധികമായി പോററേണ്ടിയിരിക്കുന്നതു്. ഈ ആപത്തുകളെ മുന്നിൽ കണ്ടു കൊണ്ടാണ് പ്രവൃത്തിയിലൂടെ പഠിക്കുക എന്ന വിദ്യാഭ്യാസ സമ്പ്രദായം പ്രചരിപ്പിക്കുവാൻ

Digitized by Kerala Sahitya Akademi

ഗാന്ധിജി ശ്രമിച്ചതു്. കാൽ നൂററാണ്ടു കാലത്തെ വിമർശനങ്ങാംക്കും ആക്ഷേപങ്ങാംക്കും പുതിയ പുതിയ പരീക്ഷണങ്ങാംക്കും ശേഷം നമ്മുടെ രാഷ്ട്രം വീണ്ടും ആ വീക്ഷണഗതിയെ മാനിക്കുവാൻ തുടങ്ങിയിരിക്കുകയാണ്.

വിദ്യാഭ്യാസം സാർവത്രികമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതു് വെറും പുസ്തകജ്ഞാനം മാത്രമായാൽ ഇവിടെ പണിയെടുക്കുവാൻ ആളുണ്ടാവുകയില്ല. ഒരു ഉദാഹരണം പറയാം. കേരളത്തോട്ടു് അടുത്തു കിടക്കുന്ന ലക്ഷദ്വീപുകളിൽ അടുത്ത കാലത്തു മാത്രമാണു് വിദ്യാഭ്യാസം പ്രചരിക്കുവാൻ തുടങ്ങിയതു്. ഇന്ത്യാഗവൺമെൻറു ഉദാരമായി പണം ചെലവിട്ടു് അവിടെ സ്കൂളുകാം സ്ഥാപിച്ചു. ഉടനെ തന്നെ ഒരു കോളേജും തുടങ്ങുവാൻ പോകുന്നതായി കേംക്കുന്നു. ഇതെല്ലാം നല്ല പരിപാടികളാണു്; സംശയമില്ല. എങ്കിലും ഈ പരിഷ്ക്കാരങ്ങാം ഇതിനകം തന്നെ അവിടുത്തെ സമ്പദ്‌വ്യവസ്ഥയെ തകർത്തിരിക്കുന്നതായി പറയുന്നു. മീൻപിടിത്തവും തെങ്ങുകൃഷിയും മാത്രമാണു് അവിടുത്തെ ജനങ്ങളുടെ തൊഴിൽ. രണ്ടും വളരെ അദ്ധ്വാനം ആവശ്യമുള്ള തൊഴിലുകളാണ്. പഠിത്തം ലഭിച്ചവരെല്ലാം അവയിൽ അങ്ങേയററം വിമുഖരായിത്തീർന്നിരിക്കുന്നുവത്രെ. അവർക്കു് ആഫീസുജോലി വേണം. അതിനൊന്നും അവിടെ സൗകര്യമില്ല. വൻകരയിൽ പോകാമെന്നുവച്ചാൽ അവിടെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ കൊടുംപിരിക്കൊണ്ടിരിക്കുകയാണു്. നഴ്സിങ്ങിനയച്ച പെൺകുട്ടികാംപോലും ആ ജോലി ശ്രമകരമാണെന്നു പറഞ്ഞു് മടങ്ങിപ്പോകുന്നതായി കേംക്കുന്നു. തെങ്ങു കയറാനും മീൻ പിടിക്കാനും ആളില്ലാതായിരിക്കുന്നു. ഭംഗിയായില്ലേ?

ഈ വസ്തുതകളെ മുൻനിർത്തി നോക്കുമ്പോാം, വിദ്യാ

Digitized by Kerala Sahitya Akademi

ത്ഥികൾക്കു് പുസ്തകജ്ഞാനത്തോടൊപ്പം പ്രവൃത്തിപരിചയവും നൽകുന്നതിനു് വേണ്ടിയുള്ള പുതിയപരീക്ഷണം ഏററവും അഭിനന്ദനീയമാണെന്നു് പറയാതെ തരമില്ല. വിദ്യാഭ്യാസം മനുഷ്യനെ നന്നാക്കുവാനുള്ള യത്നമാണു്. അതു് അവനെ നശിപ്പിക്കുവാൻ ഇടയാക്കരുതു്. കുട്ടിക്കാലം മുതൽക്കു് പുസ്തകക്കെട്ടും പൊതിച്ചോറും ചുമന്നു് പഠിക്കുവാൻ പോയതുമൂലം കൈകൊണ്ടു് ജോലി ചെയ്തു ജീവിക്കുവാൻ കഴിവില്ലാത്തവരായി തീർന്നുപോയല്ലോ എന്നു് ഭാവി തലമുറകൾക്കു് ഖേദിക്കേണ്ടി വരികയില്ലെന്നു് പ്രത്യാശിക്കാം.

Digitized by Kerala Sahitya Akademi